ഏപ്രിൽ 2022

Price ₹25

# ജീവനും വെളിച്ചവും



സ്നേഹത്തിന്റെയും സേവനത്തിന്റെയും
പാതയിൽ ഒരുമിച്ചുനടക്കാം

# ജീവനും വെളിച്ചവും

തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം

2022 ഏപ്രിൽ
പുസ്തകം - 46 ലക്കം - 4
വില 25 രൂപ (വാർഷിക വരിസംഖ്യ: 300 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com
www.archtvmnews.com



**രക്ഷാധികാരി**
മോസ്റ്റ് റവ.ഡോ. തോമസ് ജെ. നെറ്റോ
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. ഡോ. സി.ജോസഫ്
**ഉപദേശക സമിതി**
ഫാ. ഫാ. ഡാർവിൻ പീറ്റർ
ഫാ. സുരേഷ് പയസ്
ഫാ. മെൽക്കൺ
ഫാ. സാബാസ് ഇഗ്നേഷ്യസ്
ഫാ. ജോൺ ഡാൾ
ഫാ. സന്തോഷ്കുമാർ പനിയടിമ
ഫാ. ജോൺ എ.ആർ.
ഫാ. ഷാജിൻ ജോസ്
ഫാ. ഫാ. നിജു അജിത്
പി. ശശിധരൻ
**പത്രാധിപർ**
ഫാ. ദീപക് ആന്റോ
**സഹ പത്രാധിപർ**
ഫാ. വിക്ടർ എവരിസ്റ്റസ് IVDei
അഗസ്റ്റിൻ കണിപ്പിള്ളി
**പത്രാധിപ സമിതി**
മോൺ. യൂജിൻ എച്ച് പെരേര
മോൺ. ജെയിംസ് കുലാസ്
അഡ്വ. എം.എ.ഫ്രാൻസിസ്
ഇഗ്നേഷ്യസ് തോമസ്
ഡോ. സീന ഫെലിക്സ്
**ആർട്ടിസ്റ്റ്**
വർഗീസ് ജോർജ്
**ഡിറ്റിപി & ലേ-ഔട്ട്**
സുനിൽകുമാർ
**ഓഫീസ് നിർവഹണം**
സിസ്റ്റർ റീന



*Account Details:*
State Bank of India
A/C No. 57027220934
IFSC : SBIN0070308
A/C Name : Editor, Jeevanum Velichavum


## മുഖവിചാരം

# സ്നേഹത്തിന്റെയും സേവനത്തിന്റെയും പാതയിലൂടെ

കന്യാകുമാരി ജില്ലയിലെ ഇരയിമ്മൻതുറ മുതൽ അയിരൂർ വരെ നീണ്ടുകിടക്കുന്ന രണ്ടര ലക്ഷത്തോളം വരുന്ന സമാന തരത്തിലുള്ളവരല്ലാത്ത വിശ്വാസികളുടെ ആത്മീയപാലകനായി പുതിയൊരാൾ നിയമിതനാവുമ്പോൾ സഭാ മാതാവ് അതിന്റെ മക്കളോടൊപ്പം ആനന്ദാശ്രു പൊഴിക്കുകയാണ്, പുതിയ പ്രതീക്ഷകളോടെ കാത്തിരിക്കുകയാണ്. മുന്നേ കടന്നുപോയ നിരവധി മഹാരഥന്മാരുടെ പിൻപറ്റി സഭാ ശുശ്രൂഷയിലെ അനിവാര്യമായ ആ കൈമാറ്റം നടക്കുമ്പോൾ ഓർമ്മിക്കേണ്ടത്, അധികാര കൈമാറ്റമല്ല കാൽകഴുകുന്ന ഗുരുവിന്റെ അരക്കച്ച കൈമാറ്റമാണ് മാർച്ച് 19ന് നടക്കുന്നതെന്നാണ്.

പ്രളയവും, ഓഖിയും, മദ്യസമരവുമൊക്കെ അതിരിട്ട സംഭവബഹുലമായ മൂന്നുപതിറ്റാണ്ട് നീണ്ട കാലഘട്ടത്തിലെ അവഗണിക്കാനാവാത്ത സാന്നിദ്ധ്യമായി, ദിശാസൂചകമായി നിലനിന്ന സൂസപാക്യം പിതാവ് തിരുസഭയേൽപ്പിച്ച ഔദ്യോഗിക കർത്തവ്യങ്ങൾ ഒന്നൊഴിയാതെ പൂർത്തിയാക്കി വെള്ളയമ്പലം ബിഷപ്പ് ഹൗസിന്റെ പടിയിറങ്ങുമ്പോൾ ഉറച്ച കാൽവെയ്പ്പുകളോടെ ഭദ്രാസന മന്ദിരത്തിന്റെ കവാടം കടക്കുകയാണ് അഭിവന്ദ്യ തോമസ് ജെ. നെറ്റോ മെത്രാപ്പോലീത്ത. തികഞ്ഞ സത്യസന്ധതയോടെയും വിശ്വസ്തതയോടെയും വലിയ ഉത്തരവാദിത്വം കഴിഞ്ഞ മൂന്നു പതിറ്റാണ്ടു കാലം നിറവേറ്റി എന്ന ചാരിതാർത്ഥ്യത്തോടെ ഒരാൾ വിശ്രമജീവിതത്തിനൊരുങ്ങുമ്പോൾ, മറ്റൊരു സമർപ്പണ തിരുനാളിൽ പരിപൂർണ സമർപ്പണം നടത്തി വിനയത്തോടും സ്വതസിദ്ധമായ പ്രശാന്തതയോടും കൂടെ ഈ ഭാരിച്ച ദൗത്യം സ്വീകരിക്കുകയാണ് മറ്റൊരാൾ. അതിരൂപതയുടെ അഞ്ചാമത്തെ ഇടയനും രണ്ടാമത്തെ ആർച്ച് ബിഷപ്പുമായി 57-ാം വയസ്സിൽ ചരിത്രനിയോഗമേറ്റെടുക്കുമ്പോൾ തോമസ് നെറ്റോ പിതാവിന് ഇനി ജീവനും ജീവിതവും തന്റെ പ്രാദേശിക സഭമാത്രം. അവിടെ സൂസപാക്യം പിതാവിനൊപ്പം പ്രവർത്തിച്ചതിന്റെ അനുഭവ സമ്പത്തും ലാളിത്യവും കൈമുതലാക്കി ഒരുമിച്ച് പ്രവർത്തിക്കാൻ അഭിവന്ദ്യ ക്രിസ്തുദാസ് പിതാവിന്റെ സജീവമായ പിന്തുണയും കൂട്ടിനുണ്ടാവും.

തനിക്കിഷ്ടമുള്ളവരെ വിളിക്കുന്ന ക്രിസ്തുനാഥൻ പത്രോസിനോട് ചോദിക്കുന്നത് നീ എന്നെ സ്നേഹിക്കുന്നുവോ എന്നാണ്. തുടർന്ന് തന്റെ ആടുകളെ മേയ്ക്കാനാവശ്യപ്പെടുന്നു. സ്നേഹവും ശുശ്രൂഷയും തന്നെയാണ് മേൽപട്ടക്കാരന്റെയും ജീവിതത്തിന്റെ സത്തയെന്ന് തോമസ് നെറ്റോ പിതാവിന്റെ ആപ്തവാക്യം തന്നെ സൂചിപ്പിക്കുന്നുമുണ്ട്. (Journeying together in love and service). സ്നേഹത്തിൽ ശുശ്രൂഷ ചെയ്തുകൊണ്ട് ജനത്തിനൊപ്പം നടക്കുവാൻ, അവരെ വിശ്വാസത്തിലും, വിശുദ്ധിയിലും, പഠിപ്പിക്കുവാനും, നയിക്കുവാനും അഭിവന്ദ്യ തോമസ് നെറ്റോ മെത്രാപ്പോലീത്തായ്ക്ക് സാധിക്കട്ടെ! ആശംസകൾ...

മെത്രാഭിഷേകവുമായി ബന്ധപ്പെട്ട സ്പെഷ്യൽ പതിപ്പ് ഏപ്രിൽ ലക്കമായാണ് നിങ്ങളുടെ കൈകളിലെത്തുക. ഈ ലക്കത്തിൽ പ്രത്യേകമായി പുതിയ ഇടയനെക്കുറിച്ചുള്ള ലേഖനങ്ങളും അഭിമുഖവും അജപാലന ദൗത്യത്തെക്കുറിച്ചുള്ള ലേഖനങ്ങളും ഉൾചേർത്തിരിക്കുന്നു.

– പത്രാധിപർ



**പങ്കാളിത്ത ദൈവകേന്ദ്രീകൃത മനുഷ്യസ്നേഹത്തിലും പ്രപഞ്ച സ്നേഹത്തിലും അധിഷ്ഠിതമായി ഒരു വിശ്വാസസമൂഹം ഇവിടെ വളർന്നു കൊണ്ടിരിക്കുന്നു. ഈ വളർച്ചയുടെ പാതയിൽ അജഗണത്തെ തുടർന്നു നയിക്കാൻ ദൈവം ഒരുക്കിയ പുതിയ ഇടയനാണ് അഭിവന്ദ്യ തോമസ് ജെ. നെറ്റോ പിതാവ്. പ്രതീക്ഷയ്ക്കൊത്തൊരു മെത്രാപ്പൊലീത്തയെ തന്നെയാണ് ദൈവം നമുക്കുനൽകിയത്.**

# പ്രതീക്ഷയും പ്രാർഥനയും സഫലമാക്കിയ ദൈവസമ്മാനം

വിവിധ മതങ്ങളും ജനങ്ങളും ഒരുമിച്ച് വസിക്കുന്ന തിരുവനന്തപുരത്തിന് പുതിയ ആത്മീയാചാര്യൻ. വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ കർമ്മ മണ്ഡലം കൂടിയായ തിരുവനന്തപുരം ലത്തീൻ അതിരൂപത ആ വലിയ പ്രേഷിതന്റെ വിശുദ്ധ പദവി പ്രഖ്യാപനത്തിന്റെ നാലാം ശതാബ്ദി ആഘോഷിക്കുകയും രൂപതയ്ക്ക് 85 വയസ്സ് പൂർത്തിയാവുകയും ചെയ്യുന്ന ധന്യവേളയിലാണ് ആർച്ച് ബിഷപ്പ് സൂസപാക്യം പിതാവിന്റെ പിൻഗാമിയായി ഡോ. തോമസ് ജെ. നെറ്റോ മെത്രോപ്പോലീത്തയായി സ്ഥാനമേൽക്കുന്നത്.

ഇരയിമ്മൻതുറ മുതൽ അയിരൂർ വരെ പരന്നു കിടക്കുന്നതും രണ്ടരലക്ഷത്തിലേറെ വിശ്വാസികൾ ഉൾക്കൊള്ളുന്നതുമായ തിരുവനന്തപുരം അതിരൂപതയുടെ ഭൂരിഭാഗവും മത്സ്യത്തൊഴിലാളികളാണെങ്കിലും കാർഷിക രംഗം ഉൾപ്പെടെ വിവിധ തൊഴിൽ മേഖലകളിൽ തൊഴിൽ ചെയ്തുജീവിക്കുന്ന നാടാർ, ഈഴവർ, ചേരമർ, ദളിത് എന്നീ വിഭാഗങ്ങളുൾപ്പെടെ വൈവിധ്യമാർന്ന ജനസമൂഹങ്ങളെ ഉൾക്കൊള്ളുന്നതാണ് തിരുവനന്തപുരം അതിരൂപത. തൊട്ടുകൂടായ്മ ജാതി ചിന്ത തുടങ്ങിയ സാമൂഹിക കാരണങ്ങളാൽ പിന്തള്ളപ്പെട്ട് പാർശ്വവൽക്കരിക്കപ്പെട്ട ഈ ജനസമൂഹത്തിന്റെ വളർച്ചയ്ക്കും വികസനത്തിനുമായി കാലാകാലങ്ങളായി പ്രവർത്തിക്കുന്ന വൈദികരും സന്യസ്തരും അവരുടെ സേവനങ്ങളും രൂപതയ്ക്ക് എന്നും അഭിമാനമാണ്. തിരുവനന്തപുരം അതിരൂപത വിഭാവനം ചെയ്ത ചെറുസഹായപദ്ധതികൾ പോലും പാവപ്പെട്ട ജനവിഭാഗത്തിന് വലിയ ആശ്വാസമായിരുന്നു. ആരോഗ്യസ്ഥാപനങ്ങളുടെയും ഭിഷഗ്വരന്മാരുടേയും അഭാവം അനുഭവപ്പെട്ടിരുന്ന കാലത്ത് സന്യസ്തരുടെ നേതൃത്വത്തിൽ ഗ്രാമങ്ങളിൽ ആരംഭിച്ച ക്ലിനിക്കുകളും ആരോഗ്യ പ്രവർത്തനങ്ങളും മൊബൈൽ മരുന്ന് വിതരണവുമൊക്കെ ആരോഗ്യപരിപാലനരംഗത്ത് വലിയ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്. പള്ളികളോടൊപ്പം സ്ഥാപിക്കപ്പെട്ട സ്കൂളുകൾ ഇന്നാട്ടിലെ വിദ്യാഭ്യാസവിപ്ലവത്തിൽ വഹിച്ച പങ്ക് ചെറുതല്ല.

തിരുവനന്തപുരത്തെ ആദ്യ മെത്രാനായ ബിഷപ്പ് വിൻസെന്റ് ഡെരേര പിതാവിൽ നിന്ന് ആരംഭിച്ച വികസന സ്വപ്നങ്ങൾക്ക് വേഗം കൈവരുന്നത് ആദ്യ ത



**ഡോ. ക്രിസ്തുദാസ് ആർ.**
തിരുവനന്തപുരം അതിരൂപത
സഹായമെത്രാൻ



ദേശിയ മെത്രാനായി ബിഷപ്പ് പീറ്റർ ബർണാഡ് പെരേര എത്തുന്നതോടെയാണ്. ഈ സമൂഹത്തിന്റെ പുനരുദ്ധാരണത്തിനും ഭൗതിക പുരോഗതിക്കും വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ പെരേര തിരുമേനി നിർണ്ണായക പങ്കുവഹിച്ചു. പിതാവ് വിഭാവനം ചെയ്ത തൊഴിൽ സ്ഥാപനങ്ങളും സ്കൂളുകളും രൂപതയിൽ ആകമാനം ഇന്നും ദർശിക്കുവാൻ കഴിയും. ബിഷപ്പ് പീറ്റർ ബർണാർഡ് പെരേരയ്ക്കു ശേഷം രൂപതാദ്ധ്യക്ഷനായി ചുമതലയേറ്റ ജേക്കബ്ബ് അച്ചാരുപറമ്പിൽ ആത്മീയ വളർച്ചയ്ക്ക് ഉതകുന്ന പ്രവർത്തനങ്ങളിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്. ആത്മീയതയും സാമൂഹിക പ്രവർത്തനങ്ങളും ഒരുമിച്ച് കൊണ്ടുപോകുന്നതിനും പ്രത്യേകിച്ച് വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്നതിനും അദ്ദേഹം ഏറെ ശ്രദ്ധിച്ചിരുന്നു.

ജനകീയ അടിത്തറയിലൂടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും തിരുവനന്തപുരത്തെ പ്രാദേശിക സമൂഹത്തെ ശക്തിപ്പെടുത്തുന്നതിനുമുള്ള ശ്രമങ്ങൾക്കിടയിൽ ബിഷപ്പ് ജേക്കബ്ബ് അച്ചാരുപറമ്പിൽ രോഗബാധിതനാകുകയും തുടർന്ന് ഡോ. എം. സൂസപാക്യം പിതാവ് രൂപതാദ്ധ്യക്ഷനായി ചുമതല ഏൽക്കുകയുമായിരുന്നു. തുടർന്നിങ്ങോട്ട് തിരുവനന്തപുരം രൂപതയെ നവോത്ഥാന പാതയിലൂടെ കൈപിടിച്ചു നടത്തി. നിരവധി വികസന–സാമൂഹ്യക്ഷേമ സാധുജന സമുദ്ധാരണ പദ്ധതികൾ നടപ്പിലാക്കി. അതുവഴി ഏവരുടെയും സ്നേഹാദരവുകൾ ഏറ്റുവാങ്ങിയ മഹനീയ വ്യക്തിത്വമാണ് ഡോ. സൂസപാക്യം.

ശുശ്രൂഷാദൗത്യം ഏറ്റെടുത്ത സൂസപാക്യം പിതാവ് തന്റെ മുൻഗാമികൾ ചെയ്ത നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനൊപ്പം സാധാരണക്കാരന് അഭിപ്രായം പറയാനും അവനെ കേൾക്കാനും വചനം പങ്കുവയ്ക്കുവാനുമുള്ള വേദിയായ അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങൾ രൂപീകരിച്ചു. അതുവഴി ആഗോളതലത്തിൽ അദ്ദേഹം ശ്രദ്ധേയനായി. വികേന്ദ്രീകരണ ശൈലിയിലൂടെ ശുശ്രൂഷാപ്രവർത്തനങ്ങൾക്ക് ഒരു പുത്തൻ ഘടന നടപ്പിലാക്കുകയും, എക്കാലത്തെയും സാമൂഹിക തിന്മയായ മദ്യത്തിനെതിരെ അതിശക്തമായി പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. ജാതി–മത രാഷ്ട്രീയ ചിന്തകൾക്കപ്പുറം മദ്യവിരുദ്ധ സമൂഹവും ഗ്രാമങ്ങളും സ്വപ്നം കണ്ട അദ്ദേഹം കേരളസമൂഹത്തോടൊപ്പം ചേർന്നുനിന്നു. തന്റെ കൂടെയുള്ള വൈദികരെയും തന്റെ പ്രദേശത്തുള്ള വിദഗ്ദ്ധരെയും ഉൾപ്പെടുത്തി സാമൂഹിക പഠനങ്ങൾക്കും, പ്രാദേശിക വികസനത്തിനും വികേന്ദ്രീകരണ ആസൂത്രണത്തിനും തുടക്കം കുറിച്ചു. ഓഖി, പ്രളയം തുടങ്ങിയ പ്രകൃതി ദുരന്തങ്ങളിൽപ്പെട്ടവരുടെ വീടുകൾ സന്ദർശിച്ചും ആശ്വസിപ്പിച്ചും സഹായിച്ചും അവരോടൊപ്പം നിൽക്കുകയും കേരളത്തിന്റെ രക്ഷാസൈന്യമായി മാറിയ മത്സ്യത്തൊഴിലാളികൾക്ക് ആവേശവും കരുത്തുമായി അവരോടൊപ്പം നിൽക്കുകയും ചെയ്ത സൂസപാക്യം പിതാവിനെ മലയാളിക്ക് മറക്കാനാവില്ല.

ഒരു വിശ്വാസസമൂഹം പങ്കാളിത്ത അധിഷ്ഠിത ദൈവകേന്ദ്രീകൃത മനുഷ്യസ്നേഹത്തിലും പ്രപഞ്ച സ്നേഹത്തിലും ഇവിടെ വളർന്നു കൊണ്ടിരിക്കുന്നു. ഈ വളർച്ചയുടെ പാതയിൽ അജഗണത്തെ തുടർന്നു നയിക്കാൻ ദൈവം ഒരുക്കിയ പുതിയ ഇടയനാണ് അഭിവന്ദ്യ തോമസ് ജെ. നെറ്റോ പിതാവ്. പ്രതീക്ഷയ്ക്കൊത്തൊരു മെത്രാപ്പൊലീത്തയെ തന്നെയാണ് ആർച്ച് ബിഷപ്പായി ദൈവം നൽകിയത്.

സൂസപാക്യം പിതാവിന്റെ സെക്രട്ടറിയായി ഞാൻ ചുമതലയേൽക്കുമ്പോഴാണ് അഭിവന്ദ്യ തോമസ് ജെ. നെറ്റോ പിതാവിനെ പരിചയപ്പെടുന്നതും അടുത്തിടപഴകുന്നതും. തുടർന്ന് അക്കാലത്തുതന്നെ അദ്ദേഹം ഉപരിപഠനത്തിനായി റോമിലേക്ക് പോവുകയും ചെയ്തു. പഠനം കഴിഞ്ഞ് തിരികെയെത്തിയപ്പോഴാണ് അദ്ദേഹവുമായി കൂടുതൽ അടുക്കുന്നതും സൗഹൃദം സ്ഥാപിക്കുന്നതും. ബിഷപ്പ്സ് ഹൗസിലെ കൂട്ടായ്മയുടെ ഭാഗമായി ഒരുമിച്ചുണ്ടായിരുന്നതുകൊണ്ട് വ്യക്തിപരമായി നെറ്റോ പിതാവിനെ അറിയാൻ സാധിച്ചിട്ടുണ്ട്. കുറേയേറെക്കാലം ഒരുമിച്ചു പ്രാർത്ഥിക്കുകയും ഒരുമിച്ചു ഭക്ഷിക്കുകയും ഒരുമിച്ച് ബാഡ്മിന്റൻ കളിക്കുകയും ചെയ്തപ്പോൾ അദ്ദേഹത്തെ കൂടുതൽ അടുത്തറിയാൻ കഴിഞ്ഞു. കൂടെ പ്രവർത്തിക്കുന്നവരെ അതിവേഗം സുഹൃത്തുക്കളാക്കിമാറ്റുന്ന സവിശേഷഗുണം അദ്ദേഹത്തിനുണ്ട്. ദീർഘകാലം അതിരൂപതയുടെ പല സമിതികളിലും ശുശ്രൂഷകളിലും, ശുശ്രൂഷകളുടെ ഏകോപനത്തിലും പങ്കാളിയായതുകൊണ്ട് അതിരൂപതയുടെ ആത്മാവറിയുന്ന അനുഭവസമ്പത്തുള്ളൊരു പിതാവിനെയാണ് അദ്ദേഹത്തിലൂടെ നമുക്ക് ലഭിച്ചിരിക്കുന്നത്. അദ്ദേഹത്തോടൊപ്പമുള്ള ഓരോ ചർച്ചകളിലും പങ്കുവയ്ക്കലുകളിലും രൂപതയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ബോധ്യങ്ങളും സ്വപ്നങ്ങളും സുവ്യക്തമായാരുന്നു. നമ്മുടെ പ്രാദേശിക സഭയുടെ പങ്കാളിത്തശൈലിക്ക് യോജ്യമായ പ്രവർത്തനരീതിയാണ് അദ്ദേഹത്തിന്റേത് എന്നതിൽ സംശയമില്ല. മറ്റുള്ളവർക്ക് മുമ്പിൽ കാര്യങ്ങൾ പഠിച്ച് അടുക്കും ചിട്ടയോടും കൂടി അവതരിപ്പിക്കുകയും വാക്കുകൾ അളന്നു മാത്രം ഉപയോഗിക്കുകയും ചെയ്യുന്ന പിതാവിന്റെശൈലി വ്യക്തിബന്ധങ്ങളിലും, കർമ്മമേഖലകളിലും സഹായമാകും.

സൂസപാക്യം പിതാവിന്റെ വിരമിക്കലിനുശേഷം അതിരൂപത പുതിയൊരു പിതാവിനെ ഏറെ പ്രതീക്ഷയോടും പ്രാർത്ഥനയോടും കൂടി കാത്തിരിക്കുകയായിരുന്നു. നമ്മുടെ സഭയ്ക്ക് അനുയോജ്യനായ ഒരു ഇടയനെയാണ് ദൈവം നൽകിയിട്ടുള്ളതെന്ന് നിസ്സംശയം പറയാം. ദൈവത്തിന് നന്ദി പറയാം.

ആഴമായ വിശ്വാസത്തിൽ വേരൂന്നിയ പ്രവർത്തനങ്ങളിലൂടെ അടിസ്ഥാന സൗകര്യവികസനത്തിലും വിദ്യാഭ്യാസ – സാമ്പത്തിക – സാംസ്ക്കാരിക മേഖലകളിലുമെല്ലാം ഏറെ മുന്നോട്ടുപോകാൻ തോമസ് ജെ. നെറ്റോ പിതാവിന്റെ നേതൃത്വം രൂപതയ്ക്ക് സഹായകമാകട്ടെ എന്ന് ആശംസിക്കുന്നു. പ്രവർത്തനങ്ങളിൽ സഹകാരികളായി നമുക്കൊപ്പം ചേരാം. ■



# ദിശാബോധം സ്വന്തമാക്കിയ പുതിയ ഇടയൻ

**തിരുവനന്തപുരം ലത്തീൻ അതിരൂപതാ അധ്യക്ഷൻ ആർച്ച്ബിഷപ്പ് ഡോ. തോമസ് ജെ. നെറ്റോ അവരോധിതനായിരിക്കുന്നു. അതിരൂപതയിലെ രണ്ടുലക്ഷത്തി എൺപതിനായിരത്തിൽപ്പരം വിശ്വാസികളുടെ ഇടയനും രൂപതയുടെ അഞ്ചാമത്തെ ചുമതലക്കാരനും ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യത്തിന്റെ പിൻഗാമിയുമായിട്ടാണ് തോമസ് ജെ. നെറ്റോ ചുമതലയേറ്റിരിക്കുന്നത്. 85 പിന്നിട്ട അതിരൂപതയുടെ തുടർ പ്രയാണത്തിൽ സാരഥ്യം വഹിക്കുന്ന അഭിവന്ദ്യ ആർച്ച് ബിഷപ്പ് ഡോ. തോമസ് ജെ. നെറ്റോ തന്റെ വിശ്വാസ സമൂഹത്തോട് ഈ അഭിമുഖത്തിലൂടെ സംസാരിക്കുന്നു. ജീവനും വെളിച്ചവും പത്രാധിപസമിതി അംഗമായ അഡ്വ. എം.എ. ഫ്രാൻസിസ് നടത്തിയ അഭിമുഖത്തിൽ നിന്ന്**



***?** സൂസപാക്യം പിതാവിന്റെ പിൻഗാമിയായി അതിരൂപത അധ്യക്ഷസ്ഥാനം ഏറ്റെടുക്കുന്നത് ഒരു ചരിത്ര നിയോഗവും വെല്ലുവിളിയുമാണ്. പിതാവ് ഇതിനെ എങ്ങനെ കാണുന്നു ?*

**പിതാവ്:** തീർച്ചയായും, ഇത് ഒരു നിയോഗവും അതോടൊപ്പം വെല്ലുവിളിയുമാണ്. കഴിഞ്ഞ 32 വർഷക്കാലം അജപാലന ദൗത്യം സ്തുത്യർഹമായി നിർവഹിച്ചുകൊണ്ട് നമ്മുടെ അതിരൂപതയെ മുന്നോട്ടുനയിച്ച അഭിവന്ദ്യ സൂപാക്യം പിതാവിന്റെ പിൻഗാമിയായി ഒരാളെ കണ്ടെത്തുക എളുപ്പമായിരുന്നില്ല. എന്നാൽ, ദൈവത്തിന്റെ പ്രത്യേക പദ്ധതിയനുസരിച്ച് സഭ ഫ്രാൻസിസ് പാപ്പയിലൂടെ എന്നെ അതിനായി തിരഞ്ഞെടുത്തു.അതിരൂപതയോടുള്ള ദൈവത്തിന്റെയും സഭയുടെയും വലിയ കരുതലിന്റെ അടയാളമായി ഇതിനെ കാണുന്നു. നമ്മുടെ അതിരൂപത കേരളത്തിന്റെ തലസ്ഥാനത്ത് സ്ഥിതി ചെയ്യുന്നതു കൊണ്ടുതന്നെ സവിശേഷമായ പ്രത്യേകതകളുമുണ്ട്. രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക-മത വൈവിധ്യങ്ങൾ അതിന്റെ സജീവതയിൽ നിലനിൽക്കുന്നതിനാൽ അതിരൂപതയുടെ ഇടയ ശുശ്രൂഷ വെല്ലുവിളികൾ നിറഞ്ഞതാണ്.

***?** മത്സ്യത്തൊഴിലാളി കുടുംബ പശ്ചാത്തലവും സാഹചര്യങ്ങളും പിതാവിന്റെ വളർച്ചയെയും രൂപീകരണത്തെയും സ്വാധീനിച്ചതെങ്ങനെ?*

**പിതാവ്:** ഞാൻ ജനിച്ചുവളർന്നത് പുതിയതുറ മത്സ്യത്തൊഴിലാളി ഗ്രാമാന്തരീക്ഷത്തിലാണ്. എന്റെ പിതാവ് കഠിനാധ്വാനിയായ ഒരു മത്സ്യത്തൊഴിലാളിയും മാതാവ് സാധാരണ വീട്ടമ്മയുമായിരുന്നു. തീരദേശത്ത് ജനിച്ചുവളർന്ന വ്യക്തിയെന്ന നിലയിൽ തീരദേശവാസികളുടെ ജീവിതവും അതിന്റെ സംഘർഷങ്ങളും വെല്ലുവിളികളും പ്രതീക്ഷകളുമെല്ലാം എന്നിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്. അന്നത്തെ മത്സ്യത്തൊഴിലാളികളുടെ ജീവിതസാഹചര്യങ്ങൾ ഇപ്പോഴത്തേതിൽനിന്നും തികച്ചും വ്യത്യസ്തമായിരുന്നു. ദാരിദ്ര്യം, പട്ടിണി, മറ്റു ക്ലേശങ്ങൾ എന്നിവ ജീവിതത്തിൽ സർവസാധാരണമായിരുന്നു. കടലിനെ ആശ്രയിച്ചുമാത്രം ജീവിതം മുന്നോട്ടുകൊണ്ടു പോയിരുന്നതിനാൽ സാമ്പത്തിക പ്രതിസന്ധി വിദ്യാഭ്യാസ ആവശ്യങ്ങൾ നിറവേറ്റുന്നതിൽ പ്രയാസമുളവാക്കിയിരുന്നു.

സാമ്പത്തിക ഞെരുക്കവും ജീവിത ബുദ്ധിമുട്ടുകളും കടുത്ത വെല്ലുവിളികൾ നിറഞ്ഞതായിരുന്നുവെങ്കിലും ദൈവത്തോടും സഭയോടുമുള്ള വിശ്വാസവും അടുപ്പവും ഈ വെല്ലുവിളികളെ അതിജീവിക്കുവാൻ ഞങ്ങളെ ശക്തരാക്കിയിരുന്നു. ദിവ്യബലിയിലെ പങ്കാളിത്തം, പ്രാർഥന, പരിശുദ്ധ അമ്മയോടുള്ള ഭക്തി തുടങ്ങിയവയൊക്കെ ദൈവത്തിൽ ആശ്രയിച്ച് വെല്ലുവിളികളെ അഭിമുഖീകരിക്കാൻ സഹായകമായിരുന്നു. കഠിനാധ്വാനത്തിന്റെ മാഹാത്മ്യം ജീവിതസാഹചര്യങ്ങളിൽനിന്നും മനസ്സിലാക്കുവാനും പഠിക്കുവാനും സാധിച്ചു. ദൈവകൃപയിൽ ആശ്രയിച്ച്, ജീവിത പ്രയാസങ്ങളെ തരണം ചെയ്യാമെന്ന ചിന്തയും ബോധ്യവും ഈ അനുഭവങ്ങളുടെ പരിണിത ഫലങ്ങളാണ്.

ഇങ്ങനെയുള്ള ജീവിതസാഹചര്യങ്ങളിൽ കഴിയുന്നവർ മറ്റുള്ളവരെ സഹായിക്കുന്നതിനുള്ള മനോഭാവം ഉള്ളവരായിരിക്കും. ഞങ്ങളുടെ അയൽവാസികളിൽ ചിലർ മെച്ചപ്പെട്ട വിദ്യാഭ്യാസമുള്ളവരും നല്ല തൊഴിൽ മേഖലകളിൽ ജോലിചെയ്യുന്നവരുമായിരുന്നു. അവരുടെ ജീവിതരീതികളും എന്നെ സ്വാധീനിച്ചിട്ടുണ്ട്. ദാരിദ്ര്യത്തിലും വിശപ്പിലും കാരുണ്യത്തിന്റെ കരങ്ങൾ നീട്ടുന്ന കരുതലിന്റെ അനുഭവമാണ് അവരിൽനിന്നും ലഭിച്ചത്.

***?** ദരിദ്രരെ സഹായിക്കുന്നതിൽ അങ്ങയെ സ്വാധീനിച്ചിട്ടുള്ള അനുഭവമുണ്ടോ?*

**പിതാവ്:** തീർച്ചയായും ഉണ്ട്. എന്റെ വീടിന്റെ അടുത്തുതാമസിച്ചിരുന്ന എന്റെ ജ്ഞാനസ്നാന മാതാവ് പാവപ്പെട്ട ആളുകളോട് വളരെ കരുതലുള്ള വ്യക്തിയായിരുന്നു. ആ അമ്മയും അതുപോലെതന്നെ മെച്ചപ്പെട്ട സാമ്പത്തിക സ്ഥിതി ഉണ്ടായിരുന്ന മറ്റു ചില അമ്മമാരും പ്രയാസപ്പെടുന്നവരെ സഹായിക്കുവാൻ കാണിച്ചിരുന്ന താത്പര്യം എന്റെ കുഞ്ഞുമനസ്സിനെ സ്വാധീനിച്ചിട്ടുണ്ട്. മനുഷ്യരുടെ ദുഃഖത്തിലും വേദനകളിലും പങ്കുചേർന്ന്, സഹായം നൽകേണ്ടവരാണ് നാം എന്ന ബോധ്യം ഈ അമ്മമാരിലൂടെ ഞാൻ പഠിച്ചു. ഇങ്ങനെയുള്ള ചെറിയ ചെറിയ ഓർമകളാണ് മനസ്സിലുള്ളത്.

***?** അതിരൂപതയിലെ ശുശ്രൂഷാ നേതൃത്വ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ രൂപത/ഫെറോന/ഇടവകതല പ്രവർത്തനങ്ങളിൽ എങ്ങനെ കൂടുതൽ സജീവത കൈവരുത്താനാകും?*

**പിതാവ്:** ശുശ്രൂഷാ പ്രവർത്തനങ്ങളിൽ അതിരൂപത വളരെയേറെ മുൻപന്തിയിൽ നിൽക്കുന്നതായി എനിക്ക് തോന്നുന്നുണ്ട്. സഭയിലെ നവീകരണ പ്രക്രിയയിൽ പ്രധാനപ്പെട്ട ഒരു സംഭവമായ രണ്ടാം വത്തിക്കാൻ കൗൺസിൽ സഭയെക്കുറിച്ചുള്ള നൂതനമായ പ്രബോധനങ്ങൾ, ജീവിതരീതി, ദൗത്യം എന്നിവയെക്കുറിച്ച് നല്ല കാഴ്ചപ്പാടുകൾ നൽകുകയുണ്ടായി. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ വീക്ഷണങ്ങൾ ഉൾക്കൊണ്ടുകൊണ്ട് നവീകരണ പ്രക്രിയകൾ കാര്യക്ഷമമായി നടപ്പിലാക്കുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്.

നമ്മുടെ അതിരൂപതയുടെ ഗോൾഡൻ ജൂബിലി ആഘോഷങ്ങളുമായി ബന്ധപ്പെട്ട് 1987-ൽ വൈദികരുടെ ഒത്തുവാസം കോട്ടാറിൽ വച്ചുനടന്നു. അതൊരുനിർണായകമായ സംഭവമായിരുന്നു. ഇതിന്റെ തുടർച്ചയായിട്ടാണ് സഭയിലെ പങ്കാളിത്ത ഘടനകളായ ബിസിസി, ഇടവക കൗൺസിൽ എന്നിവ രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നത്.

അനുഭവത്തിന്റെ വെളിച്ചത്തിൽ സഭയുടെ കൂട്ടായ്

മ കാഴ്ചപ്പാടിൽ ജീവിക്കുവാൻ, സഭയുടെ ദൗത്യം നന്നായി നിർവഹിക്കുവാൻ, പങ്കാളിത്തഘടനയിൽ വിവിധ ശുശ്രൂഷാ സമിതികൾ രൂപീകരിച്ചുകൊണ്ട് പ്രവർത്തിക്കുവാൻ കഴിഞ്ഞു. കഴിഞ്ഞ രണ്ടുവർഷം, കോവിഡിന്റെ പശ്ചാത്തലത്തിൽ മറ്റെല്ലാ കാര്യങ്ങളിലുമെന്നതുപോലെ സഭാപ്രവർത്തനങ്ങളിലും മന്ദത ഉണ്ടായിട്ടുണ്ട്.

രൂപത, ഫെറോന, ഇടവക തലങ്ങളിൽ വാർഷിക പ്ലാനും ബഡ്ജറ്റും തയ്യാറാക്കുന്നതിൽ അൽമായ പങ്കാളിത്തവും കൂട്ടുത്തരവാദിത്വവും ഉറപ്പാക്കണം. ഇതിനാവശ്യമായ ലീഡർഷിപ്പ് ട്രെയിനിംഗ്, ആനിമേഷൻ പ്രോഗ്രാം എന്നിവ സമയബന്ധിതമായി നടപ്പിലാക്കണം. ഈ പ്രക്രിയയിൽ പങ്കാളികളാകുന്നവർ ഇതിന്റെ ലക്ഷ്യം, പ്രവർത്തനങ്ങൾ, വിലയിരുത്തൽ എന്നിവ പൂർണമായി ഉൾക്കൊള്ളണം.

**? പ്ലാനും ബഡ്ജറ്റുമൊക്കെ ഫെറോനകളിലും ഇടവകകളിലും തയ്യാറാക്കുമെങ്കിലും അതനുസരിച്ച് പൂർണമായും കാര്യങ്ങൾ നടക്കാറില്ല; അത് പരിശോധിക്കപ്പെടാറുമില്ല എന്ന ആരോപണവുമുണ്ട്. ഇക്കാര്യത്തിൽ എന്തുചെയ്യാനാകും?**

**പിതാവ്:** ശുശ്രൂഷാ സമിതികളുടെ പ്രവർത്തനം ചൈതന്യവത്താക്കാൻ ബന്ധപ്പെട്ടവർ ഒന്നിച്ചുകൂടി ഇടവകയുടെ സംവിധാനം എങ്ങനെ പ്രവർത്തിപ്പിക്കുമെന്ന് മനസ്സിലാക്കിയും, നമ്മൾ ചെയ്തുകൊണ്ടിരിക്കുന്ന പ്ലാനും ബഡ്ജറ്റും തയ്യാറാക്കൽ കുറേക്കൂടി മുൻകൂട്ടി ചെയ്ത് അത് കൃത്യമായി നടക്കുന്നു എന്നും പരിശോധിക്കപ്പെടേണ്ടതുമുണ്ട്. ഇടവക പ്ലാനും ബഡ്ജറ്റും തയ്യാറാക്കുമ്പോൾ ഇടവക പ്രതിനിധികൾക്കു പുറമേ ഫെറോനയിൽനിന്നോ രൂപതയിൽനിന്നോ ബന്ധപ്പെട്ട ശുശ്രൂഷാ സമിതി പ്രതിനിധികളെ ആരെയെങ്കിലും പങ്കെടുപ്പിച്ചുകൊണ്ട് ഈ പ്രക്രിയ നന്നായി നടത്താൻ കഴിയണം. ഇപ്പോൾ നിലനില്ക്കുന്ന വിലയിരുത്തൽ പ്രക്രിയ മൂന്ന്/ആറ് മാസത്തിൽ ഒരിക്കലായി നിശ്ചയിച്ച് ഇടവക, ഫെറോന, രൂപതാതലങ്ങളിൽ ഇത് കൃത്യമായി നടപ്പിലാക്കണം. ഇപ്പോഴത്തെ മന്ദത കാര്യക്ഷമമായി പരിഹരിക്കണം.

*? ബിസിസി യോഗങ്ങൾ രൂപീകരണലക്ഷ്യത്തിൽനിന്ന് വ്യതിചലിച്ച് വെറും പ്രാർഥനാ യോഗങ്ങളായി തീരുന്നുവെന്ന പരാതിയുണ്ട്. ഇതെങ്ങനെ നല്ല രീതിയിൽ നടത്താനാകും?*

**പിതാവ്:** ബിസിസികൾ എന്തിനാണ് ആരംഭിച്ചതെന്ന് നാം സ്വയം തിരിച്ചറിയണം. ഇത് വെറുമൊരു പ്രാർഥനാ കൂട്ടായ്മയല്ല. വചനത്തിന്റെ വെളിച്ചത്തിൽ, ഒരു പ്രദേശത്തുള്ള കുടുംബങ്ങൾ അവരുടെ ജീവിത പശ്ചാത്തലത്തിൽ ദൈവവചനം ശ്രവിക്കുന്നു. ആ വചനങ്ങളുടെയും ജീവിത പശ്ചാത്തലങ്ങളുടെയും വെളിച്ചത്തിൽ അവർ ഇപ്പോൾ എങ്ങനെ ജീവിക്കുന്നു; ഇനിയെന്താണ് ചെയ്യേണ്ടതെന്ന് മനസ്സിലാക്കാൻ ശ്രമിക്കുന്നു. അതിന്റെ ഭാഗമായിട്ടവർ പ്രവർത്തികളിലേക്ക് പോകുന്നതാണ് സംഭവിക്കേണ്ടത്. ആളുകളുടെ ജീവിത സാഹചര്യങ്ങൾ വ്യത്യസ്തമാണ്. പട്ടണങ്ങളിൽ താമസിക്കുന്ന ആളുകൾക്ക് കൂടിവരവുകൾ അവരുടെ ആവശ്യകതയായി തോന്നി അവർ വരും. എന്നാൽ തീരപ്രദേശങ്ങളിൽ താമസിക്കുന്നതുതന്നെ എപ്പോഴും കണ്ടും പര



**ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത**

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
തിരുവനന്തപുരം ഭദ്രാസനം

“

തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ പുതിയ ആർച്ച് ബിഷപ്പായി പരിശുദ്ധ ഫ്രാൻസിസ് പാപ്പ നിയമിച്ച ഡോ.തോമസ് ജെ നെറ്റോ പിതാവിന്റെ മെത്രാഭിഷേക ശുശ്രൂഷ നിർവഹിക്കപ്പെടുകയാണ്. ഈ പുണ്യ നിമിഷം മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ എല്ലാ ആശംസകളും അനുഗ്രഹങ്ങളും നേരുന്നു.

തിരുവനന്തപുരത്ത് സഭകളുടെ എക്യുമിനിക്കൽ കൂട്ടായ്മ സജീവമാണ്. ഇതിന് അഭിവന്ദ്യ ഡോ.സൂസപാക്യം പിതാവ് സ്തുത്യർഹമായ നേതൃത്വം നൽകി. സഭകൾ മാത്രമല്ല എല്ലാ മതങ്ങളിലും മതേതര സമൂഹങ്ങളിലുമുള്ളവരുമായി സാഹോദര്യവും ഐക്യവും സംസ്ഥാപിക്കപ്പെടുക വഴി വിശാല എക്യുമിനിസം പ്രാവർത്തികമാക്കുന്നതിലും ഞങ്ങളോടൊപ്പം അദ്ദേഹം മുൻനിരയിലുണ്ടായിരുന്നു. നവാഭിഷിക്തനാവുന്ന അഭിവന്ദ്യ നെറ്റോ പിതാവ് ഈ ദൗത്യം തുടർന്ന് കൊണ്ട് പോകുന്നതിൽ പ്രതിജ്ഞാബദ്ധനാണെന്ന് പൊതുസമൂഹത്തെ അദ്ദേഹം അറിയിച്ചു കഴിഞ്ഞു. അജപാലനത്തോടൊപ്പം മാനവ ഐക്യത്തിന്റെ പ്രവിശാലമായ ഭൂമികയിൽ നിന്നുകൊണ്ട് ദൈവം ഏല്പിച്ചിരിക്കുന്ന ദൗത്യങ്ങൾ പൂർത്തീകരിക്കാനുള്ള കൃപാവരം അഭിവന്ദ്യ നെറ്റോ പിതാവിന് ദൈവം നൽകിയിട്ടുമുണ്ട്. അത് പ്രോജ്ജ്വലിപ്പിച്ച് മുന്നേറുവാൻ തുടർന്നും തമ്പുരാൻ സമൃദ്ധമായി അനുഗ്രഹിക്കട്ടെ...

സ്പരം ഇടപഴകിയുമാണ്. അതുകൊണ്ടുതന്നെ അതിന്റേതായ വ്യത്യാസങ്ങളുണ്ട്.

സഭാത്മകത അനുഭപ്പെടേണ്ട വേദിയാണ് ബിസിസി. വെറും പ്രാർഥനയും വചനശ്രവണവും മാത്രമല്ല, അംഗങ്ങളുടെ കാഴ്ചപ്പാടുകൾ, തീരുമാനങ്ങൾ, എങ്ങനെ പ്രാവർത്തികമാക്കാം എന്നൊക്കെയുള്ള കാര്യങ്ങൾ. അതുകൊണ്ടുതന്നെ കൂടുതൽ സമയം ചെലവഴിക്കേണ്ടതായിവരും. ഇത് ഒരു അനുഭവമാണ്. കൂട്ടായ്മയിൽ വരുമ്പോൾ ദൈവമാണ് വചനത്തിലൂടെയും അരൂപിയിലൂടെയും നമ്മെ ഒരുമിപ്പിക്കുന്നത്; പരസ്പരം കൂടുതൽ അറിയാനും നമ്മെ പ്രാപ്തരാക്കുന്നതും.

**?** *ഫ്രാൻസിസ് പാപ്പ പ്രഖ്യാപിച്ചിട്ടുള്ള 16-ാമത് സാധാരണ സിനഡുമായി ബന്ധപ്പെട്ട് ഒരു സിനഡാത്മക സഭയ്ക്കായുള്ള പ്രവർത്തനങ്ങൾ നമ്മുടെ അതിരൂപതയിൽ നടക്കുന്നതെങ്ങനെയാണ്?*

**പിതാവ്:** സിനഡാത്മക സഭയ്ക്കായുള്ള പ്രവർത്തനങ്ങൾക്ക് നമ്മുടെ അതിരൂപതയിൽ മികച്ച സംവിധാനമുണ്ട്. പ്രയോജനകരമായ രീതിയിൽ അതിനെ ഉപയോഗപ്പെടുത്തുകയാണ് നാം ചെയ്യേണ്ടത്.സിനഡാത്മക സഭയ്ക്കായി കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതത്വം എന്നതാണല്ലോ സിനഡിന്റെ വിഷയം. കൂട്ടായ്മ അനുഭവത്തിലാണ് നമ്മുടെ ബിസിസികൾ പ്രവർത്തിക്കുന്നത്. പങ്കാളിത്തത്തിനുവേണ്ടിയാണ് ധാരാളം അൽമായരെ വിവിധതലങ്ങളിലായി സഭാ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുന്നത്. നമ്മുടെ അതിരൂപതയിൽ നിലനില്ക്കുന്ന സംവിധാനങ്ങളെ നന്നായി ചലിപ്പിക്കുകയാണ് ചെയ്യേണ്ടത്. നമ്മുടെ അതിരൂപതയിലെ വൈദികർ, സന്യസ്തർ, അൽമായ സഹോദരങ്ങൾ തുടങ്ങി എല്ലാവർക്കും പ്രധാനപ്പെട്ട ദൗത്യവും പങ്കാളിത്തവും ഇക്കാര്യത്തിലുണ്ട്. അതുതന്നെയാണ് സിനഡിലൂടെ പാപ്പ ഒരുമിച്ചുള്ള യാത്രയിലൂടെ പറയാൻ ശ്രമിക്കുന്നതും.

നമ്മുടെ അതിരൂപതയിലുള്ള സന്യസ്തർ അവരവരുടെ വിളിക്കും ദൗത്യത്തിനുമനുസരിച്ച് ഇടവകസംവിധാനങ്ങളുമായി സഹകരിച്ചു പ്രവർത്തിക്കുന്നു.അവരുടെ പ്രവർത്തനങ്ങളെ ആദരിച്ചുകൊണ്ട് അതിരൂപത തലത്തിൽ ഇതെങ്ങനെ മെച്ചപ്പെടുത്തി മുന്നോട്ടുകൊണ്ടുപോകാമെന്ന് നാം പരിശോധിക്കണം.

നമ്മുടെ ഇടവകകളിൽ പ്രവർത്തിക്കുന്ന വൈദികരുടെ ജീവിതാന്തസ്സ്, സേവനം. പരസ്പര കൂട്ടായ്മ, സന്യസ്തരോടും അൽമായരോടും ചേർന്ന് ഇടവക സമൂഹത്തെ രൂപപ്പടുത്തുന്നതിൽ അവർ നടത്തുന്ന സേവനങ്ങൾ ഇവയെല്ലാം പ്രധാനപ്പെട്ടതാണ്. എല്ലാവരേയും ഉൾക്കൊണ്ടും സഹകരിപ്പിച്ചും മുന്നോട്ടുപോകുക എന്ന സഭാ കാഴ്ചപ്പാട് ക്രിയാത്മകമായി മെച്ചപ്പെടുത്തേണ്ടതാണ്.

**?** *പിതാവ് ഇടവക വികാരിയായി സേവനമനുഷ്ഠിച്ച കാലഘട്ടത്തിൽ ഇടവക ഭരണ സംവിധാനത്തിൽ ഏറ്റവും പ്രാധാന്യം നൽകിയിരുന്നത് എന്തിനായിരുന്നു?*

**പിതാവ്:** ഞാൻ അഞ്ച് ഇടവകകളിലേ സേവനമനുഷ്ഠിച്ചിട്ടുള്ളൂ. ആദ്യവർഷം പെരിങ്ങമല ഇടവകയിലും തുടർന്ന് പാളയം കത്തീഡ്രൽ ദേവാലയത്തിൽ നാലര വർഷത്തോളം സഹവികാരിയും പേട്ട, വലിയതോപ്പ്, മുരുക്കുംപുഴ ഇടവകകളിൽ മൂന്ന്- നാലുവർഷം വീതവും സേവനം ചെയ്തു. അതിരൂപതാ സംവിധാനങ്ങളുടെ വെളിച്ചത്തിൽ അൽമായ പങ്കാളിത്തത്തോടുകൂടി ഇടവക ശുശ്രൂഷയ്ക്ക് പ്രാധാന്യം നല്കിയിരുന്നു. എന്റെ വ്യക്തിപരമായ ആശയങ്ങൾക്കും അഭിപ്രായങ്ങൾക്കും അതീതമായി ഇടവക കൗൺസിൽ, ബിസിസി ഭാരവാഹികൾ, സാമ്പത്തിക സമിതി എന്നിവരുമായി കൂടിയാലോചിച്ച് അഭിപ്രായങ്ങൾ സമന്വയിപ്പിച്ച് തീരുമാനമെടുത്ത് പ്രവർത്തിക്കുന്ന ശൈലിയായിരുന്നു ഞാൻ സ്വീകരിച്ചിരുന്നത്.

**?** *ഇടവകയുടെ നന്മയ്ക്കുവേണ്ടിയുള്ള വിഷയം കൂട്ടായ തീരുമാനത്തിലൂടെ നടപ്പിലാക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടായിട്ടുണ്ടോ? അത്തരം സാഹചര്യങ്ങളോടുള്ള പിതാവിന്റെ പ്രതികരണമെന്താണ്?*

**പിതാവ്:** നമുക്ക് നല്ലതെന്ന് തോന്നുന്ന വസ്തുതകൾ ബന്ധപ്പെട്ടവരെ ബോധ്യപ്പെടുത്തുകയെന്നത് ശ്രമകരമായ കാര്യമാണ്.നമ്മൾ ഉദ്ദേശിക്കുന്ന രീതിയിൽ മറ്റുള്ളവർ അത് സ്വീകരിക്കണമെന്നില്ല. അതിനാൽ സമയമാകുന്നതുവരെ കാത്തിരിക്കുകയാണ് ഉത്തമം.ഇടവകയുടെ നന്മയ്ക്കുവേണ്ടിയിട്ടുള്ള വിഷയങ്ങളിൽ ഇടവക ജനങ്ങൾക്ക് അവയുടെ ഗുണഫലങ്ങൾ ബോധ്യപ്പെടുന്നതുവരെ സാവകാശം നല്കേണ്ടിവരും. ഇടവക വികാരിയുടെ വ്യക്തിപരമായ അജണ്ടയല്ല, ഇടവകയുടെ പൊതുതാല്പര്യമാണ്,നന്മയാണ് പ്രസ്തുത വിഷയങ്ങളിലൂടെ പ്രതിഫലിക്കുന്നതെന്ന് ഇടവക ജനങ്ങൾക്ക് മനസ്സിലാകുന്നതുവരെ പ്രതീക്ഷയോടെ കാത്തിരിക്കുക. ഒന്നും അടിച്ചേല്പിക്കുന്നത് അഭികാമ്യമല്ല.

**?** *കോവിഡ് മഹാമാരിയും തുടർന്നുണ്ടായ നിയന്ത്രണങ്ങളും ഇടവക വിശ്വാസജീവിതത്തിൽ വെല്ലുവിളികൾ സൃഷ്ടിക്കുന്നില്ലേ?*

**പിതാവ്:** കോവിഡ് നിയന്ത്രണങ്ങൾ സാമൂഹികമായ ഒത്തുചേരലുകൾക്ക് അനുകൂലമായിരുന്നില്ല എന്നത് വസ്തുതയാണ്. സഭാ സംവിധാനത്തിൽ ഒരുമിച്ചുകൂടുക, കൂട്ടായ്മയിൽ വരുക എന്നതിന് പരിമിതികളുണ്ടായിരുന്നു. സമൂഹ ആരാധന സംഘടിപ്പിക്കുകയും പങ്കുചേരുകയും ചെയ്യുകയെന്നത് തടസ്സമുണ്ടായിരുന്നുവെങ്കിലും ഭവനങ്ങളിലായിരുന്നുകൊണ്ട് വചന വായനയിലൂടെയും കുടുംബ പ്രാർഥനയിലൂടെയും കുടുംബാംഗങ്ങൾ ഒരുമിച്ചും ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെ സാധ്യമാകുന്ന രീതിയിലും ആരാധനക്രമങ്ങളിൽ പങ്കുചേർന്നത് വിശ്വാസ ജീവിതത്തെ സാരമായി ബാധിക്കാതെ മുന്നോട്ടുകൊണ്ടുപോകാൻ സഹായിച്ചിരുന്നു.

ദൈവകൃപയാൽ സാഹചര്യം മാറിവരുന്നു; ആരാ



**മോസ്റ്റ്. റവ. എ.ധർമ്മരാജ് റസാലം**
മോഡറേറ്റർ സി.എസ്.ഐ &
ബിഷപ്പ് ദക്ഷിണ കേരള മഹായിടവക

“

സമൂഹത്തിൽ സഭയുടെ പൊതുവായ സാക്ഷ്യത്തിന് ഏറ്റവും അനിവാര്യമായ ഒന്നാണ് സഭൈക്യം. വ്യത്യസ്ത സഭാ വിഭാഗങ്ങളിലെ മേലധ്യക്ഷന്മാർ നമ്മുടെ നാടിന്റെ പൊതുവായ ആവശ്യങ്ങൾക്കായുള്ള സമ്മേളനങ്ങളിൽ ഒരുമിച്ചു വേദി പങ്കിടുന്നത് സഭൈക്യത്തിന്റെ വലിയ സാക്ഷ്യമാണ് ഉയർത്തിക്കാട്ടുന്നത്. നാളിതുവരെ ആദരണീയനായ സൂസപാക്യം പിതാവ് സഭകൾ തമ്മിൽ ഐക്യം നിലനിർത്തുന്നതിൽ നിർണായക പങ്ക് വഹിച്ചിരുന്നു. പുതുതായി നിയോഗിക്കപ്പെട്ട പ്രിയപ്പെട്ട തോമസ് നെറ്റോ പിതാവിന് ആ ദൗത്യം പൂർവാധികം ഭംഗിയായി നിലർത്താൻ കഴിയട്ടെ എന്ന് പ്രാർഥിക്കുന്നു.

വിശാലമായ ക്രിസ്തുശരീരമാകുന്ന സഭയുടെ എല്ലാ വിഭാഗങ്ങളോടും പ്രിയപ്പെട്ട തോമസ് പിതാവിന് ഹൃദയപരമായ ബന്ധം പുലർത്തി സഭകൾ തമ്മിലുള്ള പരസ്പര കൂട്ടായ്മ വർധിപ്പിക്കാനുതകുന്ന ക്രിയാത്മക പ്രവർത്തനങ്ങങ്ങൾ പ്രിയ പിതാവിലൂടെ രൂപപ്പെടട്ടെ. വിവിധ വിഭാഗങ്ങളുടെ ആത്മീയ സംഗമ വേദികളിൽ അദ്ദേഹത്തിന്റെ സ്നേഹ സാന്ദ്രമായ സാന്നിധ്യം സമ്പന്നതയേകട്ടെ. അങ്ങനെ സഭൈക്യത്തിന്റെ പുത്തൻ തലങ്ങൾ സൃഷ്ടിക്കപ്പെടട്ടെ.

ഒരു പൊതുമാനവികത നഷ്ടമാകുന്ന കാലത്താണ് നാം ജീവിക്കുന്നത്. അന്ധമായ മതബോധവും വർഗീയതയും നമ്മുടെ നാടിനെ വല്ലാത്ത സ്ഥിയിൽ എത്തിച്ചിരിക്കുന്നു. ഇത്തരം കാലത്തിൽ ഒരു പൊതുമാനവികത രൂപപ്പെടുത്തുകയും ഏതൊരു സാമൂഹിക പ്രവർത്തിയിലും പ്രിയ പിതാവിന്റെ കൈയൊപ്പ് പതിയുകയും ചെയ്യട്ടെ. സമൂഹത്തിലെ നീതിനിഷേധങ്ങൾക്കെതിരെ ശബ്ദമുയർത്താനും അതോടൊപ്പം നീതി നടപ്പിലാക്കുന്ന അധ്വാനങ്ങളോട് ഐക്യദാർഢ്യം പ്രകടിപ്പിക്കാനും കഴിയട്ടെ. മുന്നോട്ടുള്ള ജീവിത യാത്രയിൽ ക്രൂശിതനായ ക്രിസ്തു വെല്ലുവിളികളുടെ മധ്യേ കരംപിടിച്ച് നടത്തും എന്ന ആത്മവിശ്വാസം എല്ലായിപ്പോഴും പ്രിയപിതാവിനെ മുന്നോട്ട് നയിക്കട്ടെ. എല്ലാ അനുഗ്രഹങ്ങളും പ്രാർഥനകളും സ്നേഹപൂർവം നേരുന്നു.

ധന ക്രമങ്ങൾ, മതബോധന ക്ലാസ്സുകൾ, കുടുംബ കൂട്ടായ്മകൾ, സമിതി യോഗങ്ങൾ പരിശീലന പരിപാടികൾ തുടങ്ങിയവ ഊർജസ്വലമായി നടന്നുവരുന്നു. ചൈതന്യവും താത്പര്യവും നിലനിർത്തുവാനും സാധിക്കുന്നു.

**?** *കത്തോലിക്കാ സഭയിൽനിന്നും പെന്തക്കോസ്താ സഭകളിലേക്ക് നിരവധി ആളുകൾ പോകുന്നത് നമ്മുടെ വിശ്വാസ രൂപീകരണ പ്രക്രിയകളുടെ പോരായ്മ കൊണ്ടാണെന്ന് കരുതുന്നുണ്ടോ?*

**പിതാവ്:** പരമ്പരാഗതമായ ഒരു വിശ്വാസമാണ് നമുക്കുള്ളത്. നാമതിൽ അഭിമാനം കൊള്ളുന്നു. വിശ്വാസ ജീവിതമെന്നാൽ കേവലം പള്ളിയിൽ പോകുന്നതും, പ്രാർഥിക്കുന്നതും കൂദാശകൾ അനുഷ്ഠിക്കുന്നതും മാത്രമല്ലെന്ന് ആദ്യം തിരിച്ചറിയണം. ചില ആളുകൾ പെന്തക്കോസ്ത് സഭകളിലേക്ക് മാറിപ്പോകുന്നതിന്റെ കാരണം നാം മനസ്സിലാക്കണം.ഓരോരുത്തർക്കും അവരവരുടേതായ കാരണങ്ങളുണ്ടാകാം. ഒരുപക്ഷേ, നമ്മുടെ കൂട്ടായ്മകളിൽനിന്നും ലഭിക്കേണ്ട പരിഗണനയും സഹായവും അവർ പ്രതീക്ഷിക്കുന്ന തരത്തിൽ ലഭിക്കാത്തതുകൊണ്ടുമാകാം. പ്രസ്തുത സാഹചര്യങ്ങളെ മനസ്സിലാക്കി ക്രിയാത്മകമായ ഇടപെടലുകളിലൂടെ നമ്മുടെ കൂട്ടായ്മയിലേക്ക് അവരെ തിരികെ കൊണ്ടുവരാനുള്ള ശ്രമങ്ങൾ ഉണ്ടാകണം.

ഇടവകകളിൽ വൈദികർ, സന്യസ്തർ, മറ്റു ശുശ്രൂഷകർ എന്നിവർ ഭവന സന്ദർശനത്തിന് സമയം കണ്ടെത്തി, കൂട്ടായ്മ ഉപേക്ഷിച്ചു പോകുന്നവരെ തിരികെ കൊണ്ടുവരാൻ പരിശ്രമിക്കേണ്ടതാണ്.

**?** *തീരദേശ ജനവിഭാഗം അഭിമുഖീകരിക്കുന്ന അടിസ്ഥാന പ്രശ്നങ്ങൾക്ക് എങ്ങനെ പരിഹാരം തേടാനാകും?*

**പിതാവ്:** വിദ്യാഭ്യാസം, തൊഴിലില്ലായ്മ, സാമ്പത്തിക പ്രതിസന്ധി, വാസയോഗ്യമല്ലാത്ത വീട്, തീരശോഷണം, കടലാക്രമണം, കാലാവസ്ഥാ വ്യതിയാനങ്ങൾ,മത്സ്യലഭ്യതാ കുറവ്, മദ്യപാനം, തുടങ്ങിയവ തീരദേശ ജനത അഭിമുഖീകരിക്കുന്ന സങ്കീർണമായ പ്രശ്നങ്ങളാണ്. ഈ പ്രശ്നങ്ങൾക്കെല്ലാം ശാശ്വത പരിഹാരം കണ്ടെത്താൻ സഭയ്ക്ക് മാത്രമായി സാധ്യമല്ല.എന്നാൽ വിവിധ ശുശ്രൂഷകൾവഴി പ്രത്യേകിച്ച്, സാമൂഹിക-വിദ്യാഭ്യാസ-കുടുംബ-യുവജന ശുശ്രൂഷകൾ മുഖാന്തിരം ധാരാളം കാര്യങ്ങൾ സഭ ചെയ്യുന്നുണ്ട്. സർക്കാർ നടപ്പിലാക്കുന്ന ആനുകൂല്യങ്ങളും പദ്ധതികളും ജനങ്ങൾക്ക് ലഭ്യമാകുന്നതിനായി സർക്കാർ സംവിധാനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കാൻ നാം ശ്രദ്ധിക്കേണ്ടതാണ്. അതുപോലതന്നെ സന്നദ്ധസംഘടനകൾ, എൻ.ജി.ഒ. എന്നിവയുമായി കൈകോർത്തുകൊണ്ട് കഴിയാവുന്നത്ര പ്രവർത്തനങ്ങൾ ചെയ്യുവാൻ നമുക്ക് സാധിക്കും.

ആഘോഷങ്ങളും ആർഭാടങ്ങളും ചുരുക്കി ***'ഒരു തിരുനാളിന് ഒരു ഭവനം എന്ന പദ്ധതി'*** മിക്കവാറും എല്ലാ ഇടവകകളും നടപ്പിലാക്കുന്നത് ഏറെ ശ്ലാഘനീയ

മാണ്. ഉന്നത വിദ്യാഭ്യാസത്തിലൂടെ യുവജനങ്ങളെ മെച്ചപ്പെട്ട തൊഴിലുകളിലേയ്ക്ക് വഴിനടത്തുവാൻ ബോധപൂർവമായ പരിശ്രമങ്ങൾ ഉണ്ടാകണം. സാമൂഹിക-വിദ്യാഭ്യാസ മുന്നേറ്റത്തിന് ആവശ്യമായ സമ്പത്ത് നമ്മുടെയിടയിൽ നിന്നുള്ളവർതന്നെ ധാരാളമായി നൽകുന്നുണ്ട്. എങ്കിലും ഈ പ്രവർത്തനങ്ങൾ കുറേക്കൂടെ ഊർജിതമാക്കി മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിക്കണം.

**?** *രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക നേതൃത്വ തലങ്ങളിലും സർക്കാർ ഉദ്യോഗങ്ങളിലും ലത്തീൻ സമുദായത്തിന്റെ പ്രാതിനിധ്യം വർധിപ്പിക്കാൻ നമുക്ക് എന്ത് ചെയ്യാനാകും?*

**പിതാവ്**: രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക നേതൃത്വ തലങ്ങളിലും സർക്കാർ ഉദ്യോഗങ്ങളിലും ലത്തീൻ സമുദായത്തിന്റെ പ്രാതിനിധ്യം വളരെ കുറവാണ്. നമുക്ക് അർഹതപ്പെട്ടതുപോലും ലഭിക്കാത്തത് യോഗ്യതയുള്ളവരുടെ അഭാവംമൂലമാണെന്ന് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു. വിദ്യാഭ്യാസത്തിന്റെ പിന്നാക്കാവസ്ഥയാണ് ഇതിലൂടെ വ്യക്തമാകുന്നത്.സർക്കാർ ജോലി ലഭിക്കുന്നതിനായി ഉദ്യോഗാർഥികൾക്ക് പ്രചോദനവും പരിശീലനവും കൃത്യമായി നല്കണം. പിഎസ്‌സി നടത്തുന്ന യോഗ്യതാപരീക്ഷകളിൽ പങ്കെടുക്കുവാൻ യോഗ്യരായവരെ പരിശീലിപ്പിക്കുകയും ആവശ്യമായ ബോധവൽക്കരണം നൽകുകയും വേണം. ഈ മേഖലയിൽ അതിരൂപത വിദ്യാഭ്യാസ-സാമൂഹിക ശുശ്രൂഷകളുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ള സംരംഭങ്ങൾ മെച്ചപ്പെടുത്തുകയും വ്യാപിപ്പിക്കുകയും ചെയ്യണം.

**?** *ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും അപര്യാപ്തത തീരദേശ മേഖലകളിലെ വളർച്ചയ്ക്കും വികസനത്തിനും തടസ്സമാകുന്നില്ലേ?*

**പിതാവ്:** മനുഷ്യ പുരോഗതിയുടെ പ്രധാനപ്പെട്ട ഒരു ഘടകമാണ് വിദ്യാഭ്യാസം. വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ടായിടത്തെല്ലാം പുരോഗതിയുമുണ്ടായിട്ടുണ്ട്. തീരദേശ മേഖലകളിൽ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും പരിമിതമാണ്. കോഴ്സ് ഗൈഡൻസ്, കരിയർ ഗൈഡൻസ് എന്നിവയോടൊപ്പം വിദ്യാർഥികളുടെ അഭിരുചിക്കനുയോജ്യമായി കോഴ്സും തൊഴിൽ കണ്ടെത്തുവാനുള്ള സത്വരനടപടികളും അതിരൂപത-ഫെറോന-ഇടവക തലങ്ങളിൽ സ്വീകരിക്കണം.

ഈ മേഖലകളിലെ സർക്കാർ സംവിധാനങ്ങൾക്കു പുറമേ, നമ്മുടെതന്നെ നഴ്സിംഗ് കോളേജ്, മരിയൻ എൻജിനീയറിംഗ് കോളേജ്, മരിയൻ ആർക്കിടെക്ചർ കോളേജ്, മരിയൻ ആർട്സ് & സയൻസ് കോളേജ്, ബി.എഡ് കോളേജ് എന്നിവയുടെ സൗകര്യങ്ങൾ ശരിയായ രീ





**ആര്യ രാജേന്ദ്രൻ എസ്.**
തിരുവനന്തപുരം മേയർ

"

**തി**രുവനന്തപുരം ലത്തീൻ അതിരൂപതയുടെ പുതിയ മെത്രാപ്പോലീത്തയായി അഭിഷിക്തനാകുന്ന ഡോ.തോമസ് നെറ്റോ പിതാവിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു. സമൂഹത്തിന്റെ ഐക്യത്തിനും സമാധാനപൂർണമായ ജീവിതത്തിനും അതിരൂപതയുടെ എക്കാലത്തെയും സംഭാവനകൾ വിസ്മരിക്കാൻ കഴിയാത്തതാണ്. മതസൗഹാർദ്ദവും സാഹോദര്യവും നിലനിർത്തി സമൂഹത്തിന്റെ ഐക്യത്തിലൂടെ മാത്രമേ നാടിന്റെ പുരോഗതി ഉറപ്പാക്കാനാകൂ. ആയത് ഉറപ്പാക്കുന്നതിനുള്ള അങ്ങയുടെ ഇടപെടൽ, ഈ സന്ദർഭത്തിന്റെ അനിവാര്യതയാണ്. തീരദേശത്തെ മത്സ്യത്തൊഴിലാളികളടക്കമുള്ളവരുടെ ജീവിതസാഹചര്യവും തൊഴിൽ സാഹചര്യവും മെച്ചപ്പെടുത്തുന്നതിന് വിപുലമായ പദ്ധതികൾക്ക് നേതൃത്വം നൽകാനാണ് അങ്ങ് നിയുക്തനായിരിക്കുന്നത്. ഇത്തരത്തിൽ നാടിന്റെ മുഖച്ഛായ മാറ്റുന്നതരത്തിലുള്ള പ്രർത്തനങ്ങൾക്ക് അങ്ങയുടെ പിന്തുണയും നിർദേശവും ഉണ്ടാകേണ്ടതുണ്ട്. മതസമുദായിക സൗഹാർദ്ദം ഊട്ടിയുറപ്പിച്ചുകൊണ്ടുള്ള നാടിന്റെ പുരോഗതിക്കായുള്ള മുന്നേറ്റങ്ങൾക്ക് അങ്ങയുടെ പരിപൂർണ പിൻതുണ പ്രതീക്ഷിക്കുന്നു. സ്നേഹാദരങ്ങൾ അർപ്പിച്ചുകൊള്ളുന്നു.

തിയിൽ ഉപയോഗപ്പെടുത്തണം. കൂടാതെ, മത്സ്യമേഖലയിലെ തൊഴിൽ സാധ്യതകൾ മനസ്സിലാക്കി അവ നേടിയെടുക്കുന്നതിനായി മറൈൻ കോളേജ്, ആധുനിക മത്സ്യബന്ധന ഉപകരണങ്ങളുടെ നിർമാണ-റിപ്പയറിംഗ് സ്ഥാപനങ്ങൾ എന്നിവ തീരദേശ ജില്ലകളിൽ സ്ഥാപിക്കാൻ സർക്കാരിൽ സമ്മർദ്ദം ചെലുത്തണം.

**?** *യുവതലമുറയെ ഗ്രസിച്ചിരിക്കുന്ന സാമൂഹിക വിപത്തുകളിൽനിന്നും എങ്ങനെ അവരെ മോചിതരാക്കാനാകും?*

**പിതാവ്:** മദ്യം, മയക്കുമരുന്ന്, സൈബർ കുറ്റകൃത്യങ്ങൾ തുടങ്ങിയ സാമൂഹിക തിന്മകൾ യുവജനങ്ങളെ വലിയതോതിൽ ബാധിച്ചിരിക്കുന്നതും സമൂഹത്തിന് വെല്ലുവിളിയുമാണ്. ദിശാബോധം നഷ്ടപ്പെട്ട യുവജനങ്ങൾ, അതിന്റെ തിക്തഫലം അനുഭവിക്കേണ്ടിവരുന്ന കുടുംബങ്ങൾ നമ്മുടെ ശ്രദ്ധ ഏറെ ആവശ്യപ്പെടുന്നു."Prevention is better than cure" എന്നാണല്ലോ ചൊല്ല്. സാമൂഹിക പ്രതിബദ്ധതയിൽ യുവജനങ്ങളെ രൂപപ്പെടുത്തുന്നതിനുള്ള ചർച്ചകളും പഠന കളരിയും പരിശീലനവും തുടർപരിപാടികളായി ആവിഷ്കരിക്കണം. സാമൂഹിക തിന്മകൾക്ക് വശംവദരാകുന്നവരെ തിരിച്ചുകൊണ്ടുവരുന്നതിനുള്ള വ്യക്തിപരമായ ശ്രദ്ധയും കരുതലും, ആവശ്യമെങ്കിൽ ചികിത്സയും നല്കുവാൻ അതിരൂപത -ഫെറോന-ഇടവക തലങ്ങളിൽ സംവിധാനങ്ങൾ രൂപപ്പെടണം. കുറ്റപ്പെടുത്തുകയും അകറ്റിനിർത്തുകയുമല്ല മറിച്ച്, സംരക്ഷിക്കുകയും സഹകരിപ്പിക്കുകയുമാണ് വേണ്ടത്.

**?** *അല്മായർക്കും അല്മായ സംഘടനകൾക്കും അർഹമായ പരിഗണന അതിരൂപത -ഇടവക തലങ്ങളിൽ ഉറപ്പാക്കാൻ എന്തുനടപടികളായിരിക്കും സ്വീകരിക്കുക?*

**പിതാവ്:** ദൈവജനമാണ് സഭ. സഭയിൽ നിലനില്ക്കുന്ന ഹയരാർക്കി സേവനത്തിനും ശുശ്രൂഷ യ്ക്കും വേണ്ടിയുള്ളതാണ്. സഭയിൽ അല്മായർക്ക് വ്യക്തമായ സ്ഥാനവും ദൗത്യവുമുണ്ട്.

അതിരൂപത-ഫെറോന-ഇടവകതല പ്രവർത്തനങ്ങളിൽ കൂട്ടുത്തരവാദിത്വത്തോടുകൂടിയ പ്രവർത്തനശൈലിയാണ് നിലവിലുള്ളത്. അതിരൂപതാ പാസ്റ്ററൽ കൗൺസിൽ, ഫിനാൻസ് കൗൺസിൽ, കൺസ്ട്രക്ഷൻ കമ്മിറ്റി, തർക്കപരിഹാര സമിതി, സാമൂഹിക-വിദ്യാഭ്യാസ-അല്മായ-മത്സ്യമേഖല-യുവജന ശുശ്രൂഷ സമിതികളിൽ ആസൂത്രണം, തീരുമാനമെടുക്കൽ, പദ്ധതികൾ നടപ്പിലാക്കൽ, വിലയിരുത്തൽ തുടങ്ങിയവയിലൊക്കെ അല്മായർക്ക് നിർണായകമായ പങ്കുണ്ട്. കൂടാതെ, വികേന്ദ്രീകരണ പ്രക്രിയയിലൂടെ ഫെറോന തലങ്ങളിൽ വിലമതിക്കാനാവാത്ത പ്രവർത്തനങ്ങളാണ് അല്മായർ കാഴ്ചവയ്ക്കുന്നത്.

ഇടവക കൗൺസിൽ, സാമ്പത്തിക സമിതി മറ്റു ശുശ്രൂഷകൾ എന്നിവയിലും അല്മായരുടെ സാന്നിധ്യവും പ്രവർത്തനവും എടുത്തുപറയേണ്ടതാണ്.

**?** *ദൈവജനമൊരുമിച്ച് സ്നേഹത്തിലും സേവനത്തിലുമൂന്നി യാത്രചെയ്യുന്ന ലോഗോയാണ് പിതാവ് സ്വീകരിച്ചിട്ടുള്ളത്. വിശദമാക്കാമോ?*

**പിതാവ്:** അജപാലനധർമം നിർവഹിക്കാനുള്ള പുതിയ ദൗത്യം ഏറ്റെടുക്കുമ്പോൾ ഞാൻ ആപ്തവാക്യമായി തിരഞ്ഞെടുത്തത് വി. ലൂക്കായുടെ സുവിശേഷം 4:18 ആണ്. **''കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ**

**അഭിഷേകം ചെയ്തിരിക്കുന്നു."** തൊട്ടടുത്തുള്ള വചനവും പ്രധാനമാണ്. **''ബന്ധിതർക്ക് മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു."** ഈ വചനം തിരഞ്ഞെടുക്കാൻ കാരണം യേശുവിന്റെ ദൗത്യ പ്രസ്താവന ഇടയ ശുശ്രൂഷയ്ക്ക് ദിശാബോധം നൽകുന്നുവെന്നതിനാലാണ്. ഈ കാഴ്ചപ്പാടിലാണ് മോട്ടോയിലെ സബ് ടൈറ്റിലിൽ 'Journeying together in love and service' എന്ന് കൂട്ടിച്ചേർത്തത്.

മാത്രമല്ല, ഒന്നിച്ചുള്ള യാത്രയെന്നത് സിനഡിന്റെ കാഴ്ചപ്പാട് കൂടിയാണ്. സഭ ദൈവജനവും കൂട്ടായ്മയുമാണ്; നാമെല്ലാവരും ഒരുമിച്ചു നടത്തുന്ന യാത്ര. സഭ അതിന്റെ ജീവിതവും ദൗത്യവും ഒരുമിച്ചാണ് നിർവഹിക്കുക. ക്രിസ്തുവിന്റെ പ്രവർത്തനം "സ്നേഹവും, ശുശ്രൂഷയും" ആണ്. സുവിശേഷ പ്രഘോഷണം സ്നേഹത്തിലൂടെയും സേവനത്തിലൂടെയും ആണെന്നതാണ് ലോഗോ വ്യക്തമാക്കുന്നത്.

? *ദളിത് ക്രൈസ്തവരുടെ സംവരണം ഉൾപ്പെടെയുള്ള അവകാശ സംരക്ഷണത്തിനും, ഈ രൂപതയിലെ മത്സ്യേതര തൊഴിൽ മേഖലകളിലെയും കാർഷിക മേഖലകളിലെയും തൊഴിലാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമാർഗമെന്താണ്?*

**പിതാവ്:** ദളിത് ക്രൈസ്തവരുടെ സംവരണത്തിനും അവകാശങ്ങൾക്കുവേണ്ടി സഭ എപ്പോഴും ശക്തമായ നിലപാടുകളാണ് സ്വീകരിച്ചിട്ടുള്ളത്. ദളിത് ക്രൈസ്തവരുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനായി സർക്കാരിൽ ഇടപെടലുകളും സമ്മർദ്ദവും ചെലുത്തിയിട്ടുണ്ട്. അവർക്ക് ഭരണഘടന നൽകുന്ന അവകാശം ലഭ്യമാകുന്നതിനായി അവരോട് ചേർന്നു പ്രവർത്തിക്കുന്ന സമീപനംതന്നെയാണ് നമ്മുടെ പ്രാദേശിക സഭയ്ക്കുള്ളത്.

കാർഷിക-തൊഴിൽ മേഖലകളിലെ പ്രശ്നങ്ങൾ പഠിക്കുവാനും പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും അതിരൂപത സാമൂഹിക ശുശ്രൂഷയുടെ കീഴിൽ കേരള ലേബർ മൂവ്മെന്റ് **(കെ.എൽ.എം.)** പ്രവർത്തിച്ചുവരുന്നു. ഈ മേഖലയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം സാധ്യമാക്കാൻ അനുയോജ്യമായ് പദ്ധതികൾ നടപ്പിലാക്കാൻ സർക്കാർ ഇടപെടലുകൾക്കായും നാം പരിശ്രമിക്കുന്നുണ്ട്. ഇത് കുറച്ചുകൂടി മെച്ചമാക്കുവാൻ ഇതര സമുദായങ്ങളോടും പ്രസ്ഥാനങ്ങളോടും കൂടുതൽ സഹകരിച്ച് പ്രവർത്തിക്കേണ്ടതുണ്ട്.

? *പിതാവിന് പഠനത്തിൽ വളരെ താല്പര്യമുള്ളതായി തോന്നിയിട്ടുണ്ട്; ഇനിയും തുടർന്ന് പഠിക്കുന്നതിനുള്ള ആലോചനകളുണ്ടോ?*

**പിതാവ്:** ജീവിതം അന്വേഷണമാണ്; സത്യം തേടിയുള്ള അന്വേഷണം. ഇതിൽ വായനയ്ക്കും പഠനത്തിനും മറ്റുള്ളവരുടെ അനുഭവ സാക്ഷ്യത്തിനും നിർണ്ണായകമായ പങ്കുണ്ട്. നമ്മൾ സ്വായത്തമാക്കുന്ന ഒരറിവും അതിൽത്തന്നെ പൂർണ്ണമല്ല. ഓരോ പുതിയ അനുഭവവും അറിവിനെ മെച്ചപ്പെട്ടതാക്കുന്നു, അതുകൊണ്ടുതന്നെ നമ്മളെന്നും പഠിതാക്കളായിരിക്കണം. നാം സ്ഥിരമായി ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങൾതന്നെ കുറച്ചുകൂടെ മെച്ചപ്പെടുത്താൻ പഠനവും വായനയും അന്വേഷണവും അനിവാര്യമാണ്. മരണംവരെ വിദ്യാർഥിയായിരിക്കുക.

? *ചരിത്രബോധം ആർജിക്കേണ്ടതിന്റെ ആവശ്യകതയെ*



**ആന്റണി പുത്തൂർ**

"2019 മാർച്ച് 24 ന് മുരുക്കുംപുഴ പാരിഷ് ഹാളിൽവച്ച് അർണോസ് പാതിരിയും പുത്തൻ പാനയും എന്ന വിഷയത്തിൽ സെന്റ് അഗസ്റ്റിൻസ് ഗ്രന്ഥശാലാധികൃതർ ഒരു സെമിനാർ സംഘടിപ്പിക്കുകയുണ്ടായി. ശ്രീ. ഫ്രാൻസിസായിരുന്നു പരിപാടിയുടെ സംഘാടകൻ. അധ്യക്ഷത വഹിച്ചത് പ്രസാദ് തെരുവത്ത് ഒ.സി.ഡിയുടെ സഹോദരൻ മുൻ ബാങ്ക് മാനേജരായിരുന്ന ആന്റണി തെരുവത്ത് ആയിരുന്നു. ആ പരിപാടി ഉത്ഘാടനം ചെയ്തത് ഫാ.തോമസ് നെറ്റോ ആയിരുന്നു. ആ സെമിനാറിലുടനീളം എല്ലാം ശ്രവിച്ചുകൊണ്ട് അച്ചൻ സന്നിഹിതനായിരുന്നു. സെമിനാറിന്റെ സമാപനത്തിൽ അദ്ദേഹം എന്നോട് പറഞ്ഞത് താൻ ഇത്രയും വിശദമായി പുത്തൻ പാനയെ മനസ്സിലാക്കിയിരുന്നില്ല എന്നാണ്. ഇത്ര വിശാലവും ഹൃദയാവർജകവുമായ വ്യാപ്തി പുത്തൻ പാനയ്ക്കുണ്ടെന്ന് ഇപ്പോഴാണ് താൻ മനസ്സിലാക്കിയതെന്ന് അദ്ദേഹം എന്നോടു പറയുകയുണ്ടായി. ഏതായാലും അച്ചന്റെ സ്നേഹ പൂർവമായ ഒരിടപെടൽ ഞാനവിടെ കണ്ടു. ജനങ്ങൾ ആസ്വദിച്ച ഒരു പരിപാടിയായിരുന്നു അത്. അദ്ദേഹം പുത്തൻ പാനയുടെ ഭാഗങ്ങളിലൂടെ കടന്നുപോയി. അച്ചന് ഏറെ ഇഷ്ടപ്പെട്ട പരിപാടിയായി അത് മാറി. ഒരു ദിവസം പൂർണമായി മുരുക്കുംപുഴയിലായിരിക്കുവാനും ഫാ. തോമസ് നെറ്റോയുടെ ആതിഥ്യം അനുഭവിക്കുവാനും അദ്ദേഹത്തിന്റെ കലാസ്വാദന രീതി മനസ്സിലാക്കാനും കലാകാരന്മാരെ പ്രോത്സാഹിപ്പിക്കാനുള്ള അദ്ദേഹത്തിന്റെ നല്ല മനസ്സ് കാണുവാനും എനിക്ക് കഴിഞ്ഞു.

**ദൈവജനമാണ് സഭ. സഭയിൽ നിലനില്ക്കുന്ന ഹയരാർക്കി സേവനത്തിനും ശുശ്രൂഷ യ്ക്കും വേണ്ടിയുള്ളതാണ്. സഭയിൽ അല്മായർക്ക് വ്യക്തമായ സ്ഥാനവും ദൗത്യവുമുണ്ട്. അതിരൂപത-ഫൊറോന-ഇടവകതല പ്രവർത്തനങ്ങളിൽ കൂട്ടുത്തരവാദിത്വത്തോടുകൂടിയ പ്രവർത്തനശൈലിയാണ് നിലവിലുള്ളത്.**

*ക്കുറിച്ചുള്ള പിതാവിന്റെ കാഴ്ചപ്പാടെന്താണ്?*


**പിതാവ്:** ചരിത്രം അല്ലെങ്കിൽ ഹിസ്റ്ററി എന്നു പറയുമ്പോൾ **"His Story"** അഥവാ മനുഷ്യന്റെ കഥയാണ്. മനുഷ്യ സംസ്കാരങ്ങളും ഉദ്ഭവം, വളർച്ച, വികസനം, സാധ്യതകൾ, വെല്ലുവിളികൾ എന്നിവ ചരിത്രത്തിന്റെ അവിഭാജ്യ ഘടകങ്ങളാണ്. ദേശ-പ്രാദേശിക-സാമൂഹിക-സാമുദായിക-സാംസ്കാരിക പ്രതിഭാസങ്ങളുടെ പ്രസക്തിയും പ്രാധാന്യവും തിരിച്ചറിയാൻ ചരിത്ര ഏടുകൾ നമ്മെ സഹായിക്കുന്നു.

നമ്മുടെതന്നെ അതിരൂപതയുടെ മുൻഗാമികളായി മേലധ്യക്ഷൻമാർ, വൈദികർ, സന്യസ്തർ, അല്മായ പ്രമുഖർ എന്നിവരും വിവിധ സ്ഥാപനങ്ങളും സംവിധാനങ്ങളും നമ്മുടെ സഭാ സമൂഹത്തിന്റെ വളർച്ചയ്ക്കും നിലനില്പ്പിനും ചെയ്തിട്ടുള്ള സേവന ശുശ്രൂഷകൾ ഉൾക്കൊള്ളിച്ചുകൊണ്ടും അതിരൂപതയിലെ ഇടവകകളുടെയും സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടും ഒരു ചരിത്രഗ്രന്ഥം രൂപത സപ്തതിയോടെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത് എന്റെ പ്രസംഗങ്ങൾക്ക് അവലംബമായി ഉപയോഗിച്ചുവരുന്നു. ഇന്നലെകളുടെ നന്മകൾ സ്വീകരിച്ച്, പോരായ്മകൾ തിരിച്ചറിഞ്ഞ് ക്രിയാത്മകമായി മുന്നേറാൻ ചരിത്രബോധം അനിവാര്യമാണ്.

? *അവസാനമായി, ജീവനും വെളിച്ചവും വായനക്കാർക്കും അതിരൂപതമക്കൾക്കുമുള്ള സന്ദേശമെന്താണ്?*

**പിതാവ്:** പ്രത്യേകിച്ച് നമ്മുടെ അതിരൂപതയെ സഭയെ അറിയാനും സ്നേഹിക്കുവാനും സഭയോടൊത്തു സഞ്ചരിക്കാനും സഹായകരമായ ഒന്നാണ് 'ജീവനും വെളിച്ചവും.' അതിനാൽ ഓരോ കുടുംബം അതിൽ വരിക്കാരാകുക, കൂടുതൽപേർ അത് വായിക്കുക, പ്രചരിപ്പിക്കുക എന്ന ആഹ്വാനമാണ് എനിക്ക് നൽകാനുള്ളത്. അതിരൂപതാ മക്കളോട് പറയാനുള്ളത് നമ്മുടെ വിശ്വാസത്തിൽ എന്നും അഭിമാനം കൊള്ളുക. അതിൽ അനുദിനം വളരുക. സുവിശേഷമൂല്യങ്ങൾക്കനുസരിച്ച് ജീവിക്കുക. അതിരൂപതയുടെ കൂട്ടായ്മയ്ക്കും പുരോഗതിക്കും വേണ്ടി ഒരുമയോടെ പ്രവർത്തിക്കുക. ദൈവപരിപാലനയ്ക്ക് എന്നും നന്ദിയുള്ളവരായിരിക്കുക. നിങ്ങൾക്കുവേണ്ടി ഞാനെന്നും പ്രാർഥിക്കുന്നു. എന്നെയും ഓർക്കുക. ■



**തോമസ് ജെ. നെറ്റോ**
**പിതാവിന്റെ**
**ജീവിത നാൾവഴികളിലൂടെ...**

# ദൈവത്തിന്റെ ഹൃദയത്തിനിണങ്ങിയ സുകൃത സമ്പന്നൻ

## ആമുഖം

കറുത്ത പെണ്ണേ കരിങ്കുഴലീ
നിനക്കൊരുത്തൻ കിഴക്കുദിച്ചു
പൊന്നുതരാം പുടവ തരാം
ഒരുങ്ങുപെണ്ണേ നീ ഒരുങ്ങുപെണ്ണേ

**അ**നശ്വര കവി വയലാറിന്റെ സർഗ്ഗപാടവത്തിലൂടെ ഉയിർകൊണ്ട ഈ സുന്ദര ഗാനം മലയാളികളെ ഏറെ ആനന്ദിപ്പിച്ചിട്ടുണ്ട്. ഈ ഈരടികളിലെ 'കറുത്ത പെണ്ണ്' തിരുവനന്തപുരം ലത്തീൻ അതിരൂപതയെന്നും അവൾക്കായി കിഴക്കുദിച്ചവൻ നിയുക്ത മെത്രാപ്പൊലീത്തയായ തോമസ് ജെ. നെറ്റോ പിതാവെന്നും സങ്കല്പിക്കുന്നതിൽ തെറ്റുണ്ടോ എന്ന് പലവട്ടം ഞാൻ ചിന്തിച്ചു. തെറ്റില്ല, കാരണം അത്രയേറെ ചരിത്രപ്രാധാന്യമുള്ള ഒരു സംഭവമാണ് ഈ മെത്രാഭിഷേകവും സ്ഥാനാരോഹണവും. ഒരു പുതിയ കാലഘട്ടത്തിലേക്കുള്ള ചുവടുവയ്പ്, പുതിയ സൂര്യോദയം, പുതിയ ചക്രവാളങ്ങൾ തേടിയുള്ള പ്രയാണം. കടലിന്റെ കടുപ്പവും വെയിലിന്റെ കാഠിന്യവും ഈ അതിരൂപതയേയും തീരവാസികളേയും കറുപ്പിച്ചുവെങ്കിൽ, കാരിരുമ്പിന്റെ മനോബലത്തോടെ കേരളത്തിന്റെ സൈന്യമായി അവർ അവശ്യസന്ദർഭങ്ങളിലൊക്കെ ഉയിർത്തെഴുന്നേറ്റുകൊണ്ടിരുന്നു. ആ പൗരബോധം ഒരു വിജയഗാഥയായി തുടരുക തന്നെ ചെയ്യും. കഴിഞ്ഞ 32 വർഷം അനന്തപുരിയുടെ ആത്മീയ പുഷ്പമായും മലയാളശ്രീയുടെ പ്രവാചക ശബ്ദമായും പ്രശോഭിച്ചുനിന്ന അഭിവന്ദ്യ സൂസപാക്യം തിരുമേനി വിശ്രമജീവിതത്തിനായി വിടവാങ്ങിയപ്പോൾ ആ താപസ ജീവിതത്തിന്റെ പാദമുദ്രകൾക്ക് മങ്ങലേൽക്കാതെ ഒരു തുടർമഴയായി പെയ്തിറങ്ങാൻ ഇതാ കടലിന്റെ കളിത്തൊട്ടിലിൽ നിന്നും മറ്റൊരിടയൻ. പൊന്നുചാർത്തി പുടവയുടുത്ത് തിരുവനന്തപുരം അതിരൂപത ഒരുങ്ങി നിൽക്കുകയാണ് നിയുക്ത മെത്രാന് പ്രാർഥനാഗീതികളുമായി. ഒരു കാലഘട്ടത്തിന്റെ നിയോഗത്തെ ശിരസാവഹിച്ച് ഈ അതിരൂപതയെ 2037 ൽ ശതാബ്ദിയുടെ നിറവിലേക്ക് നയിക്കേണ്ട നിയുക്ത മെത്രാപ്പൊലീത്തയുടെ ജീവിത വഴികളിലേക്കും വ്യക്തിത്വത്തിലേക്കും നമുക്കൊന്നു കടന്നുചെല്ലാം. ആ തണൽമരത്തിന്റെ ഓരം ചേർന്ന് നമുക്ക് യാത്ര തുടരാം.

## ഭാവനാപൂർണമായ കുട്ടിക്കാലം

കൊച്ച് എടത്വാ എന്നറിയപ്പെടുന്ന പുതിയതുറ സെന്റ് നിക്കോളാസ് ദൈവാലയ അംഗമാണ് അഭിവന്ദ്യ



ഫാ. ലെനിൻ ഫെർണാണ്ടസ്

**1980 ലാണ് തന്റെ പൗരോഹിത്യം എന്ന മഹൽസ്വപ്നത്തിന്റെ ആദ്യപടി അദ്ദേഹം ചവിട്ടിയത്. അക്കാലത്ത് മൈനർ സെമിനാരി വിദ്യാർത്ഥികൾ പഠിച്ചിരുന്നത് പാളയം സെന്റ് വിൻസെന്റ് സെമിനാരിയിലായിരുന്നു. പരേതരായ മോൺസിഞ്ഞോർ മാർക്ക് നെറ്റോ റെക്ടറായും ഫാ. മോഹൻ സി. ലിയോൺ പ്രീഫക്ട് ഓഫ് സ്റ്റഡീസും ആയിരുന്ന കാലത്താണ് ബ്രദർ തോമസ് നെറ്റോ സെമിനാരി ജീവിതം ആരംഭിക്കുന്നത്. ഏതൊരു പുരോഹിതന്റേയും ഓർമകളിൽ പച്ചപ്പുവിരിച്ച കാലഘട്ടമായിരിക്കും മൈനർ സെമിനാരി കാലഘട്ടം. കളിചിരികളുടെയും പുതു അറിവുകളുടെയും കാലം.**



തോമസ് നെറ്റോ പിതാവ്. 1964 ഡിസംബർ 29-ാം തീയതി പരേതനായ ജെസയ്യൻ നെറ്റോയുടെയും ഇസബെല്ലാ നെറ്റോയുടെയും അഞ്ച് ആൺമക്കളിൽ നാലാമനായി ജനിച്ചു. കുട്ടിക്കാലം മുതലേ ശാന്തസ്വഭാവത്തിലും സ്വതസിദ്ധമായ അച്ചടക്കത്തിലും വേറിട്ടൊരു ശൈലി കാത്തുസൂക്ഷിച്ച അദ്ദേഹം ഭക്തകാര്യങ്ങളിലും വായനയിലും ഏറെ തല്പരനായി കാണപ്പെട്ടു. സ്കൂൾ വിദ്യാഭ്യാസം സെന്റ് നിക്കോളാസ് എൽപിഎസ് പുതിയതുറ, സെന്റ് ഹെലൻസ് എച്ച്എസ് ലൂർദ്ദുപുരം പികെഎച്ച്എസ്എസ് കാഞ്ഞിരംകുളം എന്നിവിടങ്ങളിലായി നടത്തി. സ്കൂൾ കാലയളവിൽ അദ്ദേഹം സമർത്ഥനായ ഒരു വിദ്യാർഥിയും സത്യസന്ധനായ ഒരു ബാലനുമായിരുന്നു. ബാല്യം അറിവിന്റെയും ദൈവാനുഗ്രഹത്തിന്റെയും കളിത്തൊട്ടിലായാൽ ജീവിതവിജയം നിശ്ചയം എന്ന് ഒരിക്കൽക്കൂടി ഇതാ തെളിയിക്കപ്പെടുന്നു. തങ്ങളുടെ അപ്പൻ കടലിൽപോയി മത്സ്യബന്ധനം നടത്തിക്കൊണ്ടുവരുന്ന തുച്ഛവരുമാനത്തിന്റെ തണലിലായിരുന്നു അവരുടെ കുടുംബജീവിതം കെട്ടിപ്പടുത്തത്. എന്നാൽ അമ്മയുടെ സ്നേഹവും വാത്സല്യവും കാർക്കശ്യം നിറഞ്ഞ തിരുത്തലുകളും 5 ആൺമക്കളേയും സത്സ്വഭാവികളും സംസ്കാര സമ്പന്നരുമാക്കി. തോമസ് നെറ്റോ പിതാവ് സെമിനാരി റെക്ടറായിരുന്ന സമയത്ത് ഒരു ദിവസം ഈ ലേഖകനോട് പറഞ്ഞു, "ഞാൻ വീടുവരെ പോകുന്നു." കാരണം ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു, "മുടിവെട്ടാൻ അമ്മയാണ് കാശ് തരുന്നത് അത് വാങ്ങണം." സ്വന്തം അമ്മയുമായുണ്ടായിരുന്ന ഊഷ്മള ബന്ധത്തിന്റെ ആഴം മേൽപ്പറഞ്ഞ സംഭവത്തിലൂടെ നിങ്ങൾക്ക് ഊഹിക്കാവുന്നതേ ഉള്ളൂ. തോമസ് നെറ്റോ മെത്രാപ്പൊലീത്തയുടെ മൂത്ത സഹോദരങ്ങളായ ജോസഫ് നെറ്റോ, ലോറൻസ് നെറ്റോ, സൈമൺ നെറ്റോ എന്നിവരും ഇളയ സഹോദരനായ ആൻഡ്രൂസ് നെറ്റോയും ഇടവകയുമായും സാമൂഹികബന്ധങ്ങളിലും കാട്ടുന്ന മനോഭാവവും പ്രാർത്ഥനാ ചൈതന്യവും അവരുടെ കുടുംബപശ്ചാത്തലം എത്രത്തോളം ക്രിസ്തീയമായിരുന്നു എന്നതിന്റെ തെളിവാണ്. മെത്രാപ്പോലീത്തയുടെ മൂത്ത സഹോദരനായ ജോസഫ് നെറ്റോയുടെ വായനാശീലവും പുതിയതുറ പ്രദേശത്തിന്റെ സാംസ്കാരിക സമൂഹിക ചുറ്റുപാടുകളും ഒരുപക്ഷേ അദ്ദേഹത്തെ കുട്ടിക്കാലം മുതലേ അറിവിന്റെയും സുന്ദരവ്യക്തിത്വത്തിന്റെയും ഉടമയാക്കി മാറ്റി. അങ്ങനെ ഭാവനാപൂർണമായ ഒരു കുട്ടിക്കാലത്തിലെ വിടെയോ നാമ്പിട്ട ദൈവാന്വേഷണത്തിന്റെ പിന്നാലെയായിരുന്നു പിൽക്കാലത്ത് ആ ശ്രേഷ്ഠജീവിതം.

## വർണവിസ്മയങ്ങളുടെ സെമിനാരിക്കാലം

1980 ലാണ് തന്റെ പൗരോഹിത്യം എന്ന മഹൽസ്വപ്നത്തിന്റെ ആദ്യപടി അദ്ദേഹം ചവിട്ടിയത്. അക്കാലത്ത് മൈനർ സെമിനാരി വിദ്യാർത്ഥികൾ പഠിച്ചിരുന്നത് പാളയം സെന്റ് വിൻസെന്റ് സെമിനാരിയിലായിരുന്നു. പരേതരായ മോൺസിഞ്ഞോർ മാർക്ക് നെറ്റോ റെക്ടറായും ഫാ. മോഹൻ സി. ലിയോൺ പ്രീഫക്ട് ഓഫ് സ്റ്റഡീസും ആയിരുന്ന കാലത്താണ് ബ്രദർ തോമസ് നെറ്റോ സെമിനാരി ജീവിതം ആരംഭിക്കുന്നത്. ഏതൊരു പുരോഹിതന്റേയും ഓർമകളിൽ പച്ചപ്പുവിരിച്ച കാലഘട്ടമായിരിക്കും മൈനർ സെമിനാരി കാലഘട്ടം. കളിചിരികളുടെയും പുതു അറിവുകളുടെയും കാലം. ഏറെ ശാന്തനും സൗമ്യനും നല്ല അനുസരണശീലമുള്ളവനും ആയിരുന്നു എങ്കിൽ തന്നെയും വൈകുന്നേരങ്ങളിൽ കളിസ്ഥലത്ത് ചുറുചുറുക്കുള്ള ഒരു ഫുട്ബോൾ പ്ലേയറുമായിരുന്നു ബ്രദർ തോമസ് നെറ്റോ എന്ന് സഹപാഠികളോർക്കുന്നു. അങ്ങനെ ആദ്യകാലട്ടത്തിലെ ഇംഗ്ലീഷ്, ലത്തീൻ വിഷയങ്ങളും മറ്റു സെമിനാരി പഠനങ്ങളും ഏറെ മിക



വോടെ പൂർത്തീകരിച്ച അദ്ദേഹം സെന്റ് സേവ്യേഴ്സ് കോളേജ് തുമ്പയിൽ രണ്ടുവർഷത്തെ പ്രീഡിഗ്രി പഠനത്തിനുചേർന്നു. തുടർന്ന് 1983 മുതൽ 1986 വരെ ആലുവ കാർമ്മൽഗിരി സെമിനാരിയിൽ ഫിലോസഫി പഠനത്തിനായി ചേർന്നു. ഫിലോസഫി വിഷയത്തിൽ ഡിഗ്രിയും പൂർത്തിയാക്കി. അനേകം മാനസിക സംഘർഷങ്ങളിലൂടെ സ്വത്വബോധത്തിന്റെ നിലവറ തകർത്തുമുന്നേറുന്ന ഒരു കാലഘട്ടമാണ് ഫിലോസഫി പഠനകാലഘട്ടം. ആശയസംഘട്ടനങ്ങളോടൊപ്പം വ്യക്തിമികവിനു പ്രാധാന്യം കൊടുക്കുകയും എല്ലാറ്റിനേയും എല്ലാപേരെയും ചോദ്യങ്ങളുടെ മുൾമുനയിൽ നിർത്തുകയും ചെയ്യുന്ന കാലഘട്ടം. തുടർന്ന് ദൈവശാസ്ത്രം പഠിക്കുന്നതിനായി അദ്ദേഹം മംഗലപ്പുഴ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിലേക്ക് അയയ്ക്കപ്പെട്ടു. കേരളത്തിലെ വിവിധ രൂപതകളിൽ നിന്നുള്ള സെമിനാരി വിദ്യാർത്ഥികളായിരുന്നു അവിടെ പഠിച്ചിരുന്നത്. എല്ലാ പേരോടും സൗഹൃദാത്മകമായ നല്ല ബന്ധം സൂക്ഷിക്കാൻ സാധിച്ചു എന്നതും പഠനത്തിൽ സാധാരണയിൽ നിന്നും ഉയർന്ന നിലവാരം പുലർത്തിക്കൊണ്ട് കായികമികവിലും ഉയർന്ന വായനശീലത്തിലും പ്രസംഗ പാടവത്തിലും തനത് വ്യക്തിമുദ്രപതിപ്പിക്കാനും ബ്രദർ തോമസ് നെറ്റോയ്ക്ക് സാധിച്ചു. ഓരോ അവധിക്കും ഭവനത്തിൽ എത്തുമ്പോൾ തങ്ങളുടെ എളിയ ജീവിത സാഹചര്യങ്ങളെ കണ്ടും അറിഞ്ഞും എളിമയുടെയും ലാളിത്യത്തിന്റെയും പ്രാർഥനയുടെയും ഔന്നത്യം ഹൃദയത്തിൽ അരക്കിട്ടുറപ്പിച്ചു. അങ്ങനെ തികഞ്ഞ ബോധ്യങ്ങളോടെ ക്രിസ്തു സ്നേഹത്തിന്റെ ഉജ്വല വാഹകനാകാൻ 1989 ഡിസംബർ 19-ാം തീയതി കൊല്ലം രൂപതാധ്യക്ഷനായിരുന്ന അഭിവന്ദ്യ ജോസഫ് ജി. ഫെർണാണ്ടസ് മെത്രാന്റെ കൈവയ്പ്പു വഴി പൗരോഹിത്യം എന്ന മഹനീയദാനം സ്വീകരിച്ചു. അദ്ദേഹത്തോടൊപ്പം പട്ടം സ്വീകരിച്ചു ഫാ. ഗ്രിഗറി ആർബി, ഫാ. വിൻസെന്റ് കെ. പീറ്റർ, ഫാ. സത്യദാസ് ടോണി, ഫാ. ഡെന്നീസ്കുമാർ എന്നിവർ ഇപ്പോൾ നെയ്യാറ്റിൻകര രൂപതയിലും മറ്റു സഹപാഠികളായ ഫാ. ജെറോം ഫെർണാണ്ടസ്, ഫാ. ഗ്ലാഡിൻ അലക്സ്, ഫാ. ജോർജ് ഗോമസ് എന്നിവർ തിരുവനന്തപുരം രൂപതയിലുമായി സ്തുത്യർഹസേവനം കാഴ്ചവയ്ക്കുന്നു. അങ്ങനെ ദൈവസ്നേഹത്തിന്റെ ഒടുങ്ങാത്ത അലകളും പേറി വ്യക്തിബന്ധങ്ങളുടെ അതീവ ധന്യതയിലേക്കും പ്രതീക്ഷാ നിർഭരമായ ദൗത്യങ്ങളുടെ പാഠശാലയിലേക്കും ഫാ. തോമസ് നെറ്റോ കാലെടുത്തുവച്ചു.

## 4. സമ്മിശ്ര അനുഭവങ്ങളുടെ ശുശ്രൂഷാപൗരോഹിത്യം

ഊർജ്ജ്വസ്വലനും ധിഷണാശാലിയുമായ ഈ വൈദികന്റെ സൗമ്യഭാഷണവും ഇരുത്തംവന്ന രീതികളും പൗരോഹിത്യത്തിന്റെ ആരംഭം മുതലേ പൊതുജനശ്രദ്ധയാകർഷിച്ചു. പൗരോഹിത്യത്തിന്റെ ആദ്യവർഷം അദ്ദേഹം പെരിങ്ങമല സെന്റ് മൈക്കിൾസ് ദൈവാലയത്തിൽ സഹവികാരിയായി അയക്കപ്പെട്ടു. തുടർന്ന് 1991 മുതൽ 1995 ആഗസ്റ്റ് മാസം വരെ അദ്ദേഹം പാളയം സെന്റ് ജോസഫ്സ് കത്തീഡ്രൽ ദേവാലയത്തിൽ സഹവികാരിയായിരുന്നു. ആ കാലഘട്ടത്തിലെ കത്തീഡ്രൽ വികാരിയായിരുന്ന പുണ്യശ്ലോകനായ മോൺ. എം. ജോസഫ് അച്ചന്റെ കർമ്മസാക്ഷ്യവും നേർജീവിതവും അദ്ദേഹത്തെ ഏറെ സ്വാധീനിച്ചിട്ടുണ്ട്. ഇക്കാലയളവിൽ തന്നെ ചുരുങ്ങിയ സമയം ലൂയിസ് മെമ്മോറിയൽ കാത്തലിക്ക് ഹോസ്റ്റലിന്റെ അസിസ്റ്റന്റ് വാർഡനായും 'സഭൈക്യം- സംവാദം' എന്ന കമ്മിഷന്റെ എക്സിക്യൂട്ടീവ് സെക്രട്ടറിയായും സേവനം ചെയ്തു. ഇതേ കാലയളവിൽ (1992-1994) തിരുവനന്തപുരം ലെയോള കോളേജിൽ നിന്ന് സോഷ്യോള

ജിയിൽ ബിരുദാനന്തര ബിരുദം കരസ്ഥമാക്കി. തുടർന്ന് 1995 ൽ അദ്ദേഹത്തിന്റെ സെമിനാരി ജീവിതത്തിന്റെയും പൗരോഹിത്യ ജീവിതാരംഭത്തിന്റെയും പ്രവർത്തന മികവു പരിഗണിച്ചുകൊണ്ട് റോമിൽ ഉപരിപഠനത്തിനായി അയച്ചു. റോമിൽ ഉർബാനിയാ യൂണിവേഴ്സിറ്റിയിൽ നിന്ന് സഭാ വിജ്ഞാനീയത്തിൽ ഡോക്ടറൽ ബിരുദം കരസ്ഥമാക്കിയ അദ്ദേഹം രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണ രേഖയായ 'ജനതകളുടെ പ്രകാശം' ഒന്നാം അധ്യായത്തെ അധികരിച്ചാണ് ആധികാരികപഠനം നടത്തിയത്. (Implications of communion Ecclesiology in the light of lumen Gentium Chapter 1 with special reference to Latin Catholic Church in Kerala)

വിജയകരമായി പഠനം പൂർത്തിയാക്കിയ റവ. ഡോ. തോമസ് നെറ്റോ 1999 ൽ തിരികെ തിരുവനന്തപുരം അതിരൂപതയിലെത്തി. 1999 മുതൽ 2003 വരെ പേട്ട സെന്റ് ആൻസ് ദേവാലയത്തിലെ വികാരിയായി നിയോഗിക്കപ്പെട്ടു. അക്കാലയളവിൽ തന്നെ അഭിവന്ദ്യ സൂസപാക്യം പിതാവിന്റെ സഭാ ദർശനങ്ങളിലൂടെ രൂപംകൊണ്ടതും ക്രാന്തദർശികളായ ഒരുകൂട്ടം വൈദികരുടെ കർമ്മധീരതയാൽ യാഥാർത്ഥ്യമാക്കപ്പെട്ടതുമായ പങ്കാളിത്തസഭയുടെ നവ തരംഗമായി മാറിയ അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളുടെ (ബി.സി.സി.) രൂപതാ എക്സിക്യൂട്ടീവ് സെക്രട്ടറിയായും സേവനം ചെയ്തു. തുടർന്ന് 2003 മുതൽ 2010 വരെ അദ്ദേഹത്തിന്റെ പൗരോഹിത്യ കാലഘട്ടത്തിലെ എടുത്തുപറയത്തക്ക സേവന മേഖലയായ മൈനർ സെമിനാരി റെക്ടർ എന്ന തസ്തികയിലേക്ക് ഉയർത്തപ്പെട്ടു. അദ്ദേഹത്തിന്റെ ശിക്ഷണത്തിലൂടെ കടന്നുവന്ന അനേകം യുവവൈദികരുടെ സൗഹൃദവും സാന്നിധ്യവും ഇനിയുള്ള നാളുകളിൽ വലിയ മുതൽക്കൂട്ടാകും എന്നതിൽ സംശയമില്ല. ആ കാലയളവിൽ തന്നെ ബോർഡ് ഓഫ് ക്ലേർജി ആൻഡ് റിലീജിയസിന്റെ ഡയറക്ടറായും അതിരൂപതാ കോർഡിനേറ്റർ ആയും സേവനം ചെയ്തു. തുടർന്ന് 2010 മുതൽ 2014 വരെ തോപ്പ് സെന്റ് ആൻസ് ദേവാലയത്തിന്റെ വികാരിയായിരുന്നു. 2014ൽ അദ്ദേഹത്തെ മോൺസിഞ്ഞോർ പദവിയിലേക്ക് ഉയർത്തുകയും വിവിധ ശുശ്രൂഷകളുടെ എപ്പിസ്കോപ്പൽ വികാരിയാക്കുകയും ചെയ്തു. 2014 മുതൽ 2017 വരെ ഇതേ തസ്തികയിൽ തുടർന്നുകൊണ്ട് അതിരൂപതയുടെ സമഗ്ര വളർച്ചയ്ക്കായി രാപകൽ പദ്ധതികൾ വിഭാവനം ചെയ്തു. 2017 മുതൽ 2021 വരെ മുരുക്കുംപുഴ സെന്റ് അഗസ്റ്റിൻ ദേവാലയത്തിന്റെ വികാരിയായിരിക്കുമ്പോൾ തന്നെ കഴക്കൂട്ടം ഫെറോന വികാരിയായും ജീവനും വെളിച്ചവും മാഗസിൻ എഡിറ്ററായും ലിറ്റിൽ ഫ്ളവർ ഫുട്ബോൾ അക്കാഡമി (LIFFA) യുടെ ഡയറക്ടറായും ചുരുങ്ങിയ കാലയളവിൽ സേവനം ചെയ്തു. അങ്ങനെ പൗരോഹിത്യ ജീവിതത്തിന്റെ നീണ്ട 32 വർഷങ്ങൾ പിന്നിടുമ്പോഴാണ് തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ ആറാമത് മെത്രാനായും രണ്ടാമത്തെ മെത്രാപ്പോലീത്തയായും പരിശുദ്ധ ഫ്രാൻസിസ് പാപ്പ അദ്ദേഹത്തെ നിയമിക്കുന്നത്. ഒരു വലിയ ജനസമൂഹത്തിന്റെ ഇനിയും പൂർണമാകാത്ത സ്വപ്നങ്ങളുടെ അമരക്കാരനാവുകയാണിവിടെ. കേരള സമൂഹത്തിന്റെ ആത്മീയ ശൃംഗത്തിൽ നിറഞ്ഞു വിരാജിക്കേണ്ട സ്ഥാനലബ്ധി. കർത്താവിന്റെ കരുണയുടെ തണലിൽ എളിമയോടെ നിൽക്കുന്നവനെ തക്ക സമയത്ത് ഉയർത്തുന്ന ദൈവം മോസ്റ്റ്.റവ.ഡോ.തോമസ് ജെ.നെറ്റോയുടെ കരങ്ങളിൽ ഒരു ജനതയെ ഭദ്രമായി കാത്തുപരിപാലിക്കും എന്ന് പ്രത്യാശിക്കാം. മൂന്ന് ദശാബ്ദക്കാലം തന്റെ പുണ്യങ്ങളുടെ മഴച്ചാർത്തിനാൽ നമ്മെ ഈറനണിയിച്ചും, യേശുക്രിസ്തുവിന്റെ ശാന്തിയും സമാധാനവും നാനാജാതി മതസ്ഥരെ തന്റെ ജീവിത സൗകുമാര്യത്താൽ പഠിപ്പിച്ച അഭിവന്ദ്യ സൂസപാക്യം പിതാവിന്റെ ജീവിതലാളിത്യം പിൻപറ്റിയുള്ള ഒരു ഇടയശ്രേഷ്ഠതയായിരിക്കും അഭിവന്ദ്യ തോമസ് നെറ്റോ പിതാവിന്റേത് എന്നത് അദ്ദേഹത്തിന്റെ ഇതുവരെയുള്ള ജീവിതം നമുക്ക് ഉറപ്പു നൽകുന്നു.

## ഒരുപിടി സദ്ഗുണങ്ങളുടെ ഉടമ

ഈ ചിന്തകളോടെ വിശുദ്ധ ഗ്രന്ഥം തുറന്നപ്പോൾ എന്റെ കണ്ണുകൾ തറച്ചത് അപ്പോസ്തല പ്രവർത്തനങ്ങൾ 13ാം അദ്ധ്യായത്തിലെ ഒരു വാക്യത്തിലാണ്: "**ജസ്സെയുടെ പുത്രനായ ദാവീദിൽ എന്റെ ഹൃദയത്തിനിണങ്ങിയ ഒരു മനുഷ്യനെ ഞാൻ കണ്ടെത്തിയിരിക്കുന്നു**". ദൈവത്തിന്റെ മിഴിനോട്ടം ഒരുവനിൽ പതിച്ചെങ്കിൽ അവൻ ദാവീദിനെപ്പോലെ അതുല്യനും അമൂല്യനുമാകും. ഹൃദയനൈർമല്യം കൊണ്ടും വാക്കുകൾക്കും അപ്പുറമുള്ള ശാന്തസ്വഭാവം കൊണ്ടും അടിപതറാത്ത ഇടയ ധന്യതയിലെത്താൻ അഭിവന്ദ്യ തോമസ് നെറ്റോ പിതാവിന്റെ സ്വഭാവ സമ്പന്നതയ്ക്ക് സാധിക്കുമെന്ന് അടിവരയിട്ടു പറയാൻ സാധിക്കും.

എപ്പോഴും കേട്ടറിവുകൾ മാറ്റിവെച്ച് ഉള്ളറിവുകളും നേരറിവുകളും ചേർത്തുപിടിക്കുന്ന ഒരു വ്യക്തിത്വമാണദ്ദേഹം. അതുകൊണ്ടുതന്നെ പക്ഷപാതരഹിതമായ ഭരണനിർവ്വഹണത്തിനും വിങ്ങുന്ന ഹൃദയങ്ങൾക്ക് സാന്ത്വനം നൽകാനും അദ്ദേഹത്തിന് സാധിക്കും. ഒരു സാധാരണ കുടുംബത്തിൽ നിന്ന് ജീവിതത്തിലെ സാധാരണ സഹനങ്ങൾ കണ്ടറിഞ്ഞും അനുഭവിച്ചും കടന്നുവന്ന അദ്ദേഹത്തിന് നമ്മെ കേൾക്കാനും സ്വാതന്ത്ര്യത്തോടെ തിരുത്താനും സാധിക്കും. അദ്ദേഹത്തിന്റെ വിശിഷ്ടമായ സ്വഭാവത്തിലെ ഒരു മുത്ത് എന്ന് എനിക്ക് തോന്നിയത്, ആരെയും കുറിച്ച് കുറ്റം പറയാത്ത ഒരു ജീവിതശൈലി. നമ്മുടെ തീന്മേശ സൗഹൃദങ്ങളും ഉല്ലാസങ്ങളും മറ്റുള്ളവരുടെ കുറവുകളെ വലിച്ചുകീറി പോസ്റ്റുമോർട്ടം നടത്തുമ്പോൾ ഇത്തരം നേതാക്കൾ നമുക്കൊരു വെല്ലുവിളിയാണ്. വിമർശനങ്ങളെ മുഖവുരയ്ക്കെടുക്കുമ്പോഴും ആരെയും അപമാനിക്കാതെയും ലജ്ജിപ്പിക്കാതെയും വിമർശിക്കാനും അദ്ദേഹത്തിന് അറിയാം. തന്റേതായ വിയോജിപ്പുകൾ അധികാരികളോട് വ്യക്തമായി പറയുമ്പോഴും പൗരോഹിത്യത്തിനിണങ്ങിയ അനുസരണം എന്നും കാത്തുസൂക്ഷിച്ചിരുന്നു. അധികാര വികേന്ദ്രീകരണത്തിന്റേയും ജനപങ്കാളിത്തത്തിന്റേയും സഭാ കാഴ്ചപ്പാടിലേക്കും രണ്ടാം വത്തിക്കാൻ



സുനഹദോസിലൂടെ മാറ്റത്തിന്റെ തുറക്കപ്പെട്ട ജാലകപ്പാളിയിലൂടെ പുതുതലമുറയെ ദൈവസ്നേഹത്തിന്റെ വിശാല വിസ്തൃതിയിലേക്ക് കൈപിടിച്ചുയർത്താനും ഈ ഇടയ ശ്രേഷ്ഠനു സാധിക്കും.

സ്വതസിദ്ധമായ ശാന്തതയാണ് നമ്മുടെ പുതിയ മെത്രാപ്പോലീത്തായുടെ സഹജമായ ഭാവം എന്നു പറഞ്ഞുവല്ലോ. മലയിലെ പ്രസംഗത്തിൽ യേശുനാഥൻ ഇപ്രകാരം ഉദ്ബോധിപ്പിക്കുന്നു, "ശാന്തശീലർ ഭൂമി അവകാശമാക്കും". ശാന്തസ്വഭാവം ഏവരേയും ആകർഷിക്കും. മാൻപേടയിലും പ്രാവിൻകുഞ്ഞിലും ഒരു കുഞ്ഞിന്റെ നിഷ്കളങ്കമായ ചിരിയിലുമൊക്കെ നാം ആകൃഷ്ടരാകുന്നതുപോലെ അസ്വാഭാവികമായ ഒരാകർഷകത്വം അദ്ദേഹത്തിന്റെ സ്വഭാവത്തിലും നമുക്ക് കാണാൻ സാധിക്കും. ജീവിതത്തിലെ നേട്ടങ്ങളിലും ഭാഗ്യങ്ങളിലും അമിതമായി സന്തോഷിക്കുകയോ ദുഃഖ സന്ദർഭങ്ങളിൽ അതീവ ദുഃഖിതനായി കാണപ്പെടുകയോ ചെയ്യാത്ത ഈ വ്യക്തിയെ സമഗ്ര വ്യക്തിത്വത്തിന്റെ ഉടമ എന്ന് വിളിക്കാം. തികഞ്ഞ ഈശ്വരാനുഭവമുള്ളവർക്കേ ഈ സമചിത്തത കാത്തുസൂക്ഷിക്കാൻ സാധിക്കൂ. പരിചയക്കാരെ കാണുമ്പോൾ പുഞ്ചിരിയോടും സൗഹൃദഭാവത്തോടും കുശലാന്വേഷണം നടത്തുന്ന പിതാവിന്റെ ശൈലി ഏറെ അനുകരണീയമാണ്. പൗരോഹിത്യം എന്ന മഹനീയ ജീവിതത്തിന് തടസ്സമായി നിൽക്കുന്ന വ്യക്തികളിൽ നിന്നും സന്ദർഭങ്ങളിൽ നിന്നും ആശയങ്ങളിൽ നിന്നും അദ്ദേഹം സൂക്ഷിച്ച സൗന്ദര്യദൂരം ആൾക്കൂട്ടത്തിൽ തനിയെ പദമൂന്നി മിഴി തറപ്പിച്ച് മുന്നേറുന്ന സുവിശേഷങ്ങളിലെ നസ്രായനെ ഓർമ്മിപ്പിക്കുന്നു. ശതാബ്ദിയിലേക്ക് മിഴിയുറപ്പിച്ച് മുന്നേറുന്ന തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ തുടർവളർച്ചയ്ക്ക് ഏറെ സഹായകരമാകാൻ സാധ്യതയുള്ള ഒരു ദൈവാനുഗ്രഹം വരമായി കിട്ടിയ വ്യക്തിത്വത്തിനുടമയാണദ്ദേഹം. കൂടെ നിൽക്കുന്നവരെ വളരാനും വളർത്താനും വ്യത്യസ്ത കഴിവുകളുള്ളവരെ ചേർത്തുനിർത്താനുമുള്ള ദൈവകൃപ അദ്ദേഹത്തിലുണ്ട്. തന്നോളമല്ല തന്നെക്കാളും കൂടെയുള്ളവർ വളരണമെന്ന് ആഗ്രഹിക്കുന്നതാണ് യഥാർത്ഥ ആദ്ധ്യാത്മികത. "അവൻ വളരണം ഞാൻ കുറയണം" എന്ന മരതകം സ്വന്തമാക്കിയ സ്നാപകനെ നോക്കി യേശു പറഞ്ഞതെന്താ, സ്ത്രീകളിൽ നിന്ന് ജനിച്ചിട്ടുള്ളവരിൽ ഏറ്റവും വലിയവൻ എന്നല്ലേ?

## വാഗ്മിയും പണ്ഡിതനുമായ മെത്രാപ്പോലീത്ത

കഴിഞ്ഞ മൂന്നുപതിറ്റാണ്ടുകാലം തിരുവനന്തപുരം നെയ്യാറ്റിൻകര രൂപതകളിൽ മുഴങ്ങിക്കേട്ട ഇരുത്തംവന്ന ഒരു സുവിശേഷ പ്രഘോഷകനാണദ്ദേഹം. നെറ്റോ പിതാവിന്റെ വിശുദ്ധ ഗ്രന്ഥത്തിലും സഭാപഠനങ്ങളിലും അധിഷ്ഠിതമായ വചനവ്യാഖ്യാനം വിശ്വാസികൾക്ക് ഏറെ ഉണർവ്വും പ്രചോദനവും നൽകിയിട്ടുണ്ട്. വിവിധ മാഗസിനുകളിലും പ്രസിദ്ധീകരണങ്ങളിലും അദ്ദേഹം എഴുതിയ ലേഖനങ്ങൾ അദ്ദേഹത്തിന്റെ പാണ്ഡിത്യവും ഗവേഷണപരതയും വിളിച്ചോതുന്നവയാണ്. അറിവിന്റെ ലോകത്തേക്ക് ഊളിയിട്ടിറങ്ങി പുസ്തകങ്ങളെ കൂട്ടുകാരനാക്കി വ്യക്തമായ കാഴ്ചപ്പാടോടെ സംസാരിക്കാനും കാര്യങ്ങൾ വിലയിരുത്താനും അദ്ദേഹത്തിനു സാധിക്കുന്നുണ്ട്. അമൂല്യമായ ഒരു ഗ്രന്ഥശേഖരം സ്വന്തമായുള്ളൊരു വ്യക്തിയാണ് നെറ്റോ പിതാവ്. വെറുതെ പുസ്തകങ്ങൾ വാങ്ങിക്കൂട്ടുകയല്ല ഏതെങ്കിലും ഒരു വിഷയത്തെ കുറിച്ചുള്ള ആശയങ്ങൾ ചോദിച്ചാൽ ഷെൽഫിൽ നിന്നും ആ വിഷയത്തെക്കുറിച്ചുള്ള പുസ്തകം തപ്പിയെടുത്ത് പേജുകൾ മറിച്ച് ഇതാ ഇതു വായിക്കൂ എന്ന് പറഞ്ഞ് നൽകിയിട്ടുള്ള അനുഭവം എനിക്കുണ്ടായിട്ടുണ്ട്. അറിവ് ശക്തിയാണ്. അറിവാണ് ആശയങ്ങളായി രൂപപ്പെടുന്നത്. ആശയങ്ങളാണ് ഒരു സമൂഹത്തെ നയിക്കുന്നത്. സമീപകാലങ്ങളിൽ ഉണ്ടാകാനിടയുള്ള മാറ്റങ്ങളെ മുൻകൂട്ടി കാണാൻ കഴിഞ്ഞാലേ വളർച്ച സാദ്ധ്യമാ

കൂ. മാറ്റങ്ങളെ മനസ്സിലാക്കാൻ കഴിയാത്തവർക്ക് നിൽക്കുന്ന മണ്ണുപോലും നഷ്ടപ്പെടും. അറിവും ആത്മവിശ്വാസവും ആദ്ധ്യാത്മികതയും ഒത്തുചേരുന്ന വിജയത്തിന്റെ ഇതിഹാസ ഭൂമിയായി ഈ രൂപതയെ നയിക്കുവാൻ സർവ്വേശ്വരൻ ആത്മാവിന്റെ ഇരട്ടി പങ്കുനൽകി അദ്ദേഹത്തെ അഭിഷിക്തനാക്കട്ടെ എന്ന് പ്രാർത്ഥിക്കാം.

## സഹകരണം നമ്മുടെ സമ്മാനം

പുതിയ നേതൃത്വത്തിന് നമുക്ക് നൽകാൻ കഴിയുന്ന ഏറ്റവും നല്ല സമ്മാനം നമ്മുടെ സഹകരണമാണ്. നമ്മളിൽ ഐക്യത്തിന്റെ കാഹളം മുഴങ്ങിയാലേ ഉദ്ധിതന്റെ പ്രത്യാശ നമുക്ക് പുതുതലമുറയ്ക്ക് പകർന്നേകാൻ സാധിക്കൂ. ഭൂമിയിൽ ഏറ്റവും ദൃഢമായ ബന്ധം മലകയറുന്നവർക്കിടയിലാണെന്ന് പറയാറുണ്ട്. ഏകാഗ്രതയോടെ ഒരേ സ്വപ്നസാക്ഷാത്കാരത്തിനു വേണ്ടിയാണല്ലോ അവർ മുന്നേറുന്നത്. അവരെ തമ്മിൽ ബന്ധിപ്പിക്കുന്ന ചരടുകളുണ്ട്. ഒരാളുടെ ഊർജ്ജം മറ്റുള്ളവർക്ക് വീര്യമായും ഒരാളുടെ മടുപ്പ് മറ്റുള്ളവർക്ക് തളർച്ചയായും അനുഭവപ്പെടും. ഒരാൾക്ക് കാലിടറുമ്പോൾ മുഴുവൻ പേരും ഉലയുന്നു. ഒരിടയൻ എത്ര കുറവുള്ളവനാണെങ്കിലും അവൻ ദൈവാരൂപിയാൽ തെരഞ്ഞെടുക്കപ്പെട്ടവനാണെന്നുള്ള ബോദ്ധ്യമുണ്ടാകുമ്പോൾ അയാളെ അംഗീകരിക്കാനും നിസ്വാർത്ഥമായി പൊതുവളർച്ച ലക്ഷ്യമാക്കി മുന്നേറാനും നമുക്ക് സാധിക്കും. വിദ്യാഭ്യാസസാമൂഹികസാംസ്കാരിക മേഖലകളിൽ ഒരു കുതിച്ചുചാട്ടത്തിനായി നാം ഒത്തുചേർന്ന് പദ്ധതികൾ വിഭാവനം ചെയ്ത് മുന്നേറണം. സമസ്ത മേഖലകളിലും സഹകരണം ഉറപ്പാക്കണം. വൈദികരും സന്യസ്തരും അല്മായരും അവരവരുടെ മേഖലകളിൽ നിന്നുകൊണ്ടുതന്നെ രൂപതാദ്ധ്യക്ഷനുമായി സഹകരിക്കണം. സ്ഥാനമാനങ്ങൾ കിട്ടാതാകുമ്പോഴും ഉദ്ദേശിച്ച കാര്യങ്ങൾ നടക്കാതാകുമ്പോഴും നിസ്സഹകരണം പ്രഖ്യാപിച്ചു മാറിനിൽക്കുന്ന ശൈലികൾക്ക് വിരാമം കുറിക്കണം. സാമൂഹികമാദ്ധ്യമങ്ങളിലൂടെയും സംഘടിച്ചും വിമർശനങ്ങൾ അഴിച്ചുവിട്ടും നേതൃത്വത്തിന്റെ വീര്യം കെടുത്തുന്ന പതിവുശൈലികൾക്ക് അന്ത്യം കാണണം. രൂപതാദ്ധ്യക്ഷൻ നമ്മുടെ സ്വന്തമാണെന്ന ബോധ്യത്തോടെ നിസ്സീമമായ സഹകരണം ഉണ്ടായാലേ നാം പ്രതീക്ഷിക്കുന്ന നല്ല പുലരി നമുക്കായി ചിറകുവിരിയിക്കൂ.

## ഉപസംഹാരം

ജോർജ്ജ് ബർണാഡ് ഷാ ഇപ്രകാരം പറഞ്ഞു, ”ജീവിതമെനിക്ക് ഒരു തുണ്ടു മെഴുകുതിരിയല്ല. ഈ നിമിഷം ഞാൻ കൈയിലേന്തിയിരിക്കുന്ന ദീപശിഖയാണ്. വരുംതലമുറകളിലേക്ക് കൈമാറും മുമ്പ് എനിക്കത് തേജസ്സിൽ ജ്വലിപ്പിക്കണം”. 1937 ജൂലൈ 1ന് തെളിയിക്കപ്പെട്ട ദീപശിഖയാണ് നമ്മുടെ രൂപത. അത് നാല് പിതാക്കന്മാർ കൈയിലേന്തി അഞ്ചാമത് ഒരാളെ ഏൽപ്പിച്ചിരിക്കുന്നു. ആയിരക്കണക്കിന് സന്യസ്തരും വൈദീകരും രണ്ടര ലക്ഷത്തിലേറെ അല്മായരും ആ ദീപശിഖയുടെ ചൂടേറ്റുവാങ്ങി. 2037 ൽ ഈ ദീപശിഖ ഒരഗ്നി ഗോളമാകണം എന്ന ആർജ്ജവത്തോടെ നാം ഒരുമിച്ചു മുന്നേറിയാൽ വിജയം സുനിശ്ചിതം. നമ്മുടെ ജീവിതവിജയം എന്നത് മാനവരാശിയുടെ മുഴുവൻ വിജയമാണ്. നാനാജാതി മതസ്ഥരും കരംകോർത്ത് ജീവിക്കുന്ന സമാധാനത്തിന്റെ രാജ്യമാണ് ദൈവരാജ്യം എന്ന് ആർക്കാണ് തിരിച്ചറിവില്ലാത്തത്. കാലം കൈകളിലെത്തിച്ച ദീപശിഖയുമായി മുന്നിൽ നിൽക്കുന്ന അഭിവന്ദ്യ തോമസ് നെറ്റോ പിതാവിന്റെ കരങ്ങൾ സുദൃഢമാകാൻ പ്രാർത്ഥനയുടെ കരങ്ങളോടൊപ്പം നമ്മുടെ ആത്മത്യാഗത്തിന്റെ വാതിൽപ്പടികളും തുറന്നിടാം. ■




*അനന്തപുരിയിലെ ആത്മീയാചാര്യന്മാരുടെ പ്രതീക്ഷകൾ!*



**സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി**
ജനറൽ സെക്രട്ടറി, ശാന്തിഗിരി ആശ്രമം

# സ്ഥാനാരോഹണം വെറുമൊരു ചടങ്ങല്ല

തിരുവനന്തപുരം അതിരൂപതയുടെ ആർച്ച് ബിഷപ്പായി നിയമിതനായിരിക്കുകയാണ് ഡോക്ടർ തോമസ് നെറ്റോ. ഒരു പുരോഹിതൻ പുതുനിയോഗത്തിലേക്ക് കാലൂന്നിയതിന്റെ ആശംസാപത്രികയുടെ പണിപ്പുരയിൽ ഇരിക്കുമ്പോൾ ഞാനും ആലോചിച്ചു; പൗരോഹിത്യത്തിൽ യഥാർത്ഥതയിൽ എന്തൊക്കെയാണ് ഉള്ളത്? ഒന്നുംചെയ്യാതെ ഇരിക്കാനുള്ള ലൈസൻസല്ല പൗരോഹിത്യം. പണിയെടുക്കാതെയിരിക്കാനുള്ള അവസരം തേടിയുള്ള അലച്ചിലാണ് പൗരോഹിത്യം! എന്നാൽ ഇന്നത്തെ കാലവുമായി കൂട്ടിച്ചേർത്ത് നാം ചിന്തിക്കുമ്പോൾ പൗരോഹിത്യത്തിൽ എന്താണ് ഇല്ലാത്തത് എന്ന് ചിന്തിക്കുന്നതാണ് കൂടുതൽ ഉചിതം!

ഡോ.തോമസ് ജെ.നെറ്റോ ഒരു നല്ല സമരിയാക്കാരനായി വേലതുടങ്ങിയ പുരോഹിതനാണ്. ദൈവവേലയുടെ പലപല ഘട്ടങ്ങളിലൂടെ കടന്ന് തിരുവനന്തപുരം നഗരിയിലാണ് ഇപ്പോൾ പുതുനിയോഗത്തിലേക്ക് വന്നിരിക്കുന്നത്. നഗരത്തിന് അതിന്റേതായ ആലസ്യവും മയക്കവും കൗശലവും ക്രൂരതകളും എല്ലാം ഉണ്ട്. പക്ഷേ അങ്ങനെയുള്ള നഗരത്തെ സ്വന്തമാക്കുമ്പോഴാണ് ഒരാൾക്ക് അത് തന്റേതായിത്തീരുന്നത്. അവിടെയുള്ളവർ താനില്ലാത്ത അവസ്ഥയെക്കുറിച്ച് വേവലാതിപ്പെടുന്നതും. സ്ഥാനമൊഴിഞ്ഞ ബിഷപ്പ് സൂസപാക്യം ഇല്ലാത്ത അവസ്ഥ ഒരു വേവലാതിയാണ് തിരുവനന്തപുരം നിവാസികൾക്ക്! കാരണം അദ്ദേഹം അത്രമാത്രം ഈ നഗരത്തിലേക്ക് ഇറങ്ങിച്ചെന്നു എന്നതാണ് അതിന്റെ കാരണം.


നാം കൊറോണ എന്ന മഹാമാരിയുടെ കരാളഹസ്തത്തിൽ നിന്നും ദീർഘനിശ്വാസമെടുത്ത് പുറത്തേക്കു ചാടുവാൻ തക്കംനോക്കി നില്ക്കുകയാണ്. നമുക്ക് ഇതിൽ നിന്നും പുറത്തുവരണം. പൊതുജനങ്ങൾക്ക് പ്രധാനം അവരുടെ അന്നന്നത്തെ അന്നമാണ്. വസ്ത്രം, പാർപ്പിടം, ആരോഗ്യം ഇതൊക്കെയാണ്. അതോടൊപ്പം ജീവിത സുഖകൗകര്യങ്ങളും അവർ കാംക്ഷിക്കുന്നു. തിരുവനന്തപുരം നഗരത്തിലെ ജനങ്ങളുമായി സംവേദിക്കാൻ അവർക്കാവശ്യമായ മാർഗ്ഗനിർദ്ദേശം നല്കാൻ കഴിഞ്ഞാൽ അതൊരു വലിയകാര്യമാണ്. വേദനിക്കുന്നവരെ നമുക്കൊപ്പം എങ്ങനെ ചേർത്ത് നിർത്താം എന്നത് ഈ പുതുനിയോഗത്തിൽ ചിന്തിക്കേണ്ടതാണ്. വിവിധ ഇടവകകളിൽ പ്രവർത്തിച്ചു പരിചയവും സഭാവിശ്വാസികളുമായി നിരന്തര സംവാദങ്ങളും, കുടുംബ സമൂഹ പ്രശ്നങ്ങളിലിടപെട്ടുള്ള പരിചയവും ഇക്കാര്യത്തിൽ അദ്ദേഹത്തിന് തുണയാകും. വളരെ ഭൂവൈവിധ്യവും, തിരക്കേറിയ വീഥികളും വാണിജ്യ മേഖലകളും ഉള്ള നഗരമാണ് തിരുവനന്തപുരം. തന്മൂലം നിത്യ ഹരിത നഗരം എന്നാണ് ഇന്ത്യയുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധി തിരുവനന്തപുരത്തെ വിശേഷിപ്പിച്ചത്. 2011 ലെ കാനേഷുകാരി പ്രകാരം 9,57,730 പേർ നഗരസഭാ പരിധിയിൽ അധിവസിക്കുന്നു. തിരുവനന്തപുരം ജില്ലയിലാകമാനം 32 ലക്ഷത്തിൽപ്പരം ആളുകൾ താമസിക്കുന്നുണ്ട്. ഇതിൽ കേരളത്തിലെ എല്ലാ ജില്ലക്കാരും ഉണ്ട്. സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥരായി എത്തുന്ന എല്ലാ വിഭാഗം ജനങ്ങളും ഇവിടെ ഒരുമയോടെ കഴിയുന്നു. മററ് സംസ്ഥാനക്കാരും രാജ്യക്കാരും ഇവിടെയുണ്ട്. കാനേഷുമാരി പ്രകാരം കേരളത്തിലെ ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള നഗരവും തിരുവനന്തപുരമാണ്. അതോടൊപ്പം തന്നെ തിരുവനന്തപുരം നഗരം മതസൗഹാർദ്ദത്തിന്റെ മകുടോദാഹരണവുമാണ്. ഇവിടെ ശ്രീപത്മനാഭസ്വാമി ക്ഷേത്രവും, ആറ്റുകാൽ ക്ഷേത്രവും, പാളയം മുസ്ലീം പള്ളിയും, സെന്റ്

ജോസഫ്സ് മെട്രോപൊളീറ്റൻ കത്തീഡ്രലും കൂടാതെ വിവിധ വിശ്വാസപ്രമാണങ്ങളെ പിൻപറ്റുന്ന നിരവധി ആരാധനാലയങ്ങളും ഇവിടെയുണ്ട്. മനുഷ്യരെല്ലാരും ഒന്ന്. ഒരു പരമശക്തിയുടെ മക്കളാണ്: ചിന്തകളിലും പ്രവർത്തിയിലും ആരാധന രീതിയിലും വ്യത്യസ്തമാണെങ്കിലും ആത്യന്തികമായി നാമെല്ലാം എവിടെ നിന്നോ വന്ന് എവിടെക്കോ പോകുന്ന സഞ്ചാരികൾ മാത്രമാണ്. ഈ ഉൾക്കാഴ്ച മനസ്സിലേക്ക് വഹിക്കുവാനുള്ള ത്രാണി നമ്മുടെ സഹചാരികൾക്ക് പകർന്നു നല്കുവാൻ നമുക്ക് കഴിയണം.

മറ്റൊന്ന് ഇന്റർനെറ്റിന്റെ അനന്തസാധ്യതകളാണ്; ഇന്ന് സോഷ്യൽ മീഡിയ ചില്ലറയൊന്നുമല്ല പൊതുസമൂഹത്തെ സ്വാധീനിക്കുന്നത്. ഈ സാധ്യതകളെ പൗരോഹിത്യത്തിന്റെ പരിധിയിൽ നിന്ന് നമുക്ക് എങ്ങനെ പ്രയോജനപ്പെടുത്താം എന്നത് ചിന്തനീയമായ കാര്യമാണ്. തിരുവനന്തപുരം സിറ്റിയിൽ പ്രവർത്തിക്കുന്ന വിവിധ ടെക്നോപാർക്ക് കമ്പനികൾ പുതിയ ഒരു ജീവിതചര്യയും ടെക്കിസംസ്കാരവും വളർത്തുന്നു. ഇവരിലേക്കും നമുക്ക് ഇറങ്ങിച്ചെല്ലാവുന്നതാണ്. ജോലിയുടെ സ്ട്രസ്, വൈദേശികമായ ദിനചര്യ കുടുംബത്തിലും പ്രതിഫലിക്കുന്ന ഇവരുടെ ജോലിയുടെ സ്വഭാവം ഒക്കെ നമുക്ക് ഇറങ്ങി പ്രവർത്തിക്കേണ്ട മേഖലയെന്നാണ് എനിക്ക് തോന്നുന്നത്. അതോടൊപ്പം തിരുവനന്തപുരം ടൂറിസ്റ്റ് ഹബ്കുടിയാണ്. നിരവധി വിദേശികളും സ്വദേശികളും ഇവിടെ എത്തിച്ചേരുന്നു. ഇവർ നമ്മുടെ പൗരാണികവും ചരിത്രമുറങ്ങുന്നതുമായ റെയിൽവേ സ്റ്റേഷനുകളും, മാർക്കറ്റും, പ്രകൃതിയുടെ ഊഷ്മളതയിൽ നമ്മെ പുളകിതരാക്കുന്ന അരുവികളും, നദികളും, സമുദ്രവും, ഇതൊക്കെ ഈ നഗരത്തിന്റെ പ്രത്യേകതയാണ്.

പുരോഹിതൻ ചിന്തയിലും പ്രവൃത്തിയിലും ദൈവവുമായി ചേർന്നു പ്രവർത്തിക്കുന്നവനാണ്. ദൈവം അബ്രാഹത്തോടരുൾ ചെയ്തു "നിന്റെ ദേശത്തെയും ബന്ധുക്കളെയും പിതൃഭവനത്തെയും വിട്ട് ഞാൻ കാണിച്ചുതരുന്ന നാട്ടിലേക്കു പോവുക" (ഉൽ:12:1). അവിടെ ആദ്യപിതാവായി ദൈവം അബ്രാഹത്തെ തിരഞ്ഞെടുത്തു, വലിയൊരു ഗണത്തിന്റെ നായകനാകാൻ; ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ പ്രതിപുരുഷനാകാൻ; ഒരു പുരോഹിതന് മാത്രമെ സാധിക്കൂ. പുരോഹിതന്റെ സ്ഥാനം അവിടുത്തെ തിരുഹൃദയത്തിനരികെയാണ്. ഈശോയെ ലോകത്തിനു കാണിച്ചു കൊടുക്കാൻ കടപ്പെട്ടവനാണ് പുരോഹിതൻ.

ബിഷപ്പ് ഡോ.തോമസ് ജെ.നോറ്റോ തിരുമേനിയ്ക്ക് എല്ലാവിധ ആശംസകളും ഭാവുകങ്ങളും നേരുന്നു. ■



**ഹഫിസ് പി.എച്ച്. അബ്ദുൾ ഗഫൂർ മൗലവി**
ചീഫ് ഇമാം, വള്ളക്കടവ് വലിയപള്ളി
തിരുവനന്തപുരം

# ബഹുസ്വരത പുലരട്ടെ...

**എല്ലാ മതങ്ങൾക്കും അതിന്റേതായ വിശ്വാസങ്ങളും അനുഷ്ഠാനങ്ങളും ഉണ്ടെങ്കിലും എല്ലാറ്റിന്റെയും അടിസ്ഥാനം നീതിയും സമത്വവും സമാധാനവുമാണ്. അതിൽ നിന്നും ഒരു ബഹുസ്വര സമൂഹമാണ് സൃഷ്ടിക്കപ്പെടേണ്ടതെന്ന് നാം ആഗ്രഹിക്കുന്നു. ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് ഇതര മത സമൂഹങ്ങളെക്കൂടി ചേർത്തുപിടിച്ചുകൊണ്ട് നമുക്ക് ഒന്നിച്ചുമുന്നേറാം**

ആദരണീയനായ സൂസപാക്യം തിരുമേനി ബിഷപ്പായി അഭിഷേകം ചെയ്തത് 1990 ലാണ്. അന്ന് ശംഖുമുഖം കടലോരത്ത് പതിനായിരങ്ങൾ പങ്കെടുത്ത സമ്മേളനത്തിൽ വിനീതനായ എനിക്കും ആശംസകളർപ്പിക്കാൻ അവസരം ലഭിച്ചു. 32 വർഷങ്ങൾ കടന്നുപോയിരിക്കുന്നു. അന്നത്തെ സ്ഥിതിയല്ല ഇന്നത്തെ നമ്മുടെ രാജ്യത്തിന്റെ അവസ്ഥ. ന്യൂനപക്ഷ വിഭാഗങ്ങളെല്ലാം തന്നെ വല്ലാതെ പാർശ്വവൽക്കരിക്കപ്പെട്ടിരിക്കുന്നു. അവരുടെ വ്യക്തിത്വം തന്നെ ചോദ്യം ചെയ്യപ്പെടുകയാണ്. ഈ കഴിഞ്ഞ ക്രിസ്തുമസ്സിന്റെ തലേദിവസം കേരളത്തിന് പുറത്ത് പലയിടങ്ങളിലും ക്രൈസ്തവ സഹോദരങ്ങൾക്കും ദൈവാലയങ്ങൾക്ക് നേരെയും അക്രമണങ്ങളും ഭീഷണികളും ഉണ്ടായി. ലോകചരത്രത്തിൽ തീവ്രവാദ പ്രസ്ഥാനങ്ങളും ഫാസിസ്റ്റുകളും ഒരുപാടുണ്ടായിട്ടുണ്ട്. ലോകചരിത്രത്തിൽ ഇതൊന്നും പുതിയതല്ല. ന്യൂനപക്ഷങ്ങളെ അടിച്ചമർത്തുകയും തന്മൂലം രക്തച്ചൊരിച്ചിലുകൾ ഉണ്ടാവുകയും ചെയ്യുന്നത് നാം കണ്ടിരിക്കുന്നു.

ഇസ്ലാമിന്റെ തലവാചകവും നയവും നീതിയാണ്. ദൈവദാസന്മാരുടെ ഇടയിൽ നീതി നടപ്പാക്കുക; ഇസ്ലാമിൽ ധാരാളം അനുഷ്ഠാനങ്ങളും വിശ്വാസങ്ങളും ഉണ്ടെങ്കിലും എല്ലാത്തിനും അടിസ്ഥാനം നീതിയും സമത്വവുമാണ്. എല്ലാ ദൈവിക മക്കളുടെയും സാമൂഹിക അസ്തിത്വത്തിന്റെ പ്രധാന ഉള്ളടക്കവും ലക്ഷ്യവും നീതി എന്നതു തന്നെയാണ്. ആദരണിയനായ തോമസ് നെറ്റോ തിരുമേനിക്ക് ഈ വലിയ ലക്ഷ്യങ്ങൾ മുന്നിൽ വയ്ക്കാവുന്നതാണ്.

(1) സാമ്പത്തിക നീതി – സമൂഹത്തിലെ എല്ലാ ജനവിഭാഗങ്ങളുടെയും അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റാൻ തക്കവണ്ണം സാമ്പത്തിക നീതി നടപ്പിലാക്കപ്പെടണം. (2) നീതിന്യായ വ്യവസ്ഥയിലെ നീതി: കോടതികൾ, കുറ്റാന്വേഷണ ഏജൻസികൾ, പ്രോസിക്യൂ

ഷൻ ഇവയൊക്കെ യഥാർത്ഥ നീതിക്കുവേണ്ടി നിലകൊള്ളണം. നിരപരാധികൾ പീഢിപ്പിക്കപ്പെടുന്ന സാഹചര്യം ഉണ്ടാകാതിരിക്കാൻ ആത്മീയ നേതാക്കൾക്ക്, എന്തു ചെയ്യാൻ കഴിയും എന്നു ചിന്തിക്കണം.

ബഹുമാന്യനായ തോമസ് നെറ്റോ തിരുമേനിയ്ക്ക് ഈ ലക്ഷ്യങ്ങൾ വളരെ വലുതാണ്. ഇത്തരം കാര്യങ്ങൾ തന്റെ പരിധിയിൽ നില്ക്കുന്നതല്ല എന്നുതോന്നാം. പക്ഷേ നാം സർവ്വശക്തനിൽ ഭരമേല്പിച്ചിരിക്കുന്ന ഈ രാജ്യത്തിന്റെ നീതിക്കുവേണ്ടി നമ്മളാൽ കഴിയുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടണം. ഭാരതമെന്ന ബഹുസ്വര സമൂഹത്തെ രണ്ടുതരത്തിൽ വ്യാഖ്യാനിക്കാം. (1) മെൽറ്റിംഗ് പോട്ട് തിയറി:- വിവിധ ലോഹങ്ങൾ ഉരുക്കിയുണ്ടാക്കിയ ഒരു ലോഹപാത്രമാണ് സമൂഹം. കുറച്ചു കൂടി വ്യക്തമായി പറഞ്ഞാൽ വ്യത്യസ്ത പഴങ്ങളിട്ട് ഉണ്ടാക്കിയ ജ്യൂസിൽ ഒന്നിന്റെ ഗുണവും രുചിയും തിരിച്ചറിയുന്നില്ല. ഏത് പഴമാണോ കൂടുതൽ ചേർക്കുന്നത് അതിന്റെ ഗുണം പുറത്തു വരും. ഭാരതംപോലുള്ള ബഹുസ്വര രാജ്യത്തിന് ഈ രീതി ഒരിക്കലും അഭികാമ്യമല്ല.

(2) സാലഡ് ബൗൾ തീയറി (Salad bowl theory):- ഇവിടെ പച്ചക്കറികളെല്ലാം ഒരു പത്രത്തിലാണെങ്കിലും എല്ലാത്തിനെയും തിരിച്ചറിയാൻ കഴിയും. ഒന്നിന്റെയും സ്വത്വം നഷ്ടപ്പെടുന്നില്ല ഇതാണ് നമുക്ക് വേണ്ടത്. ഇങ്ങനെയുള്ള ബഹുസ്വര സമൂഹമാണ് സൃഷ്ടിക്കപ്പെടേണ്ടത്.

ഇത്തരം വലിയ ലക്ഷ്യങ്ങൾ മുന്നിൽവെച്ചുകൊണ്ട് തമ്പുരാനോടു കരളുരുകി പ്രാർത്ഥിച്ച്, പകലിൽ കഠിനമായി അധ്വാനിച്ച് ഇതര മതസമൂഹങ്ങളെക്കൂടി ചേർത്തു പിടിച്ചുകൊണ്ട് ഈയൊരു വലിയ ലക്ഷ്യത്തിനായി നമുക്ക് ഒന്നിച്ചു മുന്നേറാം. 7 വർഷം ഞാൻ പാളയം പള്ളിയിൽ ഇമാം ആയി പ്രവർത്തിച്ചിരുന്ന കാലഘട്ടത്തിൽ സൂസപാക്യം പിതാവിനോടൊപ്പം മറ്റു മതസ്ഥരുമായി ചേർന്ന് മതസൗഹാർദ്ദത്തിനുവേണ്ടി പരിശ്രമിച്ചു. അതുപോലെ മാസത്തിലൊരിക്കൽ ഒരുമിച്ച് കൂടുകയും പോരായ്മകളുണ്ടെങ്കിൽ തിരുത്തി മുന്നേറുകയും ചെയ്യാൻ നമുക്ക് ഇനിയും കഴിയണം. മതസൗഹാർദ്ദത്തിന് കോട്ടം വരുമ്പോൾ അവിടെ ഓടിയെത്താനും നമുക്ക് കഴിയണം. ഈ ലക്ഷ്യം മുന്നിൽവെച്ചുകൊണ്ട് ധാരാളം നന്മ പ്രവർത്തികൾ ചെയ്യാൻ ബഹുമാന്യനായ തോമസ് നെറ്റോ തിരുമേനിക്ക് കഴിയട്ടെ. എല്ലാവിധ പ്രാർത്ഥനകളും ആശംസകളും നേരുന്നു. ■



*രാഷ്ട്രീയ നേതാക്കന്മാരുടെ പ്രതീക്ഷകൾ!*



**ഷിബു ബേബിജോൺ**
മുൻമന്ത്രി

**പിന്നാക്കം നില്ക്കുന്നവരെ മുന്നോട്ട് കൊണ്ടുവന്ന് ജാതിചിന്തകൾ കൂടാതെ നയിക്കണം എന്ന ദൗത്യമാണ് കേരളം മുന്നോട്ടു വെയ്ക്കുന്നത്.**

# മതസാഹോദര്യവും മനുഷ്യസാഹോദര്യവും പുലരട്ടെ

തിരുവനന്തപുരം അതിരൂപതയുടെ നിയുക്ത മെത്രാനായി തിരഞ്ഞെടുക്കപ്പെട്ട ബഹുമാന്യനായ തോമസ് നെറ്റോ തിരുമേനിയ്ക്ക് പ്രാർത്ഥനാശംസകൾ അറിയിക്കുന്നു. സാമൂഹികവും സാമ്പത്തികവുമായി ഏറ്റവും പിന്നിൽ നില്ക്കുന്ന പ്രദേശമാണ് നമ്മുടെ തെക്കൻ തീരദേശമേഖല. അതുകൊണ്ടു തന്നെ തിരുവനന്തപുരം അതിരൂപതയ്ക്ക് വലിയ ഉത്തരവാദിത്തം നിറവേറ്റാൻ സാധിക്കുന്ന മേഖലയാണിത്. സൂസപാക്യം പിതാവിന്റെ നേതൃത്വത്തിൽ അത് വിജയകരമായി തെളിയിച്ചിട്ടുമുണ്ട്. സാമൂഹിക തിന്മകളിൽ നിന്നും സഭാസമൂഹത്തെ മോചിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കേരളത്തിനാകെ തന്നെ മാതൃകയായി മാറിയ രൂപതയാണിത്. മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനൊപ്പം വിശ്വാസത്തിൽ ചേർത്തു നിർത്തുകയും, വിദ്യാഭ്യാസ രംഗത്ത് ഉയർച്ചയിലേക്ക് അവരെ കൊണ്ടുവരികയും വേണം. ഇത് സഭയ്ക്കുള്ളിൽ നിന്നു തന്നെ ചെയ്യേണ്ടകാര്യമാണ്. പ്രതിജ്ഞാബദ്ധതയുള്ള, അർപ്പണ മനോഭാവമുള്ള വൈദിക മേലദ്ധ്യക്ഷനാണ് പിതാവ്.

നമ്മുടെ നാടിന്റെ ഇന്നത്തെ സ്ഥിതി എല്ലാവരും ആശങ്കയോടെയാണ് കാണുന്നത്. രാഷ്ട്രീയ അജണ്ടയുടെ ഭാഗമാണെങ്കിലും അല്ലെങ്കിലും രാജ്യത്ത് മനസ്സുകൾ തമ്മിലുള്ള ഒരു അകൽച്ച ഇന്നുണ്ട്. കേരളത്തിൽ അത്ര പ്രകടമല്ലെങ്കിൽ പോലും അതിന്റെ അലയൊലികൾ നമുക്ക് കേൾക്കാൻ കഴിയും. പിന്നാക്കം നില്ക്കുന്നവരെ മുന്നോട്ട് കൊണ്ടുവന്ന് ജാതിചിന്തകൾ കൂടാതെ നയിക്കണം എന്ന ദൗത്യമാണ് കേരളം മുന്നോട്ടു വെയ്ക്കുന്നത്. തിരുവനന്തപുരത്തെ സംബന്ധിച്ച് എല്ലാവരാലും ഒരുപോലെ അംഗീകരിക്കപ്പെട്ട വ്യക്തിയാണ് സൂസപാക്യം പിതാവ്. നല്ലരീതിയിൽ തന്നെ രൂപതാ പ്രവർത്തനങ്ങൾ അദ്ദേഹം നിർവ്വഹിച്ചു.

ഈ സമീപകാലത്ത് വളരെ ആശങ്കയോടെ നാം കണ്ടത് കർണാടകയിൽ നടന്ന സംഭവങ്ങളാണ്. പുതിയ തലമുറ എങ്ങനെ ചിന്തിക്കുന്നു എന്ന ചോദ്യത്തിനുത്തരമാണ് കോളേജുകളിൽ നടന്ന സംഭവങ്ങൾ. മുറിവുണക്കാൻ പറ്റുന്ന കാര്യങ്ങൾ സർക്കാരുകൾക്ക് ചെയ്യാൻ പറ്റുന്നില്ല. ഇത്രയും പ്രകടമല്ലെങ്കിൽ പോലും കേരളത്തിലും ഇത്തരം ഒറ്റപ്പെട്ട സംഭവങ്ങൾ നടക്കുന്നുണ്ട്. ഒരു സിനിമ ഇറങ്ങിയാൽ അതിൽ അഭിനയിച്ച നടന്റെ മതം നോക്കി അതിനെ വിമർശിക്കുന്ന സാഹചര്യം കാണപ്പെടുന്നു. അഭിവന്ദ്യ തോമസ് നെറ്റോ പിതാവ് മതസാഹോദര്യവും മനുഷ്യസാഹോദര്യവും പുലർത്തിക്കൊണ്ട് ഈ നാടിന്റെ പുരോഗതിക്കായി നിലകൊള്ളുമെന്ന് ഞാൻ കരുതുന്നു. തോമസ് നെറ്റോ പിതാവിന് എല്ലാവിധ നന്മകളും നേരുന്നു. ■



ഡോ. ക്ലമെന്റ് ലോപ്പസ്

# അനിവാര്യമായ തിരുത്തലുകൾ

**പ**ലപ്പോഴും നേതൃത്വം പലവിധ സമ്മർദ്ദങ്ങൾക്കും താല്പര്യങ്ങൾക്കും വീക്ഷണങ്ങൾക്കും വിധേയമാകും. അങ്ങനെയാവുമ്പോൾ അഭിപ്രായ സമന്വയവും ലക്ഷ്യ സ്ഥാനത്തേക്ക് എത്തിക്കാനുള്ള ദൗത്യവും നേതൃപരമായ വൈദഗ്ദ്ധ്യം ആവശ്യപ്പെടുന്നു. ഇപ്പോൾ സ്വപ്നങ്ങളും പ്രതീക്ഷകളും മുന്നോട്ടു വയ്ക്കുവാൻ മാത്രമേ നമുക്കു കഴിയൂ.

1. സമയ ബന്ധിതമായ സോഷ്യൽ ഓഡിറ്റിംഗ്. (എ) ആദ്ധ്യാത്മിക നിലവാരം (വിശ്വാസ സമൂഹം വൈദികർ, കന്യാസ്ത്രീകൾ, വിവിധ ഉത്തരവാദിത്വങ്ങൾ വഹിക്കുന്നവർ മുതലായവർ പല സൂചികകൾ ആലോചിക്കാവുന്നതാണ്. താരതമ്യം കഴിഞ്ഞ നാളുകളുമായും മറ്റു വിഭാഗങ്ങളുമായും ആകാം). (ബി) ജീവിത നിലവാരം (സി) പശ്ചാത്തല സൗകര്യങ്ങൾ, നയ രൂപീകരണവും അവയുടെ സാക്ഷാത്ക്കാരവും ഇവയെല്ലാം അടിസ്ഥാനമാക്കി സമയബന്ധിതമായ സോഷ്യൽ ഓഡിറ്റിംഗ് അത്യാവശ്യമാണ്.
2. പ്രാദേശിക ദൈവശാസ്ത്രം (Local Theology) മുൻകാല ഒത്തുവാസ സന്ദർഭങ്ങളിൽ രൂപപ്പെടുത്തിയ തിരുവനന്തപുരം കേന്ദ്രീകൃത പ്രാദേശിക ദൈവശാസ്ത്രത്തിൽ കൂടുതൽ വ്യക്തതയും നടപ്പിലാക്കലും വേണ്ടതുണ്ട്.
3. ലത്തീൻ സമുദായം ഒരു വികസ്വര സമുദായം എന്ന നിലയ്ക്ക് എല്ലാ മേഖലകളിലേയ്ക്കുമുള്ള സാമൂഹിക വ്യാപനം സംബന്ധിച്ച കൂടുതൽ വ്യക്തതയും പദ്ധതികളും ഉണ്ടാവണം. ഇത് മറ്റു വികസിത സാമൂഹിക വിഭാഗങ്ങളുടെ അവസരങ്ങളുമായി സംഘർഷം ഉണ്ടാകുവാൻ സാദ്ധ്യത ഉള്ളതിനാൽ താത്പര്യ സംഘർഷം ഉള്ളവർ നയരൂപീകരണ വേദികളിലും നേതൃപരമായ പങ്ക് വഹിക്കുന്നവരിലും ഇല്ല എന്ന് ഉറപ്പു വരുത്തണം. ഇത്തരം ബാഹ്യ താല്പര്യങ്ങൾ സ്വന്തം താത്പര്യങ്ങളായി കരുതുന്ന സമുദായ അംഗങ്ങൾക്കും ഇത് ബാധകമാക്കണം. ദേശീയ തലത്തിൽ കൂടുതൽ ശക്തിപ്രാപിക്കുന്ന പ്രതിലോമ പ്രവണതകൾ ഒരു ന്യൂനപക്ഷ സമുദായം എന്ന നിലയ്ക്കും ഒരു വികസ്വര സമുദായം (പിന്നാക്ക സമുദായം എന്നതിന് പകരം) എന്ന നിലയ്ക്കും തിരിച്ചറിയുകയും പ്രതിരോധിക്കുകയും വേണം.

വിശുദ്ധ ആരാധനാലയങ്ങൾ നിർമ്മിക്കുന്നത് ഭിക്ഷക്കാരൻ റൈബാൻ കൂളിങ് ഗ്ലാസ് വച്ചതുപോലെ പരിഹാസ്യമാവരുത്. മറ്റു ഇടവകകളുമായും മറ്റ് സമുദായങ്ങളുമായും മത്സരിയ്ക്കുന്നതു പോലെയാവരുത്. ആരാധനയ്ക്കുള്ള സൗകര്യമാവണം മാനദണ്ഡം. ബാഹ്യ മോടി ആവരുത്. ദേവാലയ മണി കേൾക്കുവാൻ ഉയർന്ന ഗോപുരങ്ങൾ പണ്ട് ആവശ്യമായിരിക്കാം. ആധുനിക ഡിജിറ്റൽ കാലത്തു ഉയർന്ന ഗോപുരങ്ങൾ അനാവശ്യ ചെലവ് മാത്രം. വിശ്വാസ സമൂഹത്തിന്റെ ആദ്ധ്യാത്മിക സാംസ്കാരിക ഉന്നതിയാവണം മാനദണ്ഡം.

ഭൂരിപക്ഷം വൈദികരും കൂടുതൽ സമയം ചിലവഴിച്ചു കാണുന്നത് നിർമ്മാണ–അഡ്മിനിസ്ട്രേറ്റീവ് കാര്യങ്ങൾക്കാണ്. ഈ ദൗത്യം വിശ്വാസ സമൂഹത്തിലെ പ്രൊഫഷനലുകളെ ഏല്പിക്കാവുന്നതാണ്. കൊച്ചി പഴയ കൊച്ചി അല്ല എന്നതുപോലെ വിശ്വാസ സമൂഹവും പഴയ 'അല്മായർ' അല്ല. വൈദികർ ജനങ്ങളുടെ ഉന്നതമായ ആദ്ധ്യാത്മിക സാംസ്കാരിക നിലവാരം മെച്ചപ്പെടുത്തുവാൻ തങ്ങളുടെ സമയം നീക്കി വെയ്ക്കണം. മറ്റു സാമൂഹിക വിഭാഗങ്ങളെക്കാൾ വിവാഹ മോചനം, ആത്മഹത്യ, അക്രമം, പീഡനം, കുടുംബ തകർച്ച, സംഘർഷങ്ങൾ ഇവ നമ്മുടെ സമൂഹത്തിൽ അധികരിച്ച് വരികയാണ്. ക്രിസ്തുവിനെപ്പോലെയാവുക എന്നതിനെക്കാൾ മുന്നിൽ കാണുന്ന പ്രതി പുരുഷൻമാരായ വൈദികരെപ്പോലെ ആകുവാൻ ആവശ്യപ്പെടുന്നതാവും കൂടുതൽ അഭികാമ്യം. അങ്ങനെ പറയുവാനുള്ള ആത്മവിശ്വാസം വൈദികർക്കും ഉണ്ടാവണം.

അക്കൗണ്ടബിലിറ്റി ഇന്നും ഒരു തർക്ക വിഷയമായി പല ഇടവകകളിലും ഉണ്ട്. റിയൽ ടൈം ഓൺലൈൻ അക്കൗണ്ടിംഗ് രീതികൾ നമുക്ക് അവലംബിക്കാവുന്നതാണ്. ■





ഡോ. സീന ഫെലിക്സ്

# ലാളിത്യം കിരീടമാക്കിയ മഹാഇടയൻ

2022 ഫെബ്രുവരി 2-ാം തീയതി തിരുവനന്തപുരം അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ സൂസപാക്യം പിതാവ് സഭയുടെ നേതൃസ്ഥാനത്തു നിന്ന് വിരമിക്കുന്നു എന്നവാർത്ത അല്പം ഹൃദയവേദനയോടെയാണ് സാധാരണക്കാരായ ജനങ്ങൾ കേട്ടത്. അത്രമാത്രം ജനങ്ങളോട് ചേർന്നു നിൽക്കുന്ന ആർദ്രഹൃദയനായിരുന്നു, പിതാവ്. പാവങ്ങളുടെ പിതാവെന്നും ജനകീയനായ പിതാവെന്നും അദ്ദേഹം അറിയപ്പെട്ടിരുന്നു. അജഗണങ്ങൾക്ക് സൂസപാക്യം പിതാവിന്റെ സാന്നിധ്യം എന്നും ഒരു സാന്ത്വനം തന്നെ ആയിരുന്നു. ഭാരത കത്തോലിക്കസഭയും കേരളത്തിലെ രാഷ്ട്രീയ സാമൂഹിക സാംസ്കാരിക രംഗത്തെ അതികായരും പൊതുസമൂഹവും സമൂഹത്തെ ഗ്രസിക്കുന്ന നിർണായക വിഷയങ്ങളിൽ പിതാവിന്റെ വാക്കുകൾക്കുവേണ്ടി കാതോർത്തിരുന്നു. അത് പലപ്പോഴും കത്തോലിക്കരായ നമുക്ക് വളരെയേറെ അഭിമാനം നൽകുന്ന ഒന്നായിരുന്നു.

1990 ഫെബ്രുവരി 2 ന് വൈകുന്നേരം 5 മണിക്ക് ജനസഹസ്രങ്ങളെ സാക്ഷിനിർത്തി ശംഖുമുഖം കടലോരത്ത് സൂസപാക്യം പിതാവിന്റെ മെത്രാഭിഷേക കർമ്മത്തിൽ ആമുഖസന്ദേശം നൽകിയ മുഖ്യകാർമികൻ ഡോ. കൊർണേലിയൂസ് ഇലഞ്ഞിക്കൽ പിതാവിന്റെ വാക്കുകൾ ഇപ്രകാരമായിരുന്നു. “ഇന്ന് സാർവത്രികസഭ സന്തോഷിക്കുന്നു. കാരണം ദൈവജനത്തെ ഭരിക്കാൻ, നയിക്കാൻ” അവരെ വിശുദ്ധീകരിക്കാൻ വേണ്ടി ദൈവത്താൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള ഒരു മെത്രാൻ ഇവിടെ ജന്മം കൊള്ളുന്നു. ഇന്ന് ഭാരതസഭ സന്തോഷിക്കുന്നു കാരണം ഭാരതമേ നിന്റെ രക്ഷ നിന്റെ സന്താനങ്ങളിൽ നിന്നായിരിക്കും എന്ന് മഹാനാ

**ഇന്ന് സാർവത്രികസഭ സന്തോഷിക്കുന്നു. കാരണം ദൈവജനത്തെ ഭരിക്കാൻ, നയിക്കാൻ" അവരെ വിശുദ്ധീകരിക്കാൻ വേണ്ടി ദൈവത്താൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള ഒരു മെത്രാൻ ഇവിടെ ജന്മം കൊള്ളുന്നു. ഇന്ന് ഭാരതസഭ സന്തോഷിക്കുന്നു കാരണം ഭാരതമേ നിന്റെ രക്ഷ നിന്റെ സന്താനങ്ങളിൽ നിന്നായിരിക്കും എന്ന് മഹാനായ ലിയോ പതിമൂന്നാമൻ പാപ്പയുടെ പ്രവചനം ഒരിക്കൽക്കൂടി അന്വർഥമാക്കുന്നു.**

യ ലിയോ പതിമൂന്നാമൻ പാപ്പയുടെ പ്രവചനം ഒരിക്കൽക്കൂടി അന്വർഥമാക്കുന്നു. ഇന്ന് കേരളസഭ സന്തോഷിക്കുന്നു കാരണം ക്രിസ്തുവിന്റെ സ്നേഹസന്ദേശം ഭാരതത്തിൽ ആദ്യമായി സ്വീകരിക്കാൻ ഭാഗ്യം സിദ്ധിച്ച, ആ സ്നേഹ സന്ദേശത്തിന്റെ തേരൊളി വീശാൻ, അതനുസരിച്ച് പ്രവർത്തിക്കാൻ അതിന് സാക്ഷ്യം വഹിക്കാൻ അതിനെല്ലാം നേതൃത്വം നൽകാൻ സർവഥാ യോഗ്യനായ ഒരു വൈദികാധ്യക്ഷനെ നമുക്ക് ലഭിച്ചിരിക്കുന്നു. ഭക്തിയും വിശുദ്ധിയും പാണ്ഡിത്യവും ലാളിത്യവും തത്വദീക്ഷയും സമചിത്തതയും എല്ലാം ഒത്തിണങ്ങിയ ഒരു നല്ലിടയൻ." ഈ വാക്കുകൾ അന്വർഥമാക്കിക്കൊണ്ട് 32 വർഷം നമ്മെ ആത്മീയ പാതയിലൂടെ നയിച്ച മഹാ ഇടയനാണ് അദ്ദേഹം. പഠനവും വായനയും പ്രാർത്ഥനാചൈതന്യവുമായി അദ്ദേഹം ഇനിയും നമ്മോടൊപ്പം തന്നെ ഉണ്ടാവും.

## സഭ ദൈവജനം

ജനങ്ങൾക്കുവേണ്ടിയുള്ള സഭയെന്നതിനേക്കാൾ ജനങ്ങളുടെ സഭയ്ക്കുവേണ്ടിയാണ് പിതാവ് നിലകൊണ്ടത്. അല്മായരെ കൂടി ഉൾപ്പെടുത്തി ജനങ്ങളുടെ സഭയാക്കി മാറ്റാൻ പിതാവിന്റെ ദീർഘദർശനത്തിന് സാധിച്ചു. സഭാ സംവിധാനങ്ങളുടെ നവീകരണത്തിന്റെ കാലമായിരുന്നു പിന്നീട് നാം കണ്ടത്. ഒരു അജപാലകൻ എങ്ങനെയാണ് നല്ല ഇടയനായിത്തീരുന്നതെന്ന് പിതാവിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. പാർശ്വവൽക്കരിക്കപ്പെട്ട ലത്തീൻ സമുദായത്തിന്റെ വളർച്ച സ്വപ്നം കണ്ട പിതാവായിരുന്നു. മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ തീരാദുഃഖങ്ങൾ കണ്ടറിഞ്ഞ് അസ്വസ്ഥനാകുന്ന പിതാവ്. പരിശുദ്ധാത്മാവിന്റെ നിറവിനാൽ സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിൽ കഴിയുന്ന മക്കളെ ആത്മീയ വളർച്ചയിലും അതോടൊപ്പം സാമൂഹികമായ വളർച്ചയിലേക്കും കൊണ്ടെത്തിക്കേണ്ട ഒരു ഉത്തരവാദിത്തം അദ്ദേഹം പ്രാർത്ഥനാപൂർവ്വം ഏറ്റെടുത്തു. അതുകൊണ്ടാണ് പാവങ്ങളുടെ പിതാവ് എന്ന വിളിപ്പേര് കിട്ടിയതും. ഇരുൾവഴിയിൽ വഴിവിളക്കായി തീരേണ്ടവനാണ് പുരോഹിതൻ. ഈ ദൗത്യം തന്നെയാണ് തന്റെ കർമ്മപാതയിൽ അദ്ദേഹം തുടർന്നുകൊണ്ടുപോയതും. യാഥാർഥ്യങ്ങൾ മനസ്സിലാക്കി തനിക്ക് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ സത്യസന്ധമായും ശാസ്ത്രീയമായ പഠനങ്ങളുടെ അടിസ്ഥാനത്തിലും മനസ്സിലാക്കിയതിനുശേഷമാണ് ഓരോ പദ്ധതികളും ആസൂത്രണം ചെയ്തത്. തിരുവനന്തപുരം അതിരൂപതയുടെ ശക്തിയും പരിമിതികളുമെല്ലാം അദ്ദേഹത്തിന് വ്യക്തമായിരുന്നു. സാമൂഹിക പുരോഗതിക്ക് തടസം നിൽക്കുന്ന വിവിധ വിഷയങ്ങളെ ഉൾക്കൊണ്ടുതന്നെയാണ് മുന്നോട്ടുപോയതും. 'നമ്മുടെ ബലഹീനതകളിൽ ആത്മാവ് നമ്മെ സമാധാനിപ്പിക്കും' എന്ന വിശ്വാസമാണ് അദ്ദേഹത്തെ മുന്നോട്ടു നയിച്ചത്. ഒരു ഇടയന്റെ ധർമ്മമെന്നത് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന അജഗണങ്ങളെ 'മെച്ചപ്പെട്ടമേച്ചിൽപ്പുറങ്ങളിലേക്കും പ്രശാന്തമായ ജലാശയങ്ങളിലേക്കും നയിക്കുക എന്നതാണ്'. സഭ ദൈവജനമാണെന്നും സഭയിലെ അംഗങ്ങളെല്ലാവരും ഒരേ വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടവരാണെന്നുമുള്ള ദർശനം ഉൾക്കൊണ്ടുകൊണ്ടാണ് അദ്ദേഹം നമ്മെ നയിച്ചത്. ഉത്ഥിതനായ യേശുവിന്റെ വിശ്വാസസാക്ഷ്യത്തിനും അവിടുത്തെ സുവിശേഷ പ്രഘോഷണത്തിലൂടെ ഫലപ്രദമായ സാക്ഷ്യം വഹിക്കുന്ന ക്രിസ്തുശിഷ്യരായി സഭയെ പരിണമിപ്പിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ പൗരോഹിത്യദർശനം.

## ക്രൈസ്തവ കൂട്ടായ്മ: ക്രിസ്തുവിന്റെ ശരീരം

20-ാം നൂറ്റാണ്ടിൽ കത്തോലിക്ക സഭയുടെ പ്രവർത്തനശൈലിയിലും മനോഭാവത്തിലും അടിസ്ഥാനപരമായ മാറ്റത്തിന് കാരണമായ മഹാസംഭവമായിരുന്നു രണ്ടാം വത്തിക്കാൻ കൗൺസിൽ. മാനവികതയ്ക്കും മനുഷ്യന്റെ പൊതുനന്മയ്ക്കും ഉപകരിക്കുന്ന ദൗത്യം ലോകത്തിൽ തുടരാൻ സഭയ്ക്ക് ഉത്തരവാദിത്തമുണ്ടെന്ന കണ്ടെത്തലാണ് ആ രേഖകൾ വ്യക്തമാക്കിയത്. തിരുവനന്തപുരം രൂപതാ സ്ഥാപനത്തിന്റെ 50-ാം വാർഷികാഘോഷത്തോടനുബന്ധിച്ച് നടന്ന കോട്ടാർ സമ്മേളനം അടിസ്ഥാന ക്രൈസ്തവ സമൂഹത്തിന്റെ രൂപീകരണത്തിന് ചാലകശക്തിയായി പ്രവർത്തിച്ചു. അൽമായ പങ്കാളിത്തം അജപാലന ശുശ്രൂഷയുടെ ദൗത്യപൂർത്തീകരണത്തിന് അത്യന്താപേക്ഷിതമാണെന്ന തിരിച്ചറിവിൽ സൂസപാക്യം പിതാവ് ആദിമ ക്രൈസ്തവ സമൂഹത്തിന്റെ കൂട്ടായ്മ മാതൃക നമ്മുടെ മുന്നിലും അവതരിപ്പിച്ചു. അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങൾ വഴി ഇടവക സമൂഹത്തിലെ അറിയപ്പെടാത്ത ഏറ്റവും അവഗണന നേരിടുന്ന സഭാമക്കളുടെ സ്വരം തിരിച്ചറിയുകയും അവരെ ചേർത്തുപിടിക്കുകയും ചെയ്യണം എന്ന് തന്റെ നോമ്പുകാല സന്ദേശത്തിലൂടെ സഭാ ജനങ്ങളെ അറിയിച്ചു. അങ്ങനെ ബിസിസി കൂട്ടായ്മകളുടെ ആരംഭം കുറിച്ചു. വിവിധ ശുശ്രൂഷകളിലൂടെ എല്ലാവരിലേക്കും ചെന്നെത്താൻ ഈ കൂട്ടായ്മകൾക്ക് ക



**ജനപങ്കാളിത്തത്തിലൂടെ അധികാര വികേന്ദ്രീകരണ ത്തിലൂടെ ദൈവരാജ്യ നിർമ്മിതി ലക്ഷ്യംവച്ചുകൊ ണ്ട് രൂപത ഇന്നും ആ പ്രയാണം തുടരുന്നു. ഇതിന് കാരണഭൂതനായ സൂസപാക്യം പിതാവിനെ എത്ര അഭിനന്ദിച്ചാലും മതിയാവില്ല. വിനയാന്വിത നായ പിതാവിലൂടെ അജപാലന ദൗത്യം എന്താണെന്ന് മനസ്സിലാ ക്കാൻ നമുക്ക് കഴിഞ്ഞു.**

ഴിയും എന്ന ആശയം നാം ഏറ്റെടു ത്തതിന്റെ ഫലമായി അടിസ്ഥാന ക്രൈസ്തവ സമൂഹം രൂപതയിൽ സ ജീവമായി. ക്രൈസ്തവ കൂട്ടായ്മ ക്രി സ്തുവിന്റെ ശരീരമായി കാണുന്ന വ ത്തിക്കാൻ കൗൺസിൽ പഠനത്തിന്റെ വെളിച്ചത്തിലാണ് പിതാവ് ഈ ദൗ ത്യം ഹൃദയപൂർവം ഏറ്റെടുത്തു വി ജയിപ്പിച്ചത്. സഭയുടെ നവീകരണ ത്തിനുവേണ്ടിയുള്ള ഈ അസാധാര ണമായ കൂട്ടായ പ്രയത്നം പിതാവി ന്റെ നേതൃത്വത്തിൽ തിരുവനന്തപുരം രൂപതയിൽ ഫലം കണ്ടു.

## അജപാലനദൗത്യം

1990 ൽ രൂപതാ പാസ്റ്ററൽ കൗൺ സിൽ നിലവിൽ വന്നു. രൂപതയുടെ സമ്പൂർണ വികസനത്തിനാണ് പാസ്റ്റ റൽ കൗൺസിൽ നിലകൊള്ളേണ്ടതെ ന്നും വിശ്വാസികളുടെ കൂട്ടായ്മയിലൂ ടെ രക്ഷയുടെ അടയാളവും കൂദാശ യുമായി ഈ പ്രാദേശികസഭ മാറണ മെന്നും അദ്ദേഹം ആഹ്വാനം ചെയ് തു. അങ്ങനെ രൂപതയിലെ വിവിധ ശുശ്രൂഷകളിലൂടെ നിരവധി കർമ്മരം ഗങ്ങൾ അല്മായരുടെ മുൻപിൽ തു റക്കപ്പെട്ടു. അങ്ങനെ പങ്കാളിത്തത്തി ലൂടെയും അഭിപ്രായ സമന്വയത്തിലൂ ടെയുമുള്ള വികസനമാണ് പിതാവ് ല ക്ഷ്യംവച്ചത്. അങ്ങനെ അജപാലനം, വിദ്യാഭ്യാസം, സാമൂഹികപ്രവർത്ത നം, ധനകാര്യം തുടങ്ങിയ ശുശ്രൂഷ കൾ രൂപംകൊള്ളുകയും അതുമായി ബന്ധപ്പെട്ട വിവിധ സംവിധാനങ്ങൾ നിലവിൽ വരികയും ചെയ്തു. ജനപ ങ്കാളിത്തത്തിലൂടെ അധികാര വികേ ന്ദ്രീകരണത്തിലൂടെ ദൈവരാജ്യ നിർ മ്മിതി ലക്ഷ്യംവച്ചുകൊണ്ട് രൂപത ഇ ന്നും ആ പ്രയാണം തുടരുന്നു. ഇതി ന് കാരണഭൂതനായ സൂസപാക്യം പി താവിനെ എത്ര അഭിനന്ദിച്ചാലും മതി യാവില്ല. വിനയാന്വിതനായ പിതാവി ലൂടെ അജപാലന ദൗത്യം എന്താണെ ന്ന് മനസ്സിലാക്കാൻ നമുക്ക് കഴിഞ്ഞു. അജപാലന ശുശ്രൂഷയിലെ വിവിധ കമ്മീഷനുകളുടെ പ്രവർത്തനങ്ങൾ ചലനാത്മകമാക്കാൻ പിതാവിന്റെ പ്ര വർത്തനങ്ങൾക്ക് സാധിച്ചിട്ടുണ്ട്. 1993 ൽ പങ്കാളിത്ത നേതൃത്വം സഭാശുശ്രൂ ഷകളിലൂടെ എന്ന വിഷയത്തെ അ ധികരിച്ച് പുത്തരിക്കണ്ടം മൈതാനി യിൽവച്ച് രൂപതാതലത്തിൽ പ്രഥമ ബി.സി.സി. കൺവെൻഷൻ നടത്തി. അങ്ങനെ ഈ കൂട്ടായ്മകൾ സാമൂഹി ക തിന്മകൾക്കെതിരായി പ്രതികരി ക്കാനുള്ളശേഷിയും നേടിയെടുത്തു. മദ്യപാനം പോലുള്ള സാമൂഹികവിപ ത്തിനെതിരായി സഭാജനങ്ങളോടൊ പ്പം നിന്ന് ഏറ്റവുമധികം പ്രവർത്തന ങ്ങൾ നടത്തുന്നതിന് പിതാവിന് സാ ധിച്ചു. ഈ സാമൂഹിക തിന്മയ്ക്കെതി രായി ശക്തമായി പ്രതികരിക്കാൻ സൂ സപാക്യം പിതാവിന് കഴിഞ്ഞു എന്ന ത് വലിയ നേട്ടമാണ്. മദ്യപാനത്തിന്റെ വിപത്തുകൾ ഏറ്റവും കൂടുതൽ നേ രിടുന്ന ഒരു വിഭാഗം ലത്തീൻ സമു ദായം ആണെന്നുള്ള തിരിച്ചറിവ് പി താവിനുണ്ടായിരുന്നു. സമൂഹത്തിലെ രാഷ്ട്രീയ സാംസ്കാരിക നേതാക്കന്മാ രോടൊപ്പം ചേർന്നുകൊണ്ട് മദ്യവിരു ദ്ധ സമിതി പ്രവർത്തനങ്ങളിൽ അദ്ദേ ഹം പങ്കാളിയാകുന്നതും നാം കണ്ടി ട്ടുണ്ട്. മത്സ്യത്തൊഴിലാളി കുടുംബങ്ങ ളോടുള്ള പിതാവിന്റെ കരുണയും ക രുതലും എടുത്തു പറയേണ്ടതാണ്. 'കേരളത്തിലെ ലത്തീൻ കത്തോലി ക്കർക്ക് പ്രത്യേകിച്ച് തീരദേശവാസി കളായ മത്സ്യത്തൊഴിലാളികൾക്ക് സർക്കാരിൽ നിന്ന് എപ്പോഴും ലഭിച്ചി ട്ടുള്ളത് തികഞ്ഞ അവഗണന മാത്രം', ഈ പ്രതിഷേധം പിതാവ് പലപ്പോഴും പ്രകടിപ്പിച്ചിട്ടുണ്ട്. പ്രതിഷേധ പ്രകട നങ്ങളിൽ പങ്കെടുത്തുകൊണ്ട് അനീ തികൾക്കെതിരെ ശക്തമായ നിലപാ ടുകൾ സ്വീകരിക്കുകയും ചെയ്തിട്ടു ണ്ട്. സമൂഹത്തിൽ ഏറ്റവും കൂടുതൽ ചൂഷണം അനുഭവിക്കുന്ന വിഭാഗമാ യ മത്സ്യത്തൊഴിലാളികളോട് പ്രത്യേ ക ദയാവായ്പ് പിതാവിനുണ്ടായിരു ന്നു. സുനാമിയും ഓഖിയും ദുരന്തം വിതച്ചപ്പോൾ നാമതിന് സാക്ഷികളാ യി. ഓഖി ദുരന്തത്തിൽപ്പെട്ടവർക്കുള്ള പുനരധിവാസവും മറ്റവകാശങ്ങളും

നൽകുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായ അനാസ്ഥയ്ക്കെതിരെ രൂക്ഷമായ ഭാഷയിൽ സർക്കാരിനെ വിമർശിക്കാനും പിതാവ് തയ്യാറായി. ശരിയായ സമയത്ത് കാലാവസ്ഥാ വ്യതിയാനങ്ങൾ അറിയിക്കാത്തതുകൊണ്ടുകൂടിയാണ് ഇത്രയും കെടുതികൾ മത്സ്യത്തൊഴിലാളികൾക്ക് നേരിടേണ്ടിവന്നതെന്ന് തികഞ്ഞ വേദനയോടെ അദ്ദേഹം വ്യക്തമാക്കി. തീരദേശത്തിന്റെ പ്രശ്നങ്ങളും മത്സ്യത്തൊഴിലാളികളുടെ തൊഴിൽപരമായ വെല്ലുവിളികളും എന്നും പിതാവിന്റെ ആശങ്കകളാണ്. വിനാശകരമായ മത്സ്യബന്ധന രീതികളും മത്സ്യത്തൊഴിലാളികളുടെ മേൽ അടിച്ചേൽപ്പിക്കുന്ന നിയന്ത്രണങ്ങളും തീരപ്രദേശങ്ങളിലെ കടന്നുകയറ്റവും ലത്തീൻകത്തോലിക്കാ സമുദായത്തിന്റെ പുരോഗതിയെ സാരമായി ബാധിക്കുന്ന പ്രശ്നങ്ങളാണ്. പ്രശ്നങ്ങൾ വരുമ്പോഴൊക്കെ സഭാമക്കൾക്ക് കരുതലും കരുണയും നൽകി നമ്മളിലൊരാളായി ഈ മഹാ ഇടയൻ നമ്മോടൊപ്പം ചേർന്നുനിൽക്കുന്നു. മധ്യകേരളം പ്രളയത്തിലാണ്ടുപോയപ്പോൾ 'കേരളത്തിന്റെ സൈന്യം' എന്നുവിളിച്ച് അഭിനന്ദിച്ച നമ്മുടെ മത്സ്യത്തൊഴിലാളികളുടെ ശക്തി സ്രോതസ് കേരള ജനത തിരിച്ചറിഞ്ഞത് സൂസപാക്യം പിതാവിന്റെ കാലഘട്ടത്തിലാണ്.


## സമുദായ ശാക്തീകരണം

ലത്തീൻ സമുദായം സംഘടിത ശക്തിയായി മുന്നേറാനാകാത്തതിനാൽ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ രാഷ്ട്രീയ രംഗങ്ങളിലെല്ലാം തന്നെ അവഗണനയും അവസരങ്ങളുടെ നിഷേധവുമാണ് നേരിടേണ്ടിവന്നത് ഈ തിരിച്ചറിവിൽ നിന്നാണ് കെ.ആർ. എൽ.സി.സി രൂപീകരണം നടന്നത്. ലത്തീൻ സമുദായത്തിന്റെ നവോത്ഥാന സ്വപ്നങ്ങൾ നെഞ്ചേറ്റിയിരുന്ന സൂസപാക്യം പിതാവാണ് കെ.ആർ. എൽ.സി.സി.യുടെ രൂപീകരണത്തിന് പിന്നിലെ പ്രേരകശക്തി. ലത്തീൻ സമുദായത്തിന്റെ പൊതുപിന്നാക്ക അവസ്ഥയുടെ കാരണങ്ങളെക്കുറിച്ച് അദ്ദേഹം കണ്ടെത്തുന്ന പ്രധാന കാരണങ്ങൾ ഇവയാണ്. "ഒന്നാമതായി ലത്തീൻ കത്തോലിക്കർ ഉപജാതികളുടെയും കക്ഷിരാഷ്ട്രീയത്തിന്റെയും നിക്ഷിപ്ത താല്പര്യങ്ങളുടെയും അടിസ്ഥാനത്തിൽ വിഭജിതമായിരിക്കുന്നു എന്നാണ്. രണ്ടാമത് വംശീയമായോ തൊഴിൽപരമായോ സാമൂഹികപരമായോ ഉള്ള ഐക്യം ലത്തീൻ കത്തോലിക്കർക്കില്ല. മൂന്നാമതായി പ്രശ്നങ്ങൾ പരിഹരിക്കാൻ, അവകാശങ്ങൾ നേടിയെടുക്കാൻ സുസംഘടിതമായ പരിശ്രമങ്ങൾ നമ്മുടെ ഭാഗത്തു നിന്ന് ഉണ്ടാകുന്നില്ല.' ഇങ്ങനെയുള്ള ന്യൂനതകൾ വിലയിരുത്തി മുന്നോട്ടുപോകാൻ പിതാവ് പ്രത്യേക താല്പര്യം കാണിച്ചിരുന്നു. സമുദായ ശാക്തീകരണ പ്രവർത്തനങ്ങളിൽ അദ്ദേഹം വഹിച്ച പങ്ക് ശ്ലാഘനീയമാണ്.

## വിദ്യാഭ്യാസ മുന്നേറ്റം

വിദ്യാഭ്യാസ രംഗത്ത് നാം വളരെ മുന്നോട്ടുപോയി എന്നുപറയാൻ കഴിയില്ല. എന്നാൽ കഴിഞ്ഞ 30 വർഷത്തെ ചരിത്രം പരിശോധിച്ചാൽ കുറെ നല്ല മാറ്റങ്ങൾ കാണാൻ കഴിയും. വിദ്യാഭ്യാസം എല്ലാവരുടെയും അവകാശമാണ് ഒരു കുട്ടിപോലും വിദ്യ അഭ്യസിക്കാതെ മാറിനിൽക്കാൻ പാടില്ല എന്ന ദൃഢനിശ്ചയത്തോടുകൂടി വിദ്യാഭ്യാസ ശുശ്രൂഷയ്ക്ക് വളരെ പ്രാധാന്യം നൽകിവരുന്നുണ്ട്. അതിരൂപതയിലെ ഒരു നല്ല ശതമാനം ജനങ്ങൾ സാമൂഹിക വിദ്യാഭ്യാസ തൊഴിൽ രംഗങ്ങളിൽ പിന്നാക്കം നിൽക്കുന്നു, എന്ന യാഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ട് ഈ സാഹചര്യങ്ങൾ മറികടക്കുന്നതിനാവശ്യമായ നവീന വിദ്യാഭ്യാസ പദ്ധതികൾ പിതാവിന്റെ പിൻബലത്തോടെ നടന്നുവരുന്നു. സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് നാം മുന്നേറിക്കൊണ്ടിരിക്കുന്നു. ഉയർന്ന അക്കാദമിക നിലവാരവും ശരിയായ ജീവിതവീക്ഷണവും തൊഴിൽ സമ്പാദനവും ലക്ഷ്യംവച്ചുകൊണ്ടുള്ള കർമ്മ പരിപാടികൾ വിദ്യാഭ്യാസ ശുശ്രൂഷാ സമിതിയുടെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നുണ്ട്.

വിദ്യാഭ്യാസ അവകാശങ്ങൾ നേടിയെടുക്കുന്നതിനായി ഉറച്ച നിലപാടുകൾ സ്വീകരിച്ചിട്ടുള്ള പിതാവിന്റെ ശബ്ദം കേരള സമൂഹത്തിൽ ശക്തമായി പ്രതിധ്വനിച്ചിട്ടുണ്ട്. ഗുണമേന്മയുള്ള വിദ്യാഭ്യാസത്തോടൊപ്പം നമ്മുടെ വിദ്യാലയങ്ങൾ മൂല്യബോധന കേന്ദ്രങ്ങളുമായിരിക്കണമെന്നും പിതാവിന് നിർബന്ധമുണ്ട്. അതുപോലെ നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കച്ചവടതാല്പര്യങ്ങളിൽ നിന്ന് വിമുക്തമായി ന്യായമായ ഫീസും മനുഷ്യത്വപരമായ സമീപന രീതികളും പുലർത്തി മികവിന്റെ കേന്ദ്രങ്ങളായി നമ്മുടെ സ്ഥാപനങ്ങൾ നിലകൊള്ളണമെ



ന്ന ഉറച്ച നിലപാട് പിതാവ് പിൻതുടർന്നുവന്നു. സാധാരണക്കാരുടെ മക്കൾ പഠിക്കുന്ന വിദ്യാലയങ്ങൾ ലാഭകേന്ദ്രങ്ങളല്ലെന്നും അവയുടെ നിലനില്പ് പാവപ്പെട്ടവരുടെ നിലനില്പനടിസ്ഥാനമാണെന്നും പിതാവ് കരുതി. ദരിദ്രരോടുള്ള പരിഗണന കൊണ്ടാണ് ഈ നിലപാടിൽ ഉറച്ചുനിൽക്കാൻ പിതാവിന് കഴിഞ്ഞത്.

## ക്രിസ്തീയവിശ്വാസ ജീവിതം

ക്രിസ്തീയ വിശ്വാസ ജീവിത പരിശീലനത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്താൻ അദ്ദേഹം എപ്പോഴും ശ്രദ്ധിച്ചിട്ടുണ്ട്. 'ഈ ലോകത്തിൽ സഭ നിർവഹിക്കേണ്ട ഏകദൗത്യം സുവിശേഷം പ്രഘോഷിക്കുകയെന്നതാണ്. ഇതല്ലാതെ സ്ഥാപനങ്ങൾ പടുത്തുയർത്തുന്നതോ, സഭയുടെ സേവനങ്ങൾ പൊതുജനമധ്യേ ഉയർത്തിക്കാട്ടുന്നതോ അല്ല'. സുവിശേഷം പ്രസംഗിക്കുന്നതിൽ നാം പരാജയപ്പെട്ടാൽ സഭ അതിന്റെ ദൗത്യത്തിൽ പരാജയപ്പെടുന്നു എന്നാണർത്ഥം. 'പരീക്ഷകൾ നടത്തി വിജയികളെ നിർണയിച്ച് സമ്മാനങ്ങൾ നൽകുന്നതിലല്ല പ്രാധാന്യം നൽകേണ്ടത്, മറിച്ച് സുവിശേഷം വായിക്കുവാനും ജീവിക്കുവാനും പ്രഘോഷിക്കുവാനും സാക്ഷ്യം നൽകുവാനും പരിശീലനം നൽകണം. അങ്ങനെ സമൂഹത്തിൽ ജീവന്റെ സമൃദ്ധി നിറയ്ക്കണം'- മതബോധന അധ്യാപകരെ പിതാവ് എപ്പോഴും ഉദ്ബോധിപ്പിച്ചിരുന്ന കാര്യം ഇതാണ്.

ലളിത ജീവിതം നയിക്കുകയും മറ്റുള്ളവരെ അതിന് പ്രേരിപ്പിക്കുകയും ചെയ്യുന്ന പിതാവിന്റെ ലാളിത്യമാർന്ന ജീവിതരീതി സമൂഹത്തിലെ ശ്രേഷ്ഠന്മാരായ പല വ്യക്തികളും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. സഭാ വിശ്വാസികളുടെ ഇടയിൽ കാണുന്ന വിവാഹം, മരണാനന്തര ചടങ്ങുകൾ, തിരുനാളുകൾ, മറ്റാഘോഷങ്ങൾ ഇവയിലൊക്കെ ഉണ്ടാകുന്ന ആഡംബരവും ധൂർത്തും ഒക്കെ ഒരുപരിധിവരെ കുറച്ചുകൊണ്ടുവരാൻ പിതാവിന്റെ ഇടപെടലുകൾക്ക് കഴിഞ്ഞിട്ടുണ്ട്. അതിരൂപതയിലെ ദൈവജനത്തിന്റെ ആത്മീയ



വളർച്ചയിൽ നായകനായി ഒപ്പം നടന്ന് മെത്രാപ്പോലീത്ത 32 വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. ഈ ആത്മീയ യാത്രയിൽ ഉയർച്ചകളും താഴ്ചകളും ഉണ്ടായിട്ടുണ്ട്. പലപ്പോഴും ക്രൂരമായ വിമർശനങ്ങൾ നേരിടേണ്ടിവന്നിട്ടുണ്ട്. അപ്പോഴൊക്കെ ദൈവസന്നിധിയിൽ പ്രാർഥനയിലൂടെ ശക്തിനേടാനാണ് അദ്ദേഹം ശ്രമിച്ചിട്ടുള്ളത്. അജഗണങ്ങളുടെ ബലഹീനതകൾ തിരിച്ചറിഞ്ഞുകൊണ്ടുതന്നെ അവരെ സ്നേഹത്തിലൂടെ നയിക്കാൻ പിതാവിന് കഴിഞ്ഞു.

അസാധാരണങ്ങളിൽ അസാധാരണമായ കൊറോണക്കാലത്തിലൂടെ നാം കടന്നുപോയ്ക്കൊണ്ടിരുന്നപ്പോൾ പിതാവിന്റെ വാക്കുകൾ ദൈവജനത്തിന് സാന്ത്വനമേകി. "നിങ്ങൾ അനുവദിക്കുമെങ്കിൽ നിങ്ങളുടെ കുടുംബങ്ങളിലേക്ക് കടന്നുവരാനും സംവദിക്കാനും ഞാൻ ആഗ്രഹിക്കുന്നു. രോഗം സൃഷ്ടിച്ച ഭയാനകത, സാമ്പത്തിക തകർച്ച, ഉത്കണ്ഠ, ഏകാന്തതയുടെ വേദന, ഭവനമില്ലാത്തവന്റെ അരക്ഷിതാവസ്ഥ ഇതെല്ലാം ഞാൻ മനസ്സിലാക്കുന്നു. നിങ്ങളെയെല്ലാവരെയും എന്റെ ഹൃദയത്തിൽ ഞാൻ പേറുന്നു. എന്റെ സേവനവും സാമീപ്യവും പ്രാർഥനയും നിങ്ങളെ ഞാൻ അറിയിക്കുന്നു." കാരുണ്യം നിറഞ്ഞ ഈ വാക്കുകൾ സാന്ത്വനത്തോടെ അജഗണങ്ങൾ ഏറ്റുവാങ്ങുന്നു.

നാളെ ഈ പിതാവിനെ ചരിത്രം വിലയിരുത്തുന്നത് ഒരുപക്ഷേ ഇപ്രകാരമായിരിക്കാം. സാധാരണ ജനങ്ങൾക്ക് എപ്പോഴും കടന്നുചെല്ലാവുന്നതരത്തിൽ വാതായനങ്ങൾ തുറന്നിട്ടുകൊണ്ട് കുറെ നല്ല പുരോഹിതന്മാരും, ആർഭാടങ്ങളും അധികാരഗർവും ഇല്ലാത്ത, ആർദ്രഹൃദയനായ ഒരു പിതാവും ചേർന്നൊരുക്കിയ അതിരൂപതാ കാര്യാലയത്തിന്റെ മഹാ ഇടയൻ. കേരളത്തിൽ മറ്റൊരിടത്തും കാണാത്ത വിഭിന്നമായ ഒരു കാഴ്ച. ■



**മെത്രാന്മാർ തങ്ങളുടെ ജീവിത മാതൃക വഴിയും സുവിശേഷപ്രഘോഷണം വഴിയും വിശ്യാസത്തിലേയ്ക്കും സ്വാതന്ത്ര്യത്തിലേയ്ക്കും ക്രിസ്തുവിന്റെ സമാധാനത്തിലേക്കും തങ്ങളുടെ അജഗണങ്ങളെ നയിക്കാൻ നിയോഗിക്കപ്പെട്ടവരാണ്.**

# മെത്രാൻ സ്ഥാനവും ശുശ്രൂഷയും സഭാ നിയമ വീക്ഷണത്തിൽ




**മോൺ. ഡോ. സി. ജോസഫ്**
വികാരി ജനറൽ


തിരുവനന്തപുരം ലത്തീൻ അതിരൂപതയ്ക്ക് പുതിയൊരു ഇടയനെ അഭിവന്ദ്യ മോൺസിഞ്ഞോർ തോമസ് ജെ. നെറ്റോയിലൂടെ ലഭിച്ച പശ്ചാത്തലത്തിൽ മെത്രാൻ സ്ഥാനത്തിന്റെയും ശുശ്രൂഷയുടെയും, പ്രത്യേകിച്ച് പ്രബോധന ദൗത്യത്തിന്റെയും ഹൃസ്വവിവരണം സഭാനിയമപശ്ചാത്തലത്തിൽ നൽകുകയാണ് ഈ ലേഖനത്തിന്റെ മുഖ്യലക്ഷ്യം. അക്കാരണത്താൽത്തന്നെ, മെത്രാൻ പദവിയെക്കുറിച്ച് സമഗ്രമോ വേദശാസ്ത്രപരമോ ബൈബിൾപരമോ ആയ വ്യാഖ്യാനമായി ഇതിനെ കാണേണ്ടതില്ല.

രണ്ടാം വത്തിക്കാൻ സൂനഹദോസ്സിന്റെ അടിസ്ഥാന പ്രമാണ രേഖകളിൽ ഒന്നായ 'ജനതകളുടെ പ്രകാശം' (L.G.n. 20) 20-ാം ഖണ്ഡികയിൽ മെത്രാൻ സ്ഥാനം, മെത്രാൻ പദവി എന്നിവയെക്കുറിച്ച് നിർവചിച്ചിരിക്കുന്നു. അതേ ആശയം തന്നെയാണ് കാനൻ നിയമം 375, ഒന്നാം ഖണ്ഡികയിൽ നാം കാണുന്നത്. മെത്രാന്മാർ ദൈവിക നിയമനത്താൽ അപ്പസ്തോലന്മാരുടെ പിൻതുടർച്ചയുടെ പദവിയിൽ സഭയുടെ ഇടയന്മാരായി പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ നിയോഗിക്കപ്പെടുന്നവരാണ്. അവർ അജഗണത്തിന്റെ ഇടയന്മാരും വിശ്വാസ സത്യങ്ങളുടെ പ്രബോധകരും ദൈവാരാധനയുടെ പുരോഹിതന്മാരും ഭരണത്തിന്റെ നായകന്മാരുമാണ്. മെത്രാന്മാർ തങ്ങളുടെ ഈ ദൗത്യം എപ്ര

കാരമാണ് നിർവ്വഹിക്കേണ്ടതെന്ന് രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ മറ്റൊരു സുപ്രധാന രേഖയായ 'സഭയിൽ മെത്രാന്മാരുടെ അജപാലന ദൗത്യം' എന്ന ഡിക്രിയിൽ (C.D.n. 11) 11-ാം ഖണ്ഡികയിൽ വിവരിക്കുന്നുണ്ട്. കാനൻ നിയമം 375 രണ്ടാം ഖണ്ഡികയിൽ ഇതുതന്നെ ആവർത്തിച്ചിരിക്കുന്നു. പ്രാദേശിക സഭയുടെ പരിപാലനം ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന ഓരോ മെത്രാനും മെത്രാൻ സംഘത്തിന്റെ തലവനായ മാർപ്പാപ്പയുടെ അധികാരത്തിൻ കീഴിൽ, മെത്രാൻ സംഘത്തോടൊപ്പം ചേർന്ന്, ഇടയന്മാരെന്ന നിലയ്ക്ക് അവരുടെ അജഗണത്തെ പഠിപ്പിക്കാനും വിശുദ്ധീകരിക്കാനും നയിക്കാനുമുള്ള ഉത്തരവാദിത്വം നിറവേറ്റിക്കൊണ്ട് അജപാലന ദൗത്യം നിർവ്വഹിക്കുന്നു. ചുരുക്കത്തിൽ, അപ്പോസ്തലന്മാരുടെ പിന്തുടർച്ചാപദവിയിൽ അഭിഷിക്തരാകുന്ന മെത്രാന്മാരുടെ മുഖ്യദൗത്യം, തങ്ങളെ ഭരമേൽപ്പിക്കുന്ന ദൈവജനത്തെ വിശ്വസ്തതയോടെ പഠിപ്പിക്കുക, വിശുദ്ധീകരിക്കുക, നയിക്കുക എന്നതാണ്. ഈ ത്രിവിധ ദൗത്യമാകട്ടെ നമ്മുടെ നാഥനും രക്ഷകനുമായ യേശുക്രിസ്തുവിന്റെ പ്രവാചക, പൗരോഹിത്യ, രാജകീയ ധർമ്മത്തിന്റെ തുടർച്ചയുമാണ്.

ഒരു മെത്രാന്റെ സുപ്രധാന കടമ, അല്ലെങ്കിൽ ദൗത്യം എന്താണെന്ന് പലപ്പോഴും ചർച്ച ചെയ്യപ്പെടാറുണ്ട്. പ്രത്യേകിച്ച്, അതിവേഗം മാറിക്കൊണ്ടിരിക്കുന്ന മനുഷ്യരുടെ ചിന്താരീതിയും സമൂഹത്തിലും സഭയിലും ദൃശ്യമാകുന്ന നൂതന വെല്ലുവിളികളും ജീവിത സാഹചര്യങ്ങൾ ഉയർത്തുന്ന പ്രതിസന്ധികളും മുൻപെങ്ങും കണ്ടിട്ടില്ലാത്ത വിധത്തിലുള്ള ആദ്ധ്യാത്മികതയുടെ മേലുള്ള ഭൗതികതയുടെ കടന്നു കയറ്റവുമെല്ലാം ഇതിന് കാരണവുമാകുന്നു. പക്ഷേ സഭ അസന്നിഗ്ദമായും അന്യൂനമായും പഠിപ്പിക്കുന്നത്, മെത്രാന്റെ പ്രധാന കടമകളിൽ സർവ്വപ്രധാനമായതു ക്രിസ്തുവിന്റെ സുവിശേഷം ജനങ്ങളുടെ ഇടയിൽ പ്രഘോഷിക്കുക എന്നതാണ്. (C.D.n. 15) അപ്പോസ്തലന്മാരുടെ പിൻഗാമികളായി അവരോധിക്കപ്പെടുന്ന മെത്രാന്മാരുടെ മുഖ്യ ദൗത്യം അപ്പോസ്തലന്മാർക്ക് ക്രിസ്തുനാഥൻ നേരിട്ടു കൽപ്പിച്ചു നൽകിയ അതേ ദൗത്യം തുടരുക എന്നതാണ്. 'നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ' (മാർക്കോസ് 16: 15; മത്തായി 28: 18-20).

സുവിശേഷപ്രഘോഷണവും പ്രേഷിത പ്രവർത്തനവും മെത്രാന്മാരുടെ പ്രബോധന ദൗത്യത്തിന്റെ അവിഭാജ്യഘടകങ്ങളും പരസ്പര പൂരകങ്ങളുമാണ്. മെത്രാന്മാർ രൂപതാ പ്രേഷിതത്വത്തിൽ ഐക്യത്തിന്റെ നായകരും കേന്ദ്രങ്ങളും എന്ന നിലയിൽ പ്രേഷിത പ്രവർത്തനം പ്രോത്സാഹിപ്പിക്കുന്നതിനും നിയന്ത്രിക്കുന്നതിനും സംഘടിപ്പിക്കുന്നതിനും ചുമതലപ്പെട്ടവരാണ്. മാത്രമല്ല, മെത്രാന്മാർ തങ്ങളുടെ ജീവിത മാതൃക വഴിയും സുവിശേഷപ്രഘോഷണം വഴിയും വിശ്വാസത്തിലേയ്ക്കും സ്വാതന്ത്ര്യത്തിലേയ്ക്കും ക്രിസ്തുവിന്റെ സമാധാനത്തിലേക്കും തങ്ങളുടെ അജഗണങ്ങളെ നയിക്കാൻ നിയോഗിക്കപ്പെട്ടവരാണെന്നും സഭാ പ്രബോധനങ്ങളിൽ ഊന്നിപ്പറയുന്നു (A.D.n. 5).

1937-ൽ സ്ഥാപിതമായ തിരുവനന്തപുരം രൂപതയുടെ ആദ്യകാല ചരിത്രം പ്രേഷിത പ്രവർത്തനത്തിന്റെയും സുവിശേഷ പ്രഘോഷണത്തിന്റെയും ഉജ്ജ്വല സാഹസിക മുന്നേറ്റങ്ങളാൽ സമ്പന്നമാണ്. വിദേശ മിഷനറിമാരും തദ്ദേശ വൈദിക ശ്രേഷ്ഠരും സനാതന ഗലീലേയന്റെ സദ്വാർത്തയും സാന്ത്വന സ്പർശനവുമായി ഈ പ്രദേശമാകെ ചുറ്റിസഞ്ചരിച്ച് പരശതം പേരെ ക്രിസ്തുവിലേക്ക് ആനയിച്ചു; അനേകായിരം വിശ്വാസികളെ തീക്ഷണമതികളാക്കി. നമ്മുടെ അതിരൂപത നിർണ്ണായകമായൊരു ഘട്ടത്തിൽ എത്തിനിൽക്കുകയാണിപ്പോൾ; പുതിയൊരു അദ്ധ്യായം എഴുതിച്ചേർക്കാൻ ഒരുങ്ങുകയാണ് നാമെല്ലാവരും. ഈയിടെ അതിരൂപതാ കാര്യാലയത്തിൽ നിന്നും പുറത്തുവിട്ട കണക്കനുസരിച്ച്, നമ്മുടെ അതിരൂപതയിൽ ഇപ്പോൾ ഏകദേശം അമ്പതിനായിരം കുടുംബങ്ങളുണ്ട്. ഈ അമ്പതിനായിരം കുടുംബങ്ങളിൽ ക്രിസ്തുവിന്റെ സാന്നിദ്ധ്യം ഉറപ്പുവരുത്താൻ നമുക്ക് സാധിക്കണം. നാം വസിക്കുന്ന പ്രദേശങ്ങളിൽ മറ്റ് ജനവിഭാഗങ്ങൾക്കിടയിൽ ക്രിസ്തുവിന്റെ സ്വരം എത്തിക്കാൻ നമുക്ക് സാധിക്കണം. ഈ അടിസ്ഥാന ദൗത്യത്തിൽ നാം വിശ്വസ്തത പുലർത്തിയാൽ, നാം ഇന്ന് ഏർപ്പെട്ടിരിക്കുന്ന സാമൂഹിക, വിദ്യാഭ്യാസ, ആതുര രംഗങ്ങളിൽ അർത്ഥപൂർണ്ണവും നിർണ്ണായകവുമായ പുരോഗതി കൈവരിക്കാൻ നമുക്ക് സാധിക്കും. സദ്വാർത്ത പ്രഘോഷിച്ചുകൊണ്ടുതന്നെ ദുഃഖിതരെ ആശ്വസിപ്പിക്കുകയും രോഗികളെ സുഖപ്പെടുത്തുകയും സമൂഹം അകറ്റി നിറുത്തിയവരെ ചേർത്തു പിടിക്കുകയും ചെയ്തുകൊണ്ട് ഗലീലിയായിലും യൂദയായിലും ചുറ്റിസഞ്ചരിച്ച കരുണാമയനായ സനാതന ഗലീലിയേന്റെ സജീവ സാന്നിദ്ധ്യം ഇവിടെയും ഉറപ്പുവരുത്താൻ പുതിയ ഇടയനൊപ്പം നമുക്കും ആത്മാർത്ഥമായി അണിചേരാം. ■





# സഹൃദയനായ മെത്രാപ്പോലീത്ത

എന്റെ ഇടവകാംഗവും സുഹൃത്തുമായ മോൺ.തോമസ്.ജെ.നെറ്റോയെ അതിരൂപതയുടെ മെത്രാപ്പോലീത്തയായി ദൈവം തിരഞ്ഞെടുത്തതിൽ പുതിയതുറ ഇടവകയോടൊപ്പം അദ്ദേഹത്തിന്റെ അടുത്ത സുഹൃത്തുക്കളിൽ ഒരാൾ എന്ന നിലയിൽ ഞാനും അഭിമാനിക്കുന്നു. നെറ്റോ അച്ചൻ സെമിനാരി കാലഘട്ടം മുതൽ എനിക്ക് സുപരിചിതനാണ്. ലാളിത്യവും വിനയവും മുഖമുദ്രയാക്കിയ അദ്ദേഹം വൈദികനാകും എന്നത് ഞങ്ങൾക്ക് ഉറപ്പായിരുന്നു. പൗരോഹിത്യമാണ് തനിക്ക് യോജിച്ച കർമ്മമേഖലയെന്നത് ചുരുങ്ങിയ നാളുകൾക്കുള്ളിൽ അദ്ദേഹം തെളിയിച്ചു. ലളിതവും ഹൃദ്യവുമായ രീതിയിൽ വചനം വിചിന്തനം ചെയ്യുന്നതിൽ ദൈവം അദ്ദേഹത്തിന് നൽകിയ കഴിവ് വലിയ ഒരു അനുഗ്രഹമായി കാണുവാൻ ഞാൻ ആഗ്രഹിക്കുന്നു.

അദ്ദേഹം തികഞ്ഞ ഒരു ഫുട്ബോൾ പ്രേമിയാണ്. വൈദികനായ ശേഷവും നാട്ടിലെ പല ഫുട്ബോൾ ടൂർണമെന്റുകളിലും അദ്ദേഹം പങ്കാളിയായി, തിരക്കിൽ അലിഞ്ഞ് മത്സരങ്ങൾ ആസ്വദിച്ച് നിൽക്കുന്ന ചിത്രം സാധാരണമായിരുന്നു. അതുകൊ ായിരിക്കാം പിൽക്കാലത്ത്, അതിരൂപതയുടെ കീഴിൽ ഒരു ഫുട്ബാൾ അക്കാദമി ആരംഭിച്ചപ്പോൾ അതിൻറെ അമരത്ത് മറ്റാരേക്കാളും യോഗ്യൻ അദ്ദേഹമാണെന്ന് അതിരൂപത തിരിച്ചറിയുകയും അദ്ദേഹത്തെ ഡയറക്ടർ ചുമതല ഏൽപ്പിച്ചതും. ഇടവേളകളിൽ കഴിയുന്നതും എല്ലാവരുമായി നല്ല സൗഹൃദം നിലനിർത്താൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. സെമിനാരി ജീവിതത്തിനിടയിൽ അവധിക്ക് നാട്ടിൽ വരുമ്പോൾ അൾത്താര ബാലകരുമായുള്ള ഹൃദ്യമായ പെരുമാറ്റം, മറ്റ് സുഹൃത്തുക്കളുമായുള്ള ഇടപഴകൽ, ഇവയൊക്കെ അദ്ദേഹത്തിൻറെ പൗരോഹിത്യത്തിലേക്കുള്ള യാത്രക്ക് സഹായകരമായി എന്ന് വിശ്വസിക്കുന്നു.

അദ്ദേഹം സാധാരണക്കാർക്ക് വളരെയധികം പ്രാപ്യനായിരുന്നുവെന്നത് ഒരു വലിയസവിശേഷതയായി ഞാൻ കാണുന്നു. ഏറെ പ്രതേകിച്ച്, പുതിയതുറ ഇടവകയെ പ്രതിനിധീകരിച്ച ഒരു വൈദികൻ മാതൃകാപരമായി തൻറെ കാര്യം നിർവഹിക്കുന്നതിൽ ഞങ്ങൾ ഓരോരുത്തരും അഭിമാനം കൊള്ളുന്നു. വിവാദങ്ങളിൽ നിന്ന് പലപ്പോഴും ഒഴിഞ്ഞുമാറാൻ അദ്ദേഹത്തിന് സാധിക്കുന്നതും നല്ല സവിശേഷതയാണ്. സുഹൃത്തുക്കളൊരുമിച്ചുള്ള സംഭാഷണങ്ങൾ സരസമാക്കി മാറ്റാൻ അദ്ദേഹത്തിന് സാധിക്കുന്നത് അദ്ദേഹത്തിൻറെ ഹൃദയത്തിൻറെ നൈർമല്യതയായി ഞാൻ കാണുന്നു. ഏറ്റെടുക്കുന്ന ഉത്തരവാദിത്വങ്ങൾ സ്തുത്യർഹമായ രീതിയിൽ പൂർത്തിയാക്കുവാനുള്ള അദ്ദേഹത്തിൻറെ കഴിവ് അപാരമാണ്. നമ്മുടെ ഓരോരുത്തരുടെയും ഹൃദയവിചാരങ്ങൾ അറിയുന്ന കർത്താവിൻറെ പദ്ധതികൾ കുറ്റമറ്റതാണെന്ന് ഞാൻ വിശ്വസിക്കുന്നു.



**കെ. മര്യാദാസൻ**
പ്രസിഡന്റ്,
കെആർഎൽസിസി, ദുബായ്

# തോപ്പ് സെന്റ് ആൻസ് ഇടവകയുടെ സ്നേഹാദരവ്



തൊട്ടതെല്ലാം പൊന്നാക്കുന്ന വ്യക്തിയാണ് നിയുക്ത മെത്രാപ്പോലിത്താ മോൺ.തോമസ്.ജെ.നെറ്റോ എന്നതായിരുന്നു 32 വർഷം അതിരൂപതയെ നയിച്ച സൂസൈപാക്യം പിതാവിന്റെ വിലയിരുത്തൽ. അതുതന്നെയാണ് തോപ്പ് ഇടവക ജനങ്ങൾക്കും പറയാനുള്ളത്. നാല് വർഷത്തിലധികം തോപ്പ് ഇടവകയിൽ ശുശ്രൂഷചെയ്ത അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിൽനിന്നും മനസ്സിലാക്കാൻ സാധിക്കുന്നതും ഈ സത്യം തന്നെയാണ്.

1911-ൽ സ്ഥാപിതമായ തോപ്പ് ഇടവകയുടെ ശതാബ്ദിക്ക് (1911-2011) നേതൃത്വം നല്കിയത് 2010-2014 കാലയളവിൽ സേവനമനുഷ്ഠിച്ച ബഹുമാനപ്പെട്ട തോമസച്ചനാണെന്നത് വലിയ സന്തോഷത്തോടെയാണ് ഇടവക ജനങ്ങൾ ഇന്നും സ്മരിക്കുന്നത്. തോമസച്ചന്റെ കഴിവും പ്രവർത്തനങ്ങളും നന്നായി വിലയിരുത്താനും മനസ്സിലാക്കാനും ഒരു വർഷം നീണ്ട ശതാബ്ദി ആഘോഷങ്ങൾ നിമിത്തമായി.

ശതാബ്ദി ആഘോഷങ്ങൾ ഇടവകയുടെ ആത്മീയ ഉണർവ്വിനും ചില നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും അച്ചൻ ഉപയോഗപ്പെടുത്തി. തോപ്പ് വിശ്വാസ സമൂഹത്തിന്റെ കൂടിവരവും കൂട്ടായ്മയും ഉറപ്പുവരുത്താൻ സഹായിക്കുന്ന കമ്യൂണിറ്റി ഹാൾ, നൽമരണമാതാ കുരിശടി നവീരണം, ഓരോ വ്യക്തിയുടെയും ജീവിതാവസ്ഥ മനസ്സിലാക്കാനും കൂടുതൽ മെച്ചപ്പെട്ട അവസ്ഥയിലെത്തിക്കാനും സഹായിക്കുന്ന സ്ഥിതിവിവരണ ശേഖരണം, ഒരു നൂറ്റാണ്ട് തോപ്പ് ഇടവക സമൂഹം കടന്നുപോയ വിസ്മയ വഴികൾ മനസ്സി



**ഷാജി ജോർജ്ജ്**
സെന്റ് ആൻസ് ചർച്ച്
തോപ്പ്

**1911-ൽ സ്ഥാപിതമായ തോപ്പ് ഇടവകയുടെ ശതാബ്ദിക്ക് (1911-2011) നേതൃത്വം നല്കിയത് 2010-2014 കാലയളവിൽ സേവനമനുഷ്ഠിച്ച ബഹുമാനപ്പെട്ട തോമസച്ചനാണെന്നത് വലിയ സന്തോഷത്തോടെയാണ് ഇടവക ജനങ്ങൾ ഇന്നും സ്മരിക്കുന്നത്. തോമസച്ചന്റെ കഴിവും പ്രവർത്തനങ്ങളും നന്നായി വിലയിരുത്താനും മനസ്സിലാക്കാനും ഒരു വർഷം നീണ്ട ശതാബ്ദി ആഘോഷങ്ങൾ നിമിത്തമായി.**

ലാക്കാൻ അഗാപ്പേ സ്മരണിക, വിവാഹ ഫണ്ട്, വിധവകളെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്ന തിനുള്ള പ്രവർത്തനങ്ങൾ,രോഗികൾക്ക് സഹായം, വിവിധങ്ങളായ ആത്മീയ-നവീകരണ പരിപാടികൾ തുടങ്ങിയവ തോമസ് പിതാവിന്റെ ദീർഘവീക്ഷണത്തിന്റെ ഫലങ്ങളാണ്.

നമ്മുടെ പുതിയ ഇടയന്റെ ചില സ്വഭാവ സവിശേഷതകൾ ചൂണ്ടിക്കാണിക്കാൻ ഈ അവസരം വിനിയോഗിക്കട്ടെ! ശതാബ്ദി ഉചിതമായ രീതിയിൽ ആഘോഷിക്കുന്നതിനും തോപ്പിന്റെ പൊതുവായ വളർച്ചയ്ക്കുമുതകുന്ന ചില കർമ്മ പദ്ധതികൾക്ക് രൂപം നല്കുന്നതും നല്ലതായിരിക്കുമെന്ന് തോമസച്ചൻ അഭിപ്രായപ്പെട്ടുവെങ്കിലും ഒന്നേകാൽ കോടിയോളം രൂപ ചിലവുവരുന്ന ശതാബ്ദി പദ്ധതികൾ പൂർത്തിയാക്കാൻ 700 കുടുംബങ്ങൾ മാത്രമുള്ള തോപ്പ് ഇടവകയ്ക്ക് സാധിക്കുമോ എന്ന ആശങ്ക ഒരു വിഭാഗം പങ്കുവച്ചിരുന്നു. തീർച്ചയായും അത്തരം ആശങ്കകൾ ന്യായവുമായിരുന്നു. ശതാബ്ദി പദ്ധതികൾ എത്രവുംവേഗം നടപ്പിലാക്കണമെന്ന് മറ്റൊരു വിഭാഗവും അച്ചനോട് നിരന്തരം ആവശ്യപ്പെട്ടുകൊണ്ടിരുന്നു.

എല്ലാവരോടും സമാധാനത്തിൽ വർത്തിക്കാൻ (ഹെബ്രാ:12:14) പരിശ്രമിച്ചിരുന്ന അച്ചൻ തന്റെ തീരുമാനം ഉടനടി നടപ്പിലാക്കുന്നതിനു പകരം ഇടവകയിലെ കുടുംബങ്ങളെ നന്നായിട്ടറിയുന്ന ഒരു ചെറിയ ടീമിനെ, ഇടവക കുടുംബങ്ങൾക്ക് അവരുടെ സാമ്പത്തിക സ്ഥിതിയനുസരിച്ച് ശതാബ്ദി പ്രവർത്തനങ്ങൾക്കായി എത്ര രൂപ നല്കാൻ സാധിക്കും എന്ന വിവരം രഹസ്യമായി ശേഖരിക്കാൻ നിയോഗിച്ചു. ഏകദേശം മൂന്ന് മാസമെടുത്തു ആ പ്രവർത്തനം പൂർത്തിയാക്കാൻ. പ്രസ്തുത ടീമിൽനിന്ന് അനുകൂല റിപ്പോർട്ട് കിട്ടിയതിനെ തുടർന്നാണ് അച്ചൻ എല്ലാവരെയും അക്കാര്യം ബോധ്യപ്പെടുത്തി ശതാബ്ദി പ്രവർത്തനങ്ങൾ വിജയപ്രദമാക്കിയത്. ശരിയായ തീരുമാനങ്ങൾപോലും നടപ്പിലാക്കാൻ ക്ഷമാപൂർവ്വം കാത്തിരിക്കുന്ന ഇടയ ശ്രേഷ്ഠനെയാണ് വളരെ അടുത്തുനിന്നു പ്രവർത്തിക്കുന്നവർക്ക് ദർശിക്കാനാവുക.

മറ്റൊരു സവിശേഷത, ആരെയും കുറ്റപ്പെടുത്താനോ വിധിക്കാനോ (മത്തായി 7:1) അച്ചൻ ശ്രമിച്ചിരുന്നില്ല എന്നതാണ്. അച്ചനോട് വളരെ ചേർന്നു പ്രവർത്തിച്ച വ്യക്തിയെന്ന നിലയിൽ എന്നെ ഏറ്റവും ആകർഷിച്ചത് വൈദികന് ചേരാത്ത വാക്കുകളെ പദങ്ങളോ (കോളോ:4:6) അച്ചന്റെ നാവിൽ നിന്ന് വന്നിരുന്നില്ല എന്ന പ്രത്യേതയാണ്.

ഇത്തരം ദൈവിക ഗുണങ്ങൾ കൊണ്ടുതന്നെ (ഗലാ:5:22) തോമസച്ചൻ തോപ്പ് ഇടവകയിൽനിന്ന് സേവനം പൂർത്തിയാക്കി പോകുമ്പോൾ ഉന്നതപദവിയിലെത്തുമെന്ന് പലരും കരുതിയിരുന്നു. അച്ചനോട് വളരെയടുപ്പമുണ്ടായിരുന്ന ചിലർ അതിനായി പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ടിരുന്നു.

മെത്രാൻസ്ഥാനം ഉത്കൃഷ്ടമായ ശുശ്രൂഷയായതിനാൽ (1 തിമോ 3:1) സർവ്വേശ്വരൻ യഥാർത്ഥ ശുശ്രൂഷകനെത്തന്നെയാണ് അതിനായി നിയോഗിച്ചിരിക്കുന്നത്. എല്ലാവർക്കുംവേണ്ടി അപേക്ഷകളും യാചനകളും മാധ്യസ്ഥ പ്രാർത്ഥനകളും അർപ്പിച്ചുകൊണ്ട് (1 തിമോ 2:1) വിശ്വാസികളുടെ രക്ഷകനായ ജീവിക്കുന്ന ദൈവത്തിൽ പ്രത്യാശയർപ്പിച്ച്, ശരിയായ വിശ്വാസ സംഹിതയനുസരിച്ചുള്ള കാര്യങ്ങൾ അതിരൂപതാ മക്കളെ പഠിപ്പിച്ചുകൊണ്ട് തന്നെ ഏല്പിച്ചിരിക്കുന്ന ഉത്തരവാദിത്വം ദൈവത്തിന്റെ ശക്തിയാൽ പൂർത്തിയാക്കാൻ തോമസ്.ജെ.നെറ്റോ പിതാവിന് സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.




# നല്ല ഇടയൻ



മൂന്നു പതിറ്റാണ്ടിലേറെ നീണ്ട ശ്രേഷ്ഠാചാര്യശുശ്രൂഷയിലൂടെ തിരുവനന്തപുരം അതിരൂപതയ്ക്കും കേരളലത്തീൻ സഭയ്ക്കും കേരള കത്തോലിക്കാസഭയ്ക്കു പൊതുവിലുമെന്നല്ല, തലസ്ഥാനനഗരിക്കും കേരളസമൂഹത്തിനാകമാനവും സൗമ്യവും ദീപ്തവുമായ ഒരു പ്രകാശസ്തംഭവും ധാർമികസ്രോതസ്സുമായി മാറിയ അഭിവന്ദ്യ സൂസപാക്യം മെത്രാപ്പോലിത്ത, കാനോൻ നിയമാനുസൃതമുള്ള വിരമിക്കൽ പ്രായമെത്തുകയാൽ സ്ഥാനമൊഴിയുമ്പോൾ 'ഇനി യാര്' എന്നൊരു ചിന്ത ഏതൊരു സത്ഭാവന്റെയും മനസ്സിൽ ഉയർന്നു വന്നിരുന്നു. ഊഹാപോഹങ്ങളും കണക്കുകൂട്ടലുകളും നിരവധി ഉണ്ടായെങ്കിലും 2022 ഫെബ്രുവരി 2-ാം തീയതി ഉച്ചകഴിഞ്ഞ് 4.30ന് ദൈവാനുഗ്രഹത്താൽ പരി.ഫ്രാൻസിസ് പാപ്പയുടെ കല്പന പാളയം സെന്റ്



**ഫാ. തോമസ് തറയിൽ**
ജനറൽസെക്രട്ടറി,
കെആർഎൽസിസി

ജോസഫ്സ് കത്തീഡ്രലിൽവച്ച് അഭിവന്ദ്യ സൂസപാക്യം മെത്രാപ്പോലീത്ത വെളിപ്പെടുത്തിയതോടുകൂടി അവയെല്ലാം അസ്ഥാനത്താക്കിക്കൊണ്ട് ഇതാ പുതിയ ഇടയൻ: അഭിവന്ദ്യ തോമസ് ജെ. നെറ്റോ പിതാവ് തിരുവനന്തപുരം അതിരൂപതയുടെ മെത്രാപ്പോലീത്തയായി നിയമിതനായിരിക്കുന്നു. എന്തുകൊണ്ടും സൂസപാക്യം മെത്രാപ്പോലീത്തയുടെ പിൻഗാമിയാകുവാൻ സർവഥാ യോഗ്യനായവൻ. 2022 മാർച്ച് 19ന് അഭിവന്ദ്യ നെറ്റോ പിതാവ് അഭിഷേകം ചെയ്യപ്പെട്ട് സ്ഥാനമേല്ക്കുമ്പോൾ കേരളത്തിലെ ലത്തീൻ കത്തോലിക്കാസഭയും സമുദായവും പുതിയ മെത്രാപ്പോലീത്തയിൽനിന്ന് എന്തുപ്രതീക്ഷിക്കുന്നു എന്നത് കാലികപ്രസക്തമായ ഒരു ചോദ്യമാണ്.

പഴയനിയമത്തിലും പുതിയനിയമത്തിലും ദൈവം കാലാകാലങ്ങളിൽ തന്റെ ജനത്തെ നയിക്കുന്നതിനും വിശുദ്ധീകരിക്കുന്നതിനും വിമോചിപ്പിക്കുന്നതിനുമായി തന്റെ ഹൃദയത്തിനിണങ്ങിയ നേതാക്കന്മാരെയും രാജാക്കന്മാരെയും പ്രവാചകന്മാരെയുമൊക്കെ അയക്കുന്നത് നാം കാണുന്നുണ്ട്. അതിലേറ്റം പ്രധാനമായത് കാലത്തികവിൽ തന്റെ ഏകജാതനെത്തന്നെ മാനവരക്ഷയ്ക്കായി അയച്ചുവെന്നതാണ്. ആ പുത്രൻ തന്നെത്തന്നെ നല്ലിടയനായി അവതരിപ്പിച്ചുകൊണ്ട് എല്ലാ ഇടയന്മാർക്കും ഒരു മാതൃകയായി.

## കേരള ലത്തീൻ കത്തോലിക്കാസഭയും സമുദായവും

ആദിമനൂറ്റാണ്ടിൽത്തന്നെ ക്രൈസ്തവവിശ്വാസം ലഭിക്കുകയും പിൽക്കാലത്ത് പാശ്ചാത്യമിഷണറിമാരുടെ പ്രേഷിതശുശ്രൂഷവഴി റോമൻ ആരാധനക്രമവും പാരമ്പര്യവും കൈവന്ന് എന്നും സാർവത്രികകത്തോലിക്കാസഭയുടെ അവിഭാജ്യഘടകമായി നിലനിന്നുപോരുകയും ചെയ്യുന്ന വിശ്വാസസമൂഹമാണ് കേരളത്തിലെ ലത്തീൻ കത്തോലിക്കർ. ക്രിസ്തുവിന്റെ കല്പന അനുസരിച്ച് സകലജനതകളോടും സുവിശേഷം അറിയിക്കുകവഴി കേരളത്തിൽ നിലവിലുണ്ടായിരുന്ന എല്ലാ ജാതി - ഉപജാതി വിഭാഗങ്ങളിൽ നിന്നും ക്രിസ്തുവിശ്വാസം സ്വീകരിച്ച് സഭാംഗങ്ങളായവരുൾക്കൊള്ളുന്നതിനാൽ കേരളത്തിലെ ലത്തീൻ കത്തോലിക്കർ ഏകതാനമായ ഒരു ജനവിഭാഗമല്ല.

കേരളത്തിലെ ലത്തീൻ കത്തോലിക്കർ ഒരേസമയം ഒരു സഭാസമൂഹവും അതേസമയംതന്നെ ഒരു സമുദായവുമാണ്. സാമാന്യ ഉപയോഗത്തിൽ ലത്തീൻ സമുദായമെന്നാൽ ലത്തീൻ പാരമ്പര്യം പിൻതുടരുന്ന എല്ലാവരുമെന്നാണർത്ഥം. എന്നാൽ സൂക്ഷ്മാർത്ഥത്തിൽ വിലയിരുത്തുമ്പോൾ നിരവധി പൂർവജാതി - ഉപജാതി വിഭാഗങ്ങളുടെ ഒരു സങ്കലനമാണ് ലത്തീൻ സമുദായം. വിശ്വാസത്തിലും ആരാധനയിലും ഒന്നാണെങ്കിലും സാമൂഹ്യ സാംസ്കാരിക വൈവിധ്യങ്ങളാലും രാഷ്ട്രീയപരവും സംവരണംപോലുള്ള പൗരാവകാശപരവുമായ വ്യത്യസ്തതകളാലും വൈവിധ്യ സമ്പൂർണവുമാണ് കേരള ലത്തീൻ സമൂഹം. വിവിധ രൂപതകൾക്കിടയിലും രൂപതകൾക്കുള്ളിലും ഈ വൈവിധ്യങ്ങൾമൂലം പലപ്പോഴും വേറിട്ടുനിന്നിരുന്ന വിഭാഗങ്ങളെയെല്ലാം കേരള ലത്തീൻ കത്തോലിക്കർ എന്ന ഒറ്റ വ്യക്തിത്വത്തിലേക്ക് കൂട്ടിയിണക്കുവാനായി സഭാതലത്തിലും സമുദായതലത്തിലും പല കാലഘട്ടങ്ങളിൽ നിരവധി പരിശ്രമങ്ങൾ നടന്നിട്ടുണ്ട്.

എന്നാൽ സുദീർഘമായ പഠന പരിചിന്തനങ്ങളുടെ ഫലമായി ഭാഗ്യസ്മരണാർഹനായ ഡാനിയേൽ അച്ചാരുപറമ്പിൽ പിതാവിന്റെ ധിഷണാവൈഭവത്തിലും പുണ്യശ്ലോകനായ സൂസപാക്യം പിതാവിന്റെ ദാർശനികപിൻബലത്തിലും 2002 മെയ് 24-ാം തീയതി ഉദ്ഘാടനം ചെയ്യപ്പെട്ട കേരള റീജ്യൻ ലാറ്റിൻ കാത്തലിക് കൗൺസിലിന്റെ (കെആർഎൽസിസി) ആവിർഭാവത്തോടുകൂടി കേരള ലത്തീൻ സമൂഹത്തിന് ഒരു പുത്തൻ ഉണർവും ആവേശവും സംജാതമായി. 'ഏകോപനം, പങ്കാളിത്തം, ശക്തീകരണം' എന്നീ ലക്ഷ്യങ്ങളിലൂന്നി കേരളത്തിലെ 20 ലക്ഷത്തോളം വരുന്ന ലത്തീൻ കത്തോലിക്കർ ഉൾക്കൊള്ളുന്ന 12 രൂപതകളെയും വിവിധ പ്രസ്ഥാനങ്ങളെയും സംഘടനകളെയും പ്രവർത്തനങ്ങളെയും ഏകോപിപ്പിച്ച് ഒരു ശക്തിയായും ഒരു സ്വരമായും മാറ്റുവാനാണ് കെആർഎൽസിസിക്ക് രൂപം നല്കിയത്. ആരംഭം മുതൽ കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകാലം കെആർഎൽസിസിയുടെ ആശയും ആവേശവുമായി മുന്നണിയിലും പിന്നണിയിലും പ്രവർത്തിച്ച അഭിവന്ദ്യ സൂസപാക്യം മെത്രാപ്പോലീത്തയുടെ പിൻഗാമിയായാണ് അഭിവന്ദ്യ തോമസ് നെറ്റോ പിതാവ് നിയുക്തനായിരിക്കുന്നത്. അതിനാൽത്തന്നെ തിരുവനന്തപുരം അതിരൂപത മാത്രമല്ല, കേരള ലത്തീൻ സമൂഹമൊന്നാകെ വലിയ പ്രതീക്ഷയാണ് അഭിവന്ദ്യ തോമസ് നെറ്റോ പിതാവിലർപ്പിക്കുന്നത്.

## വിശുദ്ധനായ ഇടയൻ

പ്രഥമവും പ്രധാനവുമായി അഭിവന്ദ്യ നെറ്റോ പിതാവിൽനിന്നും ദൈവജനവും പൊതുസമൂഹവും പ്രതീക്ഷിക്കുന്നത് പുണ്യശ്ലോകരായ മുൻഗാമികളെപ്പോലെ വചനാധിഷ്ഠിത വിശുദ്ധിയോടെ തന്റെ അജഗണത്തെ ഈ ആധുനികലോകത്തിലെ മരണത്തിന്റെ താഴ്വരയിലൂടെപ്പോലും നവജീവിന്റെ സമൃദ്ധിയിലേക്ക് സ്നേഹപൂർവം സധൈര്യം നയിക്കുന്ന ഒരു ഇടയനെയാണ്. ക്രിസ്തീയ പൗരോഹിത്യവും മെത്രാൻ ശുശ്രൂഷയുമൊക്കെ ഏറെ വെല്ലുവിളികൾ നേരിടുന്ന ഈ കാലഘട്ടത്തിൽ അചഞ്ചലമായ വിശ്വാസധീരതയോടും അകളങ്കിതമായ ആചാര്യവിശുദ്ധിയോടുംകൂടെ തന്റെ ജനത്തിന് വഴിയും സത്യവും ജീവനുമായ നിത്യ ഇടയന്റെ സജീവ പ്രതിബിംബമാകാൻ അദ്ദേഹത്തിനു സാധിക്കട്ടെ.

## ധീരനായ നായകൻ


മേൽസൂചിപ്പിച്ചതുപോലെ കേരളത്തിലെ ലത്തീൻ സമൂഹം വൈവിധ്യമാർന്ന സാമൂഹിക- സാമ്പത്തിക- രാഷ്ട്രീയ പശ്ചാത്തലങ്ങളോടുകൂടിയ ഒരു ബഹുസ്വര സമുദായമാണ്.

മെത്രാൻസഭയുടെ ഇടയനായിരിക്കുന്നതുപോലെതന്നെ സമൂഹത്തിന്റെ നായകനുമാണ്. ഏറെ പ്രത്യേകിച്ച് ദലിത് - പിന്നാക്ക ജനവിഭാഗങ്ങൾ ബഹുഭൂരിപക്ഷമായ ലത്തീൻ സമുദായത്തിലെ ഒരു മെത്രാനെന്ന നിലയിൽ തന്റെ ഇടയശുശ്രൂഷയിൽ അനിവാര്യമായ പ്രവാചകനേതൃത്വം ലത്തീൻ സമുദായം അഭിവന്ദ്യ നെറ്റോ പിതാവിൽനിന്നും പ്രതീക്ഷിക്കുന്നു. പരിഹൃതമാകാത്ത നിരവധി സാമൂഹിക പ്രശ്നങ്ങളോടൊപ്പം അനുദിനം രൂപപ്പെട്ടുവരുന്ന പുതിയ പ്രതിസന്ധികളുടെയും മധ്യത്തിലേക്കാണ് പിതാവ് നായകദൗത്യവുമായി ഇറങ്ങിവരുന്നത്. തലസ്ഥാനനഗരിയുടെ മെത്രാപ്പോലിത്തയെന്ന നിലയിൽ സാമൂഹിക-രാഷ്ട്രീയമണ്ഡലങ്ങളിലൊക്കെ തിരുവനന്തപുരം അതിരൂപതയുടെ മാത്രമല്ല കേരള ലത്തീൻ സമൂഹത്തിന്റെയാകമാനം സ്വരവും മുഖവുമാകുവാൻ അഭിവന്ദ്യ നെറ്റോ പിതാവിനാകണമെന്ന് കെആർഎൽസിസി പ്രതീക്ഷിക്കുന്നു. നീതിനിഷേധത്തിന്റെയും അവകാശലംഘനങ്ങളുടെയും മുമ്പിൽ തന്റെ ജനത്തിനുവേണ്ടി തെല്ലും  വിട്ടുവീഴ്ചയില്ലാത്ത നിലപാടുകളുടെ മനുഷ്യനാകാൻ നെറ്റോ പിതാവിനു സാധിക്കട്ടെയെന്ന് പ്രത്യാശിക്കുന്നു.

## ശ്രേഷ്ഠനായ പാലകൻ

കേരളത്തിന്റെ തലസ്ഥാനനഗരിയുടെ മെത്രാപ്പോലിത്തയെന്ന നിലയിൽ പൊതുസമൂഹത്തിന്റെ മനസാക്ഷിയുടെ സ്വരമാകുവാൻ അഭിവന്ദ്യനെറ്റോ പിതാവിന് കഴിയണം. അത്യപൂർവമായ രീതിയിൽ വർഗീയതയുടെയും വിഭാഗീയതയുടെയുമൊക്കെ വിഷം കലർന്ന് മലീമസമായിക്കൊണ്ടിരിക്കുന്ന സമകാലിക സമൂഹത്തിൽ ഐക്യത്തിന്റെയും അനുരഞ്ജനത്തിന്റെയും പാഥേയവുമായി കടന്നുചെല്ലാൻ അദ്ദേഹത്തിന് സാധിക്കണമെന്ന് കേരളസമൂഹം പ്രതീക്ഷിക്കുന്നു. വിവിധ സഭകളുടെയും മതങ്ങളുടെയും രാഷ്ട്രീയപ്രസ്ഥാനങ്ങളുടെയുമൊക്കെ മധ്യേ പരസ്പരധാരണയുടെയും അംഗീകാരത്തിന്റെയും പാലമാകുവാൻ നെറ്റോ പിതാവിന് കഴിയട്ടെയെന്നും ദൈവജനം പ്രതീക്ഷിക്കുന്നു.

എല്ലാറ്റിലുമുപരി കരുതലും കരുണയുമുള്ള അജപാലകൻ, വിശുദ്ധിയും വിജ്ഞാനവും വിവേകവുമുള്ള ആചാര്യൻ, ധീരനും നിഷ്കളങ്കനുമായ ജനനായകൻ എന്നീ നിലകളിലെല്ലാം തന്റെ ശുശ്രൂഷ ദൈവഹിതാനുസൃതം പൂർത്തിയാക്കി കാലത്തികവിൽ നീതിയുള്ള ന്യായാധിപനായ നിത്യ ഇടയന്റെ പക്കൽനിന്നും മഹത്വത്തിന്റെ അക്ഷയകിരീടം നേടുവാൻ അഭിവന്ദ്യതോമസ് നെറ്റോ പിതാവിന് സാധിക്കട്ടെയെന്ന് കേരള ലത്തീൻ കത്തോലിക്കാ സമൂഹത്തിന്റെ നാമത്തിൽ ആശംസിക്കുന്നു.







ലോറൻസ് പുതുക്കുറിച്ചി

# വരിക മഹാത്മൻ

കാവലായിനി ഇടയതാരമേ
വന്നുദിക്കുക വെയിലാളുമാഴങ്ങളിൽ
ചിരിമധുരസ്മിതം അഖിലമറിയും വരം
മനസ്സിലെരിയുന്നരകിലിന്റെ ആത്മം മണം
വിനയാന്വിതം ചമതയെരിയും പ്രഭാ ദീപ്ത
മനനം നിറഞ്ഞൊരാളഭയംഹിതം
ആത്മവിശുദ്ധിയെ പുണരുന്ന ളോഹയും
ത്യാഗസഹനത്തിനുയിരാം ജപമാലയും
കദനം മറയ്ക്കുന്ന തൂമന്ദഹാസവും
ചൊരിയുന്നൊരാത്മൻ പുരോഹിതൻ പുണ്യവാൻ!
കടൽ തിന്നകരകൾ നടുവിലെങ്ങോ ഒരു
കനൽത്തുണ്ട് കരളിലേറ്റുണർന്ന തണ്ടാണ് നീ
ഇരുൾപെറ്റുപെരുകും തമോഗർത്തസീമയിൽ
ഒരു കുഞ്ഞുനക്ഷത്രദീപമായ് വന്നുനീ
മിഴിനട്ടൊരമ്മയെ തിരിതന്നൊരച്ഛനെ
കണിവെച്ച കരുതലായ് സ്നേഹിച്ചുയർന്നു നീ
കുഞ്ഞിളം പ്രാക്കൾക്കിടയിൽ നിന്നൊരു നവ്യ
തേജസിൻ ചിറകിൽ പറന്നേറി നീ
ഏറ്റംചെറിയവർക്കൂഴിയിലൊരുദിവ്യ
വചനാമൃതം പെയ്ത് നീങ്ങീടുവാൻ
നീ കണ്ട വാഗ്ദാനതീരത്തിനപ്പുറം
പലതുണ്ട് ഭഗസാഗരം കടന്നീടുവാൻ
കനലാഴിയപ്പുറമിരുനാഴിമഴനോറ്റ
മതികെട്ടവാഴ്വിന്റെ വാതായനങ്ങളും
ചിതൽമുറ്റി ഗതിയറ്റു വനമേറിയകലുന്നൊ
രുച്ചപ്പെരുമ്പറ ചക്രവാതങ്ങളും
വഴിയിൽക്കുരുക്കുന്ന പൂക്കളിൽ ഫണമാഴ്ത്തി
കൂർക്കം വലിക്കുന്ന നാഗസത്യങ്ങളും
പൊരിയും വയറ്റിന്റെ പശിമാറ്റിനേർക്കുവാൻ
തിരിമങ്ങി വീഴുന്ന തോറ്റമാടങ്ങളും
മിഴികത്തിയുണരുന്ന സ്തോത്രഗീതങ്ങളും
കരയറ്റുകാണാതുഴറും പഴികളും
ഒക്കെക്കടന്നു നടന്നു നീയെത്തുന്ന
പച്ചത്തുരുത്തന്റെ സ്വപ്നമെന്നറിയുക!!!



# സതീർത്ഥ്യരുടെ പ്രതീക്ഷകൾ, സ്മരണകൾ

## കരുതലും കാവലുമാകാനൊരു മേൽനോട്ടക്കാരൻ


തിരുവനന്തപുരം അതിരൂപതയ്ക്ക് ഒരു പുതിയ ആർച്ച്ബിഷപ്പ് ഈ വാർത്ത കർണ്ണപുടങ്ങൾക്കു കുളിർ കാറ്റുപോലെ കുളിരുപകരുന്നതായിരുന്നു. അഭിവന്ദ്യനായ തോമസ് നെറ്റോയാണു പുതിയ ഇടയനെന്നു അറിഞ്ഞപ്പോൾ എന്റെ ഹൃദയം സന്തോഷിക്കുകയും അന്തരംഗം ആനന്ദം കൊള്ളുകയും ചെയ്യുന്നു (സങ്കീർത്തനം 16:9) എന്ന സങ്കീർത്തകന്റെ വാക്കുകളാണ് ഓർമ്മവരുന്നത്. എന്റെ ക്ലാസ്സ്മേറ്റായ അഭിവന്ദ്യ തോമസ് നെറ്റോ ആർച്ചുബിഷപ്പായി എന്നതിലുപരി തിരുവനന്തപുരം അതിരൂപതയ്ക്ക് ഒത്ത ഒരു ഇടയനെ ലഭിച്ചു എന്നതായിരുന്നു എന്റെ ആനന്ദം ഇരട്ടിയാക്കുന്നതിനു കാരണമായത്.

സമസ്തവും അതതിന്റെ കാലത്ത് ഭംഗിയായിരിക്കത്തക്കവിധം സൃഷ്ടിച്ച (സഭാ പ്രസംഗകൻ 3:11) ദൈവത്തിന്റെ കാലോചിതമായ ഇടപെടൽ തന്നെയാണ് ഈ നിയമനത്തിന്റെ പിന്നിലെന്നു നിസംശയം പറയാം. അതുകൊണ്ട് "നമ്മുടെ കർത്താവിൽ സന്തോഷിക്കു" (ഫിലി. 4:4) വാനുള്ള അവസരമായി ഇതിനെ കാണാം.

നിയുക്ത ആർച്ച്ബിഷപ്പിന്റെ ഗുണഗണങ്ങളെക്കുറിച്ചു ചിന്തിച്ചപ്പോൾ ആദ്യം മനസ്സിൽ വന്നത് ബോധ്യങ്ങളാൽ നയിക്കപ്പെടുന്ന വ്യക്തിത്വത്തിന്റെ ഉടമയാണ് അദ്ദേഹം എന്നതാണ്. കാര്യ ഗൗരവത്തോടെ വസ്തുതകൾ മനസ്സിലാക്കുവാനും വസ്തുനിഷ്ഠമായി അവയെ കൈകാര്യം ചെയ്യാനും അദ്ദേഹം സർവ്വധാതല്പരനായിരുന്നു. അനാവശ്യമായി സമയം കളയാതെ ഗൗരവമുള്ള വിഷയങ്ങൾ ആത്മാർത്ഥതയോടെ ചർച്ച ചെയ്യാനും അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ന



**ഫാ. ഗ്രിഗറി ആർബി**
നെയ്യാറ്റിൻകര



**ഫാ. ജോസഫ് സുഗുൺ ലിയോൺ**
കൊല്ലം

*പുസ്തകത്തെ സ്നേഹിക്കുന്ന ജ്ഞാനിയായ ഒരു മെത്രാപ്പോലീത്തയെ കേരളസഭയ്ക്ക് ക്രിസ്തു സമ്മാനിച്ചതിൽ അഭിമാനം കൊള്ളുന്നു.*

ല്ല കാഴ്ച്ചപ്പാടുകളിലേക്കു നയിക്കുന്ന ദൈവശാസ്ത്രഗ്രന്ഥങ്ങൾ വായിച്ചും വിചിന്തനം ചെയ്തും ആശയങ്ങൾ സ്വരൂപിക്കാനായതുകൊണ്ടാണ് സഭാവിജ്ഞാനിയത്തിൽ കൃത്യമായി ഡോക്ടറേറ്റു ബിരുദം കരഗതമാക്കി അനുവദിക്കപ്പെട്ട സമയത്തിനുള്ളിൽ പഠനം പൂർത്തിയാക്കി റോമിൽനിന്നും രൂപതയിൽ തിരിച്ചുവരാനായത്. കൂട്ടുകെട്ടുകളിലും അനാവശ്യയാത്രകളിലും ചെന്നു പെടാതെ തനതുവ്യക്തിത്വം എപ്പോഴും ഉയർത്തിപ്പിടിക്കുന്നതിൽ ബദ്ധശ്രദ്ധനാണ് നിയുക്ത ആർച്ചുബിഷപ്പ്. ലളിതമായും വ്യക്തമായും അളന്നു തൂക്കിയ വാക്കുകൾ ക്രമാനുസാരം പെറുക്കിവച്ചുകൊണ്ട് ഘനഗംഭീരമായി പ്രസംഗിക്കുവാൻ അദ്ദേഹത്തിനു കഴിയുന്നത് അദ്ദേഹം ആർജ്ജിച്ചെടുത്ത ഈ ബോധ്യങ്ങളിൽ നിന്നുമാണ്. "പ്രസംഗത്തിലും പ്രബോധനത്തിലും നിരന്തരം ഏർപ്പെടുവാനും"(1 തിമോ 5:16) അതിലൂടെ "സഭയെ നന്നായി ഭരിക്കുന്ന ശ്രേഷ്ഠനായി" (1 തിമോ 5:16) വിരാജിക്കുവാനും കഴിയുമെന്നതാണ് നിയുക്ത ആർച്ചുബിഷപ്പ് നല്കുന്ന പ്രത്യാശ.



**മോൺ. വിൻസെന്റ് കെ. പീറ്റർ**
നെയ്യാറ്റിൻകര

*മെത്രാനെന്ന നിലയിൽ കേരള സഭക്ക് പ്രത്യേകിച്ച് ലത്തീൻ സഭക്ക് ശക്തമായ നേതൃത്വം നല്കുന്നതോടൊപ്പം സമന്വയത്തിന്റെയും സൗഹാർദ്ദത്തിന്റെയും പാതയിലൂടെ ദൈവജനത്തെ നയിക്കുമെന്ന് പ്രതീക്ഷിക്കാം.*

ബൈബിളിലെ പുതിയനിയമത്തിലുടനീളം ബിഷപ്പ് എന്ന വാക്ക് എപ്പിസ്കോപ്പോസ് അഥവാ ഓവർസിയർ എന്ന ഗ്രീക്ക് പദത്തിൽനിന്നു വരുന്നതാണ്. അതിന്റെ അർഥമാകട്ടെ മേൽനോട്ടക്കാരൻ എന്നാണ്. തിരുവനന്തപുരം അതിരൂപതയുടെ ആത്മീയ നേതൃത്വം ഏറ്റെടുത്തുകൊണ്ട് സമഗ്രവളർച്ചയുടെ മേൽനോട്ടക്കാരനായി അഭിവന്ദ്യ തോമസ് നെറ്റോ പിതാവ് ചുമതലയേല്ക്കുകയാണ്. അജപാലന ശുശ്രൂഷയിലൂടെ ആത്മീയ പാതയിലേക്ക് നയിച്ച് സ്വർഗ്ഗീയ സൗഭാഗ്യത്തിനു ചേർന്ന ജീവിതശൈലികൾ രൂപപ്പെടുത്തേണ്ട ഇടയനാണ് അദ്ദേഹം. അതിരൂപതയുടെ സർവ്വോന്മുഖ പുരോഗതിക്കും ഉതകുന്ന രീതിയിൽ ആത്മീയ നേതൃത്വത്തിന്റെ അമരക്കാരനാകുന്നു. മേൽനോട്ടക്കാരനായി രൂപതയെ നയിക്കുവാൻ അദ്ദേഹത്തിനു കഴിയുന്നത് പ്രധാനമായും അദ്ദേഹം രൂപതയെ നന്നായി അറിയുന്നവനെന്നും, വിശ്വാസത്തിൽ അടിയുറച്ച ജീവിതശൈലിയുടെ ഉടമസ്ഥനാണെന്ന നിലയിലും, സുതാര്യതയുടെ എല്ലാക്കാര്യങ്ങളും തന്റെ മുൻഗാമിയെപ്പോലെ ചെയ്തുകൊണ്ടുപോകുവാൻ കഴിയും എന്നതുകൊണ്ടാണ്.

മണ്ണിന്റെ മകൻ തന്നെ ആയതുകൊണ്ട് നാടിനെയും നാട്ടുകാരെയും അറിയുന്നയാളാണ് നിയുക്ത ആർച്ചുബിഷപ്പ്. സെമിനാരികാലം മുതൽ തന്നെ പ്രസംഗങ്ങൾക്കും ക്ലാസ്സുകൾക്കുമായി ഇടവകകൾതോറും കയറിയിറങ്ങിയവനായതുകൊണ്ട് ദൈവജനത്തിന്റെ വിവിധങ്ങളായ ആവശ്യങ്ങൾ വിവേചിച്ചറിയുവാനും പരിഹാരങ്ങൾ നിർദ്ദേശിച്ചുകൊടുക്കുവാനും അദ്ദേഹത്തിനാകും. ബിസിസി ഡയറക്ടറായും ശുശ്രൂഷാ കോർഡിനേറ്ററായും അതിരൂപതയിൽ കാര്യക്ഷമമായി പ്രവർത്തിച്ചയാളാണ് അദ്ദേഹം. അതുകൊണ്ടുതന്നെ തന്റെ ശുശ്രൂഷപ്രവർത്തനങ്ങളിലൂടെ അജപാലനപ്രവർത്തനത്തിന്റെ ഇടനാഴികളും ഊടുവഴികളും വ്യക്തമായി അറിയാവുന്നയാളാണ് അദ്ദേഹം. രൂപതാപ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് കൊണ്ടുപോകുവാൻ ഈ അനുഭവസമ്പത്ത് ശക്തമായൊരു മുതൽക്കൂട്ടായിരിക്കും. മൈനർ സെമിനാരി റെക്ടർ എന്ന നിലയിൽ വൈദികരുടെയും വൈദികവിദ്യാർഥികളുടെയും ഉള്ളറിഞ്ഞവൻ, അവർക്കൊക്കെ സ്വന്തവുമായ നല്ലൊരിടയനാണദ്ദേഹം. ഈ അടുത്തറിവുകളുടെ അടിസ്ഥാനത്തിൽ അഭിവന്ദ്യ തോമസ് നെറ്റോയെ തിരുവനന്തപുരം അതിരൂപതയുടെ മേൽനോട്ടക്കാരനായും സുവിശേഷത്തിന്റെ പ്രഘോഷകനും പ്രബോധകനുമായി (2 തിമോ 1:11) നിയമിക്കപ്പെടുവാൻ എന്തുകൊണ്ടും യോഗ്യനാണ്.

സാമൂഹികമായ പിന്നോക്കാവസ്ഥയിൽ സാമ്പത്തിക പരാധീനതകളുമായി ജീവിതയാഥാർത്ഥ്യങ്ങളോട് പടപൊരുതുന്ന സാധാരണക്കാരായ മനുഷ്യർക്ക് കരുതലും കാവലുമായി ദൈവം കല്പിച്ചു നല്കിയ പുണ്യമാണ് നിയുക്ത ആർച്ചുബിഷപ്പ്. ഉത്തരവാദിത്വ നിർവഹണത്തിന്റെ ബാഹുല്യതയിൽ അദ്ദേഹത്തിന്റെ മുന്നിലുള്ളത് ധാരാളം വെല്ലുവിളികളാണ്. രൂപതാമക്കളെ എല്ലാവരെയും ഒരുപോലെ കേട്ടുകൊണ്ടും കൂട്ടായ്മയിൽ പങ്കാളികളാക്കികൊണ്ടും പ്രേഷിതചൈതന്യത്തിൽ മുന്നേറുന്ന സാർവ്വത്രിക സഭയുടെ ഒരു ചെറുപതിപ്പായി പ്രാദേശിക സഭയായ തിരുവനന്തപുരം അതിരൂപത മുന്നേറട്ടെ. അതിരൂപതയുടെ മേൽനോട്ടക്കാരനായി നിയോഗിക്കപ്പെട്ട ഈ ഇടയന്റെ നേതൃത്വത്തിൽ അതിരൂപതയിലെ ദൈവജനമെല്ലാം അഭിവൃദ്ധിയിലേക്കും സമഗ്രപുരോഗതിയിലേക്കും കുതിക്കുന്ന ആത്മീയജനമായി മാറട്ടെ എന്നതാണ് സഹപാഠികളായ ഞങ്ങളുടെ ആശംസകൾ. ക്ഷമ കൈവിടാതെ പ്രബോധനത്തിൽ ശ്രദ്ധിക്കുവാൻ (2 തിമോ 4:2) "തന്റെ ഇടയവഴികളിലെന്നും വിളിച്ചവൻ വഴി നടത്തട്ടെ" എന്നതാണ് രൂപതാമക്കളോടൊപ്പം ഞങ്ങൾക്കുമുള്ള പ്രാർത്ഥന.



**ഫാ. ജോഷി പുതുപ്പറമ്പിൽ**
വിജയപുരം

*പ്രാർത്ഥനയും പഠനവും എന്റെ ഈ കൂട്ടുകാരന് ജീവിതവിജയത്തിന്റെ മന്ത്രണമായിരുന്നു എന്ന് ഞാൻ മനസ്സിലാക്കുന്നു. അതിരാവിലെ തന്നെ ഞങ്ങളുടെ പ്രാർത്ഥനയുടെ നിശ്ചയിക്കപ്പെട്ട സമയത്തിനു മുമ്പ് തന്നെ ചാപ്പലിൽ പ്രാർത്ഥിക്കാനായി വരുന്ന എന്റെ സഹപാഠി ഇന്നും എന്റെ ഓർമ്മയിൽ നിന്നും മാഞ്ഞിട്ടില്ല.*

# മെത്രാൻ: വേദപുസ്തകത്തിൽ

## ആമുഖം

അത്യന്താധുനിക കാലത്ത് നേതൃത്വം ഏറെ സങ്കീർണ്ണമാകുന്ന സാഹചര്യങ്ങളിലാണ് നാമിന്ന് ജീവിക്കുന്നത്. നേതൃത്വം ശുശ്രൂഷയാക്കുന്ന ദർശനമാണ് യേശു നമ്മുടെ മുമ്പിൽ വയ്ക്കുക (മർക്കോ:10:45). ശുശ്രൂഷകളിലൂടെയാണ് ദൈവരാജ്യാനുഭവം കരഗതമാകുന്നത്. ദൈവരാജ്യത്തിന്റെ ശുശ്രൂഷകൾ വിരിയിയ്ക്കാനുള്ള വേദിയും ഉപകരണവുമാണ് സഭ. സഭയെ നയിക്കുന്ന വിശ്വാസ മൂപ്പനാണ് മെത്രാൻ. മെത്രാൻ ആര്, എന്തിന്, ഉണ്ടായിരിക്കേണ്ട ഗുണങ്ങൾ, നയിക്കേണ്ടത് എങ്ങനെ, എന്നിവ വേദപുസ്തകത്തിലൂടെ നോക്കിക്കാണാം.

## 1. മെത്രാൻ: ആര്?

വേദപുസ്തകം നല്കുന്ന ദൈവത്തിന്റെ ചിത്രം: ദൈവം ഇടയ രാജാവെന്നാണ്. യഹൂദരിൽ ഭൂരിഭാഗവും ഇടയന്മാരാണ്. ദൈവം ഇടയനാണ് എന്നത് അവരുടെ ജീവിത സാഹചര്യത്തിൽ നിന്നും എളുപ്പം അവർക്ക് മനസ്സിലാകും (സങ്കീ:23). യേശുവാണ് ഏറ്റവും വലിയ ആട്ടിടയനും മെത്രാനും (1 പത്രോ:2:25; (ഡോ. ആന്റണി തേറാത്ത്, ബൈബിൾ നിഘണ്ടു, പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് പബ്ലിക്കേഷൻസ്, ആലുവ, 1997, പേജ് 643). ദൈവരാജ്യവരവിന് മേൽനോട്ടം വഹിക്കുന്ന ജീവിത പക്വതയും, വിശ്വാസ പക്വതയുമുള്ള വ്യക്തിയാണ് മെത്രാൻ.

ഒരു രൂപതയുടെ മേധാവിയാണ് 'എപ്പിസ്കോപ്പാസ്' എന്നു വിളിക്കപ്പെടുന്ന മെത്രാൻ. തന്നെ ഭരമേല്പിക്കപ്പെട്ടിരിക്കുന്ന അജഗണത്തിന്റെ മേൽനോട്ടക്കാരനാണ് മെത്രാൻ. തിരുസഭയിൽ മെത്രാന് ശുശ്രൂഷിയുടെ സ്ഥാനമാണുള്ളത് (അപ്പ:1:20, 25).

മെത്രാന് അധികാരം ലഭിക്കുന്നത് പിതാവായ ദൈവത്തിൽ നിന്നുമാണ്. മെത്രാൻ പരിശുദ്ധാത്മാവിനാൽ അഭിഷിക്തനും നിയമിക്കപ്പെട്ടവനും, അജഗണങ്ങളുടെ നേതൃത്വസ്ഥാനം വഹിക്കുന്നവനുമാണ്.

മെത്രാനെ തെരഞ്ഞെടുത്ത് പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്തത് യേശുവിന് ഇഷ്ടമുള്ളതുകൊണ്ടാണ്. യേശുവിനോടൊപ്പം ആയിരിക്കുവാനും ദൈവരാജ്യം അറിയിക്കുവാനുമാണ് (മർക്കോ:3:15). അതിനായി മെത്രാൻ യേശുവിൽ വസിക്കുന്നു. കാരണം, യേശുവിനെ കൂടാതെ അവന് ഒന്നും ചെയ്യാൻ കഴിയുകയില്ല. മെത്രാൻ ദൈവവുമായും ദൈവത്തിന്റെ പാവപ്പെട്ടവരുമായും അടുത്തിരിക്കുന്നു (യോഹ:15:1–5; ലൂക്കാ:4:18). ആനന്ദതൈലം കൊണ്ട് അഭിഷിക്തനായ അവൻ യേശുവിനെപ്പോലെ വിളുമ്പിൽ കിടക്കുന്നവരോടും ജനനത്തിലും മരണത്തിലും പുറത്താക്കപ്പെടുന്നവരോടും കൂടെയാണ് (ഹെബ്രാ:13:11–14).

മെത്രാൻ വിജയം നോക്കാതെ വിശ്വസ്തതയും, വിനയവും, വിവേകവും ഉള്ളവനാകണം (യോഹ:10:1–11). ദൈവം മെത്രാനെ ഏല്പിച്ചിരിക്കുന്നതിന്റെ കണക്കു നല്കണം. മെത്രൻ നയിക്കേണ്ടത് നിർബന്ധത്താലല്ല, ആധിപത്യം പുലർത്താതെ തീക്ഷ്ണതയോടെ സന്മാതൃക നല്കി. സ്വമനസ്സോടെ നയിക്കണം (1 പത്രോ:5:1–4).

## 2. മെത്രാൻ: ചരിത്രം

അപ്പസ്തോലന്മാരുടെ പ്രവർത്തന ഫലമായി രൂപപ്പെട്ട സഭാസമൂഹത്തിൽ അപ്പസ്തോലന്മാരുടെ കീഴിലും/പിൻഗാമികളായും ഓരോ പട്ടണത്തിലെയും സഭാധികാരികളായിരുന്നു മെത്രാന്മാർ. പുതിയ നിയമത്തിൽ, ഇവർ ഒരു പ്രദേശത്തിലെ ക്രൈസ്തവ സഭയുടെയും പൂർണ്ണ അധികാരിയായി കാണു



**മോൺ. നിക്കൊളസ്.ടി**
പാളയം സെന്റ് ജോസഫ്സ് കത്തീഡ്രൽ വികാരി

ന്നില്ല. എന്നാൽ ഒന്നാം നൂറ്റാണ്ടിന്റെ അവസാനത്തോടെ മെത്രാൻ ഒരു പ്രദേശത്തിന്റെ അധിപനായി മാറി. ജ്ഞാനസ്നാനം, പരിശുദ്ധ കുർബ്ബാന എന്നിവയ്ക്ക് മെത്രാൻ നേതൃത്വം നല്കിയിരുന്നു. സഭയിലെ ശ്രേഷ്ഠന്മാർ അദ്ദേഹത്തിന്റെ ഉപദേശകരും, സഹകാരികളുമായിരുന്നു.

3. മെത്രാൻ: ദൈവകൃപയുടെ വിളനിലം

മെത്രാൻ ദൈവകൃപയുടെ കാര്യസ്ഥനാണ് (1 പത്രോ:4:1-4). ദൈവകൃപയുടെ കാര്യസ്ഥനെന്ന നിലയിൽ മെത്രാൻ കുറ്റമറ്റവനും യോഗ്യനായ പ്രബോധകനുമാണ്. മെത്രാൻ ആരോപണങ്ങൾക്കതീതനും സംയമിയും വിവേകിയും അച്ചടക്കമുള്ളവനും അതിഥിസൽക്കാര പ്രിയനും, സഭയ്ക്കുപുറത്തും നല്ല മതിപ്പും ഉള്ളവനാണ്. അവൻ സൗമ്യശീലനും, കലഹിക്കാത്തവനും, ലാഭേച്ഛയും അഹങ്കാരവും, ക്ഷിപ്രകോപവും, അക്രമാസക്തിയും, അത്യാഗ്രഹവും ഇല്ലാത്തവനുമാണ്. അവൻ അനുസരണത്തിലും വിനയത്തിലും വളരുകയും വളർത്തുകയും ചെയ്യുന്നു; ഗൗരവപൂർവ്വം ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. അവൻ നീതിനിഷ്ഠനും, പുണ്യശീലനും, വിവേകിയും, ആത്മനിയന്ത്രണം പാലിക്കുന്നവനുമാണ് (1 തിമൊ:3:1 -6; തീത്തോ:6:1-19).

## 4. മെത്രാൻ: വിളിമ്പിലുള്ളവരെ വഴിനടത്തുന്നവൻ

എല്ലാം യേശു അറിയുന്നു എന്ന് പറഞ്ഞ് കുഞ്ഞാടുകളെ അഥവാ ദുർബ്ബലരെ മേയ്ക്കാൻ യേശുവാൽ നിയോഗിക്കപ്പെടുന്നവനാണ് മെത്രാൻ (യോഹ:21:15-19). അക്കാരണത്താൽ അവൻ ദുർബ്ബലമായതിനെ ശക്തിപ്പെടുത്തുന്നു, മുറിവേറ്റതിനെ വെച്ചുകെട്ടുന്നു, വഴിതെറ്റിയതിനെ തിരികെ കൊണ്ടുവ



രുന്നു, കാണാതായതിനെ തേടിപ്പോകുന്നു. അവയോടവൻ കഠിനമായും ക്രൂരമായും പെരുമാറുന്നില്ല; ചിതറിക്കിടക്കുന്നതിനെ ഒരുമിപ്പിക്കുന്നു (എസെ:34:1-22).

### 5. മെത്രാൻ: സഹനവഴിയിൽ

മെത്രാൻ പത്രോസിനെപ്പോലെ യേശുവിന് മുമ്പേ പോകാൻ ശ്രമിക്കുകയും സഹനത്തിൽ നിന്ന് ഒഴിഞ്ഞു മാറുകയും ചെയ്യരുത്. കാരണം, അവൻ യേശുവിന്റെ പിന്നാലെ പോകേണ്ടവനാണ്. അവന്റെ ചിന്ത വെറും മാനുഷികമാകരുത്, മറിച്ച് ദൈവീകമാകണം (മത്താ:16:22-23).

"കഷ്ടതയുടെ അപ്പവും ക്ലേശത്തിന്റെ ജലവും" സ്വീകരിക്കേണ്ടിവരുമ്പോഴും ദൈവം കാണിക്കുന്ന വഴിയിലൂടെ പോവുകയും മറ്റുള്ളവരെ നയിക്കുകയും ചെയ്യുന്ന മെത്രാന്റെ പിന്നാലെ സഹനവഴിയേയുള്ള യാത്രയാണ് ക്രിസ്തീയ ജീവിതം (ഏശ:39:20-21).

വൈവിധ്യങ്ങളിലെ ഏകതയെ തിരിച്ചറിയുകയും, തിരിച്ചു പിടിക്കുകയും ചെയ്യുന്നവനാണ് മെത്രാൻ. യാക്കോബിനെയും, യോഹന്നാനെയും പോലെ അസഹിഷ്ണുതയോടെ ഗന്ധകവും, തീയുമിറക്കി നശിപ്പിക്കണമേ എന്ന് കരുതരുത് (ലൂക്കാ:9:54). നമുക്കും അവനോടുകൂടി പോയി മരിക്കാം എന്ന് പറഞ്ഞ തോമയെപ്പോലെ സഹനവഴിയിലൂടെ മുന്നോട്ട് പോകുന്നവനാണ്/നയിക്കുന്നവനാണ് മെത്രാൻ (യോഹ:11:16).

### 6. മെത്രാൻ: അനുകമ്പ

മെത്രാൻ യേശുവിന്റെ അനുകമ്പയുടെ ആൾരൂപവും അനുകമ്പയുടെ അപ്പവുമാണ്. അവൻ നായിമിലെ വിധവയേയും വഴിയോരത്ത് അടിച്ചുവീഴ്ത്തപ്പെട്ടവനേയും സൗഖ്യത്തിനായി നിലവിളിക്കുന്ന കുഷ്ഠരോഗികളേയും മറ്റു രോഗികളേയും യേശു കണ്ടതുപോലെ കാണുകയും കേൾക്കുകയും, മനസ്സലിഞ്ഞ് അവന്റെ അനുകമ്പയുടെ കരം നീട്ടി അവരെ സ്പർശിക്കുകയും ചെയ്യുന്നു. വഴിയോരത്ത് കിടക്കുന്ന വിത്തായ ബെർത്തിമേവൂസ് പോലും കേൾക്കാനും മനസ്സിലാക്കാനും ഉൾക്കൊള്ളാനും തക്ക രീതിയിൽ മെത്രാന്റെ കീർത്തി, സമർപ്പണം, പ്രവർത്തന ശൈലി, സുതാര്യവും, നിഷ്പക്ഷവും, കളങ്കരഹിതവുമായിരിക്കണം (മത്താ:14:14; 15:32; ലൂക്കാ:7:13; 10:30; മത്താ:8:22; മർക്കോ:1:29-34; 10:46-52).

### 7. മെത്രാൻ: ജീവന്റെ വഴിയേ നയിക്കുന്നവൻ

ആടുകൾക്ക് പച്ചപുൽത്തകിടിയിൽ വിശ്രമവും, ദാഹജലവും, ദൈവികപാതയിലൂടെ, ദൈവികനീതിയിലൂടെ ഒരു കുറവും വയ്ക്കാതെ മെത്രാൻ നയിക്കുന്നു. മരണവീഥികളിലും വേദികളിലും നിന്ന് ആടുകളെ സംരക്ഷിച്ച് ഭയലേശ്യമെന്യേ തെളിക്കുന്ന ഇടയൻ അവയെ മാറോടു ചേർത്ത് അണയ്ക്കുന്നു. ചെന്നായ്ക്കളിൽ നിന്നും സംരക്ഷിക്കുമ്പോൾ മുറിവേറ്റ കുഞ്ഞാടുമായി വീണുപിടയുന്ന ഇടയൻ ജീവിത സാഫല്യം കണ്ടെത്തുന്നു. അപ്പോഴും ആടുകളുമൊത്ത് രക്ഷയുടെ പാനപാത്രമെടുത്ത് ജനത്തോടൊപ്പം ദൈവനാമം വിളിച്ചപേക്ഷിക്കുന്നവനാണ് മെത്രാൻ. ദൈവിക നന്മയുടെയും കരുണയുടെയും വറ്റാത്ത ഉടവിട മായിത്തീരുന്നവാനാണ് മെത്രാൻ (സങ്കീ:116:13).

### 8. മെത്രാൻ: ദൈവിക പരിശുദ്ധിയിലേക്ക് നയിക്കുന്നവൻ

ദൈവം പരിശുദ്ധനാണ്, പൂർണ്ണനാണ് (ലേവ്യ:19:20; മത്താ:5:48). ദൈവജനവും ഈ പരിശുദ്ധിയിലേക്ക് വളരണം. ആ വളർച്ചയിൽ ജനം സകല മാലിന്യങ്ങളിൽ നിന്ന് ശുദ്ധീകരിക്കപ്പെടണം, ദൈവിക വെട്ടത്തിൽ നടക്കണം. അതിനായി ശിലാഹൃദയങ്ങളെ പറിച്ചു മാറ്റി മാംസളമായ ഹൃദയം നല്കുന്ന ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് ഊന്നലും ഉണർവ്വും നല്കുന്നവനാണ് മെത്രാൻ (ജെറ:31:33-34; എസെ:36:25-27).

### 9. മെത്രാൻ: വാതിലും വലക്കണ്ണിയും

മെത്രാൻ, യേശുവിനെ അനുകരിച്ച് വാതിലാണ്; ആടുകൾക്ക് അഭയവും ആശ്രയവുമായ വാതിൽ, യഥേഷ്ടം കടന്നുവരാനും കടന്നുപോകാനുമുള്ള വാതിൽ. മെത്രാനും ജനങ്ങളും തമ്മിലുള്ള ബന്ധം ഇടയബന്ധമാണ്. മെത്രാൻ ജനങ്ങളെ പേരുചൊല്ലി വിളിക്കുന്നു, തെളിക്കുന്നു, നയിക്കുന്നു. സമൃദ്ധമായ ജീവൻ നല്കാൻ സ്വജീവിതം മോചനദ്രവ്യമായി അർപ്പിക്കുന്നവനാണ് മെത്രാൻ. അദ്ദേഹം കൂലിക്കാരനല്ല മറിച്ച് ഉടമസ്ഥനാണ്. ഉടമസ്ഥൻ വിശ്വസ്തനാണ്, വിവേകിയാണ്.

മെത്രാന്റെ പ്രവർത്തനങ്ങൾ കാലോചിതമാകണം. മനുഷ്യരെ പിടിക്കേണ്ട വലക്കണ്ണികളുടെ ബലവും, വലിപ്പവും കൃത്യതയോടെ നോക്കിക്കാണണം (ലൂക്കാ:5:1-11). കാരണം മത്സ്യവും, മനുഷ്യരുമുണ്ട്. മനുഷ്യർക്ക് ജീവിക്കാൻ യേശുവാകുന്ന മത്സ്യം നല്കണം (ആദിമസഭയിൽ മത്സ്യം യേശുവിനെയാണ് സൂചിപ്പിച്ചിരുന്നത്.)

### ഉപസംഹാരം

ദൈവത്തിന്റെ ചിന്തയിൽ രൂപപ്പെടുന്ന ദൈവരാജ്യ ക്രമീകരണത്തിന് സഭയിൽ നിന്ന് നേതൃത്വം നല്കുന്നവനാണ് മെത്രാൻ. നേതൃത്വം അനുയായികളുമായിട്ടുള്ള ബന്ധമാണ്. "നിയന്ത്രിക്കുന്നതല്ല, മറിച്ച് പ്രചോദിപ്പിക്കുന്നതാണ് നേതൃത്വം; അനുയായികളെ സേവകരായിട്ടല്ല, സ്നേഹിതരായി പരിഗണിക്കണം. നേതാവ് ശുശ്രൂഷിക്കുന്നതിൽ എപ്പോഴും മുൻപന്തിയിലായിരിക്കണം. വ്യക്തിലാഭത്തെക്കാൾ മറ്റുള്ളവരുടെ നന്മയ്ക്ക് മുൻതൂക്കം നല്കണം . . . നേതാവ് എപ്പോഴും ഒരു അനുയായിയായിരിക്കണം" (മരിയ മൈക്കിൾ ഫെലിക്സ്, "യോഹന്നാൻ സുവിശേഷത്തിലെ ക്രിസ്തുവെന്ന 'ലീഡർ' ", ജീവനും വെളിച്ചവും ഫെബ്രുവരി 2022, (14-17) പേജ് 17).

പങ്കാളിത്ത സമൂഹത്തിലൂടെ ദൈവരാജ്യമൂല്യങ്ങൾ - നീതി, കരുണ, വിശ്വസ്തത - ജീവിക്കുന്ന സമൂഹമായി മാറുവാൻ അതിന് നേതൃത്വം നല്കുന്ന മെത്രാൻ ഇടയരാജാവായ ദൈവത്തിന്റെ മനസ്സിനിണങ്ങുന്ന ഇടയനായി നിത്യ ഇടയന്റെ വിശാലതയിൽ ദൈവജനത്തെ പഠിപ്പിക്കണം, നയിക്കണം, വിശുദ്ധീകരിക്കണം. ■

# திருவனந்தபுரம் உயர் மறைமாவட்டத்தின் புதுப்பேராயர்

# மோண்சிஞோர். தோமஸ் ஜெ. நெற்றோ

## அவர்களை வாழ்த்தி வரவேற்கின்றோம்





∴பெறி ஜி ∴பெர்னாண்டஸ்

"என் ஊழியன் தாவீதைக் கண்டுபிடித்தேன்.
என் திருத்தைலத்தால் அவனுக்குத் திருப்பொழிவு செய்தேன்.
என் கை எப்பொழுதும் அவனோடு இருக்கும்" (தி.பா. : 89 - 20,21)

2022 ஆம் ஆண்டு பிப்ரவரி 2-ம் தேதி திருவனந்தபுரம் உயர் மறைமாவட்டத்திற்கு ஓர் பொன் னாள். ஆசீர்வாதத்தின் நன்னாள். நமது பாசமிகு மேதகு பேராயர் சூசைபாக்கியம் அவர்களின் 32-வது ஆயர் திருநிலைப்பாட்டின் நிறைவு நாள் அந்நாளில் புனித ஜோசப் பேராலயத்தில் நிறைவேற்றப்பட்ட நன்றி திருப்பலியின் போது பேராயர். சூசைபாக்கியம் அவர்களின் முன்னுரையில் கூறப்பட்ட செய்தி அனைத்து இறைமக்களையும் வியப்பில் ஆழ்த்தியது. இயேசுவின் நற்பண்புகளின் விழுமியங்களைத் தமதாக்கி தம் பணியை செவ்வனே செய்து கொண்டிருந்த மேதகு பேராயர் சூசைபாக்கியம் அவர்கள், திருத்தந்தையின் ஒப்புதலோடு தமது பேராயர் பதவியிலிருந்து ஓய்வு பெறுவதாகவும், மறைமாவட்டத்தின் அனைத்து பொறுப்புகளிலிருந்தும் விடுவிப்பதாகவும் அறிவித்தார். அனைத்து இறைசமூகத்தின் இதயங்களை கவருமாறு பிரியாவிடை உரையாற்றின பின்பு, மேலும் வியப்பான, மகிழ்ச்சியான, ஓர் அறிவிப்பையும் விடுத்தார். நம் மத்தியில் இருந்து மீண்டும் நமக்காக ஒரு பேராயரை இறைவன் தந்துள்ளார். "அவர்களின் தலைவன், அவர்களில் ஒருவராக இருப்பான்!" என்ற இறைவார்த்தைக்கேற்ப, இதுவரையிலும் கேள்விப்படாத, எதிர்பாராத ஒரு பெயர். அதிர்ச் சியும் மகிழ்ச்சியும் பொங்கி நின்ற ஆசீர்வாதமான ஒரு தரு ணம்.

"என் இதயத்திற்கேற்ற மேய்ப்பர்களை உங்களுக்கு கொடுப்பேன். அவர்கள் உங்களை அறிவுடனும் முன்மதியுடனும் வழிநடத்துவார்கள்" (எரே : 3 - 15) என்ற இறைவார்த்தைக்கேற்ப, தோமஸ் ஜெ. நெற்றோ என்ற குருவானவரை, தாயின் வயிற்றிலிருந்தே உருவாக்கி, பக்குவப்படுத்தி, திருத்தந்தை பிரான்சீஸ் வழியாக, நமது திருவனந்தபுரம் உயர் மறைமாவட்டத்தின் பேராயராக திருநிலைப்படுத்தியுள்ளார். அங்கு குழுமியிருந்த அனைவரும் மிகுந்த கரகோஷம் எழுப்பி மகிழ்ச்சியுடன் புது பேராயரை வரவேற்றனர்.

வழக்கமாக ஒரு ஆயர், பேராயராக உயர்த்தப்படுவதுண்டு, ஆனால் ஒரு குருவானவர், ஆயராக மட்டுமல்ல, பேராயராக திருநிலைப்படுத்தப்படுவது ஒரு அசாதாரண நிகழ்வு. இறை சமூகத்தின் எதிர்பார்ப்பையும் தாண்டி, மோண்சிஞோர். தோமஸ். ஜெ. நெற்றோ பேராயராக உயர்த்தப்பட்டிருப்பது இறைவனின் செயலே! இறைவனின் செயல்கள் நம் எண்ணங்களுக்கு அப்பாற்பட்டவை. அவரின் செயல்கள் நம்மை வியக்க வைக்க கூடியவை அல்லவா!

நமது திருவனந்தபுரம் உயர் மறைமாவட்டத்தின் புதியதுறை பங்கில், திருவாளர் ஏசையன் நெற்றோ, திருமதி. இசபெல்லா நெற்றோ இவர்களின் அன்பு மகனாக, 1964 – ஆம் ஆண்டு டிசம்பர் மாதம் 29-ம் தேதி தோமஸ் ஜெ. நெற்றோ இம்மண்ணில் அவதரித்தார். தொடக்கக் கல்வியை புதியதுறை புனித நிக்கோலஸ் தொடக்கப்பள்ளியிலும், மேல்நிலைக் கல்வியை லூர்துபுரம் புனித ஹெலன் மேல்நிலைப்பள்ளியிலும், காஞ்சிரங்குளம் PKS மேல்நிலைப் பள்ளியிலும் படித்து முடித்தார்கள். பின்னர் 1980–ம் ஆண்டு குருவாக வேண்டுமென்று விரும்பி, நமது மறைமாவட்ட புனித வின்சென்ட் இளங்குருமடத்தில் சேர்ந்தார். கல்லூரி படிப்பை புனித சேவியர் கல்லூரியிலும், குருத்துவ பயிற்சிகளை ஆலுவா கார்மல்கிரி புனித ஜோசப் போன்டிபிக்கல் குருத்துவ கல்லூரியில் தத்துவமும், மங்கலப்புழா புனித ஜோசப் போன்டிபிக்கல் குருத்துவ கல்லூரியில் இறையியலும் பயின்றார். குருத்துவ பயிற்சிகளை முடித்து, 1989–ம் ஆண்டு டிசம்பர் மாதம் 19-ம் தேதி அன்று நமது மறைமாவட்ட புனித ஜோசப் பேராலயத்தில் குருவானவராக திருநிலைப்படுத்தப்பட்டார். இவரின் முதல் நன்றி திருப்பலியானது தனது பங்கு தேவாலயத்தில் வைத்து நடத்தாமல், மண்ணடிகே-கா- ணம் என்ற இடத்தில் ஏழைகளும், ஒடுக்கப்பட்டோருமான பாமர மக்கள் வசிக்கும் ஓர் இல்லத்தில் வைத்து நடத்தியது அவரின் எளிமைத்துவத்தையும், ஏழைகள்பால் கொண்ட அதீத ஈடுபாட்டையும் வெளிகாட்டியது.

ஏறக்குறைய 32 ஆண்டு காலம் குருவானவராக பல்வேறு பங்குகளிலும், இதர பொறுப்புகளிலும் சிறந்த முறையில் பணியாற்றி வரும் வேளையில், திருவனந்தபுரம் லயோலா கல்லூரியிலிருந்து முதுகலை பட்டம் பெற்று அதன்பின் 1995 முதல்



1999 வரையிலான காலகட்டத்தில் ரோமை நகரில் சென்று அங்குள்ள உர்பானியா பல்கலைக்கழகத்தில் பயின்று முனைவர் பட்டம் பெற்றார். திருவனந்தபுரம் உயர் மறைமாவட்டத்தின் எப்பிஸ்கோப்பல் விகார் ஆகவும், அனைத்து பணிக்குழுவின் ஒருங்கிணைப்பாளர் ஆகவும் சேவை செய்து வரவே, திருத்தந்தை பிரான்சீஸ் அவர்களால் புதிய பேராயராக நியமிக்கப்பட்டிருப்பது திருவனந்தபுரம் உயர் மறைமாவட்டத்திற்கு இறைவன் அளித்துள்ள ஒரு கொடை.



உயர்ந்த உள்ளம், கூர்மை யான மனச்சான்று, ஆழ்ந்த இறை நம்பிக்கை, சான்று பகரும் அர்ப்பணம், எளிமை, சிறந்த நிர்வாக திறமை, நல்ல வழிகாட்டல் என்பது உள்ளிட்ட பல கூறுகளால் சுடர்விடும் ஆளுமையாக திகழும் அன்னாரை ஆயராக மட்டுமல்ல, பேராயராக நியமித்திருப்பது நமக்கு மகிழ்வும், பெருமையும் தருகிறது.



தலைமை ஆயராம் நல்லாயன் கிறிஸ்துவின் முப்பணியை முனைப்போடு ஆற்றிட, மார்ச் 19-ம் தேதி மாலை மேதகு பேராயர் சூசைபாக்கியம் அவர்களிடமிருந்து திருநிலைப்பெற்று திருத்தூதர்களின் முறையான வழித்தோன்றலாய், கிறிஸ்துவின் வழி நின்று மக்களை நல்வழிப்படுத்திட, இறையருளை வாரி வழங்க, மேதகு பேராயர் தோமஸ் ஜெ. நெற்றோ அவர்களை மனமார வாழ்த்துகிறோம்.



ஜெபத்தால் நிறைந்து,
செயலால் பகிர்ந்து,
பணிவால் உயர்ந்து,
பணியினால் சிறந்து
தாழ்ச்சியால் மிளிர்ந்து,
எளிமையால் மலர்ந்து
அனைத்து
அருட்கொடைகளையும்
பெற இனிதாய்
வாழ்த்துகின்றோம்.
ஜெபிக்கின்றோம்.

**இறை அன்பிலும், சேவையிலும் இணைந்து பயணிப்போம்!** என்பது நமது புது பேராயரின் பொன்மொழி. இது நமக்கு மிகுந்த நம்பிக்கையையும், பெரும் எதிர்பார்ப்பையும் அளிக்கிறது. எவ்வித பாகுபாடின்றி நம்மில் ஒருவராக, நம்மோடு இணைந்து என்றும் பயணிப்பார் என எதிர்பார்ப்போம்!

ஜெபத்தால் நிறைந்து, செயலால் பகிர்ந்து, பணிவால் உயர்ந்து, பணியினால் சிறந்து தாழ்ச்சியால் மிளிர்ந்து, எளிமையால் மலர்ந்து அனைத்து அருட்கொடைகளை பெற இனிதாய் வாழ்த்துகின்றோம், ஜெபிக்கின்றோம். திருவனந்தபுரம் உயர் மறைமாவட்டம் புதுப் பேராயரின் தலைமைத்துவத்தில் ஆத்மீகமாகவும் சமூக ரீதியாகவும் சிறந்த முறையில் வளர தூத்தூர் மறை வட்டாரத்திலுள்ள அனைத்து இறைமக்களின் அன்பும் வாழ்த்துக்களும் தெரிவிப்பதோடு எங்களது ஜெபங்களையும் அற்பணிக்கின்றோம்.



# മത്സ്യമേഖല നേരിടുന്ന വെല്ലുവിളികളും പരിഹാരമാർഗങ്ങളും



ഫാ. യൂജിൻ എച്ച്. പെരേര

തിരുവനന്തപുരം അതിരൂപതയുടെ അജപാലനത്തിനായി പുതിയ ഇടയനെ ലഭിച്ചിരിക്കുന്ന പശ്ചാത്തലത്തിൽ അതിരൂപതാ മുഖപത്രമായ 'ജീവനും വെളിച്ചവും' മാസിക ഒരു വിശേഷാൽ പതിപ്പ് പ്രസിദ്ധീകരിക്കുകയാണ്. എന്തുകൊണ്ടും പ്രതീക്ഷ ഉണർത്തുന്ന കാൽവയ്പ്. വിശേഷാൽ പതിപ്പിനും, അഭിവന്ദ്യ തോമസ് നെറ്റോ മെത്രാപ്പോലീത്തയ്ക്കും അതിരൂപതയ്ക്കും തിരുവനന്തപുരം ജനാവലിക്കും പുത്തൻ പ്രതീക്ഷകളുണർത്തട്ടെ എന്നാശിക്കുന്നു. പ്രത്യേകിച്ച് അഭിവന്ദ്യ തോമസ് നെറ്റോ മെത്രാപ്പോലീത്തയ്ക്ക് എല്ലാ ഭാവുകങ്ങളും പ്രാർഥനകളും ഈശ്വരാനുഗ്രഹങ്ങളും നേരുന്നു. കഴിഞ്ഞ 32 വർഷക്കാലം തിരുവനന്തപുരത്തിന്റെയും കേരളത്തിന്റെയും രാജ്യത്തിന്റെയും ആത്മീയ സാമൂഹ്യ മണ്ഡലങ്ങളിൽ നിസ്തുലമായ സംഭാവനകൾ നൽകിയ അഭിവന്ദ്യ സൂസപാക്യം മെത്രാപ്പോലീത്തയ്ക്ക് തുടർന്നും ശ്രേഷ്ഠമായ ശുശ്രൂഷ നിർവഹിക്കാൻ ഈശ്വരാനുഗ്രഹങ്ങൾ പ്രാർത്ഥിക്കുന്നു.

കേരളത്തിന്റെയും രാജ്യത്തിന്റെയും വളർച്ചയ്ക്ക് ത്യാഗപൂർവമായ സംഭാവനകൾ നൽകിയ ജനതയാണ് തിരുവനന്തപുരം അതിരൂപതയിലേത്. രാജ്യത്തിന്റെ ബഹിരാകാശ സ്വപ്നങ്ങൾക്ക് ചിറക് മുളയ്ക്കാൻ, സ്വന്തം കിടപ്പാടവും ആരാധനാല

യവും പൂർവിക സ്മൃതികളുണർത്തുന്ന സെമിത്തേരിയും വിശാലമായ കടൽത്തീരവും വിട്ടുകൊടുക്കാൻ തന്റേടം കാണിച്ച ജനത. കൂടാതെ, കേരളത്തിലെ മത്സ്യമേഖലയുടെ വളർച്ചക്ക് നൽകിയ സംഭാവനകളും വിലപ്പെട്ടതാണ്. ഈ രണ്ട് ചുവടുവയ്പുകൾക്കും നേതൃത്വം നൽകിയത് തിരുവനന്തപുരം രൂപതയുടെ പ്രഥമ തദ്ദേശീയ മെത്രാനായ അഭിവന്ദ്യ പീറ്റർ ബർണാർഡ് പെരേരയാണ്. ഇന്ത്യൻ ബഹിരാകാശ ഗവേഷണ കേന്ദ്രത്തിന്റെ സ്ഥാപനത്തിൽ അദ്ദേഹം വഹിച്ച പങ്ക് ഇന്ത്യയുടെ മുൻ രാഷ്ട്രപതി ഡോ. എ.പി.ജെ. അബ്ദുൽ കലാം രാജ്യാന്തര സമ്മേളനങ്ങിൽപോലും എടുത്ത് കാണിച്ചിട്ടുള്ളത് ഇങ്ങനെയാണ്. 'മനുഷ്യമഹത്വത്തിനായി പരസ്പരം കൈകോർക്കുന്ന ആത്മീയ നേതൃത്വത്തെയും ശാസ്ത്രനേതൃത്വത്തെയും കാണുമ്പോൾ എന്റെ മനസ്സ് തരളിതമാകുന്നു.' സംസ്ഥാന ഭരണാധികാരികൾ പോലും മുഖം തിരിഞ്ഞുനിന്നിടത്ത് പ്രൊഫ. വിക്രം സാരാഫായിയും ബിഷപ്പ് ബർണാർഡ് പെരേരയും തമ്മിൽ ഒരു ശനിയാഴ്ച തിരുവനന്തപുരം അരമനയിൽ നടന്ന കൂടിക്കാഴ്ചയാണ് ഈ മഹത്തായ ചുവടുവയ്പിന് വഴിതെളിച്ചത്.

കേരളത്തിലെ മത്സ്യമേഖലയുടെ പുരോഗതിക്കും സാമൂഹ്യ-രാഷ്ട്രീയ മണ്ഡലങ്ങളിലെ പുത്തൻ ചുവടുവയ്പുകൾക്കും അഭിവന്ദ്യ പീറ്റർ ബർണാർഡ് പെരേരയുടെ സംഭാവനകൾ വലുതാണ്. മറ്റ് മത്സ്യഗ്രാമങ്ങളിൽ നിന്നും പുനഃരധിവസിപ്പിക്കപ്പെട്ട മര്യനാട് മത്സ്യത്തൊഴിലാളി സമൂഹം ഇന്ന് തല ഉയർത്തി നിൽക്കുന്നെങ്കിൽ അത് ബിഷപ്പിന്റെ ദീർഘവീക്ഷണമാണ്. പുതുതായി രൂപം കൊണ്ട മര്യനാട് ഗ്രാമത്തിന്റെ വളർച്ച രൂപകല്പന ചെയ്യുന്നതിനായി ഇറ്റലിയിൽ നിന്നും സി. ലൊരേറ്റോ, സി. ക്ലെയർ, സി. ഹെയ്ത്തൻ, കാനഡയിൽ നിന്നുള്ള ലൂസർ തിരുവല്ലയിൽ നിന്നുള്ള റെയ്ച്ചൽ എന്നിവരുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ ആരംഭിച്ചു. തുടർന്ന് ബംഗളുരുവിൽ നിന്നും സാമൂഹ്യപ്രവർത്തനത്തിൽ വിദഗ്ധ പരിശീലനം നേടിയ നളിനി നായിക്, വിദഗ്ധ സാമൂഹ്യ പ്രവർത്തകൻ യൂജിൻ കുലാസ് തുടങ്ങിയവരുടെ കഴിവുകൾ കോർത്തിണക്കിക്കൊണ്ടാണ് പ്രവർത്തനങ്ങൾ മുന്നോട്ടുപോയത്. ഡോ. ജോൺകുര്യനെപ്പോലുള്ള വിദഗ്ധരുടെ സാന്നിധ്യവും പ്രവർത്തനവും ഗ്രാമവികസന രംഗത്ത് വലിയ മാതൃക സൃഷ്ടിക്കാൻ കഴിഞ്ഞു. മര്യനാട് രൂപംകൊണ്ട' മത്സ്യ ഉൽപ്പാദക സഹകരണ സംഘമാണ് പിൽക്കാലത്ത് കേരള സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ രൂപീകരണത്തിന് മാതൃക ആയത്. മര്യനാട് ഗ്രാമത്തിൽ നടത്തിയ സാമൂഹിക വികസന മാതൃകകൾ മഹിളാ സമാജം, ബാലവേദി, മത്സ്യത്തൊഴിലാളി സംഘം, ഹൗസിംഗ് കോഓപ്പറേറ്റീവ് സൊസൈറ്റി തുടങ്ങിയവ പിൽക്കാലത്ത് കമ്യൂണിറ്റി വികസന പ്രവർത്തനങ്ങൾക്ക് മാതൃകയായി. മര്യനാട് മത്സ്യഗ്രാമത്തിലെ അനുഭവങ്ങളിൽ നിന്ന് രൂപംകൊണ്ട 'പ്രോഗ്രാം ഫോർ കമ്യൂണിറ്റി ഓർഗനൈസേഷൻ' (പിസിഒ) രൂപം നൽകിയ തീരദേശ മഹിളാവേദി, സൗത്ത് ഇന്ത്യൻ ഫിഷർമെൻ ഫെഡറേഷൻ, സ്വതന്ത്ര മത്സ്യത്തൊഴിലാളി യൂണിയൻ, മത്സ്യമേഖലാ ഗവേഷണം തുടങ്ങിയവ ഈ രംഗത്തെ വലിയ കാൽവയ്പുകളായി. പ്രക്ഷുബ്ധമായ തിരയിളക്കത്തിലും മത്സ്യബന്ധന ഹാർബറുകളെ ആശ്രയിക്കാതെ സ്വന്തം കരവിരുതുകൊണ്ട് യാനങ്ങളെ വൻ തിരകളെ മുറിച്ച് നടത്തുന്ന മര്യനാടുള്ള മത്സ്യബന്ധന രീതി അനുകരണീയമാണ്.

**കേരളത്തിന്റെയും രാജ്യത്തിന്റെയും വളർച്ചയ്ക്ക് ത്യാഗപൂർവമായ സംഭാവനകൾ നൽകിയ ജനതയാണ് തിരുവനന്തപുരം അതിരൂപതയിലേത്. രാജ്യത്തിന്റെ ബഹിരാകാശ സ്വപ്നങ്ങൾക്ക് ചിറക് മുളയ്ക്കാൻ, സ്വന്തം കിടപ്പാടവും ആരാധനാലയവും പൂർവിക സ്മൃതികളുണർത്തുന്ന സെമിത്തേരിയും വിശാലമായ കടൽത്തീരവും വിട്ടുകൊടുക്കാൻ തന്റേടം കാണിച്ച ജനത.**

## മത്സ്യമേഖല നേരിടുന്ന വെല്ലുവിളികളും പരിഹാരമാർഗങ്ങളും

സമുദ്രമത്സ്യബന്ധന മേഖല നേരിടുന്ന കാലാവസ്ഥാ വ്യതിയാനം, വിഭവ ശോഷണം, ഉപജീവന പ്രതിസന്ധി, സാമ്പത്തിക നഷ്ടം, തീര ശോഷണം തുടങ്ങിയ ഗൗരമേറിയ പ്രശ്നങ്ങൾ അപധാനതയോടെ പരിശോധിച്ച് പരിഹാരം കണ്ടെത്തേണ്ടതുണ്ട്. അഞ്ഞൂറ്റി അറുപത് കിലോമീറ്റർ ദൈർഘ്യമുള്ള കേരളതീരം വളരെയേറെ വൈവിധ്യമാർന്നതാണ്. കടലിന്റെ ജൈവഘടനയും, മത്സ്യസമ്പത്തും, കടലിലേക്ക് പതിക്കുന്ന നാല്പത്തിമൂന്ന് നദികളെയും, പശ്ചിമഘട്ട മലനിരകളെയും, സാമ്പുഷ്ടമായ മഴയെയും, കാലാവസ്ഥയെയും ആശ്രയിച്ചാണിരിക്കുന്നത്. ഇവയുടെ സംരക്ഷണം കടലിന്റെ ജൈവ പ്രകൃതിയുടെയും മത്സ്യാവാസ വ്യവസ്ഥകളുടെയും കടൽത്തീരത്തിന്റെയും ഇവയുടെ പരമ്പരാഗത - ജന്മാവകാശികളായ മത്സ്യത്തൊഴിലാളികളുടെയും നിലനില്പിന് അത്യന്താപേക്ഷിതമാണ്.

## കാലാവസ്ഥാ വ്യതിയാനം ഉയർത്തുന്ന വെല്ലുവിളികൾ

2017 ൽ കേരള തീരത്തെ ചുഴറ്റി എറിഞ്ഞ് കടന്നുപോയ ഓഖി ചുഴലിക്കാറ്റ് നൽകിയ ദുരന്താനുഭവങ്ങളുടെ പാഠം ഇന്നും വേണ്ടത്ര ഗൗരവത്തോടെ ഭരണാധികാരികൾ പരിഗണിക്കാത്ത സ്ഥിതി തുടരുകയാണ്. 2004 ഡിസംബർ 26-ാം തീയതി കടൽ പരിസ്ഥിതിയെയും മത്സ്യ ആവാസ വ്യവസ്ഥകളെയും കടൽത്തീരത്തെയും മനുഷ്യ ജീവിതങ്ങളെയും തകർത്തെറിഞ്ഞ് കടന്നുപോയ സുനാമി അനുഭവങ്ങളുടെ സ്ഥിതിയും ഇതുതന്നെയാണ്. ദുരന്ത സന്ദർഭത്തിൽ കനിഞ്ഞിറങ്ങിയ ലോക മനസാക്ഷിയുടെ ഔദാര്യം വേണ്ട രീതിയിൽ പ്രയോജനപ്പെടുത്തി പ്രകൃതി ദുരന്തങ്ങളിൽ നിന്ന് ജനങ്ങളെ സംരക്ഷിക്കാനുതകുന്ന നടപടികളുണ്ടാകാതെ പോയത് ഭരണരംഗത്തെ കെടുകാര്യസ്ഥതയിലേക്ക് വിരൽചൂണ്ടുന്നു. കടലിന്റെ ഉഷ്ണസ്ഥിതിയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഗണ്യമായ മാറ്റം, കടൽ ജലനിരപ്പിന്റെ ഉയർച്ച, തുടരെത്തുടരെ ഉണ്ടാകുന്ന ചുഴലിക്കാറ്റ്, കൊടുങ്കാറ്റ്, മേഘവിസ്ഫോടനം എന്നിവയിൽ മത്സ്യത്തൊഴിലാളികൾ പകർച്ചുനിൽക്കുന്ന സ്ഥിതി തുടരുകയാണ്.

കൃത്യമായ കാലാവസ്ഥാ മുന്നറിയിപ്പ് സംവിധാനം, കടൽ സുരക്ഷാ ഉപകരണങ്ങൾ, പുനരധിവാസ കേന്ദ്രങ്ങൾ എന്നിവ അടിയന്തിരമായി രൂപകല്പന ചെയ്ത് നടപ്പിലാക്കേണ്ടതാണ്. ഇവിടെയാണ് ഓഖി ചുഴലിക്കൊടുങ്കാറ്റിനോടനുബന്ധിച്ച് ദുരന്തമുഖത്ത് ആശയവിനിമയത്തിനായി നിർമിച്ച നാവിക്കിന്റെയും ധ്രുതഗതിയിലുള്ള രക്ഷാപ്രവർത്തനങ്ങൾക്കായി നിർമ്മിച്ച മറൈൻ ആംബുലൻസിന്റെയും ദയനീയ സ്ഥിതി നമ്മെ ലജ്ജിപ്പിക്കേണ്ടത്.

## തീരശോഷണം

കാലാകാലങ്ങളിൽ കടലിൽ നടത്തിയ അശാസ്ത്രീയ നിർമാണ പ്രവർത്തനങ്ങളുടെ ഫലമായി തീരശോഷണവും കിടപ്പാടങ്ങളുടെയും കടൽത്തീരത്തിന്റെയും വൻ നഷ്ടവും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. വല്ലാർപാടം, ചെല്ലാനം, മുതലപ്പൊഴി, ശംഖുമുഖം, വലിയതുറ, തേങ്ങാപട്ടണം മേഖലയിലെ തീരശോഷണം ഇതിനുദാഹരണമാണ്. കൂടാതെ ശാസ്ത്രത്തെപ്പോലും വകവയ്ക്കാതെ, രാഷ്ട്രീയലക്ഷ്യം മാത്രം മുന്നിൽ കണ്ടുകൊണ്ട് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ആദാനി പോർട്ട്, കേരളത്തിന്റെ വികസന കവാടം ആയിമാറും എന്നുപറഞ്ഞിടത്ത്, കേരളത്തിന് വലിയ ശാപമായി മാറിക്കൊണ്ടിരിക്കുകയാണ്. ഇതിനകം ശംഖുംമുഖം, വലിയതുറ പ്രദേശങ്ങൾ കടൽ വിഴുങ്ങിക്കഴിഞ്ഞു. 2020-21 കാലയളവിൽ ഭവനങ്ങൾ നഷ്ടപ്പെട്ട നൂറോളം കുടുംബങ്ങൾ അടിസ്ഥാന സൗകര്യങ്ങൾ പോലുമില്ലാത്ത ക്യാമ്പുകളിൽ ഇന്നും കഴിയുന്നു എന്നത് കേരളത്തിന് അപമാനമാണ്. വിഴിഞ്ഞത്ത് നിലവിലുള്ള മത്സ്യബന്ധന തുറമുഖം അപകടസ്ഥിതിയിലേക്ക് വഴുതിക്കഴിഞ്ഞു. വരുന്ന ജൂൺ-ജൂലായ് മാസങ്ങളിലുണ്ടാകാവുന്ന വലിയ പ്രത്യാഘാതങ്ങൾ മുന്നിൽ കണ്ടുകൊണ്ട് മുൻകരുതലുകളൊന്നും തന്നെ ഉണ്ടാകുന്നില്ല എന്നത് ആശങ്കാജനകമാണ്. ഇവിടെയാണ് പ്രശസ്ത പരിസ്ഥിതി പ്രവർത്തക ഗ്രേറ്റതുംബർഗിന്റെ ആഹ്വാനം പ്രസക്തമാകുന്നത്.





"നമുക്ക് സ്വീകരിക്കാവുന്ന ധീരമായ ചുവടുവയ്പ് എന്താണെന്ന് കാണിച്ചു തരൂ. ഈ ഭൂമിയെ സംരക്ഷിക്കാൻ നമുക്കൊരുമിച്ച് സ്വീകരിക്കാവുന്ന യുദ്ധസമാനമായ മാർഗം എന്താണെന്ന് കാണിച്ചുതരൂ." അതുകൊണ്ട് വിഴിഞ്ഞം പോർട്ട് നിർമാണം ഭാവിയിൽ സൃഷ്ടിക്കാവുന്ന പ്രത്യാഘാതങ്ങൾ പഠനവിധേയമാക്കി പരിഹാര നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## വിഭവശോഷണം

കടൽ ഉഷ്ണസ്ഥിതിയിൽ വന്നിരിക്കുന്ന ഗണ്യമായ മാറ്റവും കേന്ദ്ര സംസ്ഥാന സർക്കാരുകൾ മത്സ്യമേഖലയിൽ സ്വീകരിക്കുന്ന അനാരോഗ്യകരമായ നയതീരുമാനങ്ങളും വിഭവശോഷണത്തിന് ആക്കംകൂട്ടുന്നു. ആഴക്കടൽ മത്സ്യബന്ധനത്തിനായി 1990 മുതൽ വിദേശ ട്രോളറുകൾക്ക് ലൈസൻസ് നൽകാനുള്ള തീരുമാനവും, ഈ മത്സരത്തിൽ സ്വയം പിടിച്ചുനില്പിനായി മത്സ്യത്തൊഴിലാളികൾ സ്വീകരിക്കുന്ന മത്സ്യബന്ധന രീതികളും വിഭവശോഷണത്തിന്റെ ആക്കം കൂട്ടുന്നു. ചെറുമത്സ്യങ്ങളെ പിടിക്കുന്നത് നിയമം മൂലം നിരോധിച്ചെങ്കിലും, നിയമം നടപ്പിൽ വരുത്തുന്നതിലെ ന്യൂനത മത്സ്യവിഭവ ശോഷണത്തിന്റെ ആക്കംകൂട്ടുന്നു. ഈ അടുത്തകാലത്ത് നമ്മുടെ രാജ്യത്തും, സംസ്ഥാനത്തും മത്സ്യത്തൊഴിലാളികളുമായുള്ള കൂടിയാലോചനകൂടാതെ പാസാക്കിയ നയങ്ങളും നിയമങ്ങളും നടപടികളും പ്രശ്നങ്ങളുടെ ഗൗരവം വർധിപ്പിക്കുന്നു. 2020 ൽ കേന്ദ്രസർക്കാർ തയ്യാറാക്കിയ സമുദ്രമത്സ്യബന്ധനനയം, 2021 ൽ പുറപ്പെടുവിച്ച 'നീല സമ്പത് നയം', 2021 ൽ കേന്ദ്ര ഫിഷറീസ് മന്ത്രാലയം മുന്നോട്ടുവച്ച 'കടൽ മത്സ്യബന്ധന ബില്ല്' എന്നിവ മത്സ്യമേഖലയ്ക്ക് വലിയ വെല്ലുവിളിയാണ്. കൂടാതെ 1995 ൽ രൂപീകരിച്ച മുരാരി കമ്മിറ്റിയുടെ നിർദേശങ്ങൾ അവഗണിച്ചുകൊണ്ട് ആഴക്കടലിൽ മത്സ്യബന്ധനത്തിന് 270 ട്രോളറുകൾക്ക് ലൈസൻസ് നൽകാമെന്ന് നിർദ്ദേശിച്ച മീനാകുമാരി കമ്മിറ്റി നിർദ്ദേശങ്ങൾക്കെതിരെ കേരളത്തിലും, രാജ്യത്താകമാനം പ്രതിഷേധങ്ങൾ ഉയരുന്നു. അതിന്റെ ഫലമായി വിദേശ കപ്പലുകൾക്ക് നൽകിയിരുന്ന അനുമതി (എൽഒപി) പൂർണമായും പിൻവലിക്കുകയുണ്ടായി. തുടരന്ന് 2017 ൽ കേന്ദ്രസർക്കാർ പുറപ്പെടുവിച്ച 'ദേശീയ മത്സ്യബനധന നയം ആഴക്കടൽ മത്സ്യബന്ധനത്തിനായി തദ്ദേശീയരായ മത്സ്യത്തൊഴിലാളികളെ പ്രാപ്തരാക്കണം എന്ന് നിർദ്ദേശിച്ചു. ഈ നടപടികൾ പുരോഗമിച്ചുവരവെ ആണ് 2020 ൽ കേന്ദ്ര സർക്കാർ പുതിയ ഫിഷറീസ് നയം പ്രഖ്യാപിച്ചതും 2021 ൽ കേന്ദ്ര മത്സ്യബന്ധന ബില്ലിനുള്ള നീക്കം നടന്നതും. മത്സ്യത്തൊഴിലാളികളുമായുള്ള ചർച്ച കൂടാതെയുള്ള നയ-നിയമങ്ങൾ മത്സ്യമേഖലയിൽ വലിയ വെല്ലുവിളി ഉയർത്തുന്നു എന്നുമാത്രമല്ല, കോർപ്പറേറ്റ് ശക്തികൾക്ക് കടന്നുവരാനുള്ള അവസരമൊരുക്കുകയും ചെയ്യുന്നു. മേല്പ്പറഞ്ഞ നയങ്ങൾക്ക് ഒത്താശ ചെയ്യുകയാണ് കേരളത്തിന്റെ തീരക്കടലിലൂടെ ചരക്കുഗതാഗതത്തിന് അനുമതി നൽകുന്നതിലൂടെ. കൂടാതെ 2021 ലെ കേരള മത്സ്യലേലവും വിപണനവും, ഗുണനിലവാര പരിപാലനവും സംബന്ധിച്ച് നിയമം മത്സ്യവിപണനത്തിലേർപ്പെട്ടിരിക്കുന്ന സ്ത്രീകളെ പാടേ അവഗണിക്കുന്നതും, ചെറുകിട മത്സ്യത്തൊഴിലളുടെ മേൽ അധിക ഭാരവും ശിക്ഷകളും ചുമത്തുന്നതാണ്. നീല സമ്പദ് നയം നിർദ്ദേശിക്കുന്ന കടൽത്തീരത്തെയും കടലിലെയും ധാതുഖനനം വ്യാവസായിക ഊർജ്ജ ഉൽപ്പാദനം തുറമുഖ സമുച്ചയ നിർമാണം, ചരക്ക് ഗതാഗതം, കടൽ മത്സ്യക്കൃഷി എന്നിവ കടലിന്റെ ജൈവഘടനയെയും പരിസ്ഥിതിയെയും താറുമാറാക്കും എന്നുമാത്രമല്ല, കടലിന്റെയും കടൽത്തീരത്തിന്റെയും പരമ്പരാഗത ജന്മാവകാശികളുടെ നി

> **2020 ൽ കേന്ദ്രസർക്കാർ തയ്യാറാക്കിയ സമുദ്രമത്സ്യബന്ധനനയം, 2021 ൽ പുറപ്പെടുവിച്ച 'നീല സമ്പത് നയം', 2021 ൽ കേന്ദ്ര ഫിഷറീസ് മന്ത്രാലയം മുന്നോട്ടുവച്ച ' കടൽ മത്സ്യബന്ധന ബില്ല്' എന്നിവ മത്സ്യമേഖലയ്ക്ക് വലിയ വെല്ലുവിളിയാണ്.**

ലനില്പ് അസാധ്യമാക്കും. കേന്ദ്രസർക്കാർ ചർച്ച ചെയ്തുവരുന്ന സ്വതന്ത്ര വ്യാപാരകരാറും ലോകവ്യാപാര സംഘടനയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന ചർച്ചകളും പരിമിതമായി നൽകിവരുന്ന സബ്സിഡി പിൻവലിക്കാനുള്ള നീക്കവും മത്സ്യത്തൊഴിലാളികളുടെ നിലനിൽപ് തന്നെ അപകടത്തിലാക്കും.

## സാമൂഹ്യസുരക്ഷ, ക്ഷേമം

മത്സ്യത്തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനായി നിലവിലുള്ള ക്ഷേമ പദ്ധതികളെ കാലോചിതമായി പരിഷ്കരിച്ച് വാർധക്യകാല പെൻഷൻ, ഇഎസ്ഐ ആനുകൂല്യങ്ങൾ, അപകട ഇൻഷുറൻസ്, യാനങ്ങൾക്കും വലകൾക്കും ഉള്ള ഇൻഷുറൻസ് എന്നിവ നടപ്പിലാക്കേണ്ടതാണ്.

## കോ-മാനേജ്മെന്റ്

മത്സ്യമേഖലയിലെ വിഭവ പരിപാലനം കടൽ പരിസ്ഥിതി സംരക്ഷണം കടൽ സുരക്ഷ എന്നീ രംഗങ്ങളിൽ മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് കോ-മാനേജ്മെന്റ് ശക്തിപ്പെടുത്തേണ്ടതുണ്ട്. നശീകരണ മത്സ്യബന്ധന രീതികളെ നിയന്ത്രിക്കുന്നതിനായി കന്യാകുമാരി പ്രദേശം ഉൾപ്പെട്ട കൊറമാന്റെൽ കോസ്റ്റലിലുള്ള മത്സ്യത്തൊഴിലാളികൾ സംഘാതമായി കൈക്കൊണ്ട നടപടിയെ എം. ബാവിംഗ് എന്ന ശാസ്ത്രജ്ഞൻ ശ്ലാഘിക്കുന്നുണ്ട്. മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തം തദ്ദേശ സ്വംഭരണ സ്ഥാപനങ്ങളിലെ ഗ്രാമസഭകൾക്ക് സമാനമായി മത്സ്യസഭകൾ രൂപീകരിച്ചുകൊണ്ട് മത്സ്യത്തൊഴിലാളികളുടെ കടലറിവും, പരിജ്ഞാനവും കടൽത്തീരത്തിന്റെയും മത്സ്യ ആവാസ വ്യവസ്ഥകളുടെയും തീരദേശത്തിന്റെയും കടൽ സുരക്ഷയുടെയും രംഗങ്ങളിൽ ആദിവാസി ഊരുസഭകളുടെ മാതൃകയിൽ പ്രയോജനപ്പെടുത്തേണ്ടതാണ്. കടൽ സുരക്ഷാ രംഗത്ത് മറൈൻ എൻഫോഴ്സ്മെന്റ്, തീരദേശ പോലീസ് എന്നീ സംവിധാനങ്ങളിൽ മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പുവരുത്തും എന്ന വാഗ്ദാനം മരീചികയായി തുടരുന്നു.

മത്സ്യമേഖലയിലെ പ്രശ്നങ്ങളുടെ ഗൗരവം പരിഗണിച്ച് 2006 ൽ കേന്ദ്ര സർക്കാർ പാസാക്കിയ വനാവകാശ നിയമത്തിന് സമാനമായി കടൽ അവകാശ നിയമം രൂപീകരിക്കേണ്ടതുണ്ട്. ലോകം ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നാം ഇന്നനുവർത്തിച്ചുവരുന്ന നവലിബറൽ വികസന സമീപനം പര്യാപ്തമല്ല എന്ന് സാമൂഹ്യ-സാമ്പത്തിക-രാഷ്ട്രീയ ശാസ്ത്രജ്ഞർ അഭിപ്രായപ്പെട്ടുകഴിഞ്ഞു. ഇവിടെയാണ് ഫ്രാൻസിസ് മാർപാപ്പ ഒരു നവലോക ക്രമത്തിനായുള്ള തന്റെ ദർശനങ്ങൾ സംയോജിപ്പിച്ചുകൊണ്ട് പറയുന്നത്. 'എളുപ്പത്തിലുള്ള പരിഹാരമാർഗങ്ങളോ, പെട്ടെന്നുള്ള ഏർപ്പാടുകളോ കൊണ്ട് പരിഹരിക്കാനാവാത്ത ഗുരുതരമായ ഘടനാപരമായ അപര്യാപ്തതകളാണ് ആഗോള സമൂഹം അനുഭവിക്കുന്നത്. അടിസ്ഥാനപരമായ പരിഷ്കാരത്തിലൂടെയും വലിയ തോതിലുള്ളനവീകരണത്തിലൂടെയും അവ മാറ്റുകയെന്നത് ഏറെ ആവശ്യമുള്ള കാര്യമാണ്. ഏറ്റവും വ്യതിരിക്തങ്ങളായ സമിതികളും വൈദഗ്ധ്യവുമുള്ള ആരോഗ്യകരമായ ഒരു രാഷ്ട്രീയത്തിന് മാത്രമേ ഈ പ്രക്രിയയുടെ മേൽനോട്ടം നടത്താൻ കഴിയുകയുള്ളൂ. പൊതുനന്മയ്ക്ക് വേണ്ടിയുള്ള രാഷ്ട്രീയവും സാമൂഹികവും സാംസ്കാരികവും ജനകീയവുമായ പദ്ധതിയുടെ അവിഭാജ്യഘടകമായ ഒരു ധനകാര്യം ഉണ്ടായിരിക്കണം. അതിന് 'വ്യത്യസ്ത സാധ്യതകളിലേക്ക്' വഴിതുറക്കാൻ കഴിയും. അവ മാനുഷിക സർഗാത്മകതയെയും പുരോഗതിക്കായുള്ള അതിന്റെ ആശയങ്ങളെയും ശ്വാസം മുട്ടിക്കുന്നില്ല. പിന്നെയോ പുതിയ ചാനലുകളിലൂടെ പുതിയ ഊർജ്ജത്തെ നയിക്കും' (സർവരും സഹോദരങ്ങൾ. നമ്പ. 179). ഇത്തരത്തിലുള്ള നവ ഭാവനയിലൂടെ മാത്രമേ മണ്ണിനെയും, ജലാശയങ്ങളെയും പ്രകൃതിയുടെ ജൈവ വിവിധ്യത്തെയും അതിന്റെ ഉടമസ്ഥരെയും പരിപാലിച്ചുകൊണ്ടുള്ള വികസന ക്രമം രൂപപ്പെടുത്താനാകൂ.

## സമാപനം

സ്വയം തൊഴിൽ ചെയ്ത് സംസ്ഥാനത്തിനും രാജ്യത്തിനും വിദേശനാണ്യവും സുരക്ഷിതമായ ഭക്ഷണവും നൽകുന്ന പത്തുലക്ഷത്തിലേറെ മത്സ്യത്തൊഴിലാളികളാണ് കേരളത്തിലുള്ളത്. അവരുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള നയ-നിയമ നിർമാണങ്ങളും വിഭവ പരിപാലനവും പരിസ്ഥിതി സംരക്ഷണവും, തീരസുരക്ഷയും, കടൽ സുരക്ഷയും, സാമൂഹ്യസുക്ഷയും ഉറപ്പാക്കുന്ന ധീരമായ ചുവടുവയ്പുകളിലൂടെ സംസ്ഥാനത്താകമാനുള്ള മത്സ്യത്തൊഴിലാളികളുടെ പൊതുധാരാ പ്രവേശനത്തിനുതകുന്ന കാലോചിതവും സമഗ്രവുമായ നടപടികളാണുണ്ടാകേണ്ടത്. അതിനുതകുന്ന ചർച്ചകൾ മത്സ്യത്തൊഴിലാളികളുമായും, മത്സ്യത്തൊഴിലാ സംഘടനകളുമായും, വിദഗ്ധർ, ശാസ്ത്രജ്ഞർ എന്നിവരുടെ പങ്കാളിത്തത്തോടെ അടിയന്തിരമായി ആവിഷ്കരിച്ച് നടപ്പിലാക്കണം. ■

# അല്മായ ശാക്തീകരണവും പുതിയ മെത്രാപ്പോലീത്തയും



റവ. ഡോ. തോമസ് ജെ. നെറ്റോക്ക് ലഭിച്ച പുതിയ സ്ഥാനലബ്ധി തിരുവനന്തപുരം പ്രാദേശിക സഭയ്ക്ക് ഏതൊക്കെ തലത്തിലുള്ള പുരോഗതിക്ക് ഇടയാക്കുമെന്ന് അല്മായർ ഉറ്റുനോക്കുന്നുണ്ട്. പ്രമാണരേഖകളിലും നിയമങ്ങളിലും പ്രബോധനങ്ങളിലും അല്മായരുടെ പ്രസക്തിയെന്തെന്ന് വ്യക്തമായി നിർവചിക്കപ്പെട്ടിരിക്കുന്നു. പക്ഷേ പ്രാവർത്തിക തലത്തിൽ അല്മായരുടെ പരിപൂർണ്ണമായ പങ്കാളിത്തം നിലവിലുണ്ടോ? സഭയിൽ 99% വരുന്ന അല്മായർ ഇന്നും പാർശ്വവൽക്കരിക്കപ്പെട്ട ഭൂരിപക്ഷമല്ലേ?

ഈ ലേഖകൻ അല്മായ ശുശ്രൂഷയുടെ ഡയറക്ടറായി ആറു വർഷം സേവനം ചെയ്തതിന്റെ വെളിച്ചത്തിൽ, നമ്മുടെ ശക്തിയും ബലഹീനതകളും എന്തെന്ന് ഒന്ന് അവലോകനം ചെയ്യുന്നത് യുക്തമെന്നു കരുതുന്നു. നിയുക്ത ആർച്ച്ബിഷപ്പ് എല്ലാ ശുശ്രൂഷകളുടെയും കോഓർഡിനേറ്ററായി പ്രവർത്തിച്ചിരുന്നതുമൂലം ഇക്കാര്യങ്ങളെപ്പറ്റിഅദ്ദേഹം ബോധവാനാണ് എന്ന കാര്യം വ്യക്തമാണ്. എങ്കിലും ഈ സന്ദർഭത്തിൽ, അദ്ദേഹം ഊന്നൽ കൊടുക്കേണ്ട മേഖലകൾ ഒന്ന് ചൂണ്ടിക്കാണിക്കുന്നത് ഉചിതമെന്ന് കരുതുന്നു.

## അല്മായ പങ്കാളിത്തം

ആദിമസഭ ദൈവജനത്തിന്റെ സഭയായിരുന്നു. പുരോഹിതരെന്നോ അല്മായരെന്നോ ഉള്ള വേർതിരിവ് തന്നെ അന്നുണ്ടായിരുന്നില്ല. പ്രേഷിത പ്രവർത്തനമെന്നാൽ സഭ മുഴുവന്റെയും പ്രവർത്തനമായിരുന്നു. ക്രിസ്തുമതം റോമൻ സാമ്രാജ്യത്തിന്റെ ഔദ്യോഗിക മതമായി പ്രഖ്യാപിക്കപ്പെട്ടതോടെ പുരോഹിതമേൽക്കോയ്മയ്ക്ക് (Clericalism) തുടക്കം കുറിച്ചു. ഈ ആധുനിക കാലഘട്ടത്തിന്റെ വെല്ലുവിളികൾ നേരിടാൻ സുവിശേഷചൈതന്യമുള്ള അല്മായർ, വൈദികരോട് തോളോട് തോൾ ചേർന്ന് പ്രവർ



**എം. ആർക്കാഞ്ചലോ**
അല്മായ ശുശ്രൂഷ മുൻ ഡയറക്ടർ



ത്തിക്കണം. പക്ഷേ, ഇന്നും അല്മായനെ ഒരു പടി താഴെനിർത്താനാണ് വൈദികർക്ക് താല്പര്യം. അല്മായർക്ക് നന്നായി പ്രവർത്തിക്കാൻ കഴിയുന്ന വിവിധ സെക്യുലർ മേഖലകളിലും വൈദികരെ നിയമിക്കുകയാണ്. ഇതിന് മാറ്റം വരുന്ന ഒരു പങ്കാളിത്തമാണ് അല്മായർ പ്രതീക്ഷിക്കുന്നത്.

## അല്മായരുടെ രൂപവത്കരണം

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ വെളിച്ചത്തിൽ അല്മായരുടെ രൂപവൽക്കരണം വളരെ പ്രധാനമാണ്. കൗൺസിൽ പഠനങ്ങൾ ഗ്രഹിക്കുന്നതിന് അല്മായർക്ക് ആത്മീയ-ധാർമിക-ദൈവശാസ്ത്ര കാര്യങ്ങളിൽ ശിക്ഷണം ലഭിക്കേണ്ടതുണ്ട്. കുറെയധികം പഠനശിബിരങ്ങൾ അതിരൂപതയിൽ നടക്കുകയുണ്ടായി. പക്ഷേ, പിന്നീട് ക്ലാസുകളിൽ അല്മായ പങ്കാളിത്തം ശുഷ്കമായി. ഇടവകയിലേക്ക് ഈ ക്ലാസുകൾ വ്യാപിപ്പിക്കുകയാണ് ചെയ്യേണ്ട ആദ്യപടി. പുനെയിലെ ജ്ഞാനദീപ വിദ്യാ പീഠത്തിൽ നിന്നും ആലുവ കാർമൽ ഹിൽ പൊന്തിഫിക്കൽ സെമിനാരിയിൽ നിന്നും ദൈവ ശാസ്ത്ര വിഷയങ്ങളിലും കാനൻ നിയമത്തിലും അറിവ് നേടിയ ധാരാളം അല്മായർ ഇടവകകളിൽ ഉണ്ട്. ഇവരെ ഉപയോഗപ്പെടുത്തണം. ഇക്കാര്യത്തിൽ ഉള്ള ഏക തടസ്സം ഇടവക വികാരിമാരുടെ താൽപര്യക്കുറവാണ്. ഇതിനെ മറികടക്കുക എന്നതാണു മുഖ്യം.

## അല്മായപ്രേഷിത രംഗം

ഇക്കാലത്ത് കേരളത്തിൽ സഭയ്ക്കെതിരെ നടക്കുന്ന ചില പ്രചാരണങ്ങളെ ഓർക്കുന്നത് നന്നായിരിക്കും. സഭയെ തകർക്കുക എന്ന ലക്ഷ്യം മുൻനിർത്തി എല്ലാ നരകീയശക്തികളും ആക്രമണം അഴിച്ചുവിടുമ്പോൾ അല്മായർ എവിടെയാണ്? കാണി കളും ശ്രോതാക്കളും മാത്രം. പുരോഹിതർക്ക് മാത്രമായി ഇവയെ പ്രതിരോധിക്കാനുള്ള ശേഷിയുമില്ല. അജപാലന രംഗത്ത് വളരെ മികവ് നാം കാഴ്ചവച്ചിട്ടുണ്ടെങ്കിലും അല്മായ പ്രേഷിത രംഗത്ത് മാന്ദ്യം നിലനിൽക്കുന്നു. സുസജ്ജമായ ഒരു ഘടന ബിസിസി മുതൽ അതിരൂപതവരെ നമുക്കുണ്ട്. ഒരു ബിസിസിയിൽ 10 നേതാക്കളെയാണ് നാം തിരഞ്ഞെടുക്കുന്നത്. ഇവരുടെ സജീവ പങ്കാളിത്തം ഉണ്ടായാൽത്തന്നെ നൂറു കണക്കിന് അല്മായനേതാക്കൾ അതിരൂപതയിൽ ഉണ്ട്. ഇവരെ നമ്മൾ എത്രത്തോളം പ്രയോജനപ്പെടുത്തുന്നു.

അല്മായ നേതൃത്വം സജീവമായ ഇടവകകളിൽ നിയമിക്കപ്പെടുന്ന പുതിയ വികാരി, ആ നേതൃനിരയെ പരിപോഷിപ്പിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ടോ എന്നു പരിശോധിക്കാൻ സംവിധാനം ഉണ്ടാവണം. ബിസിസിയുടെ രൂപീകരണ കാലത്ത് അതിനു ചുക്കാൻ പിടിച്ച പുതിയ മെത്രാപ്പോലീത്തായ്ക്ക് ഇക്കാര്യത്തിൽ വലിയ സംഭാവന ചെയ്യാൻ



സാധിക്കും.

## സമുദായ നേതൃരംഗം

സമുദായ നേതൃരംഗം ഇന്ന് വിരലിലെണ്ണാവുന്ന ചിലരുടെ കൈകളിൽ അമർന്നിരിക്കുന്നു. പുതിയ നേതാക്കൾ ഉണ്ടാവുന്നില്ല. നേതൃപരമായ കഴിവുകൾ ഉള്ളവർ ഇല്ലാഞ്ഞിട്ടല്ല. നിക്ഷിപ്ത താല്പര്യമുള്ളവരല്ലേ ഇടിച്ചു കയറുകയുള്ളൂ. കൃത്യമായ തെരഞ്ഞെടുപ്പ് പ്രക്രിയ അന്യം നിന്നിരിക്കുന്നു. എല്ലാ ഇടവകകളിലും സമുദായ സംഘടനകളിൽ കൂടുതൽ അൽമായരെ ചേർക്കുകയും സമയാസമയം തിരഞ്ഞെടുപ്പുകൾ നടക്കുകയും വേണം.

## അല്മായരും തൊഴിൽ വാണിജ്യരംഗവും

മത്സ്യത്തൊഴിലാളികൾ, നിർമ്മാണത്തൊഴിലാളികൾ, ദളിതർ എന്നിവരാണ് അതിരൂപതയിലെ ബഹുഭൂരിപക്ഷവും. അതിനാൽത്തന്നെ പിന്നാക്ക സമുദായത്തിൽ ഉൾപ്പെടുന്നു. പിന്നാക്കം, പിന്നാക്കം എന്ന് ആവർത്തിച്ച് പറയുന്നതല്ലാതെ മുന്നാക്കത്തിലെത്തിക്കാനുള്ള മികവുറ്റ പദ്ധതികൾ നമുക്കില്ല. സർക്കാരിനെ ശത്രുപക്ഷത്ത് നിർത്തിക്കൊണ്ടുള്ള പോരാട്ടം ഗുണം ചെയ്യില്ല. നമ്മുടെ ആവശ്യങ്ങൾ നേടിയെടുക്കാൻ പ്രക്ഷോഭങ്ങൾ വേണ്ടിവരും. എന്നാൽ സഹകരണമനോഭാവം കൈവെടിയാനും പാടില്ല. വാണിജ്യരംഗത്തെ മുന്നേറ്റമാണ് മറ്റു സമുദായങ്ങൾക്ക് മേൽക്കൈ നേടിക്കൊടുത്തത്.

എല്ലാകാലത്തും ഭരണത്തെ ഏറ്റവും സ്വാധീനിക്കുന്നത് ബിസിനസുകാരാണ്. ഈരംഗത്ത് നാം വളരെ പിന്നിലാണ്. മുന്നോട്ടു കടന്നു വരാനുള്ള പ്രോത്സാഹനവും മാർഗദർശനവും അവർക്ക് നൽകാനുള്ള ചുമതല സമുദായനേതാക്കൾക്ക് ഉണ്ടാവണം.

## അല്മായരായ ഉദ്യോഗസ്ഥർ

സർക്കാർ ജീവനക്കാരായ രൂപതാ മക്കൾ അധികമില്ല. സിവിൽ സർവീസിൽ കയറിപ്പറ്റിയ ആരുമില്ല. ഇതിനൊരു പ്രതിവിധിയായി മിടുക്കരായ യുവതീയുവാക്കളെ പരിശീലിപ്പിക്കുന്ന ഒരു പദ്ധതി KRLCC ആവിഷ്കരിക്കുകയുണ്ടായി. ഈ രൂപതയിൽ നിന്നും കുറേപ്പേർ പരിശീലിപ്പിക്കപ്പെട്ടു. കോവിഡ് കാലത്ത് ഒരു തിരിച്ചടി നേരിട്ടെങ്കിലും പദ്ധതി ഇനിയും ഫലപ്രദമായി മുന്നോട്ടുപോകുമെന്ന് പ്രതീക്ഷിക്കുകയാണ്. KAS (കേരള അഡ്മിനിസ്ട്രേറ്റിവ് സർവ്വീസ്) പ്രവേശന പരീക്ഷയിൽ ലത്തീൻ കത്തോലിക്കാ വിഭാഗത്തിൽ പോലും നമ്മുടെ രൂപതയിൽ നിന്നും ആരും വിജയിച്ചില്ല. നമ്മുടെ അയൽ രൂപ തകൾ മെച്ചപ്പെട്ട പ്രകടനം കാഴ്ചവെച്ചു വെന്ന കാര്യം മറക്കരുത്. അതിനാൽ ഇക്കാര്യം മോണിട്ടർ ചെയ്യുന്ന സംവിധാനം ഉണ്ടാവണം.

## അല്മായരും കോവിഡ് മഹാമാരിയും

കോവിഡ് മഹാമാരി ദുരിതം വിതച്ചപ്പോൾ അതിരൂപതയും ധാരാളം ഇടവകകളും ബുദ്ധിമുട്ടനുഭവിക്കുന്ന അല്മായർക്ക് സഹായം നൽകുകയുണ്ടായി. ദൈവാലയങ്ങൾ സർക്കാർ നിർദേശപ്രകാരം അടഞ്ഞു കിടന്നതിനാൽ ധാരാളം അല്മായർ കൂദാശകളിൽ നിന്നും ആരാധനയിൽ നിന്നും പള്ളിയിലെ എല്ലാ പ്രവർത്തനങ്ങളിൽ നിന്നും അകന്നു പോയി. ബിസിസികളുടെ പ്രവർത്തനം തീരെ ഇല്ലാതായി. യുവാക്കളുടെ പങ്കാളിത്തം ബിസിസികളിൽ തീരെയില്ല. യുവാക്കൾ സഭയിൽ നിന്നും അകലുന്നു. ഇവരെയെല്ലാം തിരിച്ചുകൊണ്ടുവരാൻ ഒരു ഭഗീരഥപ്രയത്നം തന്നെ വേണ്ടിവരും. അതിരൂപതയുടെ അതീവശ്രദ്ധ വേണ്ടിവരുന്ന വിഷയമാണിത്. ഒരുമിച്ച് യാത്ര ചെയ്യുന്ന ദൈവജനം എന്ന സഭയുടെ സ്വഭാവത്തെ തിരികെ കൊണ്ടുവരണം.

## വിവിധങ്ങളായ ഫോറങ്ങളുടെ പ്രവർത്തനം

ഡോക്ടർമാർ, എഞ്ചിനീയർമാർ, അഡ്വക്കേറ്റ്മാർ, ഉദ്യോഗസ്ഥർ, ചിത്രകലാ കാരന്മാർ എന്നിവരുടെ ഫോറങ്ങൾ അതിരൂപതയിൽ നിലവിലുണ്ട്. ഡോക്ടേഴ്സ് ഫോറമാണെങ്കിൽ ഇന്നത്തെ KRLCC സംവിധാനത്തിലെ ശുശ്രൂഷകൾക്ക് മുമ്പ് തന്നെ ഇവിടെ നിലവിലുണ്ടായിരുന്നതാണ്. ഫോറത്തിൽ 150 ഓളം ഡോക്ടർമാർ ഉണ്ടായിരുന്നു.

എൻജിനീയർ ഫോറത്തിന്റെ നൂറോളം പേർ പങ്കെടുത്ത ഒരു സമ്മേളനം സംഘടിപ്പിക്കുകയുണ്ടായി. അഡ്വക്കേറ്റ്മാരുടെ ഫോറത്തിന് നിയമാവലിവരെ തയ്യാറാക്കുകയുണ്ടായി. പക്ഷേ ഇതെല്ലാം പിന്നീട് നിർജീവമാ

യി. ഈ പ്രൊഫഷണലുകൾ എല്ലാം അവരുടെ വില പിടിച്ച സമയം രൂപതയുടെ നന്മയ്ക്കായി വിനിയോഗിക്കാൻ സന്നദ്ധരാണ്. എന്നാൽ അവർ നിർദ്ദേശിക്കുന്ന ഒരു കാര്യവും ചെയ്യാൻ അതിരൂപത സന്നദ്ധമാവുന്നില്ല എന്നതാണ് അവരുടെ പരാതി. അവർ തന്നെ യോഗത്തിൽ പറഞ്ഞതാണിത്. വിവിധങ്ങളായ നിർമ്മാണ പ്രവൃത്തികൾ രൂപതയിലും പല ഇടവകകളിലും മറ്റും നടക്കുന്നു. ഇതൊക്കെ ചില വ്യക്തികൾ കയ്യടക്കി വച്ചിരിക്കുന്നു. എൻജിനീയർമാരുടെ ഒരു കമ്മിറ്റി രൂപീകരിച്ച് ഇതൊക്കെ ഒന്നു മോണിട്ടർ ചെയ്തുകൂടെ? ചിത്രകലാകാരന്മാരുടെ കൂടിവരവ് പലപ്രാവശ്യം നടന്നതാണ്. കുട്ടികൾക്കായി ചിത്രകലാ ക്യാമ്പുകൾ സംഘടിപ്പിച്ചു. പക്ഷേ തുടർ പ്രവർത്തനം നടക്കുന്നില്ല. നമ്മുടെ രൂപതയിൽ പ്രസിദ്ധരായ നോവലിസ്റ്റുകൾ, കവികൾ, സംഗീത സംവിധായകർ, ഗായകർ തുടങ്ങിയവർ ധാരാളമുണ്ട്.

അവർക്ക് എന്ത് പ്രോത്സാഹനമാണ് നാം നൽകുന്നത്? നമ്മുടെ അടുത്തുള്ള രൂപതയിൽ ഈയിടെ ഒരു യുവാവ് ഒരു സിനിമയിൽ ഒരു പാട്ടു പാടി. അവിടെ ബിഷപ്പ് വന്നാണ് അയാളെ അനുമോദിച്ചത്. ഒരു ഓൺലൈൻ യോഗവും നടന്നു. നമ്മുടെ രൂപതയിൽ വിവിധ സിനിമകളിൽ സംഗീത സംവിധാനം നിർവഹിച്ച സംഗീത സംവിധായകർ ഉണ്ട്. അവരെ ഒന്ന് അനുമോദിക്കുക എങ്കിലും ചെയ്യേണ്ടേ? കലാകാരന്മാരെ ഒന്നും നമ്മൾ പ്രോത്സാഹിപ്പിക്കുന്നില്ല. അതിന് മാറ്റം വരണം.

## ദളിതരുടെ മുന്നേറ്റം

ദളിത് കത്തോലിക്കർ വിദ്യാഭ്യാസ രംഗത്ത് വലിയ പിന്നാക്കാവസ്ഥ നേരിടുന്നു എന്നത് അവിതർക്കിതമാണ്. അതിനാൽ ജനസംഖ്യാനുപാതികമായി അവർക്ക് സഭാസ്ഥാപനങ്ങളിൽ സംവരണം ഏർപ്പെടുത്തണം. ഉന്നത വിദ്യാഭ്യാസ രംഗത്തും വലിയ നീതിനിഷേധമാണുള്ളത്. ഇവർക്ക് മാത്രമായി ഒരു ഭവന നിർമ്മാണ പദ്ധതി കെ.സി.ബി.സി വഴി നടപ്പിലാക്കിയിരുന്നു, ഇത് എത്ര പേർക്ക് പ്രയോജനപ്പെട്ടുവെന്ന് പഠനം നടത്തണം. പുതിയ മെത്രാപോലീത്ത ആദ്യമായി ഇടവക വികാരിയായി സേവനം അനുഷ്ഠിച്ചത് എന്റെ ഇടവകയായ പേട്ടയിലാണ്. ശക്തമായ ഒരു നേതൃനിര നിലവിലുള്ള ഒരു ഇടവകയാണിത്. കൂടുതൽ അല്മായരെ നേതൃനിരയിലേക്ക് കൊണ്ടുവരാനുള്ള ശ്രമങ്ങൾക്ക് അദ്ദേഹം പൂർണ്ണ പിന്തുണയേകി. സമഗ്രമായ ഒരു മുന്നേറ്റമാണ് അന്ന് ഇടവകയ്ക്ക് ഉണ്ടായത്. അന്ന് മതബോധന പ്രധാനാധ്യാപകനായി അദ്ദേഹം എന്നെ നിയമിക്കുകയുണ്ടായി. എന്തൊക്കെ പ്രശ്നങ്ങൾ ഉണ്ടായാലും കൂടെയുണ്ടാവും എന്ന് അദ്ദേഹത്തിന്റെ ഉറപ്പിൽ അത്ഭുതങ്ങൾ രചിക്കാനായി.

അതിരൂപതയെ ശക്തമായും ധീരമായും നയിക്കാനുള്ള ദൈവകൃപ നമ്മുടെ മെത്രാപ്പോലീത്തയ്ക്ക് സമൃദ്ധമായി ലഭിക്കട്ടെ എന്ന് ആശംസിക്കുകയും സർവ്വേശ്വരനോട് പ്രാർത്ഥിക്കുകയും ചെയ്യുന്നു. ■




Since 1987
Madonna ELECTRONICS
ISO 9001-2008 COMPANY

**തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ നവാധ്യക്ഷനായി മാർച്ച് 19–ന്അഭിഷിക്തനാകുന്ന അഭിവന്ദ്യ തോമസ് ജെ. നെറ്റോ പിതാവിന് പവിഴ ജൂബിലി നിറവിൽ നിന്നുകൊണ്ട് മഡോണ ഇലക്ട്രോണിക്സ് കുടുംബം പ്രാർത്ഥനാമംഗളങ്ങളു അനുമോദനങ്ങളും നേരുന്നു.**
**തിരുവനന്തപുരം ലത്തീൻ അതിരൂപതയീൽ ഒട്ടനവധി ദൈവാലയങ്ങളിൽ PULSATOR സംവിധാനത്തിൽ പള്ളിമണികൾ ഓട്ടോമാറ്റിക്കായി പ്രവർത്തിപ്പിക്കാൻ സാധിച്ചതിന്റെ സന്തോഷവും കൃതജ്ഞതയും പങ്കുവച്ചുകൊള്ളൂന്നു.**

MADONNA CLIENTS - TRIVANDRUM & KANYAKUMARI

| | |
|---|---|
| St. Therese of Lisieux Roman Catholic Church Vellayambalam, TVM | Our Lady of Dolours Church Marthandanthurai, Trivandrum |
| Madre De Deus Church Vettukadu, Trivandrum | St. Peter's Church Kannanthura, Trivandrum |
| St. Augustine's Roman Catholic Latin Church Murukkumpuzha, TVM | St. Peter's Church Kochupally, Trivandrum |
| St. Francis Xavier's Church Konamkadu, Kanyakumari | St. Mary Queen Basilica Palayam, Trivandrum |
| All Saints Church Chirayinkeezhu, Trivandrum | St. Joseph's Church Kochuveli, Trivandrum |
| Madre De Deus Church Vettukadu, Trivandrum | St. Michael's Forane Church Puthukurichy, Trivandrum |
| Immaculate Concemption Cathedral Neyyattinkara, Trivandrum | St. Sebastian's latin catholic church Vettuthura, Trivandrum |
| Christ The King Church Karyavattom, Trivandrum | St. Peter's Church Vizhinajam, Trivandrum |
| St Joseph's Church Santhipuram, Trivandrum | Our Lady of Dolours Church Marthandanthurai, Kanyakumari |
| Christ The King Church Karyavattom, Trivandrum | Holy Family Malankara Catholic Church Nedumangad, Trivandrum |
| St. Joseph's Metropolitan Cathedral Palayam, Trivandrum | St.Catherine Church Eraviputhenthurai, Kanyakumari |
| St. Anne's Church Thope, Trivandrum | St. Bartholomew church Kodimunai, Kanyakumari |

Pulsator® Patent
The Church Bell Ringer
ISO 9001-2008 Certified Company

Madonna Electronics
Madonna Building,
South Chittoor, Cochin - 682 027.
Kerala, India.
felixmadonna@gmail.com

Call: Felix Madonna
98953 99881, 98952 98951
WatchPulsator Channel in Youtube or Visit:
www.madonnapulsator.com

# പേട്ട ഇടവകയുടെ സ്നേഹക്കുറിപ്പ്




**ടെൻസിങ് മിരാൻഡ**
സെന്റ് ആൻസ്
ദൈവാലയം, പേട്ട


ഒരു ഇളംതെന്നൽ പോലെ ഇടവക ജീവിതത്തിലേയ്ക്ക് കടന്നുവന്ന് ഊഷ്മളമായ സ്നേഹബന്ധത്തിലൂടെ ഇടവക സമൂഹത്തിന്റെ ഒന്നാകെ സ്നേഹബഹുമാനം ആർജിച്ച വ്യക്തിയാണ് തോമസ് നെറ്റോ അച്ചൻ. 1999 മുതൽ 2003 വരെയുള്ള കാലയളവിലാണ് വിശുദ്ധ അന്നയുടെ നാമധേയത്തിലുള്ള പേട്ടയിലെ ദൈവാലയത്തിൽ വികാരിയായിസേവനം അനുഷ്ഠിച്ചത്. പാളയം സെന്റ് ജോസഫ്സ് കത്തീഡ്രലിൽ സഹവികാരിയായിരിക്കുമ്പോൾ മുതൽ പേട്ടയിലെ പലർക്കും അച്ചൻ സുപരിചിതനായിരുന്നു. അഴകാർന്ന ആത്മീയ ദർശനങ്ങൾ ലളിതസുന്ദരമായ ഭാഷയിൽ അവതരിപ്പിക്കുവാനുള്ള അച്ചന്റെ പ്രത്യേക കഴിവ് ജനങ്ങളിൽ ഏറെ മതിപ്പുളവാക്കിയിരുന്നു. സൗമ്യമായ ശബ്ദവും ചാരുതയാർന്ന ഭാഷയും വിനയത്തോടെയുള്ള ഭാഷണശൈലിയും ആരെയും ആകർഷിക്കുന്നതാണ്. പേട്ട ഇടവകയിൽ സേവനം അനുഷ്ഠിച്ച സമയത്ത് അത് അനുഭവവേദ്യമായതുമാണ്. ലളിതവും അനാഡംബരവുമായ ജീവിതശൈലിയുടെയും ഉടമ കൂടിയാണ് നെറ്റോ അച്ചൻ. താൻ ജനിച്ച തീരദേശ ഗ്രാമത്തിന്റെ കണ്ണീരുപ്പും കടലുപ്പും ജീവിതത്തിന്റെ ലാവണ്യമായി എന്നും അച്ചനോടൊപ്പമുണ്ടായിരുന്നു.

1994ൽ ആണ് പേട്ട ഇടവകയിൽ കുടുംബ കൂട്ടായ്മകൾ ആരംഭിച്ചത്. ബഹു.ചാൾസ് ലിയാൺ അച്ചനാണ് അതിന് തുടക്കം കുറിച്ചത്.

കുടുബകൂട്ടായ്മകളുടെ പ്രാരംഭദശയായതിനാൽ അതിനെ ശക്തിപ്പെടുത്തുക എന്നദൗത്യമായിരുന്നു അച്ചന്റെ പ്രഥമ പരിഗണന. ഭവനസന്ദർശനങ്ങൾ, കുടുംബക്കൂട്ടായ്മകളിലെ സാന്നിദ്ധ്യം, ഞായറാഴ്ച ദിവ്യബലി മധ്യേയുള്ള പ്രസംഗങ്ങൾ എന്നിവയിലൂടെ ഇടവകജനത്തെ ഒരു ജപമാല പോലെ കോർത്തിണക്കി.

ബി.സി.സി യോഗങ്ങളിലെ അച്ചന്റെ പഠനക്ലാസ്സുകൾ വിജ്ഞാനപ്രദവും ഹൃദ്യവുമായിരുന്നു. ഇടവകയിലെ എല്ലാ കുടുംബങ്ങളെയും അച്ചന് നേരിട്ടറിയാമായിരുന്നു. പലകുടുംബങ്ങളും ഇന്നും അച്ചനുമായി ആ സ്നേഹബന്ധം നിലനിർത്തുന്നു. അച്ചന്റെ ജീവിതലാളിത്യം എല്ലാവർക്കും മാതൃകയായിരുന്നു. ഇടവക കൺസിൽ യോഗങ്ങൾ വളരെ പ്രാധാന്യത്തോടും ഗൗരവത്തോടുമാണ് അച്ചൻ കൈകാര്യം ചെയ്തിരുന്നത്. അൽമായരുടെ ഭാഗത്തു നിന്നുള്ള നിർദ്ദേശങ്ങൾ വളരെ കാര്യമായാണ് അച്ചൻ പരിഗണിച്ചിരുന്നത്. സഭാ കാര്യങ്ങളിലും ആരാധനാക്രമങ്ങളിലും വളരെ നിഷ്ഠ പുലർത്തിയിരുന്നു. പ്രശ്നങ്ങൾ ചർച്ചയിലൂടെ പരിഹരിക്കുന്നതിനും പെട്ടെന്ന് തീരുമാനങ്ങൾ കൈകൊള്ളുന്നതിനും ഒരു പ്രത്യേക കഴിവു തന്നെ അച്ചൻ പ്രകടമാക്കിയിരുന്നു. വിയോജിപ്പുകൾ പോലും സംയമത്തോടെയാണ് പ്രകടിപ്പിച്ചിരുന്നത്.

### ദൈവാലയ പുനഃരുദ്ധാരണം

പേട്ട ഇടവകയിൽ അച്ചന്റെ ഏറ്റവും ശ്രദ്ധേയമായ പ്രവർത്തനം ദൈവാലയ പുനരുദ്ധാരണമാണ്. ഇതിന്റെ ഭാഗമായി അച്ചൻ കൈക്കൊണ്ട നിലപാടുകൾ ഇടവക ചരിത്രത്തിൽ തങ്കലിപികളിൽ രേഖപ്പെടുത്തേണ്ടതാണ്. തിരുവനന്തപുരം പട്ടണത്തിലെ പ്രഥമ ക്രൈസ്തവ ദൈവാലയമാണ് പേട്ടയിലെ വിശുദ്ധ അന്നയുടെ ദൈവാലയം. അതിന്റെ വാസ്തുശില്പ ഭംഗിയും, പൈതൃകവും കാത്തു സൂക്ഷിച്ചുകൊണ്ടായിരിക്കണം ദൈവാലയ പുനരുദ്ധാരണം എന്ന് തീരുമാനിക്കപ്പെട്ടു. ഇന്നത്തെ കാലത്തു പൗരാണികമായത് തകർത്തു കോൺക്രീറ്റ് സൗധങ്ങൾ കെട്ടിപ്പൊക്കുകയാണല്ലോ പതിവ്. ദൈവാലയ പുനരുദ്ധാരണത്തിന് ആവശ്യമായ ധനം ഇടവകാംഗങ്ങളിൽ നിന്നും മാത്രം സ്വരൂപിച്ചു. അതിനായി ഇടവകയിലെ ഓരാ കുടുംബവും തങ്ങളുടെ പ്രതിമാസ വരുമാനത്തിന്റെ നാല്പതു ശതമാനം പത്തു തവണകളായി പത്തു മാസം കൊണ്ട് നൽകണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. ഈ നിർദ്ദേശങ്ങൾ നെഞ്ചേറ്റിയ ഇടവകജനം പുനരുദ്ധാരണത്തിന്റെ സാമ്പത്തികബാധ്യത സന്തോഷപൂർവ്വം ഏറ്റെടുത്തു. 2002 ഫെബ്രുവരിയിൽ ആരംഭിച്ച് ഡിസംബർ മാസത്തിൽ ദൈവാലയ പുനരുദ്ധാരണം പൂർത്തിയാക്കി. ഇടവകയിലെ അച്ചന്റെ സേവന കാലത്തെ നന്ദിയോടെ ഓർക്കുന്നു



# മുരുക്കുംപുഴ ഇടവകയുടെ സ്നേഹാദരം



ബനീറ്റ ക്ലീറ്റസ്

**പു**തിയ ആർച്ച് ബിഷപ്പായി നിയമിതനായ മോൺ. ഡോ. തോമസ് ജെ. നെറ്റോ നാലരവർഷമാണ് ഇടവക വികാരിയായി ഇവിടെ സേവനമനുഷ്ഠിച്ചത്. ഈയൊരു കാലത്തെ സേവനങ്ങളെ സശ്രദ്ധം വീക്ഷിച്ചാൽ ഈ വിശിഷ്ട പദവി ശിരസ്സാവഹിക്കാൻ എന്തുകൊണ്ടും ഈ പുരോഹിതൻ അനുയോജ്യനാണ് എന്ന് നിസംശയം പറയാം. ബിസിസി തെരഞ്ഞെടുപ്പ് കഴിഞ്ഞ് 2017 മേയ് മാസം പുതിയ പ്ലാനും ബജറ്റും തയ്യാറാക്കുന്ന അവസരത്തിലാണ് ഇടവക വികാരിയായി ഡോ. തോമസ് ജെ. നെറ്റോ സ്ഥാനം ഏറ്റെടുക്കുന്നത്. ശുശ്രൂഷാ സമിതികൾ പ്രവർത്തിക്കേണ്ടത് എങ്ങനെയായിരിക്കണമെന്നതിനെക്കുറിച്ച് ഉറച്ച ബോധ്യം ഇടവക ജനങ്ങൾക്ക് നൽകി പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തി. അച്ചന്റെ നിർദ്ദേശങ്ങൾ ഇടവകയുടെ സുഗമമായ നടത്തിപ്പിന് വഴിയൊരുക്കി.

ആരാധനാക്രമം സുഗമമായി നടത്തപ്പെടുന്നതിന് അജപാലന സമിതിയുടെ നേതൃത്വത്തിൽ 'അഗസ്റ്റിൻ വോയ്സ്' എന്ന പേരിൽ ഒരു പാരിഷ് ബുള്ളറ്റിൻ പ്രസിദ്ധീകരിച്ച് എല്ലാമാസവും കുടുംബങ്ങൾക്ക് വിതരണം ചെയ്തു. ഒരു ഇടയമൊഴിയോടുകൂടിയാണ് ബുള്ളറ്റിൻ ആരംഭിക്കുന്നത്. ഓരോ മാസത്തെയും ഞായറാഴ്ചകളിലെ ദിവ്യബലി വായനകൾ, ദിവ്യബലി ക്രമീകരണവും നേതൃത്വവും ഏതൊക്കെ യൂണിറ്റുകളാണ് നടത്തേണ്ടതെന്നും ആ മാസത്തെ വിശേഷദിവസങ്ങൾ, വിവിധ സമിതിയോഗങ്ങൾ, ആദ്യവെള്ളി ആരാധനയുടെ നേതൃത്വം, ബി.സി.സി യോഗങ്ങളിൽ വായിക്കുന്ന വചനഭാഗം എന്നിവയും അതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇടവക ജനങ്ങൾ തമ്മിൽ അറിയുന്നതിനും നമ്പർക്കം പുലർത്തുന്നതിനും ഐക്യം കെട്ടിപ്പടുക്കുന്നതിനുമുള്ള ഒരു ഉപാധിയായിട്ടാണ് പാരീഷ് ഡയറി പ്രസിദ്ധീകരിച്ചത്. ഓരോ കുടുംബത്തിനും ഓരോ കുടുംബ യൂണിറ്റിനും ഓരോ നമ്പർ നൽകിയിരിക്കുന്നതുവഴി ഒരു വ്യക്തിയുടെ കുടുംബത്തിലെ അംഗങ്ങളെക്കുറിച്ചും തൊഴിലിനെക്കുറിച്ചും വിദ്യാഭ്യാസ മേഖലയെക്കുറിച്ചും വിശദവിവരം ലഭിക്കത്തക്ക രീതിയിൽ നടത്തിയ ക്രമീകരണത്തെ ഒരു 'മാജിക്കൽ എഫെക്ട്' എന്ന് വിശേഷിപ്പിക്കാം.

മുരുക്കുംപുഴ ഇടവകയുടെ 125-ാം വാർഷികം ആഘോഷിക്കുന്നതിനുള്ള നിയോഗം ലഭിച്ചതും നിയുക്ത പിതാവിന് തന്നെയായിരുന്നു. ഒരുവർഷം നീണ്ടുനിന്ന ആഘോഷ പരിപാടികൾ ബിസിസി ലീഡേഴ്സിന്റെയും പാരീഷ് കൗൺസിലിന്റെയും നേതൃത്വത്തിൽ ആസൂത്രണം ചെയ്തു. അതിൽ പ്രധാനപ്പെട്ട ചിലത് ഇവിടെ പങ്കുവയ്ക്കാം. ഇടവകയുടെ ചരിത്രം വിളിച്ചോതുന്ന ഒരു സ്മരണികയ്ക്ക് രൂപം നൽകാൻ തീരുമാനിച്ചു. തോമസ് നെറ്റോ അച്ചൻ അധ്യക്ഷനായുള്ള സുവനീർ കമ്മിറ്റി രൂപീകരിച്ച് ചുമതലകൾ വീതിച്ചുനൽകി. ആ സംരംഭം വലിയ വിജയമായി മാറി. മുരുക്കുംപുഴയുടെ സാമൂഹിക, സാംസ്കാരിക വിദ്യാഭ്യാസ തൊഴിൽ മേഖലകളുടെ ചരിത്രം വിളിച്ചോതുന്ന സ്മരണിക പുതിയ തലമുറയ്ക്ക് പാരമ്പര്യവും വിജ്ഞാനവും ഗ്രഹിക്കാൻ സാധിക്കും.

മതബോധന ക്ലാസുകൾ സജീവവും ക്രിയാത്മകവുമായി നടത്തണമെന്ന് അച്ചന് പ്രത്യേക നിഷ്കർഷ ഉണ്ടായിരുന്നു. പഠിപ്പിക്കുന്ന കാര്യം മനസ്സിൽ പതിപ്പിക്കണമെന്ന ലക്ഷ്യംവച്ചുകൊണ്ട് അച്ചൻ 7 കൂദാശകളെ ആസ്പദമാക്കി ഒരു പ്രദർശനം സംഘടിപ്പിക്കാൻ മുൻകൈയെടുത്തു. മതബോധന അധ്യാപകരുടെ നേതൃത്വത്തിൽ നടത്തിയ ആ പ്രദർശനം എല്ലാവർക്കും ദൃശ്യവിരുന്നാവുകയും കൂദാശകളെക്കുറിച്ച് നല്ല ബോധ്യം പകർന്നു കൊടുക്കാനും സാധിച്ചു.

വിദ്യാഭ്യാസരംഗത്ത് കാലഘട്ടത്തിന്റേതായ മാറ്റങ്ങൾ അനിവാര്യമാണെന്ന് സൂചിപ്പിക്കാൻ വിദ്യാർഥി കേന്ദ്രീകൃതമായ ബദൽ വിദ്യാഭ്യാസം എന്ന ആശയം നടപ്പിലാക്കാൻ നിർദ്ദേശങ്ങൾ നൽകി. ടീച്ചേഴ്സ് ഫോറം ഫോർ സ്റ്റുഡന്റ്സ് രൂപീകരിച്ചു. വിദ്യാർഥികളുടെ വ്യക്തിത്വ നേതൃത്വപാടവ വികസനമായിരുന്നു ലക്ഷ്യം. ഇടവകയുടെ ഇത്തരം പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ ഒരു മനോഹരസൗധം കെട്ടിപ്പെടുക്കുന്ന ജാഗ്രതയോടെ അച്ചൻ ഇടവകയെ നയിച്ചു എന്നു കാണാം.





ഫാ. ഇമ്മാനുവേൽ

# മത്സ്യഗന്ധമുള്ള വലിയ മുക്കുവന്റെ പാതയിൽ

സുഗന്ധസ്വർഗ്ഗത്തിൽ നിന്നെത്തിയ ക്രിസ്തു തന്റെ മഹത്തായ ദൗത്യത്തിന് ആരംഭം കുറിച്ചത് മത്സ്യഗന്ധമുള്ള ഗലീലി തീരത്തുനിന്നാണ്. ആത്മസുഗന്ധങ്ങളുടെ പറുദീസയിൽ വസിച്ചിരുന്ന ദൈവപുത്രന്റെ നെഞ്ചോരം ചേർന്നു കിടന്നവരാണ് മീൻമണമുള്ള പത്രോസും അന്ത്രയോസും യാക്കോബും യോഹന്നാനുമൊക്കെ. എല്ലാ തൊഴിലുകൾക്കും അതിന്റേതായ ഗന്ധങ്ങളുണ്ട്. യൗസേപ്പെന്ന തച്ചന്റെ കൈകളിലെ മരങ്ങളുടെ ഗന്ധം ചെറുപ്പത്തിലേ യേശുവിന് കിട്ടിയിട്ടുണ്ടാകണം. പിന്നീട് മരുഭൂമിയിലെ പൊടിമണലുകളുടെ ഗന്ധം. സഞ്ചരിച്ചുകൂട്ടിയ മണ്ണിന്റെ ഗന്ധം യേശു പലവേള ശ്വസിച്ചിട്ടുണ്ടാവും. കണ്ടുമുട്ടിയവരിലെ നിസ്സഹായതകളുടെ ഗന്ധമാണ് യേശുവിന്റെ കർമ്മമണ്ഡലത്തെ ജ്വലിപ്പിച്ചത്.





ഗലീലിയിലെ മുക്കുവക്കുടികളിൽ നിന്നും ശിഷ്യന്മാരിൽ നിന്നും പകർന്നുകിട്ടിയ മത്സ്യഗന്ധം ക്രിസ്തുവിന്റെ ജീവിതത്തെ സ്പർശിച്ചിരുന്ന യാഥാർത്ഥ്യമായിരുന്നു. ഒരു പ്രഭാതത്തിൽ ഗനേസറത്ത് തടാകത്തിന്റെ തീരത്ത് വന്നുനിന്ന് ദൗത്യം ആരംഭിച്ച ക്രിസ്തു (ലൂക്ക 5:1) വേറൊരു പുലരിയിൽ കടൽക്കരെ വന്നു ശിഷ്യന്മാരെ കാത്തുനിൽക്കുകയാണ് (യോഹ 21:4). തുടക്കവും അതിന്റെ തുടർച്ചയും മീൻമണമുള്ള മുക്കുവരിൽ നിന്നും തന്നെയാവണമെന്നത് ദൈവഹിതം തന്നെയായിരുന്നു.

മുക്കുവക്കുടിയിലെ മീൻമണമുള്ള വലിയ മുക്കുവനെയാണ് ക്രിസ്തു ദൈവരാജ്യത്തിന്റെ പണിതുടരാൻ ചുമതലപ്പെടുത്തിയത്. അകമേ കടലിരമ്പലും പുറമേ കടൽച്ചൊരുക്കുമുള്ള വെറും മണൽത്തരിയായിരുന്ന പത്രോസ് ഏത് തിരയേയും പ്രതിരോധിക്കുന്ന പാറയായി നിലകൊണ്ടു. കടലിന്റെ ഉപ്പും മത്സ്യഗന്ധവുമുള്ള വലിയ മുക്കുവനെ ഒരു ഭീഷണിക്കും ഭീതിപ്പെടുത്താനായില്ല; ഒരു സുഖിപ്പിക്കലുകൾക്കും കീഴ്പ്പെടുത്താനുമായില്ല. കടലാഴംപോലെ അനന്തമായ ഗുരുമുഖത്തെ മൊഴിമുത്തുകൾ ധ്യാനിച്ച പത്രോസ് തിരുസഭയുടെ ആദ്യ ഇടയനായി നിലകൊണ്ടതും അതുകൊണ്ടുതന്നെയാണ്.

സമൂഹം അധഃകൃതർ എന്നു വിളിക്കുന്നവരുടെ കൂട്ടത്തിൽപ്പെട്ടവരാണ് മുക്കുവർ. ആ മുക്കുവർക്ക് മനുഷ്യരെ പിടിക്കാനുള്ള ആത്മബലമുണ്ടെന്ന് ക്രിസ്തുവിന് അറിയാമായിരുന്നു. തലയ്ക്ക് മുകളിലൂടെ ഇരമ്പിയാർക്കുന്ന തിരകളെ മറികടക്കാൻ ഒന്നു കുനിഞ്ഞാൽ മതിയെന്ന് കടലോനറിയാം. കടലുകാണുന്ന കൗതുകത്തോടെ ക്രിസ്തു പലതവണ കടൽത്തിരയെ കബളിപ്പിക്കുന്ന കടലോന്റെ ദൃശ്യം കണ്ടിട്ടുണ്ടാവാം. ഇടയന്റെ നേർക്ക് ഇരമ്പിവരുന്ന തിരമാലകളെ വിവേകത്തോടെ സമീപിക്കാൻ ഈ കടൽക്കാഴ്ച മതിയല്ലോ...


എല്ലാ ഗന്ധങ്ങളേയും ഉൾക്കൊള്ളുന്ന മണമാണ് മത്സ്യഗന്ധം. അതുപോലെ എല്ലാവരേയും സ്വീകരിക്കുന്ന ഹൃദയമുള്ളവനാകണം ഇടയൻ. മതമോ, ഭാഷയോ, വർണമോ, വർഗ്ഗമോ നോക്കി വചനം വിതച്ചവരല്ലല്ലോ വലിയ മുക്കുവനും കൂട്ടരും. കടലാഴത്തിലേയും കടൽപ്പരപ്പിലേയും എല്ലാ വ്യത്യസ്തങ്ങളായ മത്സ്യങ്ങളേയും മനുഷ്യരേയും സ്നേഹത്തിൽ നെയ്തെടുത്ത വല കൊണ്ട് കോരിയെടുത്തപോലെ കൂദാശാ പരികർമ്മങ്ങളിലൂടെ ആത്മാക്കളെ നേടിയെടുക്കാൻ കടപ്പെട്ടവരാണ് ഇടയനും പുരോഹിതരും.

സുരക്ഷിതത്വത്തിന്റെ തീരത്തു നിന്നാൽ സാഹസികതയുടെ ആഴങ്ങളറിയാനാവില്ലായെന്ന് ഓരോ മുക്കുവനുമറിയാം. ഇഷ്ടങ്ങളോട് ഇണങ്ങാൻ എളുപ്പമായിരിക്കാം; ഇഷ്ടക്കേടുകളോട് പൊരുത്തപ്പെടാൻ പ്രയാസവും. കടൽ വറ്റിയിട്ട് കടലിലേക്കിറങ്ങി മീൻപിടിക്കാം എന്ന് നിനയ്ക്കുന്നവർ മുക്കുവരല്ല; ഏത് തിരയേയും ചെറുക്കാനുള്ള മനോധൈര്യമുള്ളവരാണ് മുക്കുവർ. സദ്ഗുണങ്ങൾ ഉള്ളവരോടു മാത്രം സമ്പർക്കം പുലർത്തുന്നതിൽ സവിശേഷമായൊന്നുമില്ലെന്നും സങ്കീർണതകൾ ഉള്ളവരോടും സമരസപ്പെടുമ്പോഴാണ് ഇടയധർമ്മം ധീരോജ്വലമാകുന്നതെന്നും കടലും കടലോനും പഠിപ്പിക്കുന്നുണ്ട്. ഇടയവഴികൾ പ്രതിസന്ധികൾ നിറഞ്ഞതാണ്. അതിനെ നേരിടാൻ വലിയ മുക്കുവന്റെ ഗുരുകടാക്ഷം ഉണ്ടാവണം.

ഋതുഭേദങ്ങളിൽ കടലും കരയും മുക്കുവരും മുക്കുവക്കുടിയും പലപ്പോഴും പരിഭ്രാന്തരാകാറുണ്ട്. കാറ്റിനേയും കടലിനേയും ശാസിച്ച്, ഭയമരുതെന്നരുളിയ ക്രിസ്തുവിന്റെ പ്രതിപുരുഷനായ ഇടയൻ കരയുന്നവന്റെ കനിവും.... ഒച്ചയില്ലാത്തവന്റെ പെരുമ്പറയും..... കടലെടുത്ത് കലങ്ങിയവരുടെ കണ്ണാടിയും ആകണമെന്നാശിക്കുന്നു. ക്രിസ്തുവിന്റെ നിഴലായിരുന്നു വലിയ മുക്കുവനായ പത്രോസും പിന്നീട് ഇടയ ദൗത്യം ഏറ്റെടുത്ത ഓരോരുത്തരും.

പുതിയ ഇടയൻ കണ്ടുവളർന്ന കടൽക്കാഴ്ചകളിൽ മത്സ്യവും മത്സ്യഗന്ധവും പലവുരു സ്പർശിച്ചിട്ടുണ്ടാകണം. ഇനിയുടെ കർമ്മപാഥേയങ്ങളിൽ എല്ലാ ഗന്ധങ്ങളേയും ഹൃദയത്തിൽ ആവാഹിച്ച വലിയ മുക്കുവന്റെ മത്സ്യഗന്ധമുള്ള ഇടയധർമ്മം പാരിൽ പ്രഭ തൂകാൻ പ്രാർത്ഥിക്കാം....

പെരിയ കടലോന്റെ പിൻഗാമിയ്ക്ക് ആശംസകൾ!



# സിനഡാത്മക സഭാദർശനവും സമീപനവും

## തിരുവനന്തപുരം അതിരൂപതയുടെ പശ്ചാത്തലത്തിൽ



ഫ്രാൻസിസ് പാപ്പ സഭാനവീകരണത്തിന് അസുലഭമായ ഒരുവസരം ആഗോളസഭയ്ക്ക് നൽകിയിരിക്കുകയാണ്. സഭയെ ഒന്ന് വിലയിരുത്താനും നവീകരിക്കാനുമുള്ള അവസരമാണ് ഈ സിനഡ്. അരനൂറ്റാണ്ടിനു മുമ്പ് സഭയിൽ രൂപം കൊണ്ട വത്തിക്കാൻ സൂനഹദോസിനെ ഒരു പുതിയ പെന്തക്കൂസ്താ അനുഭവമായി വിശേഷിപ്പിച്ച തലമുറയ്ക്ക് മറ്റൊരു അവസരം കൂടി കിട്ടിയിരിക്കുകയാണ്. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രദാനം ചെയ്ത നവീകരണം ഒരു ചരിത്രസംഭവം തന്നെയാണ്. ഇപ്പോൾ ആരംഭം കുറിച്ച സിനഡൽ പ്രക്രിയ ആത്മാവിന്റെ സജീവസാന്നിദ്ധ്യം ഉറപ്പാക്കുന്ന മറ്റൊരു ചരിത്രസംഭവമായി പരിണമിക്കും; നാം ഗൗരവപൂർവ്വം ഈയവസരം പ്രയോജനപ്പെടുത്തുകയാണെങ്കിൽ. നവീകരണ പ്രക്രിയകളോട് പുറംതിരിഞ്ഞ് നിൽക്കുന്ന ഒരു ചെറിയവിഭാഗം സഭയിലെ എല്ലാതലങ്ങളിലുമുണ്ട് എന്ന കാര്യം നാം വിസ്മരിച്ചുകൂടാ. റോമൻരൂപതയുടെ അദ്ധ്യക്ഷൻ എന്ന നിലയിൽ പാപ്പ സൂചിപ്പിച്ച ഒരു പ്രധാനകാര്യം മാറ്റത്തിന് വിധേയമല്ലാത്ത ഒരു സംവിധാനമായി സഭയെ കാണരുതെന്നും, മെത്രാന്മാരും വൈദീകരും അദ്ധ്യാപകരും അല്മായർ വിദ്യാർത്ഥികളാണെന്നുമുള്ള മനോഭാവം നാം ഉപേക്ഷിക്കണമെന്നുമാണ്. എല്ലാ വിശ്വാസികളേയും ശ്രവിക്കാനും നവീകരണപ്രക്രിയയുടെ പങ്കാളികളാക്കാനും നമുക്കാവണം. സഭാജീവിതത്തിന്റെ പങ്കാളികളാ



ഫാ. ജെയിംസ് കുലാസ്

യും സഭയിലെ എല്ലാ വിഭാഗങ്ങളും സ്വയം തിരിച്ചറിയുകയും വേണം.

2021 ഒക്ടോബർ 10ന് ദിവ്യബലി വേളയിൽ വത്തിക്കാനിൽ ഉദ്ഘാടനം ചെയ്യപ്പെട്ട ഈ സിനഡ് രണ്ടു വർഷം നീണ്ടുനിൽക്കുന്നതാണ്, 2021 ഒക്ടോബർ മുതൽ 2023 ഒക്ടോബർ വരെ. സിനഡിന്റെ വിഷയം സിനഡാത്മകസഭ: കൂട്ടായ്മ, പങ്കാളിത്തം, ദൗത്യം (പ്രേഷിതദൗത്യം) എന്ന വിഷയം എല്ലാ വിഭാഗങ്ങളുടേയും പങ്കാളിത്തത്തോടെ ചെയ്യാൻ ഈ ദീർഘസമയം അനിവാര്യമാണെന്ന് കരുതാം. ഒരുമിച്ചുള്ള ഒരു യാത്രയായി ഇതിനെ പാപ്പ വിശേഷിപ്പിക്കുകയും മനുഷ്യരാശിയുടെ മുന്നേറ്റത്തിന്റെയും അന്വേഷണത്തിന്റെയും ഭാഗമായി ഭവിക്കുകയും വേണം. സിനഡുമായി ബന്ധപ്പെടുത്തിയുള്ള ലോഗോയിൽ നിർദ്ദേശിക്കുന്നതുപോലെ സഭയിലെ എല്ലാ അംഗങ്ങളേയും പ്രത്യേകിച്ച് അല്മായരെയും ശ്രവിക്കാനും അവരുടെ അഭിപ്രായങ്ങൾ മനസ്സിലാക്കാനും കഴിയണം. അതുകൊണ്ടുതന്നെയാണ് സിനഡ് ഒരു ദീർഘകാലഘട്ടത്തിലേക്ക് സംവിധാനം ചെയ്തിരിക്കുന്നത്. രൂപതാതലത്തിൽ നടക്കുന്ന സിനഡിന് ഒത്തിരിയേറെ പ്രാധാന്യമുണ്ടെന്ന് പാപ്പ ആവർത്തിച്ചു പറയുന്നുണ്ട്. നിർബന്ധത്തിന് വഴങ്ങി ചെയ്യുന്ന ഒരു പ്രക്രിയയായി ഇത് മാറരുത്. സഭാനവീകരണത്തിന് താൽപര്യമുള്ളവർ ഇത് ഗൗരവമായി എടുത്ത് സജീവമായി പങ്കെടുക്കുകയും വേണം. വൈദീകർ ഈ പ്രക്രിയ ഗൗരവപൂർവ്വം എടുക്കുകയും യഥാർത്ഥ ഇടയന്മാരായി മാറുകയും വേണം. പുതിയൊരു സഭയ്ക്ക് രൂപം കൊടുക്കുകയല്ല പ്രത്യുത വ്യത്യസ്ത ശൈലിയും ദൗത്യവും ഏറ്റെടുത്ത് നവീകരിക്കപ്പെടുന്ന സഭയായി രൂപം പ്രാപിക്കുക എന്നതാണ്. സന്യസ്തസമൂഹങ്ങളും അല്മായ പ്രസ്ഥാനങ്ങളും ഈ പ്രക്രിയയിൽ സജീവമായി പങ്കാളികളാവണം.

**സിനഡാത്മക സഭയിലേക്ക് വളരാൻ അല്മായരുടെ സജീവ പങ്കാളിത്തം മാത്രമല്ല സജീവ നേതൃത്വവും അനിവാര്യമാണ്. കേരള ലത്തീൻ സഭ ശ്രദ്ധ കേന്ദ്രീകരിക്കേണ്ട തിരിച്ചറിയേണ്ട ഒരു കാര്യമാണിത്. ഈ രംഗത്ത് നാം ഏറ്റെടുത്ത ശ്രമങ്ങൾ മറക്കുന്നില്ല. എന്നാൽ നമുക്ക് ഇക്കാര്യത്തിൽ വളരെയേറെ മുന്നോട്ടുപോകുവാനുണ്ട്. പ്രത്യേകിച്ച് സമുദായമെന്ന നിലയിൽ നാം മുന്നോട്ടുപോകണമെങ്കിൽ അല്മായരെ മുന്നിൽ നിർത്തിയേ സാദ്ധ്യമാകൂ. അല്മായർ പുതിയ നേതൃത്വത്തിൽ നിന്ന് പ്രതീക്ഷിക്കുന്നതും ഇതുതന്നെയാണ്.**

## തിരുവനന്തപുരം അതിരൂപതയുടെ പശ്ചാത്തലം

രണ്ടാം വത്തിക്കാൻ കൗൺസിൽ മുന്നോട്ടുവച്ച നവീകരണ പ്രക്രിയ വളരെ ഗൗരവപൂർവ്വമായാണ് 1937ൽ ആരംഭം കുറിച്ച തിരുവനന്തപുരം രൂപതയുടെ സഭാ നേതൃത്വം സ്വീകരിച്ചത്. കൗൺസിലിൽ പങ്കെടുത്ത ബിഷപ് പീറ്റർ ബർണാർഡ് പെരേര കൗൺസിലിന്റെ ദർശനം ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിച്ച വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു. ആരാധാനാക്രമം മാതൃഭാഷയിലാക്കാൻ അദ്ദേഹം ഏറ്റെടുത്ത നേതൃത്വം ശ്ലാഘനീയമാണ്. അല്മായർ സഭയിൽ സജീവമായി പ്രവർത്തിക്കുന്ന കാര്യത്തിൽ മാത്രമല്ല, സാമൂഹികരാഷ്ട്രീയ മേഖലകളിൽ സജീവമായി പ്രവർത്തിക്കാനുള്ള അവസരങ്ങൾ തിരിച്ചറിഞ്ഞ് അണിനിരത്താനും അദ്ദേഹത്തിന് കഴിഞ്ഞു. വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖകൾ വൈദീകസമ്മേളനങ്ങളിൽ അവതരിപ്പിച്ചു ചർച്ച ചെയ്യാനും, അല്മായർക്ക് വൈദീകരിലൂടെ നവീകരണത്തിന്റെ പാതയിൽ മുന്നേറാനുമുള്ള അവസരമുണ്ടാക്കി. ഭൂരിഭാഗം വരുന്ന മത്സ്യത്തൊഴിലാളികളുടെ ജീവിതാവസ്ഥ മനസ്സിലാക്കി പ്രതികരിക്കാൻ സാമൂഹികപ്രവർത്തന രംഗത്ത് വിദഗ്ധരായ ഒരു അല്മായ ടീമിനെ നിയോഗിക്കുകയും, പരമ്പരാഗതമായി ഗോതമ്പും പാൽപ്പൊടിയും കൊടുത്ത് ജീവകാരുണ്യ പ്രവർത്തനത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കാതെ അവർ നേരിടുന്ന ദാരിദ്ര്യവും ചൂഷണവും മനസ്സിലാക്കി ശാസ്ത്രീയമായ രീതിയിൽ അവരെ സ്വയംപര്യാപ്തരാക്കി മാറ്റുവാൻ വിദേശ ഏജൻസികളുടെ സഹായത്തോടുകൂടി രൂപപ്പെടുത്തിയ മരിയനാട് വികസന പ്രോജക്ട് ഭാരതത്തിലെ ആദ്യത്തെ രൂപതാ സാമൂഹിക സേവന സംഘടനകളിൽ ഒന്നായ തിരുവനന്തപുരം രൂപതാ സോഷ്യൽ സർവ്വീസ് സൊസൈറ്റിയാണ് എന്നത് രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ നവീകരണ പ്രക്രിയയുടെ ഭാഗം കൂടിയാണെന്ന് നാം തിരിച്ചറിയണം. വിദ്യാഭ്യാസരംഗത്ത് വളരെ പിന്നിൽ നിന്ന ഒരു വിഭാഗമായിരുന്നു രൂപതാ അംഗങ്ങൾ, പ്രത്യേകിച്ച് ഉന്നത വിദ്യാഭ്യാസരംഗത്ത് സന്യസ്തസഭകളുടെ സഹകരണത്തോടെ ആരംഭിച്ച കോളേജുകൾ ഈ പശ്ചാത്തലത്തിൽ വേണം നാം മനസ്സിലാക്കാൻ. രൂപതയെ സ്വയം പര്യാപ്തതയിലേക്ക് നയിക്കാൻ കാർഷികവിഭവങ്ങൾ ഉള്ള ഭൂമി ഒത്തിരിയേറെ സ്വന്തമാക്കാൻ ഈ പ്രാദേശിക സഭയ്ക്ക് കഴിഞ്ഞത് നിസാരകാര്യമല്ല. ഒപ്പം വിദ്യാലയങ്ങൾ ആരംഭിക്കാനും അദ്ദേഹം പ്രത്യേക ശ്രദ്ധ പതിപ്പിച്ചിരുന്നു.

തിരുവനന്തപുരം രൂപതയുടെ സുവർണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി 1987ൽ നടന്ന വൈദീകരുടെ ഒത്തുവാസം (കോട്ടാർ സമ്മേളനം) ഫാ.അമലോത്ഭവ ദാസിന്റെ സഹായത്തോടെ പ്രാദേശികസഭയുടെ നവീകരണത്തിന് ഒത്തിരിയേറെ സഹായിച്ചു. സഭ ദൈവജനമാണെന്ന ര



ണ്ടാം വത്തിക്കാൻ കൗൺസിലിന്റെ അന്തഃസത്ത സ്വീകരിച്ചുകൊണ്ട് ദൈവജനത്തിന്റെ പങ്കാളിത്തം സഭാശുശ്രൂഷകളിൽ കാര്യക്ഷമമായി ഉറപ്പുവരുത്തുന്നതിന് ഇടവക അജപാലന സമിതി, രൂപതാ അജപാലന സമിതി എന്നിവ രൂപീകരിക്കുകയും വിവിധ ശുശ്രൂഷകളുടെ പ്രവർത്തനം രൂപതാതലത്തിൽ അല്മായരുടെ വിഭവശേഷി പ്രയോജനപ്പെടുത്തിക്കൊണ്ട് ക്രമീകരിക്കുകയും ചെയ്തു. ഒപ്പം നവീകരണ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനുവേണ്ട അടിസ്ഥാനസൗകര്യം ജൂബിലി മെമ്മോറിയൽ ആനിമേഷൻ സെന്ററും, ആരോഗ്യരംഗത്തുള്ള ഇടപെടലിന് തുടക്കം കുറിച്ചുകൊണ്ട് ജൂബിലി മെമ്മോറിയൽ ഹോസ്പിറ്റലും ആരംഭിച്ചു. ബിഷപ്പ് അച്ചാരുപറമ്പിലാണ് ഇതിനൊക്കെ നേതൃത്വം നൽകിയത്.

### 1990ലെ രൂപതാ ശുശ്രൂഷാ പ്രവർത്തനങ്ങളുടെ സമഗ്ര വിലയിരുത്തലുകളും ഭാവിനിർദ്ദേശങ്ങളും

കോട്ടാർ സമ്മേളനത്തോടനുബന്ധിച്ച് സംജാതമായ നവാന്തരീക്ഷത്തിന് കരുത്തും ഓജസ്സും പകരാനായി 1990ൽ തിരുവനന്തപുരം രൂപതയ്ക്ക് പുതിയ ഇടയനായി ബിഷപ്പ് സൂസപാക്യം നിയുക്തനായി. കോട്ടാർ ഒത്തുവാസത്തിൽ രൂപപ്പെട്ട നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് നടപ്പിൽ വരുത്തിയ കർമ്മപരിപാടികളെ വിലയിരുത്താനായി. അജപാലനം, വിദ്യാഭ്യാസം, സാമൂഹ്യശുശ്രൂഷ, ടെംപറാലിറ്റിസ് എന്നിവ പഠനവിധേയമാക്കാൻ വിദഗ്ധരെ ഉൾപ്പെടുത്തി നാല് പഠനകമ്മീഷനുകൾക്ക് രൂപം നൽകി. അതിരൂപതാ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിലയിരുത്തൽ മാത്രമല്ല, മറിച്ച് ആനുകാലിക സഭാദർശനങ്ങളുടെ പശ്ചാത്തലത്തിൽ 'ജനങ്ങൾക്ക് വേണ്ടിയുള്ള സഭ' എന്ന ധാരണയിൽ നിന്ന് 'ജനങ്ങളുടെ സഭ' എന്ന വീക്ഷണം രൂപപ്പെട്ടതും, രൂപതയിലെ ഏറ്റവും ഒടുവിലത്തെ ആൾക്ക് പോലും പങ്കാളിത്തം ഉറപ്പുവരുത്തുന്ന രീതിയിൽ സഭാസംവിധാനങ്ങളെ പുനഃക്രമീകരിക്കാനുള്ള വീക്ഷണമാണ് സഭാനേതൃത്വം മുന്നോട്ടുവെച്ചത്. സിനഡാത്മക സഭ ആവശ്യപ്പെടുന്ന കൂട്ടായ്മയുടെയും പങ്കാളിത്തത്തിന്റെയും ചിന്തകൾക്ക് ആരംഭം കുറിക്കുവാൻ ഈ പ്രക്രിയയിലൂടെ കഴിഞ്ഞുവെന്ന് മാത്രമല്ല, മുപ്പതോളം കുടുംബങ്ങൾ ചേരുന്ന അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളുടെ രൂപീകരണത്തിലൂടെ സഭയിലെ എല്ലാ പേർക്കും പങ്കാളിത്തം ഉറപ്പുവരുത്തുന്ന ത്രിതല സംവിധാനത്തിന് (ഇടവക, ഫെറോന, രൂപത) രൂപം നൽകി.

ജനപങ്കാളിത്തത്തോടുകൂടി തിരുവനന്തപുരം രൂപതയിലെ തീരപ്രദേശങ്ങളിലും മലയോരങ്ങളിലും വ്യാപകമായിരുന്ന വ്യാജവാറ്റിനെതിരെ നടത്തിയ മദ്യവിരുദ്ധ പ്രവർത്തനം സംസ്ഥാനതലത്തിൽ സർക്കാരിനെക്കൊണ്ട് 'ചാരായനിരോധനം' ഉൾപ്പെടെയുള്ള നടപടികളിലേക്ക് നീങ്ങാൻ വഴി തെളിച്ചു. സംസ്ഥാനതലത്തിൽ ഇതരവിഭാഗങ്ങളിലെ സമാനപ്രസ്ഥാനങ്ങളുമായി യോജിച്ച് മദ്യവിരുദ്ധ ജനകീയമുന്നണി രൂപീകരിച്ചുകൊണ്ട് ജനകീയ മുന്നേറ്റത്തിന് കരുത്തുപകർന്നു. ഫ്രാൻസിസ് പാപ്പ മുന്നോട്ടുവയ്ക്കുന്ന സിനഡാത്മക സഭയുടെ മാനം ഒരർത്ഥത്തിൽ രൂപതയുടെ വജ്രജൂബിലി ആഘോഷത്തോടനുബന്ധിച്ച് സംഘടിപ്പിച്ച വൈദീകഅല്മായസന്യസ്ത ഒത്തുവാസം രൂപതാ നവീകരണം 'ഒരുമിച്ചുള്ള ഒരു യാത്ര'യെന്ന ചിന്തയാണ്, ഇപ്പോൾ അനുസ്മരിക്കുമ്പോൾ ഓർത്തുപോകുന്നത്. സമാനമായ ഒരനുഭവമാണ് 2012ൽ അതിരൂപതയുടെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളെക്കുറിച്ച് ചർച്ച ചെയ്യാനായി 2010 ഒക്ടോബർ 10ാം തീയതി ചേർന്ന വൈദീക സെനറ്റും പിന്നീടു ചേർന്ന അതിരൂപതാ അജപാലന സമിതിയുടെയും നിർദ്ദേശങ്ങളും കണക്കിലെടുത്ത് അതിരൂപതയിൽ പ്രവർത്തിച്ചുവരുന്ന പങ്കാളിത്ത സംവിധാനങ്ങളുടെ കരുത്തുകളും കുറവുകളും തുറന്ന മനസ്സോടെ ചർച്ച ചെയ്യുകയും ആഗോളസഭ മെത്രാന്മാരുടെ സിനഡിനായി നിശ്ചയിച്ചിരുന്ന 'നവസുവിശേഷവത്കരണം' എന്ന വിഷയം തിരുവനന്തപുരം അതിരൂപതയുടെ പശ്ചാത്തലത്തിൽ എന്ന വിശേഷണത്തോടെ ഏറ്റെടുക്കാൻ നിശ്ചയിച്ചു. ക്രിസ്തുവിനെയും ക്രിസ്തുവിലൂടെ നൽകപ്പെട്ട സുവിശേഷത്തെയും ഇന്നത്തെ മാറിവരുന്ന സാഹചര്യത്തിൽ അവതരിപ്പിക്കുകയെന്നതാണ് 'നവസുവിശേഷവത്കരണം' എന്ന ആശയം കൊണ്ട് അർത്ഥമാക്കുന്നത്.

തിരുവനന്തപുരം അതിരൂപതയുടെ നവീകരണ സംരംഭങ്ങളിൽ പലപ്പോഴും സുവർണ ജൂബിലി (1937 87), വജ്രജൂബിലി (1997), പ്ലാറ്റിനം ജൂബിലി (2012) എന്നിവയോടനുബന്ധിച്ച് നടന്ന സന്ദർഭങ്ങളിലാണ്. ആഗോളസഭയുടെ നവീകരണപദ്ധതികളുടെ ഭാഗമായിട്ടാണ് പലപ്പോഴും ഇവ നട

ത്തിപ്പോന്നത്. തുടക്കം വൈദീകർ മാത്രം പങ്കെടുത്ത ഒരു ഒത്തുവാസമായിരുന്നുവെങ്കിലും തുടർന്നുള്ള ഘട്ടങ്ങളിൽ അല്മായരേയും സന്യസ്തരേയും ഉൾപ്പെടുത്താൻ പ്രത്യേകം ശ്രദ്ധ ചെലുത്തിയെന്നത് കൂടുതൽ അർത്ഥവത്തായി മാറി. കാലികമായി ചിന്തിക്കാനും സഭ മുന്നോട്ടുവയ്ക്കുന്ന നൂതന സംരംഭങ്ങൾ പ്രാദേശികസഭയുടെ പശ്ചാത്തലത്തിൽ ചിന്തിക്കാനും പ്രവർത്തനപരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാനുമുള്ള ശ്രമങ്ങൾ നടന്നു. പ്ലാറ്റിനം ജൂബിലിയുമായി ബന്ധപ്പെട്ട് നടത്തിയ സിനഡ് ഒരർത്ഥത്തിൽ സാർവത്രികസഭ ഇപ്പോൾ മുന്നോട്ടുവയ്ക്കുന്ന സിനഡാത്മകസഭയുടെ ഒരു മുന്നൊരുക്കപ്രക്രിയായി ഭവിച്ചുവെന്നതാണ് സത്യം. കേരളത്തിലെ ഒരു ലത്തീൻ രൂപതയിലും ഇത്തരത്തിലുള്ള ഒരു പ്രക്രിയ നടന്നതായി തോന്നുന്നില്ല. മാത്രമല്ല, ഇതര രൂപതകളിൽ ചിലതെങ്കിലും ഇവിടെ വന്നു പഠിക്കാൻ ശ്രമിച്ചുവെന്നതും ശ്രദ്ധേയമാണ്. കേരളത്തിലെ ലത്തീൻ രൂപതകളുടെ ഏകോപനത്തിനും നയരൂപീകരണത്തിനും ഇതര രൂപതകളോടൊപ്പം തിരുവനന്തപുരം രൂപതയ്ക്കും തനതായ സംഭാവന നൽകാൻ കഴിഞ്ഞുവെന്നത് അഭിമാനാർഹമാണ്.

## ഭാവിയിലേക്ക് നോക്കുമ്പോൾ...

2021 ഒക്ടോബറിൽ ആരംഭം കുറിച്ച് ഈ സിനഡ് രണ്ടുവർഷം നീണ്ടുനിൽക്കുകയാണ്. രൂപതാതല സിനഡിന് നാം തുടക്കം കുറിച്ചിരിക്കുകയാണ്. ഈ അവസരത്തിലാണ് തിരുവനന്തപുരം അതിരൂപതയുടെ സാരഥ്യം തോമസ് നെറ്റോ മെത്രാപ്പോലീത്ത ഏറ്റെടുത്തിരിക്കുന്നത്. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം തന്റെ അജപാലന ദൗത്യം ഏറ്റെടുക്കാൻ പറ്റിയ സന്ദർഭമാണ് ഈ സിനഡ്. നാളിതുവരെ നടന്ന നവീകരണപ്രക്രിയയുടെ കരുത്തും കുറവുകളും തിരിച്ചറിഞ്ഞ് തന്റെ പ്രേഷിതദൗത്യം ഏറ്റെടുക്കേണ്ടതുണ്ട്. ഒപ്പം രൂപതയുടെ മുന്നോട്ടുള്ള പ്രക്രിയയിൽ ശ്രദ്ധിക്കേണ്ട ചില മേഖലകൾ തിരിച്ചറിയുകയും വേണം.

കഴിഞ്ഞകാല ചരിത്രം പരിശോധിക്കുമ്പോൾ ഒത്തിരിയേറെ നേട്ടങ്ങൾ കൈവരിക്കാൻ നമുക്ക് കഴിഞ്ഞുവെങ്കിലും സിനഡാത്മക സഭയിലേക്ക് വളരാൻ അല്മായരുടെ സജീവ പങ്കാളിത്തം മാത്രമല്ല സജീവ നേതൃത്വവും അനിവാര്യമാണ്. കേരള ലത്തീൻ സഭ ശ്രദ്ധ കേന്ദ്രീകരിക്കേണ്ട തിരിച്ചറിയേണ്ട ഒരു കാര്യമാണിത്. ഈ രംഗത്ത് നാം ഏറ്റെടുത്ത ശ്രമങ്ങൾ മറക്കുന്നില്ല. എന്നാൽ നമുക്ക് ഇക്കാര്യത്തിൽ വളരെയേറെ മുന്നോട്ടുപോകുവാനുണ്ട്. പ്രത്യേകിച്ച് സമുദായമെന്ന നിലയിൽ നാം മുന്നോട്ടു പോകണമെങ്കിൽ അല്മായരെ മുന്നിൽ നിർത്തിയേ സാദ്ധ്യമാകൂ. അല്മായർ പുതിയ നേതൃത്വത്തിൽ നിന്ന് പ്രതീക്ഷിക്കുന്നതും ഇതുതന്നെയാണ്. മെത്രാന്മാരുടേയും വൈദീകരുടേയും നേതൃത്വശൈലിയിൽ ഒരു പുനർവിചിന്തനം നടക്കണമെന്ന ഫ്രാൻസിസ് പാപ്പയുടെ നിലപാട് ഈ പശ്ചാത്തലത്തിൽ വേണം നാം മനസ്സിലാക്കാൻ.. ■




# തൊഴിലാളി ശക്തീകരണത്തിന്റെ അജപാലന ദൗത്യം



**ജോയി ഗോതുരുത്ത്**
ദേശീയ പ്രസിഡന്റ്
വർക്കേഴ്സ് ഇന്ത്യ ഫെഡറേഷൻ

തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ അഞ്ചാമത്തെ അദ്ധ്യക്ഷനായി മോൺസിഞ്ഞോർ ഡോ. തോമസ് ജെ. നെറ്റോ വിശുദ്ധ യൗസേപ്പ് പിതാവിന്റെ തിരുനാൾ ദിനമായ മാർച്ച് 19 നു അഭിഷിക്തനാകുകയാണ്. കഴിഞ്ഞ മൂന്നു ദശാബ്ദക്കാലം നൂതനമായ ശൈലിയിൽ മാതൃകാപരമായി അജപാലന നേതൃത്വം വഹിച്ച അഭിവന്ദ്യ സൂസൈപാക്യം പിതാവിന്റെ തുടർച്ചയായി പുതിയ ദശാബ്ദത്തിലേക്ക് അതിരൂപതയെ നയിക്കാനുള്ള നിയോഗം ഏല്പിക്കപ്പെട്ടിരിക്കുന്നത് പരിണിത പ്രജ്ഞനായ മോൺ. തോമസ് നെറ്റോയെയാണ്. 'ഓരോ പ്രത്യേക സഭയുടെയും ഭരണഭാരം ഏല്പിക്കപ്പെട്ടിരിക്കുന്ന മെത്രാന്മാർ, പാപ്പയുടെ അധികാരത്തിനു വിധേയമായി, തങ്ങളോടൊപ്പമുള്ള കീഴിലുള്ള അജഗണത്തിന്റെ സ്വന്തവും സാധാരണവും നേരിട്ടുള്ളതുമായ ഇടയന്മാർ എന്ന നിലയിൽ അജഗണത്തെ കർത്താവിന്റെ നാമത്തിൽ മേയ്ക്കുന്നു. പഠിപ്പിക്കുക, വിശുദ്ധീകരിക്കുക, ഭരിക്കുക എന്നീ ചുമതലകൾ നിർവ്വഹിച്ചുകൊണ്ടാണതു സാധിക്കേണ്ടത്' (രണ്ടാം വത്തിക്കാൻ കൗൺസിൽ: മെത്രാന്മാർ 11).

രൂപതയെന്ന നിലയിലും അതിരൂപതയെന്ന നിലയിലും കേരള ലത്തീൻ സഭയ്ക്ക് മാത്രമല്ല, കേരള കത്തോലിക്കാ സഭയ്ക്ക് തന്നെ വിവിധരംഗങ്ങളിൽ നേതൃത്വപരമായ മാതൃക കാണിക്കാൻ തിരുവനന്തപുരം രൂപതയ്ക്ക് സാധിച്ചിട്ടുണ്ട്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനമ



നുസരിച്ച് തിരുസ്സഭയെ പങ്കാളിത്ത സഭയായി രൂപപ്പെടുത്താനായുള്ള പ്രവർത്തനങ്ങളിലെ പല തലങ്ങളിലും അഗ്രഗാമിയാകാൻ അതിരുപതയ്ക്ക് സാധിച്ചിട്ടുണ്ട്. ഭാഗ്യസ്മരണാർഹനായ ബിഷപ്പ് ജേക്കബ് അച്ചാരുപറമ്പിൽ പിതാവിന്റെ നേതൃത്വത്തിൽ തുടങ്ങിയ നവീകരണപ്രവർത്തനങ്ങൾക്ക് ആർച്ച് ബിഷപ്പ്. സൂസൈപാക്യം പിതാവ് കരുത്തും ഊർജ്ജവും പകർന്നു നല്കി. ദൈവജനത്തിന്റെ സമഗ്രവികസനത്തിലേക്ക് നയിക്കാനുതകുന്ന അജപാലന സംവിധാനങ്ങളായ ശുശ്രൂഷാ സമിതികളുടെ രൂപീകരണം അതിസവിശേഷമായ കാൽവയ്പായിരുന്നു. ശുശ്രൂഷാ സമിതികളെ അടിസ്ഥാന ക്രൈസ്തവ സമൂഹം മുതൽ കെട്ടിപ്പടുത്തു കൊണ്ടും, ഇടവക തലങ്ങൾ മുതൽ വികസനത്തിലൂന്നിയ പ്ലാനും ബജറ്റും തയ്യാറാക്കിയും പുതിയ അജപാലന വഴിത്താര വെട്ടിത്തുറന്നു. പങ്കാളിത്ത സഭയെന്ന ആശയത്തിന്റെ സ്ഥലകാല ഭാഷ്യം രചിക്കുകയായിരുന്നു തിരുവനന്തപുരം രൂപത ചെയ്തത്. 2004 ൽ നടന്ന രൂപതാ സിനഡിന്റെ നിർദ്ദേശപ്രകാരം കോട്ടപ്പുറം രൂപതയിൽ തിരുവനന്തപുരത്തിന്റെ മാതൃകയിൽ പങ്കാളിത്ത അജപാലന സംവിധാനം രൂപപ്പെടുത്തുകയുണ്ടായി. അതിനു ശേഷം കെ. ആർ. എൽ. സി. സി. യുടെ തീരുമാനപ്രകാരം കേരളത്തിലെ എല്ലാ ലത്തീൻ രൂപതകളിലും ശ്രുശ്രൂഷാ സമിതികളിലൂന്നിയ പങ്കാളിത്ത ഘടനകൾക്ക് രൂപം നൽകുകയുണ്ടായി.

ഇപ്പോൾ തിരുവനന്തപുരം മാതൃക, അഥവാ അനുഭവം എല്ലാ രൂപതകൾക്കും മാർഗദർശിയായി മാറിയിരിക്കുന്നുവെന്നു തിരുവനന്തപുരം അതിരൂപതയ്ക്ക് അഭിമാനിക്കാം. എന്നാൽ ചെറിയ പ്രശ്നം കൂടിയുണ്ട്. അംഗീകാരവും ആദരവും നേടിയിട്ടുണ്ടെങ്കിൽ അതിനൊപ്പം അതിനേക്കാൾ വലിയ ചുമതലയും ഉത്തരവാദിത്വവും കൂടി ഉണ്ടായിട്ടുണ്ട്. പുതിയ രൂപത്തിലേക്കും ഭാവത്തിലേക്കും തലങ്ങളിലേക്കും ക്രൈസ്തവസാക്ഷ്യത്തെ കാലനുസൃതമായി ആവിഷ്കരിക്കാനുള്ള നിയോഗം കൂടി ലഭിക്കുന്നുണ്ട്. ഇതാണ് പുതിയ മെത്രാപ്പോലീത്തയുടെ മുന്നിലുള്ള

**ലത്തീൻ കത്തോലിക്കരെ നിതാന്തമായി വേട്ടയാടുന്ന ദാരിദ്ര്യത്തിന്റെ ഒരു പ്രധാന കാരണം ലത്തീൻ കത്തോലിക്കാ സമുദായംഗങ്ങളുടെ തൊഴിൽ ഘടനയാണെന്നു കാണാം. ഒരു വ്യക്തി നടത്തുന്ന സാമ്പത്തിക പ്രവർത്തനമാണ് തൊഴിൽ. തൊഴിലിലൂടെയാണ് സമ്പത്ത് ഉല്പാദിപിക്കപ്പെടുന്നത്. കേരളത്തിലെ ലത്തീൻ കത്തോലിക്കരുടെ തൊഴിലിൽ നിന്നും അവരെ ദാരിദ്ര്യത്തിൽ നിന്നും കരകയറ്റാൻ സഹായിക്കുന്ന വരുമാനം ലഭിക്കുന്നില്ല. അതോടൊപ്പം ലഭിക്കുന്ന തുച്ഛമായ വരുമാനം ഫലപ്രദമായ വിനിയോഗിക്കാനുള്ള പാടവം ഇല്ലാത്തതു പ്രശ്നത്തെ കൂടുതൽ വഷളാക്കുന്നു.**

നിയോഗം. ആ നിയോഗപൂർത്തീകരണത്തിനായി വൈദീക സന്ന്യസ്ത സമൂഹവും അല്മായവിശ്വാസികളും ഉൾപ്പെട്ട ദൈവജനത്തെ ഒന്നിപ്പിച്ച് എല്ലാവരുടെയും പങ്കാളിത്തത്തോടെ ഒരുമിച്ച് മുന്നേറാൻ സജ്ജരാക്കേണ്ടിയിരിക്കുന്നു.

സഭയ്ക്കുള്ളിലെ വിവിധ സംവിധാനങ്ങളിലും സഭയിലെ വിവിധ ഘടനകളിലും വിശ്വാസ സമൂഹത്തിലും പൊതുസമൂഹത്തിന്റെ വിവിധ മേഖലകളിലും കാലാനുസൃതമായി ക്രിസ്തുവിനു സാക്ഷ്യം വഹിക്കേണ്ടിയിരിക്കുന്നു. ഈ ചെറുലേഖനത്തിൽ ചർച്ച ചെയ്യാൻ ഉദ്ദേശിക്കുന്നത്, വിശ്വാസികളുടെ സാമൂഹിക ജീവിതാവസ്ഥകളിൽ ഉണ്ടാകേണ്ട ഇടപെടലുകളെക്കുറിച്ചാണ്. അതായത് വിശ്വാസികളുടെ സാമുദായിക ജീവിതത്തെ മെച്ചപ്പെടുത്തുന്നതിനും ഭൗതിക ജീവിത നിലവാരം ഉയർത്തുന്ന പ്രവർത്തനങ്ങളെ കുറിച്ചാണ്. തൊഴിൽഘടനയുടെ പശ്ചാത്തലത്തിലാണ് വിശകലനം നടത്തുന്നത്.

'ജനങ്ങളെ വല്ലാതെ അലട്ടുകയും കഷ്ടപ്പെടുത്തുകയും ചെയ്യുന്ന വിഷമപ്രശ്നങ്ങൾക്കുള്ള പരിഹാരമെന്ന നിലയിൽ ക്രൈസ്തവ സിദ്ധാന്തങ്ങളെ കാലോചിതമായ ആവശ്യങ്ങൾക്ക് യോജിച്ച വിധത്തിൽ മെത്രാന്മാർ അവതരിപ്പിക്കണം. പ്രസ്തുത തത്ത്വങ്ങൾ ഉയർത്തിപ്പിടിക്കാനും പ്രചരിപ്പിക്കാനും വിശ്വാസികളെ ഉദ്ബോധിപ്പിച്ചുകൊണ്ട് അവയെ സംരക്ഷിക്കേണ്ടതാണ്. അവർ ഈ തത്ത്വങ്ങൾ ആവിഷ്കരിക്കുന്നതിൽ വിശ്വാസികളോ അവിശ്വാസികളോ ആയ എല്ലാ മനുഷ്യരോടും സഭയ്ക്കുള്ള മാതൃനിർവ്വിശേഷമായ ഔത്സുക്യം പ്രകടമാക്കണം. സുവിശേഷ പ്രബോധനത്തിനായി കർത്താവ് അവരെ ആരുടെ പക്കലേക്ക് അയച്ചുവോ ആ പാവപ്പെട്ടവരുടെയും എളിയവരുടെയും കാര്യത്തിൽ പ്രത്യേകം താത്പര്യം പുലർത്തണം' (മെത്രാന്മാർ 13).

'ജനങ്ങളെ വല്ലാതെ അലട്ടുന്ന പ്രശ്നങ്ങൾ' പരിഹരിക്കാനുള്ള കർമ്മ പദ്ധതികൾ തിരുവനന്തപുരം രൂപത വർഷങ്ങളായി നടപ്പിലാക്കി വരുന്നുണ്ട് എന്നത് സന്തോഷകരമാണ്. ശുശ്രൂഷാ സമിതികൾ, മത്സ്യമേഖലയിലെ ഇടപെടലിനായുള്ള പ്രത്യേക സംവിധാനങ്ങളൊക്കെ ഈ ദൗത്യത്തിന്റെ ഭാഗം തന്നെയാണ്. കാലത്തിന്റെ അടയാളങ്ങൾ തിരിച്ചറിഞ്ഞു കൂടുതൽ കരുത്തോടെയും കാര്യക്ഷമതയോടെയും കൂടിയ ഫലപ്രദമായ ഇടപെടലുകൾ ജനങ്ങളുടെ ഭൗതിക ജീവിതാവസ്ഥ മെച്ചപ്പെടുത്താൻ തുടർന്നാവിഷ്കരിക്കേണ്ടിയിരിക്കുന്നു. അതിനായി ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തങ്ങളുടെ കാര്യക്ഷമതയെയും ഫലദായകത്വത്തെയും സംബന്ധിച്ച് ഗൗരവതരമായ വിലയിരുത്തലുകൾ നടത്തി അവയെ പുനഃക്രമീകരിക്കുകയും



കാലാനുസൃതമായ വിധത്തിൽ പുനരാവിഷ്കരിക്കേണ്ടിയിരിക്കുന്നു. ‘ആധുനാതനീകരണം, എന്നാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ ഇത്തരം പ്രവർത്തനത്തെ വിവരിച്ചിരിക്കുന്നത്.

ജനങ്ങളുടെ ഇപ്പോഴത്തെ ഭൗതിക ജീവിത ഗുണനിലവാരം അഥവാ സാമൂഹിക സൂചികകൾ എന്തൊക്കെയാണെന്നുള്ള വിലയിരുത്തൽ ആദ്യം നടത്തേണ്ടതുണ്ട്. ജസ്റ്റീസ് ജെ ബി കോശി കമ്മീഷനു മുന്നിൽ സമർപ്പിക്കാനുള്ള നിവേദനം തയ്യാറാക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ ലത്തീൻ കത്തോലിക്കരുടെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ തൊഴിൽ നിജസ്ഥിതി മനസ്സിലാക്കാനുള്ള ഒരു സർവ്വെ നടത്തുകയുണ്ടായി. കേരളത്തിലെ പന്ത്രണ്ട് ലത്തീൻ രൂപതകളും ഈ പ്രക്രിയയിൽ ഭാഗഭാക്കാകുയുണ്ടായി. കേരളത്തിലെ ലത്തീൻ കത്തോലിക്കരുടെ സാമൂഹികാവസ്ഥ വിലയിരുത്താൻ സാധിച്ച ഇക്കാര്യംകേരള ലത്തീൻ സഭയുടെ ചരിത്രത്തിലെ ആദ്യസംഭവമാണ്. സമുദായത്തിന്റെ സാമൂഹിക പിന്നാക്കാവസ്ഥ എത്ര രൂക്ഷമാണെന്നു തിരിച്ചറിയാൻ ഇത് വഴി സാധിച്ചു. സമുദായ ശക്തീകരണ പ്രവർത്തന രംഗത്ത് ലത്തീൻ കത്തോലിക്കാ സഭ മുൻഗണനന കൊടുക്കേണ്ട മേഖലകൾ കണ്ടെത്താനുംകഴിഞ്ഞു. അതിനുപയുക്തമായ ഒരു കർമ്മപദ്ധതി ആവിഷ്കരിക്കാനും 2022 ജനുവരിയിൽ ചേർന്ന കെ ആർ എൽ സി സി സമ്മേളനത്തിനു സാധിച്ചു.

സമുദായംഗങ്ങളുടെ സാമൂഹിക നിജസ്ഥിതി പഠിക്കുന്ന കാര്യത്തിലും തിരുവനന്തപുരം അതിരൂപതയക്ക് അഗ്രഗാമിയാകാൻ സാധിച്ചു എന്നതും അഭിമാനകരമാണ്. രൂപതാ സംസ്ഥാപനത്തിന്റെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് രൂപതയിലെ മുഴുവൻ അംഗങ്ങളുടെയും സാമൂഹിക നിജസ്ഥിതി പഠനം (2011) നടത്തി റിപ്പോർട്ട് 2013 ൽ പ്രസിദ്ധീകരിക്കാൻ സാധിച്ചു എന്നത് ചരിത്ര സംഭവമാണ്. ഈ റിപ്പോർട്ട് രൂപതയുടെ വെബ് സൈറ്റിൽ ഇപ്പോഴും ലഭ്യമാണ്. ഇത്തരത്തിലൊരു നിജസ്ഥിതി പഠനം നടത്താൻ കേരളത്തിലെ മറ്റ് രൂപതകൾക്ക് നാളിതുവരെ സാധിച്ചിട്ടില്ലായെന്ന കാര്യം തിരുവനന്തപുരത്തിന്റെ മികവിന്റെ മാറ്റ് വർദ്ധിപ്പിക്കുന്നു. സെൻസസ് വഴി ലഭിച്ച പ്രധാനപ്പെട്ടതും പ്രസക്തവുമായ ചില കണ്ടെത്തലുകൾ താഴെ ചേർക്കുന്നു. ഈ കണ്ടെത്തലുകളിൽ നിന്നും എത്രകണ്ട് മുന്നോട്ടു പോകാൻ സാധിച്ചിട്ടുണ്ടെന്നു വിലയിരുത്തുമ്പോൾ മുന്നോട്ടുള്ള പാതയ്ക്ക് കൂടുതൽ വ്യക്തത സിദ്ധിക്കുന്നതാണ്.

തിരുവനന്തപുരത്തെ എട്ട് ഫൊറോനകളിൽ നിന്നും 58,501 കുടുംബങ്ങളിൽ നിന്നായി 2,17,821 അംഗങ്ങളെയാണ് സർവ്വെ ചെയ്തു വിവരങ്ങൾ ശേഖരിച്ചത്. പുല്ലുവിള ഫൊറോനയിൽ ആണ് ഏറ്റവും കൂടുതൽ കുടുംബങ്ങൾ (13,107) ഉള്ളത്. ഏറ്റവും കുറവ് (2,485) പേട്ട ഫൊറോനയിലും. സ്ത്രീകളുടെ ശതമാനം 48.45 ആണ്. (2011 ലെ സെൻസസ്

അനുസരിച്ച് കേരളത്തിലെ സ്ത്രീകളുടെ ശതമാനം 52.02 ആണ്).

ഒരു ജനവിഭാഗത്തിന്റെ വളർച്ചയ്ക്കും വികസനത്തിനും വേണ്ട അടിസ്ഥാന സൗകര്യങ്ങളാണ് ഭൂസ്വത്തും വാസയോഗ്യമായ വീടും. തിരുവനന്തപുരത്തെ അവസ്ഥ എന്തെന്നു നോക്കാം. 68.21 ശതമാനം കുടുംബങ്ങൾക്കു മാത്രമേ സ്വന്തമായി വീടുള്ളു. 5.64 ശതമാനം പേർ വാടകയ്ക്കാണ് താമസിക്കുന്നത്. 22.07 ശതമാനം കുടുംബങ്ങൾ വാസയോഗ്യമായ വീടില്ലാത്തവരാണ്. 4.10 ശതമാനം വീടുകളിൽ എട്ട് അംഗങ്ങളിൽ കൂടുതൽ വസിക്കുന്നുണ്ട്. 0.89 ശതമാനം വീടുകളിൽ മൂന്നിലധികം കുടുംബങ്ങൾ വസിക്കുന്നു.2.03 ശതമാനം പേർ കുടിലുകളിലാണ് വസിക്കുന്നത്. ടോയ്‌ലറ്റ് സൗകര്യങ്ങൾ ഇല്ലാത്തതു മൂലം വെളിയിട വിസർജ്ജനം നടത്തുവാൻ നിർബ്ബന്ധിക്കപ്പെട്ടിരിക്കുന്നത് 5.89 ശതമാനം കുടുംബങ്ങളാണ്. 10.55 ശതമാനം പൊതുടോയ്‌ലറ്റുകളാണ് ഉപയോഗിക്കുന്നത്.

ഭൂവുടമസ്ഥത എന്താണെന്നു നോക്കാം. 61.15 ശതമാനത്തിനു മാത്രമേ ഭൂമി സ്വന്തമായുള്ളു. 4.14 ശതമാനം കുടുംബങ്ങൾ പുറമ്പോക്കിലാണ് വസിക്കുന്നത്. 48.21 ശതമാനം കുടുംബങ്ങൾക്കു സ്വന്തമായുള്ള ഭൂമിയുടെ വിസ്തീർണ്ണം പരമാവധി 5 സെൻറ് വരെയാണ്. 14.60 ശതമാനം കുടുംബങ്ങൾക്ക് റേഷൻ കാർഡില്ല. 69.01 ശതമാനം കുടുംബങ്ങൾക്ക് കടബാദ്ധ്യതയുള്ളതായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സെൻസസ് അനുസരിച്ച് തിരുവനന്തപുരം രൂപതയിലെ ഏറ്റവും വലിയ തൊഴിൽ വിഭാഗം മത്സ്യത്തൊഴിലാളികളാണ്. അനുബന്ധത്തൊഴിലാളികളുൾപ്പടെ തൊഴിൽ ശക്തിയിലെ 34 ശതമാനത്തോളം പേർ മത്സ്യത്തൊഴിലാളികളാണ് എന്നാണ് സർവ്വെ റിപ്പോർട്ട് പ്രകാരം മനസ്സിലാക്കാനാകുന്നത്. എന്നാൽ ഇവരിൽ 88.73 ശതമാനം പേർക്കും സ്വന്തമായി യാതൊരു വിധത്തിലുള്ള മത്സ്യബന്ധനോപാധികളും ഇല്ല എന്നതാണ്.

മുകളിൽ നാം കണ്ട സാമൂഹിക സൂചകങ്ങൾ വളരെ വ്യക്തമായി വിശ്വാസസമൂഹത്തിന്റെ ദാരിദ്ര്യാവസ്ഥ വെളിവാക്കുന്നു. സെൻസ്സിനുപത്ത് വർഷത്തിനു ശേഷം ജനങ്ങളുടെ ജീവിതാവസ്ഥയിൽ തീർച്ചയായും പുരോഗതിയുണ്ടായിക്കാണും. 2021 ലാണ് കെ ആർ എൽ സി സി യുടെ ആഭിമുഖ്യത്തിൽ കേരളത്തിൽ എല്ലാ രൂപതകളിലും സർവ്വെ നടത്തിയത്. അതിന്റെ പ്രധാന കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.

കേരളത്തിലെ ലത്തീൻ കത്തോലിക്കരിലെ 15.16 ശതമാനം കുടുംബങ്ങൾക്ക് സ്വന്തമായി ഭൂമിയില്ല. 73.87 ശതമാനം പേർക്ക് 10 സെൻറ് ഭൂമി വരെ മാത്രമേ പരമാവധി ഉള്ളു. 43.59 ശതമാനം കുടുംബങ്ങൾ ബി പി എൽ പിങ്ക് കാർഡ് ഉടമകളാണ്. 5.46 ശതമാനം കുടുംബങ്ങൾ അഗതികൾക്കുള്ള മഞ്ഞ കാർഡ് ഉടമകളാണ്. അതായത് സർക്കാർ കണക്കനുസരിച്ചു തന്നെ സമുദായംഗങ്ങളിൽ പകുതി പേർ (49.05%) പരമദരിദ്രരാണ്. അതുപോലെ സമുദായംഗങ്ങളുടെ തന്നെ സാക്ഷരത 84.90 ശതമാനമായിട്ടാണ് കാണാൻ സാധിച്ചിട്ടുള്ളതാണ്. ചുരുക്കിപ്പറഞ്ഞാൽ സമുദായംഗങ്ങളുടെ സാമൂഹിക സൂചകങ്ങൾ എല്ലാ തലങ്ങളിലും സംസ്ഥാന ശരാശരിയേക്കാൾ താഴെയാണ് എന്നത് ഗൗരവതരമായ കാര്യമാണ്. പല രംഗത്തും പട്ടിക വിഭാഗത്തേക്കാൾ താഴെയാണ് സ്ഥാനം എന്നു കാണാം.

**കേരളത്തിലെ ലത്തീൻ കത്തോലിക്കരിലെ 15.16 ശതമാനം കുടുംബങ്ങൾക്ക് സ്വന്തമായി ഭൂമിയില്ല. 73.87 ശതമാനം പേർക്ക് 10 സെൻറ് ഭൂമി വരെ മാത്രമേ പരമാവധി ഉള്ളു. 43.59 ശതമാനം കുടുംബങ്ങൾ ബി പി എൽ പിങ്ക് കാർഡ് ഉടമകളാണ്. 5.46 ശതമാനം കുടുംബങ്ങൾ അഗതികൾക്കുള്ള മഞ്ഞ കാർഡ് ഉടമകളാണ്. അതായത് സർക്കാർ കണക്കനുസരിച്ചു തന്നെ സമുദായംഗങ്ങളിൽ പകുതി പേർ (49.05%) പരമദരിദ്രരാണ്.**

2011 ൽ തിരുവനന്തപുരം അതിരൂപതയിൽ നടന്ന പോപ്പുലേഷൻ സർവ്വെയും പത്ത് വർഷങ്ങൾക്കു ശേഷം 2021 ൽ കെ ആർ എൽ സി സി തലത്തിൽ സംസ്ഥാനമൊട്ടാകെ നടത്തപ്പെട്ട സാമ്പിൾ സർവ്വെയും സമുദായംഗങ്ങൾ തുടർച്ചയായി അനുഭവിക്കുന്ന അതിദയനീയമായ ദാരിദ്ര്യത്തെ വെളിവാക്കുന്നു. ഈ പത്ത് വർഷക്കാലയളവിൽ ഗണനീയമാറ്റം സമുദായത്തിനുണ്ടായില്ല എന്നു തന്നെ മനസ്സിലാക്കേണ്ടിയിരിക്കുന്നു. സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം സംസ്ഥാനത്തെ വിവിധ ജനവിഭാഗങ്ങൾ കുതിച്ചു ചാട്ടം നടത്തിക്കൊണ്ടിരിക്കുമ്പോൾ, രാജ്യം കൈവരിച്ച വളർച്ചയ്ക്കാനുപാതികമായ പുരോഗതി കൈവരിക്കാൻ ജനവിഭാഗമെന്ന നിലയിലും പൗരന്മാർ എന്ന നിലയിലും ലത്തീൻ സമുദായത്തിന് കഴിഞ്ഞിട്ടില്ല. ലത്തീൻ കത്തോലിക്കർ മാത്രം എന്താണ് ഇങ്ങനെ ഒച്ചിഴയുന്ന വേഗത്തിൽ മുന്നേറിക്കൊണ്ടിരിക്കുന്നത്? ഇക്കാര്യത്തിൽ മൗലികവും ഗൗരവതരവുമായ സംഘടിത അന്വേഷണം നാളിതു വരെയായി നടത്തപ്പെട്ടിട്ടില്ലായെന്നതാണ് വസ്തുത.

ലത്തീൻ കത്തോലിക്കരെ നിതാന്തമായി വേട്ടയാടുന്ന ദാരിദ്ര്യത്തിന്റെ ഒരു പ്രധാന കാരണം ലത്തീൻ കത്തോലിക്കാ സമുദായംഗങ്ങളുടെ തൊഴിൽ ഘടനയാണെന്നു കാണാം. ഒരു വ്യക്തി നടത്തുന്ന സാമ്പത്തിക പ്രവർത്ത

നമാണ് തൊഴിൽ. തൊഴിലിലൂടെയാണ് സമ്പത്ത് ഉല്പാദിപിക്കപ്പെടുന്നത്. കേരളത്തിലെ ലത്തീൻ കത്തോലിക്കരുടെ തൊഴിലിൽ നിന്നും അവരെ ദാരിദ്ര്യത്തിൽ നിന്നും കരകയറ്റാൻ സഹായിക്കുന്ന വരുമാനം ലഭിക്കുന്നില്ല. അതോടൊപ്പം ലഭിക്കുന്ന തുച്ഛമായ വരുമാനം ഫലപ്രദമായ വിനിയോഗിക്കാനുള്ള പാടവം ഇല്ലാത്തതു പ്രശ്നത്തെ കൂടുതൽ വഷളാക്കുന്നു.

കെ ആർ എൽ സി സി നടത്തിയ സർവ്വെയനുസരിച്ച് കേരളത്തിലെ ലത്തീൻ കത്തോലിക്കരുടെ തൊഴിൽ ശക്തിയിലെ 11.67 ശതമാനം പേർ മാത്രമെ സംഘടിത (ഔപചാരിക) തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നത്. ഇവരിൽ ഏറ്റവും കൂടുതൽ ഉള്ളത് സംസ്ഥാന ജീവനക്കാരാണ്. സമുദായത്തിലെ തൊഴിൽ ശക്തിയിലെ 88.39 ശതമാനം പേരും അസംഘടിത തൊഴിലാളികളാണ്. ഇത് സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണ്. സാമൂഹിക സുരക്ഷ, തൊഴിൽ സംരക്ഷണം, നിയമപരിരക്ഷ എന്നിവ ഇല്ലാത്ത തൊഴിൽ വിഭാഗമാണ് അസംഘടിത തൊഴിലാളികൾ. ഇവർക്ക് സ്ഥിരമായ തൊഴിൽ ഇല്ല, കൃത്യമായ വരുമാനമില്ല. സമുദായംഗങ്ങളുടെ തൊഴിലിന്റെ അസംഘടിതാവസ്ഥയാണ് സമുദായത്തിന്റെ ദാരിദ്ര്യത്തിന്റെ മുഖ്യകാരണം.

അസംഘടിത തൊഴിലാളികളിലെ പ്രധാന വിഭാഗങ്ങൾ ഏതൊക്കെയെന്നു നോക്കാം. ലത്തീൻ കത്തോലിക്കരിലെ ഏറ്റവും വലിയ തൊഴിൽ വിഭാഗമാണ് നിർമ്മാണ തൊഴിലാളികൾ. മൊത്തം തൊഴിൽശക്തിയിലെ 33.85 ശതമാനം വരും ഈ വിഭാഗം. കഴിഞ്ഞ മൂന്നു പതിറ്റാണ്ടുകളായി ഈ രംഗത്ത് വലിയ തൊഴിൽ സാദ്ധ്യത ഉണ്ടായിട്ടുണ്ട്. എല്ലാ രൂപതകളിലും ഇവരുടെ സാന്നിദ്ധ്യമുണ്ട്. സമുദായത്തിനു ചെറിയ തോതിലെങ്കിലും സാമ്പത്തിക അഭിവൃദ്ധി ഉണ്ടാക്കാൻ ഈ തൊഴിലിലെ വർദ്ധിച്ച സാന്നിദ്ധ്യം ഇടയായിട്ടുണ്ടെന്നു കാണാം. 16.94 ശതമാനം പേർ മത്സ്യമേഖലയിൽ നിന്നാണ് ഉപജീവനം കണ്ടെത്തുന്നത്. ലത്തീൻ കത്തോലിക്കരുടെ പരമ്പരാഗത തൊഴിലായി വിശേഷിപ്പിക്കപ്പെടുന്നത് മത്സ്യത്തൊഴിലിനെയാണ്. 2011 ലെ കണക്കനുസരിച്ച് തിരുവനന്തപുരം അതിരൂപതയിലെ ഏറ്റവും വലിയ തൊഴിൽ വിഭാഗം (34%) മത്സ്യത്തൊഴിലാളികളാണ്. പ്രകൃതിയുമായി മല്ലടിച്ചുള്ള ഏറ്റവും അപകടകരമായ തൊഴിലാണ് മത്സ്യത്തൊഴിലാളികളുടേത്. കാലാവസ്ഥാവ്യതിയാനങ്ങൾ മൂലം തൊഴിൽ ദിനങ്ങൾ തീരെ കുറവാണ്. വരുമാനവും കുറവാണ്. ഓഖി, കടലാക്രമണം തുടങ്ങിയവ കൂനിന്മേൽ കുരു പോലെയായിരിക്കുന്നു.

കടകൾ, ചെറിയ ഓഫീസുകൾ, കമ്പ്യൂട്ടർ സെൻററുകൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്നവർ 16.35 ശതമാനം വരുന്നു. സമുദായത്തിലെ അഭ്യസ്തവിദ്യരായ ധാരാളം യുവജനങ്ങൾ ഈ രംഗത്ത് ജോലി ചെയ്യുന്നുണ്ട്.ഈ മേഖല ഇക്കാലത്ത് വളരെ വേഗത്തിൽ വളരുന്നു കൊണ്ടിരിക്കുന്നു. വൈറ്റ് കോളർ ജോലിയാണെങ്കിലും ഏറ്റവും കൂടുതൽ ചൂഷണം നേരിടുന്ന മേഖലയാണ്. സ്വയംതൊഴിൽ






തനത് തൊഴിൽ എന്നിവ ചെയ്യുന്നവർ 14.72 ശതമാനം വരുന്നു. നഴ്സുമാർ, അദ്ധ്യാപകർ എന്നിവർ 4.22 ശതമാനം വരും. ഡ്രൈവർമാർ വർക്ക് ഷോപ്പ് ജീവനക്കാർ എന്നിവർ 3.65 ശതമാനം ഉണ്ട്. കൃഷി, തോട്ടം മേഖലാ തൊഴിലാളികൾ എന്നിവർ 3.33 ശതമാനം വരുന്നു. ശേഷിക്കുന്നവർ വിവിധ തൊഴിൽ ചെയ്യുന്നവരാണ്.

അസംഘടിത തൊഴിലാളികളുടെ സാമൂഹിക സുരക്ഷ നാമമാത്രമായെങ്കിലും ഉറപ്പാക്കപ്പെടുന്നത് സംസ്ഥാന സർക്കാരിന്റെ തൊഴിലാളി ക്ഷേമനിധികളിലൂടെയാണ്. സങ്കടകരമായ കാര്യം, ഈ നിധികളിൽ ലത്തീൻ കത്തോലിക്കരായ തൊഴിലാളികളുടെ അംഗത്വം തീരെ കുറവാണെന്നതാണ്. അംഗത്വം എടുത്തവർ തന്നെ മുടക്കം കൂടാതെ വിഹിതം അടച്ച് അംഗത്വം നിലനിറുത്താൻ വിമുഖത കാണിക്കുന്നുവെന്നതാണ്. ഇക്കാര്യത്തിൽ ഒരു അപവാദം മത്സ്യത്തൊഴിലാളികളാണ്.

ഈ വർഷത്തെ ലോക സാമൂഹിക നീതി ദിനത്തിന്റെ(ഫെബ്രുവരി 20) മുദ്രാവാക്യം 'സംഘടിത തൊഴിലിലൂടെ സാമൂഹിക നീതി' എന്നതാണ്. തൊഴിൽ സ്ഥിരത, നിലവാരമുള്ള ജീവിതം നയിക്കാനുള്ള വരുമാനം, സാമൂഹിക സുരക്ഷ എന്നിവയാണ് സംഘടിത തൊഴിലിന്റെ ഘടകങ്ങൾ. ഇവ എല്ലാ തൊഴിലാളികൾക്കും സംലഭ്യമാകത്തക്ക വിധത്തിലുള്ള സാമൂഹിക ക്രമീകണങ്ങൾക്ക് നേതൃത്വം നൽകുക എന്നതാണ് സമുദായംഗങ്ങളുടെ സാമൂഹിക സൂചകങ്ങൾ ഉയർത്താനുള്ള മാർഗം. വികസനത്തിനായി ഉപവിപ്രവർത്തനങ്ങളായിരുന്നു ആദ്യകാലങ്ങളിലെ രീതി. പിന്നീട് സ്ഥാപനങ്ങളുടെ സംസ്ഥാപനത്തിലൂടെ വികസനത്തിലേക്ക് ജനങ്ങളെ നയിക്കാൻ ശ്രമിച്ചു. എന്നാൽ മാനവ ശക്തീകരണമാണ് സാമൂഹിക വികസനത്തിനുള്ള ഏറ്റവും പുതിയ ഉപകരണമായി കണക്കാക്കപ്പെടുന്നത്. ചാരിറ്റിയും സ്ഥാപനവും അനിവാര്യം തന്നെയാണ്. എന്നാൽ ശക്തീകരണം നടന്നില്ലെങ്കിൽ ഇവയുടെ, പ്രത്യേകിച്ച് സ്ഥാപനത്തിന്റെ ഗുണഫലങ്ങൾ അനുഭവിക്കാൻ ബന്ധപ്പെട്ടവർക്ക് സാധിക്കാതെ വരും. അതുകൊണ്ട് മനുഷ്യവിഭവ വികസനത്തിലൂടെയുള്ള ശക്തീകരണം പ്രധാന പ്രവർത്തന രീതിയായി മാറേണ്ടിയിരിക്കുന്നു. സഭയുടെയും വൈദീകരുടെയും ഇതര സംവിധാനങ്ങളുടെയും തണലിൽ ആനുകൂല്യങ്ങൾ വാങ്ങിയെടുക്കുന്ന ഗുണഭോക്താക്കളുടെ സംസ്



**സാമൂഹിക രംഗത്തുള്ള പ്രേഷിതവൃത്തിയുടെ ഉദ്ദേശ്യം സമൂഹത്തിന്റെ ചിന്താഗതിയിലും ജീവിതരീതിയിലും നിയമങ്ങളിലും ഘടനയിലും ക്രിസ്തീയ ചൈതന്യം നിവേശിപ്പിക്കുകയെന്നതാണ്. അല്മായർക്കല്ലാതെ മറ്റാർക്കും ഇതു യഥാതഥം നിർവ്വഹിക്കുക സദ്ധ്യമാല്ലാത്ത വിധം ഇതവരുടെ ദൗത്യവും കർത്തവ്യവുമാണ്.**

കാരത്തിൽ നിന്നും രാജ്യത്തെ പൗരന്മാരെന്ന നിലയിൽ അവകാശങ്ങൾ കണക്കുപറഞ്ഞു വാങ്ങിയെടുക്കാനുള്ള കരുത്ത് ആർജ്ജിച്ചെടുക്കലാണ് ശക്തീകരണം കൊണ്ട് വിവക്ഷിക്കുന്നത്. തണലുകളിൽ നിന്നും പുറത്തുവന്നു സ്വന്തം കാലിൽ നിന്നു ഭാവിഭാഗധേയം നിശ്ചയിക്കാനുള്ള വിധത്തിൽ കരുത്താർജ്ജിച്ചെങ്കിൽ മാത്രമേ സമുദായത്തിൻറെ സാമൂഹിക സൂചികകൾ ഉയരുകയുള്ളു. വികസനത്തിന്റെ ഗുണഭോക്താക്കളാകാതെ വികസനത്തെ രൂപപ്പെടുത്തുന്നവരായി ജനങ്ങളെ മാറ്റണം. ഇതാണ് ശക്തീകരണം.


ഇതിൽ വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് തൊഴിലാളികളുടെ സംഘാടനം. ലത്തീൻ കത്തോലിക്കർ തൊഴിലാളികളുടെ സമൂഹമാണ്. 2011 ലെ സെൻസസിൽ ട്രേഡ് യൂണിയൻ അംഗത്വം എത്ര ദുർബലമാണെന്നു കാണാം. സമുദായംഗങ്ങളുടെ സാമൂഹിക ഉന്നതിക്കു ആവശ്യമായ പൊതുവായ സാമുദായിക സംവിധാനങ്ങളോ ആസ്തികളോ ഇല്ലായെന്നതും പ്രശ്നമാണ്. കേരളത്തിലെ ഇതര സമുദായങ്ങളുടെ മുന്നേറ്റം വിലയിരുത്തുമ്പോൾ ഇത്തരം സാമുദായിക ആസ്തികളുടെയും സംഘടനകളുടെയും പ്രസക്തിയും പ്രാധാന്യവും തിരിച്ചറിയാൻ സാധിക്കും.സാമൂഹിക നേതൃത്വത്തിന്റെ അപര്യാപ്തതയും വലിയ പ്രശ്നം തന്നെയാണ്.

നല്ല തികവും അല്മായ നേതാക്കന്മാരെ വാർത്തെടുക്കണം. തിരുവനന്തപുരം അതിരൂപതയിലെ അജപാലന ഘടനകളും സംവിധാനങ്ങളും അല്മായ നേതൃവളർച്ചയെ വേണ്ടവിധത്തിൽ പരിപോഷിപ്പിക്കുവാൻ ഉതകുന്നില്ലായെന്ന ഒരു ആക്ഷേപം ചിലയിടങ്ങളിൽ നിന്നെങ്കിലും ഉണ്ടാകാറുണ്ട്. ഇത് വസ്തുതാപരമെങ്കിൽ, ആവശ്യമായ തിരുത്തലുകൾ വരുത്തേണ്ടതായിട്ടുണ്ട്. 'ജീവിതാവസ്ഥയും പ്രാപ്തിയുമനുസരിച്ച് പ്രേഷിതപ്രവർത്തനം നിർവ്വഹിക്കാൻ വിശ്വാസികൾക്കുള്ള കടമ ഏറ്റെടുക്കാൻ അവരെ മെത്രാന്മാർ സോത്സാഹം പ്രോത്സാഹിപ്പിക്കണം' ( മെത്രാന്മാർ 17).

'മെത്രാന്മാർ അല്മായർക്ക് സഭയിലുള്ള ഉന്നത സ്ഥാനവും ഉത്തരവാദിത്വവും അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണ്. അല്മായരുടെ വിവേകപൂർവ്വമായ ഉപദേശം മഹാമനസ്കതയോടെ ഉപയോഗപ്പെടുത്തണം. സഭാ ശുശ്രൂഷയിലുള്ള ചുമതലകൾ വിശ്വാസപൂർവ്വം അവരെ ഏല്പിക്കുകയും പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യവും സൗകര്യവും നൽകുകയും വേണം. ഇതിനും പുറമെ സ്വന്തം ഉത്തരവാദിത്വത്തിന്മേൽ ചുമതലകൾ ഏറ്റെടുക്കാൻ അല്മായർക്ക് പ്രചോദനം നല്കേണ്ടതുമാണ്. അല്മായർ അവതരിപ്പിക്കുന്ന പദ്ധതികളും നിർദ്ദേശങ്ങളും ആഗ്രഹങ്ങളും പിതൃസഹജമായ സ്നേഹത്തോടെ കർത്താവിൽ പരിഗണിക്കണം. ഈ ലോകജീവിതത്തിൽ എല്ലാവർക്കും അർഹതയുള്ള ന്യായമായ സ്വാതന്ത്ര്യം വകവച്ചു കൊടുക്കാൻ അജപാലകർക്ക് ശ്രദ്ധയുണ്ടാകണം. അല്മായരും അജപാലകരും തമ്മിലുള്ള ഇത്തരം അടുത്ത സമ്പർക്കം മൂലം സഭയ്ക്ക് വളരെയേറെ നന്മ കൈവരുമെന്നു പ്രതീക്ഷിക്കാം. അല്മായരിൽ വ്യക്തിപരമായ ഉത്തരവാദിത്വബോധം ശക്തിപ്പെടും; നവമായൊരുന്മേഷമുണ്ടാകും; അവരുടെ കഴിവുകൾ മെത്രാന്മാരുടെ പദ്ധതികൾക്കായി കൂടുതൽ ഔദാര്യപൂർവ്വം വിനിയോഗിക്കപ്പെടും. മെത്രാന്മാർക്കാകട്ടെ, അല്മായരുടെ അനുഭവസമ്പത്തിന്റെ സഹായത്താൽ ആദ്ധ്യാത്മികവും ഭൗതികവുമായ കാര്യങ്ങളെപ്പറ്റി കൂടുതൽ ഉചിതവും വ്യക്തവുമായ തീരുമാനമെടുക്കാൻ സാധിക്കുകയും ചെയ്യും' (തിരുസ്സഭ 37)

സാമൂഹിക രംഗത്തുള്ള പ്രേഷിതവൃത്തിയുടെ ഉദ്ദേശ്യം സമൂഹത്തിന്റെ ചിന്താഗതിയിലും ജീവിതരീതിയിലും നിയമങ്ങളിലും ഘടനയിലും ക്രിസ്തീയ ചൈതന്യം നിവേശിപ്പിക്കുകയെന്നതാണ്. അല്മായർക്കല്ലാതെ മറ്റാർക്കും ഇതു യഥാതഥം നിർവ്വഹിക്കുക സദ്ധ്യമാല്ലാത്ത വിധം ഇതവരുടെ ദൗത്യവും കർത്തവ്യവുമാണ്. സഭയ്ക്ക് ലോകത്തിലുള്ള ഈ ദൗത്യം അല്മായരാണ് നിർവ്വഹിക്കുന്നത് (അല്മായ പ്രേഷിതത്വം 13).

തൊഴിൽ രംഗത്തെ വിപ്ലവകരമായ നവീകരണത്തിലൂടെ സമുദായ ശക്തീകരണത്തിനുള്ള നയങ്ങളും പ്രവർത്തനപരിപാടികളും രൂപപ്പെടേണ്ടതായിട്ടുണ്ട്. അഭിവന്ദ്യ തോമസ് നെറ്റോ ആർച്ച് ബിഷപ്പിന്റെ അജപാലന നേതൃത്വത്തിൽ കേരള സഭയ്ക്കു മുഴുവൻ മാർഗദർശനം നൽകത്തക്ക വിധത്തിൽ മാതൃകാപരമായ മുന്നേറ്റം ഈ രംഗത്ത് അതിരൂപതയ്ക്കുണ്ടാകട്ടെയെന്നാശംസിക്കുന്നു.



# പത്രാധിപരായിരുന്ന മെത്രാപ്പൊലീത്ത



**അഗസ്റ്റിൻ കണിപ്പിള്ളി**
സഹപത്രാധിപർ,
ജീവനും വെളിച്ചവും

നല്ലൊരു പത്രാധിപരുടെ കീഴിൽ പ്രവർത്തിക്കാൻ ഇടയാകുകയെന്നത് ഒരു പത്രപ്രവർത്തകന്റെ ജീവിതത്തിലെ സുകൃതാനുഭൂതികളിൽ ഒന്നാണ്. അതേപ്പറ്റിയുള്ള ഓർമ്മകൾ ജീവിതാന്ത്യംവരെ നിലനിൽക്കും. കാരണം അതു നൽകുന്നത് സ്നേഹഭാഷണത്തിന്റെയും വിട്ടുവീഴ്ചയുടെയും വിട്ടുനൽകലിന്റെയും അംഗീകാരത്തിന്റെയും പൊരുത്തപ്പെടലിന്റെയും കൂട്ടായ്മയുടെയും സഹവർത്തിത്തമാണ്. അത്തരത്തിലുള്ള ഒരു പത്രാധിപരെ ഡോ. തോമസ് ജെ. നെറ്റോയിൽ കാണാൻ കഴിഞ്ഞു എന്നതിൽ ചാരിതാർഥ്യം തോന്നി.

തിരുവനന്തപുരം അതിരൂപതാ പ്രസിദ്ധീകരണമായ ജീവനും വെളിച്ചത്തിന്റെ പത്രാധിപ സ്ഥാനം 2015 ലാണ്  ഡോ. തോമസ് ജെ. നെറ്റോ ഏറ്റെടുക്കുന്നത്. 2020 വരെ ആ ചുമതലയിൽ അദ്ദേഹം തുടരുകയും ചെയ്തു. വ്യക്തിപരമായി ഏറെ അടുപ്പമോ അറിവോ ഇല്ലായിരുന്നതിനാലും ലഭ്യമായ സൂചനകളും സ്വതസിദ്ധമായ അദ്ദേഹത്തിന്റെ തലയെടുപ്പുള്ള ആകാരപ്രകൃതിയും കാർക്കശ്യക്കാരനായ ഒരു പത്രാധിപരായിരിക്കുമെന്ന തോന്നലാണ് ആദ്യം എന്നിലുണ്ടാക്കിയത്.

എന്നാൽ ചൈതന്യവത്തായ നയനയുഗ്മവും വശ്യമായ പുഞ്ചിരിയും മറ്റുള്ളവരെ ഉൾക്കൊള്ളാനും അംഗീകരിക്കാനുമുള്ള അദ്ദേഹത്തിന്റെ വിശാലമനസ്കതയും എന്റെ ആതോന്നലുകൾ അസ്ഥാനത്താണെന്ന് തെളിയിച്ചു. പിന്നീടങ്ങോട്ടുള്ള അഞ്ചുവർഷക്കാലം സഹവർത്തിത്വത്തിന്റെ സുവർണകാലഘട്ടമായിരുന്നു.

അധികാരങ്ങളും ഉത്തരവാദിത്വങ്ങളും വിട്ടുനൽകി പിന്നിൽനിന്ന് പോത്സാഹിപ്പിക്കുന്ന നേതൃത്വ മാതൃകയുടെ ഉൽബുദ്ധമായ വ്യക്തിപ്രഭാവമാണ് ഡോ. തോമസ് ജെ. നെറ്റോ പ്രകടിപ്പിച്ചിരുന്നത്. മാസികയിലേക്കുള്ള വിഷയങ്ങൾ പത്രാധിപ സമിതി തെരഞ്ഞെടുത്തുകഴിഞ്ഞാൽ പിന്നെ തുടർ പ്രവർത്തനങ്ങൾക്ക് പ്രായോഗികമായ ഒരു പ്രവർത്തനസ്വാതന്ത്ര്യം ഉണ്ട്. അത് അദ്ദേഹം ബോധപൂർവ്വം അനുവദിക്കുന്നതാണ്. അതേസമയം, മാസികയിലേക്കുള്ള സൃഷ്ടികളുടെ ആശയ-പ്രായോഗിക-ആഖ്യാനശൈലിയെ അദ്ദേഹം സസൂക്ഷ്മം നിരീക്ഷിക്കുകയും വിലയിരുത്തുകയും തിരുത്തുകയും ചെയ്തിരുന്നു. ഇത് അനുവദനീയമായ സ്വാതന്ത്ര്യത്തിന്റെ ഉത്തരവാദിത്വം എത്രയോ മഹത്തരമെന്ന് ഓർമ്മപ്പെടുത്തുന്നതായിരുന്നു. അതുകൊണ്ടുതന്നെ ആ നിഷ്കർഷ

ത പാലിക്കാനുള്ള ശ്രമം ജീവനും വെളിച്ചത്തിന്റെ ഓരോ ലക്കത്തെയും കുറ്റമറ്റതാക്കിത്തീർക്കുകയും ചെയ്തു.

ജീവനും വെളിച്ചത്തിലേക്കുള്ള വിഷയങ്ങൾ തെരഞ്ഞെടുക്കുന്നതിലും ആത്മീയവും ഭൗതികവും സമകാലികവുമായ വിഷയങ്ങൾ അവധാനതയോടെ എഴുതുന്നതിലും കൈകാര്യം ചെയ്യുന്നതിലും പത്രാധിപർ എന്ന നിലയിൽ ഡോ. തോമസ് ജെ. നെറ്റോ പുലർത്തിപ്പോന്ന നിശ്ചയദാർഢ്യപരമായ ഔത്സുക്യത്തെ പ്രത്യേകം പരാമർശിക്കേണ്ടിയിരിക്കുന്നു. അതോടൊപ്പം മാസികയുടെ പ്രചരണത്തിലും പ്രചാരത്തിലും അദ്ദേഹം കാണിച്ച താല്പര്യവും പ്രോത്സാഹനവും പ്രവർത്തനവും വിസ്മരിക്കാനാവുന്നതല്ല. ഞായറാഴ്ചകളിൽ ഇടവകകൾ സന്ദർശിച്ച് ദിവ്യബലി അർപ്പിക്കുകയും ജീവനും വെളിച്ചവും മാസികയുടെ ആവശ്യകതയും അനിവാര്യതയും ചൂണ്ടിക്കാട്ടി അതിനുണ്ടാകേണ്ട പ്രചാരത്തെക്കുറിച്ച് പ്രസംഗിക്കുകയും ചെയ്തിരുന്നു. ഇത്തരം പ്രവർത്തനങ്ങളിൽ അദ്ദേഹത്തോടൊപ്പം പങ്കുചേരാൻ കഴിഞ്ഞതിലുള്ള ചാരിതാർത്ഥ്യം ഞാൻ മറച്ചുവയ്ക്കുന്നില്ല.

അതുരൂപതാ ശുശ്രൂഷാ കോർഡിനേറ്റർ സ്ഥാനത്തുനിന്നുമാറി മുരുക്കുംപുഴ സെന്റ് അഗസ്റ്റിൻസ് ഇടവക വികാരി ആയതോടെ ജീവനും വെളിച്ചത്തിന്റെ പ്രചാരണപ്രവർത്തനങ്ങൾ സാധ്യമല്ലാതെ വന്നു. പിന്നീടങ്ങോട്ട് വായനയിലും പ്രാർഥനയിലും ആകൃഷ്ടനായ ഒരു ഇടവക വികാരിയായ പത്രാധിപരെയാണ് ഡോ. തോമസ് ജെ. നെറ്റോയിൽ കണ്ടത്. അച്ചടി സജ്ജമായ ജീവനും വെളിച്ചവും മാസിക ആദ്യവസാനം ഒരു വാക്കുപോലും വിടാതെ വായിച്ച് അക്ഷരത്തെറ്റുകളും ആശയങ്ങളും തിരുത്തുന്നതിലും ചില എഴുത്തുകാരുടെ ആശയാവിഷ്കാരത്തോടുള്ള വിയോജിപ്പും ഭിന്നാഭിപ്രായങ്ങളും യാതൊരു മറയുമില്ലാതെ പ്രകടിപ്പിക്കുന്നതിനും ഡോ. തോമസ് ജെ. നെറ്റോ കാണിച്ച പ്രായോഗിക സമീപനം അദ്ദേഹത്തെ അനുകരണയോഗ്യനായ ഒരു പത്രാധിപരെന്ന നിലയിലേക്കുയർത്തി. ജീവനും വെളിച്ചവും ഓഫീസിൽ കംപ്യൂട്ടറിന്റെ മുന്നിലിരുന്ന് തന്റെ സൃഷ്ടികൾ ടൈപ്പ് ചെയ്യാനായി ഡിറ്റിപി ഓപ്പറേറ്റർക്ക് വായിച്ചുകൊടുക്കുന്ന ഡോ. തോമസ് ജെ. നെറ്റോ ഇന്നും ഞങ്ങളുടെ കൺമുന്നിലെ വിസ്മയമാണ്. അദ്ദേഹത്തിന്റെ മുഖത്ത് പ്രകടമാകുന്ന ഒളിവിതറിയ സൗമ്യഭാവവും സ്നേഹ ശീതളിമയും ആ ആദർശ ജീവിതത്തിന്റെ വിജയമുദ്രകളാണ്. പൗരോഹിത്യവും പത്രപ്രവർത്തനവും സാമൂഹികമായ ലക്ഷ്യബോധത്തോടെയുള്ള ഒരു സമർപ്പിത തപസ്യയാണെന്ന് സ്വന്തം ജീവിതത്തിലൂടെ തെളിയിച്ച ധിഷണസമ്പന്നമായ ഒരു വ്യക്തിത്വമാണ് ഡോ. തോമസ് ജെ. നെറ്റോയുടേത്. ■





**ഫാ. ആന്റോ ബൈജു**
അസി. ഡയറക്ടർ, ലിഫ



# ലിഫയുടെ പിതാവ്

**കാ**ൽപന്തിന്റെ പാരമ്പര്യവും സംസ്കാരവുമുള്ള തീരദേശങ്ങളിൽ നിന്നും നിരവധി രാജ്യാന്തര താരങ്ങളും പ്രൊഫഷണൽ ഫുട്ബോൾ താരങ്ങളുമാണ് ഓരോ വർഷവും ഉയർന്നു വരുന്നത്. ബാല്യകാലത്തിൽ കടപ്പുറത്തെ മണൽത്തരികളിൽ ഫുട്ബോൾ തട്ടി വളരുന്ന തീരദേശ ബാലൻമാർക്ക് കാൽപന്തുകളിയിൽ നൈസർഗിക വാസന ഉണ്ടെന്നതിൽ സംശയമില്ല. ചിട്ടയായ പരിശീലത്തിന്റെ അഭാവത്തിൽ പോലും നിരവധി നേട്ടങ്ങൾ സ്വന്തമാക്കുന്ന ഈ കായിക താരങ്ങൾക്ക് ശാസ്ത്രീയ പരിശീലനം നല്കുന്ന പക്ഷം കൂടുതൽ രാജ്യന്തര താരങ്ങളെ വളർത്തിയെടുക്കാൻ സാധിക്കുമെന്ന കാഴ്ചപ്പാടാണ് ലിഫയുടെ രൂപീകരണത്തിലേക്ക് നയിച്ചത്. അതിന് പ്രധാനമായും ചുക്കാൻ പിടിച്ച വൈദീകരിലൊരാളായിരുന്നു അഭിവന്ദ്യ തോമസ് ജെ നെറ്റൊ പിതാവ്.

ലിഫയുടെ രൂപീകരണഘട്ടത്തിൽ അതിരൂപത കോർഡിനേറ്റർ എന്ന നിലയിൽ നിർണായകമായ ഇടപെടൽ നടത്തുവാൻ അദ്ദേഹത്തിന് സാധിച്ചു. 2015 വർഷത്തിൽ ലിഫ രൂപംകൊള്ളുമ്പോൾ ആദ്യത്തെ ഡയറക്ടറായി നിയമിതനായ പിതാവ് മൂന്നു വർഷകാലം ലിഫയുടെ ഡയറക്ടറായി സേവനമനുഷ്ഠിച്ചു. തന്മയത്വത്തോടെ ലിഫയുടെ സാരഥ്യം നിർവ്വഹിച്ച അദ്ദേഹത്തിന്റെ കാലഘട്ടത്തിലാണ് ഇൻഡ്യയിലെ പ്രമുഖ അക്കാദമികളെ സംഘടിപ്പിച്ച് കൊണ്ട് ലിഫ കപ്പ് ടൂർണമെന്റ് ആരംഭിക്കുന്നത്. ആൾ ഇൻഡ്യ തലത്തിൽ മികച്ച ജൂനിയർ ലെവൽ ടൂർണമെന്റെന്ന ഖ്യാതി നേടിയ ടൂർണമെന്റിന്റെ ഒരു സാധാരണ സംഘാടകനായി നെറ്റോ അച്ചനും ഞങ്ങളോടൊപ്പം കൈകോർത്തു നിന്നു.വിദ്യാർത്ഥി കാലഘട്ടത്തിൽ ഫുട്ബോൾ കളിക്കുകയും അതിനോട് ഏറെ കമ്പം കാട്ടുകയും ചെയ്ത അച്ചനെ തന്നെ ലിഫയുടെ രൂപീകരണ ഘട്ടത്തിൽ ഡയറക്ടറായി ലഭിച്ചത് ലിഫയുടെ ഉത്ഭവത്തിനും അതിന്റെ വളർച്ചക്കും വലിയ മുതൽകൂട്ടായി മാറി. ഏത് വിഷയവും ആഴത്തിൽ പഠിച്ച് അവതരിപ്പിക്കുവാനും പ്രാവർത്തികമാക്കുവാനും അച്ചൻ കാട്ടുന്ന നേതൃപാടവം ഞങ്ങൾക്ക് അനുഭവവേദ്യമായിരുന്നു. കാൽപന്ത് കളിയിലൂടെ തീരദേശത്തെ കുട്ടികളുടെ ഭാവി സുരക്ഷിതമാക്കാൻ കഴിയുമെന്ന സ്വപ്നത്തെ താലോലിച്ച് അതിനുവേണ്ടി പ്രയത്നിച്ച പിതാവ് ലിഫ സംരംഭത്തിന് വെള്ളവും വളവുമേകി വളർത്തി. ഈ ലക്ഷ്യത്തിനു പിന്നിൽ പിതാവിനെ പ്രചോദിപ്പിച്ച മറ്റൊന്നുകൂടി ഉണ്ടായിരുന്നു. അത് മറ്റു ലഹരികൾക്കടിമപ്പെടാതെ ശരിയായ ലക്ഷ്യബോധത്തോടെ ഒരു കൂട്ടം യുവജനങ്ങളെ വാർത്തെടുക്കുക എന്നതായിരുന്നു.

പൗരോഹിത്യ പഠനകാലത്തും സെമിനാരിയുടെ റെക്ടറായിരിക്കുന്ന കാലത്തും ഫുട്ബോളിനെ ഇത്രയധികം പ്രണയിച്ച മറ്റൊരാളെ കാണാൻ കഴിയില്ല. കായിക മേഖലയെ ഇത്രയധികം പ്രോത്സാഹിപ്പിച്ച മറ്റൊരു വ്യക്തിയില്ല. ശാരീരിക വ്യായാമത്തിനപ്പുറം ഫുട്ബോൾ, ക്രിക്കറ്റ്, ബാസ്ക്കറ്റ്ബോൾ തുടങ്ങിയ വ്യത്യസ്ത കായിക ഇനങ്ങളിൽ യുവജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ സെമിനാരി വിദ്യാർത്ഥികളിൽ കൂട്ടായ്മ വളർത്താൻ അദ്ദേഹം പ്രത്യേകം ശ്രദ്ധചെലുത്തി.

ലിഫ യുടെ വളർച്ചയിൽ പിതാവിന്റെ സംഭാവന വിസ്മരിക്കാവുന്നതല്ല. ഞങ്ങളിൽ കായികക്ഷമത കുറയുമ്പോഴും സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുമ്പോഴും പ്രതീക്ഷ നഷ്ടപ്പെടുമ്പോഴുമെല്ലാം പിതൃ വാത്സല്യത്തോടെ ഞങ്ങളെ പ്രോത്സാഹിപ്പിച്ച് സ്നേഹത്തിന്റെ സഹായഹസ്തം നൽകാനും ലിഫയുടെ വളർച്ചയുടെ പടവുകളിൽ കൂടെ നടക്കുവാനും പിതാവിന് കഴിഞ്ഞു.

RNI Registered NO. 36056/81 REG NO. KL/TV(S)266/2021-2023. WPP NO. KL/TV(S)WPP/171/2021-2023 JEEVANUM VELICHAVUM Rs. 25.00



God has chosen you
To shepherd His Church
May the grace of God be with you
As you guide and nourish His flock.



*We wish you showers of blessings*
*Dear Archbishop, Dr. Thomas J Netto.*

*Congratulations and Prayerful wishes*

**Sr. Mary Frances and the Sisters.**
Congregation of the Carmelite Religious
CCR, Generalate
Trivandrum.

Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press,
Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Deepak Anto